
മലയാളരാജ്യം
ചിത്രപ്രതിപ്പ്



THE MALAYALA RAJYAM
ILLUSTRATED WEEKLY
13th July 1953.
Three A



സിനിമാപംക്തി

ടി. എസ്. മുത്തയ്യാ

മലയാളചലച്ചിത്രവേദിയിലെ നടീനടന്മാരിൽ മിക്കവരും നാടകത്തിൽനിന്ന സിനിമയിലേക്ക് പ്രവേശിച്ചവരാണ്. നാടകത്തിലേയും സിനിമയിലേയും അഭിനയസമ്പ്രദായം ഒന്നാണെന്നാണ് ഇക്കൂട്ടരിൽ പലരുടേയും വിശ്വാസമെന്നും തോന്നുന്നു. ഇതിൽനിന്ന് വ്യത്യസ്തരായി ചിലരെല്ലാം ഉണ്ടെന്നുള്ളതു ആശ്വാസകരംതന്നെ. അവരിൽ ഒരാളാണ് മലയാളികൾക്കു സുപരിചിതനായ ടി. എസ്. മുത്തയ്യാ. പൊൻകുന്നംവക്കിയുടെ "നവലോകം" എന്ന ചിത്രത്തിൽ ഒരു വേലക്കാരനായിട്ടാണ് മുത്തയ്യാ ആദ്യമായി ചലച്ചിത്രത്തിൽ അഭിനയിച്ചത്. തന്റെ അഭിനയസാമർത്ഥ്യം പ്രകടിപ്പിക്കുവാൻ പാടിയ രംഗം ആ ചിത്രത്തിൽ ലഭിച്ചതുമില്ല. തുടർന്ന് "അമ്മ"യിൽ ഒരു വേലക്കാരനായി പ്രത്യക്ഷപ്പെട്ടു. പ്രസ്തുതചിത്രത്തിൽമുത്തയ്യാ പ്രേക്ഷകരെ നിരാശപ്പെടുത്തിയുമില്ല. "മരുമകൾ" എന്ന ചിത്രത്തിൽ ഒരു കായ്സ്ഥന്റെഭാഗം വലിയ വൃത്തികേടുകൂടാതെ അഭിനയിച്ചിട്ടുമുണ്ട്. മരുമകളിൽ ഒരു നടനാകാനായി ആഗ്രഹിച്ചു മാനേജരെ സമീപിക്കുന്ന മുത്തയ്യായെ ഒരു കഴിവുള്ള നടനാണോ എന്നു പരിശോധിക്കുന്നതിനു് അഭിനയിപ്പിക്കുന്ന രംഗങ്ങളിൽ ആ നടൻ തന്റെ ചില കഴിവുകളെല്ലാം പ്രദർശിപ്പിച്ചിട്ടുണ്ട്. കൊച്ചുകുട്ടിയും, യുവാവും വൃദ്ധനുംപറയുന്ന ഓരോവാക്കുകൾ വിവിധസ്വരത്തിൽ പറയുന്നതുമുണ്ട്. ഇംഗ്ലീഷിലുള്ള പ്രഭാഷണത്തോടുകൂടി ഒരു നടകത്തിലും അഭിനയിച്ചിട്ടുണ്ട്. ഏതായാലും പരാജയപ്പെട്ട മരുമകളിൽ വിജയിച്ച ഒരു നടനാണ് മുത്തയ്യാ. കാണികളുടെ ശ്രദ്ധയെ ആകർഷിക്കത്തക്കവണ്ണം മുത്തയ്യാ അഭിനയിച്ചിട്ടുള്ള ഏകചിത്രം "ആത്മസഖി"യാണ്. ആത്മസഖിയിലെപ്പോലെ ഒരു മലയാളചലച്ചിത്രത്തിലും ആ നടൻ ഭംഗിയായി അഭിനയിച്ചിട്ടുമില്ല. മുത്തയ്യാ ദയനീയമായി പരാജയപ്പെട്ടതു് കലാസാഗറിന്റെ തിരമാലയിലാണ്. 'ലോകനീതി'യിലെ വക്കീലിന്റെ ഭാഗവും ഒരുവിധം അഭിനയിച്ചു ഫലിപ്പിക്കുവാൻ മുത്തയ്യായ്ക്കു കഴിഞ്ഞിട്ടുണ്ട്. കഴിവുള്ള ഒരു നടനാണെങ്കിലും തന്റെ കഴിവുകളെ ദുർവിനിയോഗംചെയ്തു് ആ നടൻ പരാജയമടയുന്നതാണ് പരിതാപകരം. ഭാവിയിലെ ചിത്രങ്ങളിലെങ്കിലും ആ നടൻ അകൃത്രിമമായും സ്വഭാവികതയോടും അഭിനയിക്കുന്നതു് ആ നടനും ചലച്ചിത്രലോകത്തിനും ഒരുപോലെ പ്രയോജനകരമായിരിക്കും.

ഒരു വിദ്യാർത്ഥിയായിരുന്നപ്പോൾതന്നെ മുത്തയ്യാ അഭിനയകലയിലേക്കു് ആകർഷിക്കപ്പെട്ടു. പത്രപ്രവർത്തനത്തിലും മുത്തയ്യായ്ക്കു് അഭിരുചിയുണ്ടായിരുന്നു. പിതാവിന്റെ പ്രാധിപത്യത്തിൽ കൊച്ചിയിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന "കൊച്ചിൻ ആർഗസ്" എന്ന ഇംഗ്ലീഷ് വാരികയിൽ മുത്തയ്യാ ലേഖനങ്ങളും എഴുതിയിട്ടുണ്ട്. പിതാവായ സച്ചിന്റെ മരണശേഷം ആ വാരികയുടെ പ്രാധിപരും മുത്തയ്യായായിരുന്നു. വിദ്യാർത്ഥിയായിരുന്നപ്പോൾ ഫൈസ്സൂളിലും കോളേജിലുംമറ്റും വെച്ചു് നടത്തിയിട്ടുള്ള നാടകങ്ങളിൽ മുത്തയ്യാ അഭിനയിച്ചിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ലഘുനാടകങ്ങളിലെ അഭിനയത്തിൽ മുത്തയ്യാ അധികം പരാജയപ്പെടാറുമില്ല. മുത്തയ്യായും, മൊയ്തീൻഖാനുംകൂടി അഭിനയിച്ച "കോസിഗോ സചി ചെക്കോട്ടയിലേക്ക്" തുടങ്ങിയ ലഘുപ്രഹസനങ്ങളും ഇതിനു് ഉദാഹരണമായി ഉല്ലേഖിക്കാവുന്നതുമാണ്.

നമ്മുടെ അഭിനയവേദിയിൽ അധികമായികാണാത്തഉന്നതമായഹാസ്യം അഭിനയിച്ചുഫലിപ്പിക്കണമെന്നു് മുത്തയ്യായ്ക്കു് ആഗ്രഹമുണ്ട്. പക്ഷേ പ്രയോഗത്തിൽ പലപ്പോഴും പരാജയപ്പെടുന്നതായിട്ടാണ് അനുഭവത്തിൽകാണുന്നതു്. ഹാസ്യരാജന്റെ പേരിൽ കോമാളിവേഷം കെട്ടുന്നതു് ആ നടനു് യോജിച്ചതെഴിലാണെന്നും തോന്നുന്നില്ല. ഒരു സ്വഭാവനടനായി അഭിനയിച്ചാൽ ആ നടൻ ശോഭിക്കാനുള്ള സാധ്യതകളുണ്ട്. മുത്തയ്യായും ചലച്ചിത്രനിർമ്മാതാക്കളും ആ യാഥാർത്ഥ്യം മനസ്സിലാക്കി പെരുമാറുന്നതു് അഭിലഷണീയമായിരിക്കും

ഇംഗ്ലീഷ്, മലയാളം, തമിഴ് എന്നീ മൂന്നുഭാഷകളും മുത്തയ്യായ്ക്കു സ്വാധീനമാണ്. സംസ്കാരസമ്പന്നനായ മുത്തയ്യാ ഒരു ചിന്തകൻകൂടിയാണ്. നിത്യജീവിതത്തിൽ മുത്തയ്യാ പ്രസരിപ്പോടെയ ഒരു കുസൃതിയാണ്. പക്ഷേ മുത്തയ്യായുടെ പത്നി ഒരു ക്ഷയരോഗിണിയാണ്. ഭാര്യയെക്കുറിച്ചുള്ള ചിന്ത മുത്തയ്യായെ സർവ്വദാ വിഷാദകലുഷിതനാക്കാറുമുണ്ട്. സാമ്പത്തികമായ വൈഷമ്യങ്ങളും മുത്തയ്യായെ കണക്കിലേറെ തൊന്തരവിക്കൊണ്ടിരിക്കുന്നു. വെള്ളിത്തിരയിൽ പ്രേക്ഷകലോകത്തെ ചിരിപ്പിക്കുന്ന മുത്തയ്യായുടെ സകാര്യജീവിതം പലതരത്തിലും ഒരു ശോകാത്മകകഥയാണ്. വിദേശീയനായ ഡയറക്ടറുടെകീഴിൽ അഭിനയിക്കുന്നപക്ഷം മുത്തയ്യായുടെ കലാപരമായ കഴിവുകളെ തെളിയിക്കുവാൻ മിഴിവോടും ശോഭിക്കുന്നതിനും ആ നടനു് സാധിക്കുന്നതാണ്. മലയാളചലച്ചിത്രവ്യവസായപുരോഗതിക്കു് മുത്തയ്യായുടെ സേവനവും സഹായകമായിത്തീരട്ടെ.



ചലച്ചിത്രനിരൂപണം

'ബൈജു ബാവരാ'



അക്ബർ ചക്രവർത്തിയുടെ ഐശ്വര്യകീർത്തിപതാക ഭാരതവർഷത്തിൽ പാറിപ്പറന്നകൊണ്ടിരുന്ന കാലത്തു് അക്ബറിന്റെ ദർബാറിലെ നവരത്നങ്ങളിൽ പ്രമുഖനായ താൻസേന്റെ സംഗീതകല ഹിമാലയത്തോളം ഔന്നത്യത്തിലെത്തിയിരുന്നകാലത്തു മഹാനായ ഒരു സംഗീതസമ്രാട്ടായി ബൈജൂബാവരാ ജീവിച്ചിരുന്നു. താൻസേന്റെ സംഗീതസാധനങ്ങളിൽ വിഘ്നംസൃഷ്ടിക്കുവാൻ താൻസേന്റെ എതിരാളികളായ ചിലർ അനവരതം പരിശ്രമിച്ചുകൊണ്ടിരുന്നു. ഈ കുഴപ്പങ്ങളും മുറ്റുവന്നപ്പോഴും അക്ബർചക്രവർത്തി ഒരു കല്പനപുറപ്പെടുവിച്ചു "ആഗ്രായിൽ താൻസേന്റെ വസതിക്കുസമീപം ആരും പാട്ടുപാടുവാൻ പാടില്ല, ആരെങ്കിലും ഈ കല്പന ലംഘിക്കുന്നപക്ഷം അയാളെ ദർബാറിൽവെച്ചു താൻസേനുമായി ഒരു സംഗീതയുദ്ധം നടത്തേണ്ടിവരും. തോൽക്കുന്നപക്ഷം അയാൾക്കു മരണശിക്ഷയും നൽകപ്പെടും. താൻസേനുണ്ണാതോറ്റതെങ്കിൽ താൻസേന്റെ ജീവൻ വിജയിയുടെ ഇഷ്ടത്തിനു വിധേയമാക്കിത്തീർക്കും." ഒരുദിവസം കുറെ ഭക്തന്മാർ ഹരികീർത്തനങ്ങളംപാടിക്കൊണ്ടു് താൻസേന്റെ വസതിക്കു സമീപമെത്തി. ബൈജൂ എന്നപേരായ 10 വയസ്സായകുട്ടിയും അക്കൂട്ടത്തിൽ തന്റെ പിതാവിനോടൊപ്പമുണ്ടായിരുന്നു. അവർക്കു ചക്രവർത്തിയുടെ കല്പനയെപ്പറ്റിയൊന്നും അറിയുണ്ടായിരുന്നില്ല പട്ടാളക്കാർ ഗായകസംഘത്തെ ആക്രമിച്ചു ആക്രമണത്തിൽ ബൈജൂവിന്റെ പിതാവു മരിക്കുവാൻ ഇടയായി. അദ്ദേഹം മരിക്കുംമുമ്പു് തന്റെ മകനെക്കൊണ്ടു സത്യംചെയ്യിച്ചു; ഇതിനുതാൻ താൻസേനിനോടു പകരംചോദിക്കാതിരിക്കരുതില്ലെന്ന്. ഈ പ്രതികാരവാഞ്ഛയോടെ അനാഥനായ ബൈജൂ അങ്ങിങ്ങു് അലഞ്ഞുനടന്നു. ബൈജൂ ശങ്കരാനന്ദൻ എന്നൊരു സംഗീതകലാകാരനായി പരിചയപ്പെട്ടു. ശങ്കരാനന്ദൻ ബൈജൂവിനെ മകനെയെന്നപോലെ, വാത്സല്യത്തോടെ വളർത്തി. ബൈജൂ മോഹനൻ എന്നൊരു നാവികന്റെ മകനും ഗൌരിയുമായി പ്രേമമാകുവാൻ ഇടയായി. അവർതമ്മിലുള്ള മൈത്രി തുടരുന്നതിനെ ഗ്രാമീണർ എതിർത്തു മാത്രമല്ല ഗൌരിയെ നരപതി എന്നൊരു ദുഷ്ടനായ ധനികനു് വിവാഹംചെയ്തുകൊടുക്കുവാനുള്ള തീരുമാനവും ഉണ്ടായി.

ഒരുദിവസം ശ്രുപമതിയുടെ നേതൃത്വത്തിലുള്ള കൊള്ളക്കാർ ഗ്രാമം കൊള്ളചെയ്യുകയും, ബൈജൂ ശാന്തലാപംചെയ്യുന്ന കൊള്ളക്കാരിൽ മാനസാന്തരമുളവാക്കി. ശ്രുപമതി ബൈജൂവിന്റെ സൌന്ദര്യസംഗീതങ്ങളിൽ മുഗ്ധയായിപ്പോയി. അവളുടെകൂടെ ബൈജൂ ചെല്ലുമെങ്കിൽ ഗ്രാമം നശിപ്പിക്കാതിരിക്കാമെന്നു ശ്രുപമതി വാഗ്ദാനംചെയ്തു. ഗ്രാമം രക്ഷിക്കുവാൻവേണ്ടി ബൈജൂ ശ്രുപമതിയുടെകൂടെപ്പോയി. ശ്രുപമതി ബൈജൂവിനോടു് പ്രേമാഭ്യർത്ഥന ചെയ്ക

(ശേഷം 33-ംപേജിൽ)

മുഖചിത്രം

ഹംഗറിയിലെ നാട്ടിൻപുറത്തെ വസ്ത്രധാരണരീതി.

(N. H.)

മലയാളരാജ്യം

ആഴ്ചപ്പതിപ്പ്

പുസ്തകം വന്നു | കൊല്ലം ക്രമവു മിഥുനം വൻ രാജ്യതിങ്കളാഴ്ച | ലക്കം ൻ

സർദാർ കെ. എം. പണിക്കരുടെ കത്ത്

★

ഉണ്ണുനീലിസന്ദേശത്തിന്റെ കാലത്തെപ്പറ്റി

[ഉണ്ണുനീലിസന്ദേശകാലത്തു വേണാട്ടു വാണിരുന്നതു് ജയസിംഹന്റെ പുത്രൻ സംഗ്രാമധീരരവിവർമ്മയല്ലെന്നും സന്ദേശഹരനായ ആദിത്യവർമ്മൻ തുലുക്കൻപടയോടു യുദ്ധം ചെയ്തതായി സൂചിപ്പിക്കുന്നതു് കൊല്ലം 6-ാംശതകത്തിൽ മധുര വാണിരുന്ന സുൽത്താന്മാരുടെ കാലത്തു് തോവാളയിൽ നടന്ന അത്തിസംഘട്ടനങ്ങളെപ്പറ്റിയാണെന്നും അതുകൊണ്ടു് 525-നുശേഷം വേണാടു വാണിരുന്ന ഇരവിവർമ്മൻതേയും, അദ്ദേഹത്തിന്റെ അനുജൻ സർവ്വംഗനാഥആദിത്യവർമ്മൻറേയും കാലത്തെയാണു് സന്ദേശത്തിൽ സൂചിപ്പിക്കുന്നതെന്നും സ്ഥാപിച്ചു് മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ ഞാൻ എഴുതിയിരുന്ന തുലുക്കൻപട, സർവ്വംഗനാഥൻ, സംഗ്രാമധീരൻ, ഉണ്ണുനീലിസന്ദേശത്തിന്റെ കാലം ഈ നാലു ലേഖനങ്ങളെപ്പറ്റി സർദാർ കെ. എം. പണിക്കരുടെ അഭിപ്രായം മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധംചെയ്യുന്നതിനുള്ള ഏർപ്പാടുചെയ്തിരിക്കുന്നുവെന്നും എഴുതിഅയച്ചതനുസരിച്ചുകൊള്ളാമെന്നും അപേക്ഷിച്ചുകൊണ്ടു് ഞാനയച്ച കത്തിന്റെ മറുപടിയാണിതു്. ജ്യോതിഷപരമായ സൂചനകളെ ആസ്പദമാക്കി കലാകൗമുദിയിൽ എഴുതിയിരുന്ന രണ്ടു ലേഖനങ്ങൾകൂടി അയച്ചുകൂട്ടത്തിൽ ഉണ്ടായിരുന്നതുകൊണ്ടാണു് അതിനെപ്പറ്റിയും അദ്ദേഹം സൂചിപ്പിച്ചിട്ടുള്ളതു്, ജ്യോതിശ്ശാസ്ത്ര സൂചനകൾകൊണ്ടു് 537 മേടം 6-ാം തു എന്നു സിദ്ധീകരിക്കുവെങ്കിലും 'ആ ദിവസം കഴിഞ്ഞശേഷമാണു് കാവ്യം രചിച്ചിട്ടുള്ളതു്' എന്ന മാത്രം അതിൽനിന്നു് അനുമാനിക്കാം' എന്ന ചരിത്രദൃഷ്ട്യാ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നതു് പരമാർത്ഥമാണു്. ഞാനും അതുതന്നെയാണു് ഉദ്ദേശിച്ചതു്. ഒരുപക്ഷേ ലേഖനത്തിൽ അതു സൂക്ഷ്മമല്ലായിരിക്കാം. എന്നാൽ അദ്ദേഹം ഉദാഹരിക്കുന്നതുപോലെ ഉണ്ണുനീലി സന്ദേശത്തിന്റെ കാലം ഉണ്ടന്റെ കാലത്തോടടുത്തു പോകാനിടയില്ല. ഉണ്ടന്റെകാലം '14-ാംശതകത്തിന്റെ ഒടുവിലോ 15-ാംശതകത്തിന്റെ ആദ്യമോ' (കൊല്ലം 550-നും 600-നും ഇടയ്ക്കു്) ആണെന്നു വിചാരത്തിലാണു് അങ്ങനെ പറഞ്ഞുപോയിട്ടുള്ളതു്. ഉണ്ടൻ 650 നടുത്തു ജീവിച്ചിരുന്നുവെന്നു് ഇപ്പോൾ സ്പഷ്ടമായി തെളിഞ്ഞിട്ടുണ്ടു്. 537 മേടം 6-ാം തു-ക്കുശേഷം അധികം താമസിയാതെ സന്ദേശം രചിക്കപ്പെട്ട എന്നു ഊഹിക്കുന്നതാണു് ഏറ്റവും യുക്തമെന്നു തോന്നുന്നു. 'എൺമർ ചാമന്തർ' എന്നതിന്റെ വ്യാഖ്യാനത്തിലും കോഴിക്കോടു് 500-മാണ്ടിനുശേഷമേ കേരളത്തിലെ പ്രധാന പട്ടണമായിത്തീർന്നുള്ളൂ എന്ന പ്രസ്താവനയിലും ആണല്ലോ സർദാർ എന്നോടു വിയോജിക്കുന്നതു്. 'എൺമർ ചാമന്തരെ'ന്നതു അതിശയോക്തിപരമായ പ്രയോഗമായിരിക്കാം. എന്നാൽ സാമന്തൻ എന്നു് ക്ഷത്രിയരായ ഒടനാടു രാജാക്കന്മാരും മാവും ഉപയോഗിച്ചിട്ടുണ്ടെന്നുള്ളതു പ്രസ്താവ്യമാണു്. 467-ൽ കേരളം സന്ദർശിച്ച മാക്കോപോളോ കോഴിക്കോടിനെ കേരളത്തിലെ മുഖ്യനഗരിയായി ഗണിച്ചിരുന്നു എന്നതു് ശരിയല്ല. കോഴിക്കോടിനെപ്പറ്റി പോളോ മുനം അവലംബിക്കുന്നതേയുള്ളു. (യൂളിന്റെ തർജ്ജമ വാള്യം II വശം 375-392) 517-ൽ ഇബൻബത്തൂത പോലും കൊല്ലത്തിനും കോഴിക്കോടിനും തുല്യപ്രാധാന്യമേ നൽകുന്നുള്ളൂ. കൊല്ലം 5-ാം ശതകത്തിലെ കൃതികളെന്നു പൂർണ്ണമായി തെളിഞ്ഞിട്ടുള്ള ഉണ്ണിയച്ചിചരിതം, ഉണ്ണിച്ചിരുതേവി ചരിതം എന്നീ കൃതികളിൽ കേരളത്തിലെ പ്രധാന പട്ടണങ്ങളെപ്പറ്റി പറയുന്ന കൂട്ടത്തിൽ കോഴിക്കോടിനെക്കുറിച്ചു യാതൊന്നും സൂചിപ്പിക്കുന്നില്ല. എന്നല്ല വള്ളുവനാടിയെ വർണ്ണിക്കയും ചെയ്യുന്നു. അതുകൊണ്ടു് ആ കൃതികളുടെ കാലത്തിനുശേഷമാണു് സാമൂതിരി പ്രബലനായിത്തീർന്നതെന്നു തെളിയുന്നുണ്ടു്. ഇങ്ങനെ പല തെളിവുകളെയും—ചിലതെല്ലാം വളരെ അടുത്തകാലത്തു് ഞാൻ വെളിയിൽ കൊണ്ടുവന്നതാണു്—ആസ്പദമാക്കിയാണു്. 500-നുശേഷമേ കോഴിക്കോടു് കേരളത്തിലെ മുഖ്യനഗരിയായിത്തീർന്നുള്ളൂ എന്നുഞാൻ അഭിപ്രായപ്പെട്ടതു്. സംഗ്രാമധീരരവിവർമ്മയെയാണു് ഉണ്ണുനീലിസന്ദേശത്തിൽ പരാമർശിക്കുന്നതെന്നും അദ്ദേഹത്തിനു് ആദിത്യവർമ്മനെന്നു് ഒരു അനുജനുണ്ടായിരുന്നെന്നുമുള്ള തെറ്റിദ്ധാരണ ഇനിയും ശേഷിക്കുന്നുണ്ടെങ്കിൽ അതു നിശ്ശേഷം നീങ്ങുവാൻ ആധുനിക കേരളചരിത്രകാരന്മാരിൽ അഗ്രഗണ്യനായ ശ്രീ. കെ. എം. പണിക്കരുടെ ഈ കത്തു് സഹായമായിത്തീരുമെന്നു വിശ്വസിക്കുന്നു. സാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള നമ്മുടെ ചില പണ്ഡിതന്മാർ ചരിത്രപരമായി പുറപ്പെടുവിച്ചിട്ടുള്ള അബദ്ധപ്രസ്താവനകളുണ്ടു്, സർദാർ ചൂണ്ടിക്കാണിക്കുന്നപോലെ, കേരളചരിത്രത്തെ മുഴുവൻ കുഴക്കിമറിച്ചിട്ടുള്ളതു്. കൃത്യാന്തരബാഹുല്യങ്ങൾക്കിടയിൽ എന്റെ ലേഖനങ്ങളും സശ്രദ്ധം വായിച്ചുനോക്കി ദീർഘമായ ഈ കത്തു് എഴുതി എന്നെ അനുഗ്രഹിച്ച സർദാർപണിക്കർക്കവർകളോടു് ഞാൻ ഏറ്റവും കൃതജ്ഞനാണു്.]

ഇളംകുളം പി. എൻ. കുഞ്ഞൻപിള്ള

ശ്രീ

മേയ് മാസം 29-ാംതീയതി അയച്ച എഴുത്തും "തുലുക്കൻപട" മുതലായി ഉണ്ണുനീലിസന്ദേശത്തെ സ്പർശിക്കുന്ന ഉപന്യാസസമാഹാരവും രണ്ടുദിവസം മുൻപു് ഇവിടെ വന്നുചേർന്നു. ഉപന്യാസങ്ങളും ഞാൻ സശ്രദ്ധം വായിച്ചുനോക്കി. തിക്കുറിശ്ശി പാണ്ഡിത്യത്തിനേറെയും വളരെക്കാലത്തെ പഠിപ്പിന്റെയും ഫലമായും ഇതുവരെയുള്ള ശ്രവേക്ഷണങ്ങളെ അടിസ്ഥാനപ്പെടുത്തിയും നിങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളും മിക്കവയും സ്വീകാര്യങ്ങളെന്നാണു് എനിക്കു തോന്നിയതു്. ആ അഭിപ്രായങ്ങളെ പൂർണ്ണമായി നിരൂപണംചെയ്യുന്നതിനുവേണ്ട സൗകര്യങ്ങൾ എനിക്കു ഇവിടെ ഇല്ലാത്തതിൽ ഞാൻ ഖേദിക്കുന്നു. ഈ കാര്യത്തെസംബന്ധിച്ചുള്ള പുസ്തകങ്ങളെല്ലാം ഇന്ത്യയിൽ ഇട്ടിട്ടാണു പോന്നതു്. ഉണ്ണുനീലിസന്ദേശം കഴിഞ്ഞ ആറുവർഷമായി എനിക്കു വായിക്കാൻ സാധിച്ചിട്ടില്ല; ലീലാതിലകം ഒന്നു പുതുക്കിവായിച്ചതു ശ്രീമാൻ ശൂരനാട്ടുകുഞ്ഞൻപിള്ളയുടെ പുതിയപതിപ്പു് പുറത്തുവന്നപ്പോഴാണു്. ഉണ്ണിയച്ചീചരിതം പരിഷന്മാസികയിലാണെന്നതോന്നുന്നു, കണ്ടതായും വായിച്ചതായും ഓർക്കുന്നുണ്ടു്. അതുകൊണ്ടു് ഈ എഴുതുന്നതു മിക്കവാറും ഓർമ്മയെ അവലംബിച്ചുകയൽ അങ്ങുമിങ്ങും പിശകുകയും വന്നിട്ടുണ്ടെങ്കിൽ അതു ക്ഷമിക്കുമല്ലോ.

ഏതായാലും പ്രമാണഗ്രന്ഥങ്ങളും ഇവിടെ കൈവശമില്ലാത്തസ്ഥിതിക്കു നിങ്ങളുടെ ഉപന്യാസങ്ങളിൽ വിമർശിച്ചിട്ടുള്ള ചില സംഗതികളെപ്പറ്റിമാത്രമേ ഇവിടെ പറയുന്നുള്ളൂ.

ഒന്നാമതായി, ഉണ്ണുനീലിയിൽ.

"കോരിക്കൈ കുപ്പടനിരവിവർമ്മാ
ധ്യവേണാടർകോനേ."

എന്നും സ്തുത

നായ ഇരവിവർമ്മയും വേണാടിതിരിത്തിൽ മുമ്മുടിചൂടിയ സംഗ്രാമധീരൻ വീരരവിവർമ്മയും രണ്ടാളുണ്ടെന്നതുകൊണ്ടു യാതൊരു തർക്കവുമില്ല. ചരിത്രദൃഷ്ട്യാ വേറെ ഒരു അഭിപ്രായം സാധ്യവല്ലെന്നാണു എനിക്കു തോന്നുന്നതു്. ശൂരനാട്ടുകുഞ്ഞൻപിള്ള മുതലായ പണ്ഡിതന്മാർ ചരിത്രപരമായ സംഗതികളെ പൂർണ്ണമായി ശണ്ഠിക്കാതെയാണു് ഇങ്ങനെ ഒരഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളതെന്നു തോന്നുന്നു.

രണ്ടാമതായി,

"വ്യായാമം കൊണ്ടി"ത്യാദിയുള്ള ഉണ്ണുനീലിസന്ദേശത്തിൽ "തുലുക്കൻ പടക്കോപ്പിനെണ്ണം ചൊൽവുണ്ടല്ലോ സുരപരിക്ഷഭമപ്പോടിച്ചുതു ചെന്നു"എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു തുലുക്കൻ പടയെപ്പറ്റിയുള്ള ഈ സൂചന മാലിക് കാഫറിന്റെ ആക്രമണത്തെ സൂചിപ്പിക്കുന്നതായിരിക്കണമല്ലോ ഗണിച്ചിരിക്കുന്നതു്. ചരിത്രദൃഷ്ട്യാ അതു അസംഗതമാണു്. മാലിക് കാഫർ 1311 ഏപ്രിൽ 14-ാം തീയതിയാണു മധുരയിൽ പ്രവേശിച്ചതു്. അവിടെനിന്നും അയാൾ രാമേശ്വരത്തേക്കാണു പോയതെന്നുള്ളതിനു യാതൊരു തർക്കവുമില്ല. ശൂരനാടൻ ഊഹിക്കുംപോലെ കന്യാകുമാരിവരെ അയാൾ അധികാരം നടത്തുകയോ, തുലുക്കൻ പടയുപേക്ഷിക്കയോ ചെയ്തില്ല. എന്നു മാത്രമല്ല മധുര അയാൾ കൊള്ളയിട്ടുകളഞ്ഞിട്ടു അവിടെ സുന്ദരപാണ്ഡ്യനെയാണു വാഴിച്ചതു്. 1313-ൽ സംഗ്രാമധീരൻ വീരരവിവർമ്മ മരിച്ചു എന്നു തീർച്ചയുള്ളതിനാൽ ആ രാജാവിന്റെ അനുജനെങ്കിൽ, തുലുക്കന്മാരെ അദ്ദേഹത്തിനു നിഷ്പ്രയാസം തോല്പിക്കാനോ അതിനുദ്ദേശിച്ചു ബിംബചിഹ്നമാരന്റെ സന്ദേശവാഹനായി കടൽയുദ്ധത്തിനു പോകുംവഴി കൊല്ലത്തുചെന്നു ജ്യേഷ്ഠനെ "കേരിക്കൈക്കൂപ്പാനോ" സന്ധിക്കുന്നതല്ല.

മധുരയിൽ 1335 മുതൽ ഒരു നാല്പതുവർഷത്തേക്കു ഒരു മുസൽമാൻരാജ്യം ഉണ്ടായിരുന്നു. ആ രാജ്യത്തെ വീരകുമാരയ്യൻ അടക്കിഭരിച്ച കഥ ചരിത്രപ്രസിദ്ധവും ഗംഗാദേവിയുടെ മധുരവിജയംവഴി സാഹിത്യത്തിൽ സുപ്രതിഷ്ഠചെയ്തിട്ടുള്ളതുമാണു്. ആ സുൽത്താന്മാരുടെ അധികാരം പാണ്ഡ്യരാജ്യം മുഴുവനും വ്യാപിച്ചിരുന്നതുകൊണ്ടു് തേവരുടെക്കൊട്ടാരത്തിൽ തമ്മേസമക്കിയിരുന്ന സർവ്വാംഗനാഥൻ അവരുമായി അതിത്തിയുറപ്പിക്കുന്നതിനു ഇടവിടാതെ നടത്തിവന്നിരുന്നു എന്നു തീർച്ചയാക്കുന്നതിൽ തെറ്റുണ്ടാകയില്ല. അങ്ങനെയുള്ള യുദ്ധങ്ങളെയാണു് ഒരു പതിവെന്നപോലെ "വ്യായാമംകൊണ്ടഴകിലിടിതാമേദം" എന്ന ശ്ലോകത്തിൽ സൂചിപ്പിച്ചിട്ടുള്ളതു്.

രണ്ടാമതായി പറയാനുള്ളതു് 'ഉദയൻ' എന്ന പേരായ "ശ്രീകണ്ഠാഖ്യപതി" നിർമ്മിച്ച മയൂരസന്ദേശമെന്ന സംസ്കൃതകാവ്യം ഉണ്ണുനീലിയും തമ്മിൽ കാണുന്ന സന്ദർഭമാണു്. ഉണ്ണുനീലിയിലെന്നപോലെ മയൂരസന്ദേശത്തിലും കഥയെ സൂചിപ്പിക്കുന്ന ചില മുഖവുരശ്ലോകങ്ങളും ഉണ്ടു്. ആ ഗ്രന്ഥം സൂക്ഷിച്ചുവായിച്ചാൽ ഉണ്ണുനീലിസന്ദേശത്തെ ഏറ്റവുമവലംബിച്ചും ആക്കാലത്തോടടുത്തുതന്നെ രചിക്കപ്പെട്ട ഒരു കൃതിയാണു് മയൂരസന്ദേശമെന്നു തെളിവാകും. അതിലും കണ്ടിയൂരിലെ സ്ത്രീകളെ വർണ്ണിച്ചിരിക്കുന്നതു നോക്കുക. മയൂരസന്ദേശത്തിൽ

'ഉദ്ഗന്ധാഖ്യഃ സുരഭി കവിതാ-
സംഭാരേഷു കവീന്ദ്ര
സ്ഥണ്ഡിരകക്ഷ്യാവലയതിലകസ്ത-
ത്ര വേൽ സന്നിധത്തേ"

എന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു് ഉദ്ഗന്ധശബ്ദികളുടെ കാലത്താണു് ആ കൃതി രചിച്ചിട്ടുള്ളതെന്നു തെളിയുന്നു. ഉദ്ഗന്ധന്റെ കാലം ശരിയായി തിട്ടപ്പെടുത്തിയിട്ടില്ലെങ്കിലും അതു് 14-ാം ശതകത്തിന്റെ ഒടുവിലോ 15-ാം ശതകത്തിന്റെ ആദ്യമോ ആണെന്നുള്ളതിനു സംശയമില്ല. ഏതുണ്ടോടെടുത്താണു് ഉണ്ണുനീലിയുടെ രചനയും എന്നതുമാത്രമേ എന്റെ അഭിപ്രായം.

നിങ്ങളും ജ്യോതിശ്ശാസ്ത്രസൂചനകംകൊണ്ടു് ക്ലിപ്തപ്പെടുത്തിയ കാലം ശരിയായിരിക്കും. പക്ഷേ അതു സന്ദേശം അയയ്ക്കുന്നതായി വിവക്ഷിച്ചിരിക്കുന്ന സമയത്തേ ആണെല്ലോ അല്ലാതെ കാവ്യം എഴുതിയ ദിവസത്തെ അല്ലല്ലോ സൂചിപ്പിക്കുന്നതു്. കേരളവർമ്മന്റെ മയൂരസന്ദേശത്തിൽ

"കൊട്ടാരത്തിൽകൊടിയപടമാ-
യോര സവ്യാധികാരം
കിട്ടാനണ്ടാം തരമഥവശ്രീ-
വിശാഖപ്രസാദൽ"

എന്ന സൂചനകൊണ്ടു്, സന്ദേശമയയ്ക്കുന്നതായി പറയുന്ന തീയതിയല്ലാതെ പുസ്തകമെഴുതിയ തീയതി തീർച്ചയാക്കുമോ? അതുപോലെ ആദിത്യവർമ്മയോടു സന്ദേശം കൊണ്ടുപോകണമെന്നു നായകൻ അപേക്ഷിച്ചെന്നു വച്ചിരിക്കുന്ന ദിവസം അഞ്ചാംപക്കവും, ഭൂതികാമാഖ്യയോഗവും എല്ലാം ചേർന്നവരുന്ന ഒരു ശുഭമുഹൂർത്തമായിരിക്കാം. അങ്ങനെ ഒരു വിവക്ഷയിന്മേലാണു കവി എഴുതുന്നതു്. ആ ദിവസം കഴിഞ്ഞശേഷമാണു കാവ്യം രചിച്ചിട്ടുള്ളതു് എന്നുമാത്രമേ അതിൽനിന്നു് അനുമാനിക്കാവൂ എന്നു തോന്നുന്നു. മൂന്നാമതായി (ഇതു നിങ്ങളുടെ പുസ്തകത്തെ ബാധിക്കുന്നില്ലെങ്കിലും) ലീലാതിലകത്തിന്റെ കാലം ഉണ്ണുനീലിയെ അടിസ്ഥാനപ്പെടുത്തി നിർണ്ണയിക്കുന്നതു ശരിയാകയില്ലെന്നു് എനിക്കു തോന്നുന്നു. ലീലാതിലകത്തിൽ പല കൃതികളിൽനിന്നും ശ്ലോകങ്ങൾ ഉദാഹരിച്ചിട്ടുണ്ടു്. "തവഖലു മമ പ്രേഷിതം കാകമുഖ" എന്നതു കാകസന്ദേശത്തിൽനിന്നാണെല്ലോ. അപ്രകാരം സൂചിപ്പിച്ചിട്ടുള്ള പുസ്തകങ്ങളുടെ കാലമറിയാതെ ലീലാതിലകത്തിന്റെ കാലം നിർണ്ണയിക്കാൻ സാധിക്കുന്നതല്ല. സംഗ്രാമധീരന്റെ സദസ്സിലെ ഒരു പാണ്ഡിതനായിരിക്കണമെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുള്ളതു ശരിയല്ലെന്നു തീർച്ചതന്നെ.

പിന്നെ ഒന്നു പറയാനുള്ളതു തിരുവിതാംകൂർ രാജാക്കന്മാരുടെ ശിലാലേഖനങ്ങളെ അടിസ്ഥാനപ്പെടുത്തി കാലനിർണ്ണയം ചെയ്യുന്നതിനെപ്പറ്റിയാണു്. പല തരം വഴികളുമായി ചെറിയ ദേശങ്ങളും ഭരിച്ചിരുന്ന ഇവരുടെ ചേരികൾ ഇടകലർന്നവരുന്നതു സ്വാഭാവികമാണു്. ആ കാരണംകൊണ്ടാണെല്ലോ പിന്നീടു തിരുനാമം പറഞ്ഞു തിരിച്ചറിയേണ്ടിവന്നതു്. കവിതയിൽ ഇളയ ആളുകളേയും ഭ്രഷ്ടതിയെന്നും രാജാവെന്നും എല്ലാം പറയുന്നതും പതിവാണു്. കേരളവർമ്മയെ "ദേവനെന്നൊരു പുപ്പുള്ളിപതി"യെന്നും (അദ്ദേഹത്തിന്റെ പരപ്പനാട്ടു മുപ്പു കിട്ടുന്നതിനുമുമ്പു) പറയേണ്ടതായിരുന്നു. ഇടയ്ക്കു ചിലർ പറഞ്ഞതുകൊണ്ടു രാജ്യംഭരിക്കുന്ന രാജാവെന്നോ പുപ്പുള്ളിപതിയെന്നു പറഞ്ഞതു പരപ്പനാടധിപനെന്നോ വേണമെന്നില്ല.

രാജസേവന്മാരായ ചരിത്രകാരന്മാരുടെ പാണ്ഡിത്യംകൊണ്ടു മലയാളത്തിനു പല വൈക്ലബ്യങ്ങളും വന്നുചേർന്നിട്ടുണ്ടു്. കുലശേഖരനെന്നും വഞ്ചിയെന്നും കണ്ടാൽ ഉടനേ അതിനെ തിരുവിതാംകൂർ രാജവംശത്തോടു ഘടിപ്പിക്കാൻ ഉള്ളൂർ ബദ്ധശ്രദ്ധനായിരുന്നു. അങ്ങിനെയാണെല്ലോ രാമചരിതം തിരുവിതാംകൂർ മഹാരാജാവു് എഴുതിയതാണെന്നു അദ്ദേഹം സമർത്ഥിക്കാൻ ഒരുമ്പെട്ടതു്. കുലശേഖരവിഭേദം തിരുവിതാംകൂർ രാജാക്കന്മാർക്കു മാത്രമുള്ള ഒരു സ്വന്തനാമമല്ലായിരുന്നു സൂക്ഷ്മമാലോചിച്ചാൽ മാർത്താണ്ഡവർമ്മയുടെ കാലംവരെതിരുവിതാംകൂർ രാജാക്കന്മാർ സ്വതന്ത്ര രാജാക്കന്മാരായിരുന്നോ എന്നതുതന്നെ സംശയമാണു്. പാണ്ഡ്യരാജാവിന്റെ ശക്തി ക്ഷയിക്കുമ്പോൾ അവർ സ്വാതന്ത്ര്യം നടിച്ചിരുന്നു എന്നു തീർച്ചതന്നെ. അവരുടെ സ്വതന്ത്ര ശിലാലേഖകളിൽനിന്നും അവരുടെ പ്രതാപൈശ്വര്യങ്ങളും തീർച്ചയാക്കിയാൽ അബദ്ധമാകുമെന്നുള്ളതിനു തർക്കമില്ല. രാജ്യമെത്തുമ്പോൾ ചെറുതോ അത്തുമ്പോൾ ബിരുദങ്ങൾ വലുതാകുമെന്നുള്ളതിനു ഭാരതചരിത്രത്തിൽ വേണ്ടത്തെളിവുകൾ ഉണ്ടു്.

ഇതുമല്ല പറയേണ്ടിവന്നതു "എ ഞെർമാമന്തരെന്നും" എന്ന ഭാഗത്തിനു നിങ്ങൾ കൊടുത്തിട്ടുള്ള വ്യാഖ്യാനം കണ്ടിട്ടാണു്. ഈ എട്ടു രാജാക്കന്മാർ വേണാട്ടടികളുടെ സമകാലന്മാരായിരുന്നു എന്നുള്ളതിനു തെളിവു പറയത്തക്കതായി ഒന്നുമില്ല. ഇടയ്ക്കുടെ വീരരവിവർമ്മയെപ്പോലുള്ള ചില പ്രബലന്മാർ കപ്പം പിരിച്ചിരിക്കാം. അല്ലാതെ അവർ വേണാട്ടിനു കീഴ്പെട്ടിരുന്നില്ല. "സമകാലന്മാർ" എന്നു പറയുന്നതിനു സമകാലരാജാവെന്ന അർത്ഥവും കല്പിക്കേണ്ടതില്ല. ക്ഷത്രിയരല്ലാത്ത രാജാക്കന്മാരെ സമകാലന്മാരെന്നു ജാതിനിർണ്ണയം ചെയ്യുന്നതു കേരളത്തിൽ പതിവാണെല്ലോ. സാമൂതിരിപ്പാട് സമകാലനാണു്. അദ്ദേഹം ഭരിക്കുമ്പോൾ സമകാലരാജാവായിരുന്നില്ല.

ഒടുവിലായി ഒന്നു പറയേണ്ടതു കോഴിക്കോടിനെപ്പറ്റിയാണു്. അതുകൊണ്ടുതന്നെ മാത്രമേ കോഴിക്കോട്ടു കൊല്ലത്തോടു സമമാകുന്നുള്ളൂ എന്നു നിങ്ങൾ പറയുന്നതിനു എന്താണു് അധാരം. "കോഴിക്കോട്ടും പുനരതിനൊടോ തുല്യവും തുല്യമല്ല" എന്നു ഉണ്ണുനീലിസന്ദേശത്തിൽതന്നെ പറഞ്ഞിട്ടുണ്ടല്ലോ. മാർക്കോപ്പോളോ, മേൽനോട്ടി കോർവിനോ മുതലായവർ സംഗ്രാമധീരന്റെ കാലത്തിനു മുമ്പുതന്നെ കേരളത്തിൽ സഞ്ചരിച്ചപ്പോൾ അവർ കോഴിക്കോടിനെയാണു മുഖ്യനഗരിയായി ഗണിച്ചിരുന്നതു്.


ചെകുകരക്കുട്ടത്തിയുമായി എനിക്കു പരിചയമുണ്ടു്. അതു വളരെക്കാലംമുമ്പു് ആസ്പദിച്ചു ഒരു മധുരപദാർത്ഥത്തിന്റെ സാദൃശ്യമല്ലാതെ ഇപ്പോൾ ഒരോർമ്മ മാത്രമാണു്. ഭാഷാപോഷിണിയുടെ ചരിത്രം ഞങ്ങളുടെ ചരിചയം വഷിച്ച സന്ദർഭമായി എങ്കിലും ദൂരദേശത്തു താമസമായതുകൊണ്ടു് "നൽകിനാംവരിഷ്യ"യായ ആ കുടിലദ്രുക്കിനോടുള്ള സഹവാസം അവസാനിപ്പിക്കേണ്ടിവന്നു. അതുകൊണ്ടു് ഉണ്ണിയാടിയേപ്പറ്റിയും കുട്ടത്തിയേപ്പറ്റിയുമുള്ള ഉപന്യാസത്തെപ്പറ്റി ഇപ്പോൾ എനിക്കു ഒന്നും പറയാൻ സാധിക്കാതെ അങ്ങനെ ഇരിക്കുന്നതു്.

നിങ്ങളുടെ ഗ്രന്ഥം വായിച്ചതിലുള്ള സന്തോഷംകൊണ്ടു് ഇതുമെഴുതിയെന്നേ ഉള്ളൂ. പുസ്തകം അച്ചടികഴിഞ്ഞാൽ ഒരു പ്രതി ഇങ്ങോട്ടയച്ചുതരുമല്ലോ.

കെ. എം. പണിക്കർ

കയിറോ, 19-6-53.

ഹിമാലയത്തിലെ ഷെർപ്പകൾ



ബെർമുഡായിലെ ഹമിൽട്ടൺ തുറമുഖത്തിൻറെ വിമാനത്തിൽനിന്നുള്ള കാഴ്ച്ചയാണിത്. അടുത്തകാലത്തു കെട്ടിടം പ്രിൻസസ്സ് ഹോട്ടലാണ്.

ബർമുഡായിൽവച്ചു നടത്തുന്നതിനുദ്ദേശിച്ചിരുന്ന സമ്മേളനം അനിശ്ചിതമായി മാറിവച്ചിരിക്കുകയാണ്.

— മൂക്കോത്തു കുഞ്ഞപ്പ —

എവറസ്റ്റിൽ ആദ്യം കാലുവെച്ചതു ടെൻസിങ്ങാണെന്നും അല്ല ഹിലേറിയാണെന്നും, ഒരു വാദപ്രതിവാദം ഇന്ത്യൻപത്രങ്ങളിൽ ബലമായി നടക്കുന്നതായി കാണുന്നു. പർവ്വതശിഖരങ്ങളിൽ കയറിയിട്ടുള്ള പരാക്രമികളുടെ കഥകൾ വായിച്ചിട്ടുള്ള വരാരും അങ്ങിനെയൊരുവാദം ഉന്നയിക്കുകയില്ല. അങ്ങിനെയൊരു മുത്തും, മറ്റൊരുമുത്തും എന്നുള്ളതുപോലെയുള്ള ഒരു വിത്തിനുതുല്യമാണ് മേൽപറഞ്ഞ വാദം. കിഴക്കൻജർമ്മനിയിൽ കയറുന്ന ഒരാളുടെ അരയ്ക്കൊരു കയറുകെട്ടിയിട്ടു, പിന്നിലുള്ള സഹചാരി ബലമായി പിടിച്ചിരിക്കണം. അയാൾക്കു വീണുപോകുന്നതു ആക്കം ലഭിക്കുന്നതു, അദ്ദേഹം മുന്നോട്ടുപോകുന്ന ഗതിക്കനുസരിച്ചു, പിന്നിലുള്ളയാൾ കയറു അയച്ചുകൊണ്ടേയിരിക്കണം. ചവിട്ടിക്കയറുമ്പോൾ 12000 അടി തഴെവിഴുന്ന ആ നിലയിൽ, പിന്നിലുള്ളവൻ എത്രത്തോളം സൂക്ഷ്മവും, സാമർത്ഥ്യവും സ്നേഹവും, ധൈര്യവും ഉള്ളവനായിരിക്കേണ്ടതാണെന്നു വിസ്തരിക്കേണ്ടതില്ലല്ലൊ. കയറിന്റെ നീളംതീർന്നാൽ, രണ്ടാമൻ കയറുകയായി. ഇക്കാരണംകൊണ്ടു, മുന്നിലുള്ളയാളും കയറുന്നതിനുപറ്റുപ്പറ്റുക്കെ വലിച്ചുകൊടുക്കുന്നതിനനുസരിച്ചാണ് കയറുന്നവനു ലഭിക്കുന്നതു. അങ്ങിനെയാണു പോകേ. ആയൊരുകയറിന്റെ മുമ്പിലുള്ളവനും പിമ്പിലുള്ളവനും ഒരുപോലെ പ്രാധാന്യമുണ്ടു. വയലിൻറെവരമ്പിൽ തമ്പുരാൻ മുമ്പിലാണെങ്കിലും കാര്യസ്ഥൻനായരുപിന്നിലും എന്നുള്ള പരിചയംകൊണ്ടാണ് ഹിലേറിയും ടെൻസിങ്ങും ആദ്യം ശിഖരത്തിലെത്തിയതു എന്നുള്ളവാദത്തിനു പ്രാധാന്യമുണ്ടായിത്തീർന്നതു.

അതുകൂടാതെ ചൂളുക്കിനു, ദേശസ്നേഹിയാണെന്നുള്ള പേരുസമ്പാദിക്കാൻ മോഹമുള്ള ഒരുകൂട്ടരുണ്ടു. മറുള്ളവരുടെ ചിത്രപടമെടുക്കുക. അവർ നമ്മെ പറഞ്ഞുവെന്നു പരസ്യപ്പെടുത്തുക അതാണു പ്രശസ്തിക്കുള്ള അവരുടെഏർപ്പാടിതു. അതിന്റെ യഥാർത്ഥം അറിയുവാൻ സൗകര്യമില്ലാത്ത ചില മലയാളപ്പത്രങ്ങളും വിടുവായത്തംകൊണ്ടു, മേല്പറഞ്ഞ വാദത്തെ ആത്മാർത്ഥതകൊണ്ടു പകർത്തിപ്പോവുകയുംചെയ്തു എന്നാണതേ തോന്നുന്നതു. ഒരു ഇന്ത്യക്കാരന്റെ ടെൻസിങ്ങു എവറസ്റ്റിൽ കയറിയതിൽ നമുക്കുള്ള അഭിമാനത്തേക്കാളധികമായിട്ടെന്നെ ഇംഗ്ലീഷുകാർക്കു ഹിലേറിയെപ്പറ്റിയും ഒരഭിമാനം ഉണ്ടാവുന്നതു സ്വാഭാവികമാണല്ലൊ. ഹിലേറിയുടെ പരാക്രമത്തിൽ, കറെ അത്യാശയുക്തികലർന്ന അഭിമാനമാണു പ്രകടിപ്പിക്കുന്നതെന്നും ടെൻസിങ്ങിനു ലഭിക്കുന്നുള്ള ബഹുമതി അവർ നൽകുന്നില്ലെന്നും നമ്മൾ പറയുന്നു. ഇരിക്കട്ടെ നമ്മൾ ടെൻസിങ്ങിനെക്കാളധികം [illegible]കുന്നില്ലെന്നും, ഹിലേറിക്കു ലഭിക്കുന്നുള്ള ബഹുമതിമുഴുവനും നാം നൽകുന്നുണ്ടോയെന്നും, നെഞ്ഞത്തു കയ്യുംവച്ചു നമുക്കു സത്യംചെയ്യാൻകഴിയുമോ? ഇല്ലെന്നാണെന്തോതോന്നുന്നതു. ഒരു രോഗത്തെപ്പറ്റി [illegible]വരവർക്കുടെ ആളുകളെ വലുതാക്കുന്നു, സാറെ; അതുപോലെയുള്ളൂ [illegible]ച്ചിൽമതി.

[illegible]ടെ വഴക്കുകാരെ പുകഴ്ത്തുന്നു, സമനിലയുള്ളവർക്കു തോഴനുമുണ്ടാവുകയില്ല. 25000 അടി ഉയരത്തിൽ, ഓരോ കാൽവയ്പ്പിലും അന്തകന്റെകൂടത്തെയുണ്ടാവുന്ന ഘട്ടത്തിൽ അന്യോന്യം ഒരു കയറിനാൽ ബന്ധപ്പെട്ടുള്ള നിലപാടിൽ യജമാനനെന്നും, വേലക്കാരനെന്നും, ഇംഗ്ലീഷുകാരനെന്നും ഇന്ത്യനെന്നും ഉള്ള യാതൊരു വ്യത്യാസത്തിനും സമയമോ, അവസരമോ ഉണ്ടാവില്ല, എന്നു മൈത്തു തുടങ്ങിയ എല്ലാ പർവ്വതകയറ്റക്കാരും എത്രയോതവണ പറഞ്ഞിട്ടുള്ളതാണു. "മഞ്ഞിമരിക്കുമ്പോഴും, കലക്കിക്കുടിയടാ" എന്നു പറയുന്നതുള്ള മനഃസ്ഥിതി പർവ്വതശിഖരങ്ങളിൽ ആക്കം ഉണ്ടാവാറില്ല എന്നു ഷിപ്ടൻ പറഞ്ഞിട്ടുണ്ടു. ഉയരത്തിൽ ചെല്ലുന്തോറും, ജാതിമതാദിവ്യത്യാസങ്ങൾ മനുഷ്യൻ മറക്കുന്നുവെന്നും സമചിത്തത അവനു തനിയെ ഉളവാകുന്നുവെന്നും, "Spirit of the Hills" എന്ന അതിമനോജ്ഞമായ പുസ്തകത്തിൽ സ്വെത്തു പറഞ്ഞിട്ടുണ്ടു. ആ ഭാഗങ്ങൾ വായിക്കുമ്പോൾ നമ്മുടെ പൂർവികന്മാർ തപസ്സുചെയ്യാൻ ഹിമാലയസാനുപ്രദേശങ്ങളിൽ കയറിത്താമസിച്ചതു വെറുതെയല്ല എന്നാണു എനിക്കു തോന്നിപ്പോയിട്ടുള്ളതു.

ഹിമാലയത്തിലെ കാമറാ) എന്നുള്ള ശിഖരത്തിൽ കയറിയ വിവരങ്ങൾ അടങ്ങിയ ഒരു പുസ്തകമുണ്ടു. Kamet Conquered-അതിരസകരമായതും, വീരശൂരപരാക്രമങ്ങളെപ്പറ്റിയുള്ള വിവരണങ്ങൾകൊണ്ടു ഒരു നോവലിനെക്കാളും രസകരമായതുമായ ഒരു യഥാർത്ഥ കഥാകഥനം വായിക്കാൻ നിങ്ങൾക്കു ഇഷ്ടമുണ്ടെങ്കിൽ ആ പുസ്തകം തീർച്ചയായും വായിക്കണം. അതിൽ ശിഖരത്തിൽ എത്തുന്ന ഘട്ടത്തിനെപ്പറ്റിയുള്ള വിവരണമാണു ഈ ലേഖനത്തിൽ സംഗതരായിട്ടുള്ളതു. അവിടെ എത്താറായപ്പോൾ, രണ്ടുമൂന്നുപേരുകൂടി തളർവശനായ ഒരു ഷെർപ്പായുടെ തണ്ടെ തങ്ങിപ്പിടിച്ചു", പതുക്കെപ്പതുക്കെ തള്ളി ശിഖരത്തിൽ, ആദ്യം എത്തിക്കണം. അവൻറെ കാലുകളായിരിക്കണം ശിഖരത്തിൽ ഒന്നാമതായി കുത്തുന്ന മനുഷ്യപാദങ്ങൾ, എന്നായിരുന്നു ആ വെള്ളക്കാരുടെയുദ്ദേശ്യം. കാമറാൻ കയറുന്നതിൽ ഷെർപ്പാപോർട്ടർകൾ ചെയ്ത സേവനത്തിന്റെ മഹോന്നതത്തിനു പ്രതിഫലമായി ഞങ്ങൾക്കു നൽകുവാനുള്ള ഏറ്റവും എളിയ ഒരു ബഹുമതിയായിരുന്നു അവനെ ഇങ്ങിനെ ആദ്യം കയറിയിടാൻ ഞങ്ങളെ പ്രേരിപ്പിച്ചതു" എന്നാണു ഗ്രന്ഥകർത്താവു് അതിൽ പറഞ്ഞിട്ടുള്ളതു. ഹിമാലയപർവ്വതം മനുഷ്യഹൃദയത്തെ ഉയർത്തിവിടുന്നവിധം, അത്യുൽകൃതംതന്നെ. അഥവാ അങ്ങിനെയുള്ളമനഃസ്ഥിതി ആ സൃഷ്ടികർത്താവിനെയെവരുമെന്നൊ സ്വെത്തു പറയുകയാണു.

"സ്വയം സഹായികളെ ദൈവം സഹായിക്കുമെന്നാണു പഴഞ്ചൊല്ലുള്ളതു, ഉന്നതശിഖരങ്ങളിൽ, അന്യോന്യം സഹായിക്കുന്നവരെയാണു ദൈവം തുണയ്ക്കുക എന്നുള്ളതാണു വാസ്തവം; എന്തുകൊണ്ടെന്നാൽ അവരുടെ പ്രശ്നങ്ങളും, നിലവിലുള്ള പ്രശ്നങ്ങളുംതമ്മിൽ ഗണ്യമായ ഒരു വ്യത്യാസമുണ്ടു. ശിഖരത്തിൽ ഒടുവിൽ എത്തി വീണവർ, അവരുടെ മൽസരികളെക്കാളും അധികമായിട്ടൊന്നും സംഭിച്ചിട്ടുണ്ടാവുകയില്ല. പലരും പലപ്പോഴായി, പലവർഷങ്ങളോളംചെയ്ത പരിശ്രമങ്ങളുടെ ഫലമായിട്ടാണു ശിഖരത്തിൽ ഒന്നോ രണ്ടോപേർ എത്തുന്നതു. മൊത്തമായുള്ള മനഃശ്ശുദ്ധയത്നത്തിൽ ഒരു ചെറിയ ഭിന്നിതംമാത്രമാണു ഒടുവിൽ എത്തുന്നവരുടെ യത്നം. ഇക്കൂട്ടും പൊതുജനങ്ങളും അറിയാത്തതുകൊണ്ടാണു തെറ്റിദ്ധാരണകൾ ഉണ്ടാവുന്നതു."

ഒടുവിലത്തെ വാചകത്തിൽ അടങ്ങിയ ചിന്താശകലം, ഇന്നത്തെവാദപ്രതിവാദത്തെ സംബന്ധിച്ചിടത്തോളം, ഒരു പ്രവചനംപോലെയിരിക്കുന്നില്ലേ അതാണു പറയുന്നതു. എന്തൊരത്ഭുതം! മറ്റൊരു പ്രവചനം നോക്കുക, ഇരുപതുവർഷംമുമ്പു എഴുതിയതാണു അതു.

"അവരുടെ ധൈര്യത്തിനും, സഹ

നീതിയോ ഭർവ്വിധിയോ?

റോസൻബർഗ് കേസ്സ് ഫാസിസത്തിന്റെ നാന്ദിയോ?

★

റോസൻബർഗ് ദമ്പതികളുടെ വധത്തിൽ പര്യവസാനിച്ച കേസ്സിനെ സംബന്ധിച്ചുള്ള വിവരങ്ങളും അമേരിക്കൻ നീതിന്യായപരിപാലനത്തെക്കുറിച്ച് ആശങ്കയാണ ജനിപ്പിക്കുന്നത്. മി: ഡി. ലത്തീഫി "നാഷണൽ ഹെറാൾഡ്" പത്രത്തിൽ എഴുതിയ ലേഖനത്തിന്റെ ഈ സംഗ്രഹം പരിഷ്കൃതരാജ്യങ്ങളിലെ നീതിന്യായപരിപാലനവുമായി പരിചയമുള്ളവർക്ക് വിസ്മയമുളവാക്കുന്നതാണ്. അമേരിക്കയുടെ ഫാസിസത്തിലേക്കുള്ള പ്രയാണത്തിന്റെ നാന്ദിയാണിതെന്ന സംശയിക്കേണ്ടിയിരിക്കുന്നു. പ്രസ്തുത കേസ്സുസംബന്ധിച്ചു ഹെറാൾഡിന്റെ പ്രശസ്തലേഖകനായ സഞ്ജയൻ പ്രസിദ്ധണ്ട് ഐസൻഹൗവറിന്റെ പേർക്കുള്ള ഒരു തുറന്ന കത്തും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

നിയമത്തിന്റെ അനുമതിയോടുകൂടി നടത്തപ്പെടുന്ന നരവധമാണ് ഏറ്റവും നിഷ്ഠുരമായ കൊലപാതകം. കാരണം, അതു കത്തി പ്രയോഗിച്ചോ തോക്കുപയോഗിച്ചോ അല്ല. അമേരിക്കൻ ഐക്യനാടുകളിൽ (യു. എസ്.) നിയമത്തിന്റെപേരിൽ കൊലപാതകങ്ങളാണ നടത്തപ്പെടുവരുന്നതെന്നുള്ള സംശയം, അഥവാ വിശ്വാസം, ആഞ്ജലീസ് 19-ാംതീയതി രാത്രി സിംഗ് സിംഗ് ജയിലിലെ എലക്ട്രിക് കസേരയിലിരുത്തി വധിക്കപ്പെട്ട എഥൽ, ജൂലിയസ്സ് എന്നീ റോസൻബർഗ് ദമ്പതികളുടെ കേസ്സിന്റെ അന്ത്യഘട്ടങ്ങളും ഉൽക്കണ്ഠാപൂർവ്വം വീക്ഷിക്കുന്നതിനു ലോകജനതയെ പ്രേരിപ്പിച്ചിട്ടുള്ളതാണ്.

പൊതുജനദൃഷ്ടിയിൽനിന്നു മറച്ചുവച്ചിരുന്ന പലതും ഈ അന്ത്യദിനങ്ങളിൽ വെളിച്ചത്തുവന്നു. റോസൻബർഗ് പക്ഷീയർ ആരംഭംമുതൽ വാദിച്ചുവന്നതു പ്രസ്തുതവ്യക്തികളും കുറ്റക്കാരല്ലെന്നും അവരുടെപേരിലുള്ള ആരോപണങ്ങളെപ്പറ്റി ഊഹിക്കലും നിയമാനുസൃതവുമായ ന്യായവിചാരണനടത്തുന്നതിനുള്ള സന്ദർഭം അവർക്ക നിഷേധിക്കപ്പെടുകയാണുണ്ടായതെന്നുമാണ്. "പുത്തികെട്ട രണ്ടു ചുമന്ന ജൂതന്മാരാണവർ" എന്നുകാരണത്താൽ മക്കാർത്തിക്കുട്ടരായ രാഷ്ട്രീയപ്രതിയോഗികളും ജഡ്ജിമാരെയും ജൂറിമാരെയും ഭയംകൊണ്ടു സ്വാധീനപ്പെടുത്തി അവരുടെ രക്തദാഹം ശമിപ്പിക്കുകയായിരുന്നു ചെയ്തതെന്നു സംസാരമുണ്ട്. ഏറ്റവും മഹത്തായ അമേരിക്കൻ ഡെമോക്രസിയിലെ നീതിന്യായഭരണവ്യവസ്ഥയിൽ അത്തരം ദുസ്വാധീനംചെലുത്തുന്നതിനു നിയമപ്രകാരമുള്ള നിരോധനങ്ങളുണ്ടെന്നു വിശ്വസിക്കാരായ ഞങ്ങൾക്ക മേല്പറഞ്ഞവിധത്തിലുള്ള ആരോപണങ്ങളെ വിശ്വസിക്കുന്നതിനു തയാറായില്ല. പക്ഷേ, ലോകത്തിനു യാഥാർത്ഥ്യം ഗ്രഹിക്കുന്നതിനിപ്പോൾ സാധിച്ചിരിക്കുന്നു. അമേരിക്കയിലെ ഫ്യൂഡൽ പിന്തിരിപ്പന്മാരുടെയും അവരുടെ ഇരയുടെയും ഇടയിൽ ഒരു ന്യായാധിപൻ അല്പകാലത്തേക്കെങ്കിലും പ്രതിബന്ധമുയർത്തിയതിന അന്നാട്ടിലെ പരമോന്നത ന്യായാസനത്തിനെതിരായി പരസ്യമായി ശബ്ദകോലാഹലമുണ്ടാക്കിയ അവരുടെ ധിക്കാരംപോലും കത്തിനടു മനസ്സിലാക്കിക്കൊടുത്തിരിക്കുന്നു.

സംഭവക്രമം

സംഭവങ്ങളുടെ ക്രമം പ്രത്യേകപരിശോധന അർഹിക്കുന്നു. 1953 ജൂൺ 17-ാംതീയതി സുപ്രീംകോർട്ട് ജസ്റ്റിയായ ജസ്റ്റീസ് [illegible] റോസൻബർഗ്ദമ്പതികളുടെ [illegible] നടത്തുന്നതുസംബന്ധിച്ചു [illegible] നിരോധനഉത്തരവു [illegible] കുകയുണ്ടായി. വെക്കേഷൻകാലമാണെ അന്നു കോടതിക്ക്. ഒരു നിയമപ്രശ്നം ഉന്നയിക്കപ്പെട്ടതിന്മേലുള്ള ഉത്തരവായിരുന്നു അതു. "ജൂറി വധശിക്ഷ ശുപാർശചെയ്തിട്ടില്ലാത്തകാരണത്താൽ വധശിക്ഷ നിയമാനുസൃതമാണോ എന്നുള്ള ബലമായ സംശയത്താലാണ്" വിധിനിർത്തിവയ്ക്കുന്നുത്തരവുണ്ടായതു. വധശിക്ഷ നിർത്തിവയ്ക്കുൽ ഉത്തരവിന്മേൽ "ഫുൾസുപ്രീം കോടതി" മുമ്പാകെ ശവമ്മൻസ് അപ്പീൽബോധിപ്പിക്കുന്നതാണെന്നു ഉടൻതന്നെ അറോർണിജനറൽ പ്രസ്താവിച്ചു. അപ്പീലിന്റെ ഫലം അറിയുന്നതിനു നിൽക്കാതെ വസ്തുതകളും കോടതിയുടെ പരിഗണനയിൽ (Sub judice) ഇരിക്കുമ്പോൾത്തന്നെ വീലർ (Wheeler) എന്ന ഒരു നിയമസഭാംഗം (സുശക്തമായ പിൻബലത്തോടുകൂടിയെന്ന പ്രത്യക്ഷം) നിയമസഭയിൽ പ്രസ്താവിക്കുകയുണ്ടായി, രാജ്യദ്രോഹക്കുറ്റത്തിനായി താൻ ജസ്റ്റിസ് ഡഗ്ലാസ്സിനെ സഭയുടെ മുൻപാകെ വിസ്തരിക്കുന്നതിനു (Impeachment) വാദിക്കുമെന്ന്. വീലറുടെ പ്രഖ്യാപനം സഭാർഷാരവങ്ങളോടുകൂടി സ്വാഗതം ചെയ്യുന്നാണ് റിപ്പോർട്ടുചെയ്യപ്പെട്ടിരുന്നതു. അല്പംകഴിഞ്ഞു അതേ ദിവസം സുപ്രീംകോർട്ട് പ്രസ്തുത പ്രമേയം വീലർ സഭയിൽ സമർപ്പിച്ചു. മേൽപറഞ്ഞവിധത്തിലുള്ള പ്രസ്താവനകളും നടപടികളും സഭാധ്യക്ഷനോ സന്നിഹിതരിൽ ഭൂരിപക്ഷമോ ചോദ്യംചെയ്യുതെയിരുന്നെന്നുള്ള വസ്തുത — കേസ് വിചാരണയിലിരിക്കുകയാണെന്നും അതിനെപ്പറ്റി അപ്പോൾ വാദപ്രതിവാദം നടത്തുന്നതു നിയമവിരുദ്ധമാണെന്നും, വിചാരണതീർന്നശേഷം നീതിന്യായക്കോടതിയെപ്പറ്റി ചോദ്യംചെയ്യാൻ ധാരാളം അവസരമുണ്ടെന്നും ചൂണ്ടിക്കാണിക്കുന്നതിനുള്ള "ജനകീയമര്യാദ" അവർക്കുണ്ടായില്ല — അമേരിക്കയിൽ ഇപ്പോൾനടക്കുന്ന ഏകാധിപത്യത്തിന്റെ സ്വഭാവമാണ് പ്രകടമാക്കുന്നതു. ആക്ഷേപകരമായ ഈ നടപടി നിയമത്തോടോ നീതിന്യായപീഠങ്ങളോടോ തെല്ലും ആദരവില്ലാത്ത ഒന്നാണ്. ഇന്ത്യൻനിയമസഭയിലെ അധ്യക്ഷപീഠം ശ്രീ: വിത്തൽഭായിപട്ടേൽ അലങ്കരിച്ചിരുന്നകാലത്തെ ഒരു സംഭവവുമായി ഇതു താരതമ്യപ്പെടുത്തിനോക്കുക. അന്നത്തെ ശവമ്മൻസ് ക്രിമിനൽനടപടിനിയമം അവതരിപ്പിക്കുന്നതിന് സന്നദ്ധമായി. പക്ഷെ, അന്നത്തെ കൊണ്ടിരുന്ന മീററ്റ്ഗൂഢാലോചനക്കേസ്സിനെ വാദപ്രതിവാദത്തിലെ അഭിപ്രായപ്രകടനങ്ങളും സ്പർശിക്കുമെന്ന കാരണത്താൽ അദ്ദേഹം പ്രസ്തുത ബിൽ അവതരിപ്പിക്കുന്നതിനു അനുമതി നിഷേധിക്കുകയാണുചെയ്തതു. ഹിറ്റ്ലറിന്റെ ഭരണകാലത്തു റീക്സ്റ്റാഗ് തീവച്ചു കോടത്തിനു ഡിമിട്രോവിനെ പ്രതിയാക്കി ലീപ്സിഗിൽ വിചാരണനടന്നപ്പോൾ ജസ്റ്റിൽപോലും പ്രസിക്യൂഷനോ പ്രതിയുടെ രാഷ്ട്രീയശത്രുക്കളോ കോടതിയെ ഇല്പകാരമുള്ള സമർദ്ദങ്ങളുംകൊണ്ടു വിധേയമാക്കുന്നതിനു ശ്രമിച്ചിട്ടില്ല. റോസൻബർഗ്കേസ്സിലെ വിധിയെപ്പറ്റി സംശയം ഉന്നയിച്ച ജഡ്ജിക്കെതിരായി നിയമസഭാപ്രതിനിധി വീലർ സമാരംഭിച്ച പ്രസ്ഥാനം നിഷ്ഫലമായില്ല. അനന്തരസംഭവങ്ങളും അതു വ്യക്തമാക്കുകയാണുചെയ്തതു. കോടതി ഒഴിവുകാലമായിരുന്നെങ്കിലും അടുത്തദിവസംതന്നെ, ജൂൺ 18-ാംതീ-, സുപ്രീംകോടതി കൂടുന്നതിനു ചീഫ് ജസ്റ്റീസ് വിൻസൺ ഉത്തരവുചെയ്തു. ജഡ്ജിമാരിൽ ചിലർ അവധി ഉപയോഗിച്ചു് ആസ്ഥാനം വിട്ടിരുന്നെന്നു അദ്ദേഹത്തിനു് അറിവുണ്ടായിരുന്നെങ്കിലും പ്രസ്തുത നടപടി അദ്ദേഹം അവലംബിക്കുകയണുണ്ടായതു. 19-ാംതീയതി കോടതിക്കൂടി. ധൃതിയിൽ കോടതിക്കൂടുകയും മൂന്നു ജഡ്ജിമാർ തീരുമാനത്തോടു വിയോജിച്ചെങ്കിലും ഒരു ഭൂരിപക്ഷത്തോടെ ജസ്റ്റീസ് ഡഗ്ലസ്സിന്റെ ഉത്തരവു് അവർ അസ്ഥിരപ്പെടുത്തുകയുംചെയ്തു. റോസൻബർഗ്ദമ്പതികളെ ഉടൻതന്നെ വധിക്കുന്നതിനു് കോടതി ആജ്ഞാപിച്ചു. അവരെ രക്ഷിക്കുന്നതിനുള്ള ശ്രമം

നശക്തിക്കും, പ്രസന്നതയ്ക്കും, സന്നദ്ധതയ്ക്കും അർഹമായവിധത്തിലുള്ള പ്രശംസനൽകുവാൻ എന്റെ ഭാഷയ്ക്കു നിവിശേഷം ശക്തിപോരാ. ഇതിനുമുമ്പുള്ള പർവതാരോഹണങ്ങളിൽ പലതും മരണമടഞ്ഞിട്ടുണ്ട്. സാമർത്ഥ്യംകൊണ്ടും, അഭ്യാസംകൊണ്ടും, മറ്റുപല ഗുണങ്ങൾകൊണ്ടും ഒന്നാംതരം പർവതാരോഹണപടുക്കളാണ് തങ്ങളെന്ന് അവർ തെളിയിച്ചുകഴിഞ്ഞിരിക്കയാണ്. ഇതുവരെ സ്ഥാപിച്ചിട്ടുള്ള ക്യാമ്പുകളെക്കാളെല്ലാം ഉയരത്തിലായി ക്യാമ്പുകൾ സ്ഥാപിക്കുവാനും ലോകത്തിൽവെച്ചു ഏറ്റവും ഉന്നതങ്ങളായ ശിഖരങ്ങളിൽ കയറുവാനും അവർക്കു കഴിവുണ്ട്. ഏവറസ്റ്റ് ശിഖരത്തിൽ കയറുവാനുള്ള പരിശ്രമങ്ങളുടെ ഏറ്റവും ഉചിതമായ പര്യവസാനം, ആ ശിഖരത്തിൽ തങ്ങളെ നിയമിച്ചവരുടെ ഒന്നിച്ചായി ഇക്കൂട്ടരെയും കയറിനിൽക്കുവാൻ സമ്മതിക്കുന്നതായിരിക്കും; അല്ലെയോ?"


ഇരുപതുവർഷംമുമ്പാണ് ഈ വാചകങ്ങളും സ്റ്റൈയ്ൻ എന്ന മഹാമനസ്കനായ പർവതാരോഹണവിദഗ്ദ്ധൻ എഴുതിയതു. അതുപോലതന്നെ കാര്യങ്ങളും കലാശിക്കുകയുംചെയ്തു. സമനിലത്തിൽ, ആപത്തിൽനിന്നു വളരെദൂരെ നിൽക്കുന്നവരാണു്, അസൂയയും, മത്സരവും, ജാതിമതവ്യത്യാസങ്ങളും വെച്ചുപുലർത്തുന്നതു്. അവരെയൊക്കെ പിടിച്ചൊന്നു മലകയറ്റിവിടണം; അതായിരിക്കും രാജ്യത്തിനു ഗുണകരമായിരിക്കുക.

★

സംബന്ധിച്ചായിരുന്നെങ്കിൽ കോടതി ഇത്രവേഗത്തിൽ കൂടി നടപടികൾ നടത്തുമായിരുന്നോ എന്നു സംശയിക്കണം. ചീഫ് ജസ്റ്റീസും അദ്ദേഹത്തിന്റെ അഭിപ്രായത്തോടു് യോജിച്ച ജഡ്ജിമാരും ഒരു വസ്തുത വിസ്മരിച്ചിരിക്കണം. റോസൻബർഗ്ദമ്പതിമാർ മാത്രമായിരുന്നില്ല വിചാരണയുടെ വിഷയം. സുപ്രീംകോടതി മാത്രമല്ല, അമേരിക്കയിലെനീതിന്യായപരിപാലനംതന്നെ ലോകത്തിലെ പൊതുജനാഭിപ്രായത്തിന്റെ മുമ്പാകെവിചാരണയ്ക്കു വിധേയമാക്കുകയാണുചെയ്തതു്. വീലറിന്റെപ്രമേയംനിയമസഭാപരിപാടിയിൽ ഉൾപ്പെട്ടിരുന്നസന്ദർഭത്തിൽ, വൈക്കേശൽകാലത്തു,ദ്രോതഗതിയിൽകോടതികൾ ജസ്റ്റിസ് ഡഗ്ലാസിന്റെ ഉത്തരവു അന്ധിരപ്പെടുത്തിയതു നൃയരഹിതമായ സമ്മർദ്ദത്തിന്റെ ഫലമായല്ലേ എന്നു വിധിക്കണ്ടതു ലോകത്തിലെ ബുദ്ധിജനങ്ങളാണു്. സാധാരണഗതിയിൽ റോസൻബർഗ്കേസ്സു സുപ്രീംകോടതിയിൽ വന്നിരുന്നെങ്കിൽ ആരെങ്കിലുമോ വരിക? അഭിമാനബോധമുള്ള യാതൊരു നീതിന്യായക്കോടതിയും വീലറുടെ ഇംപീച്ച്മെന്റ്പ്രമേയം ഡമോക്ലിസിന്റെ ഖഡ്ഗംപോലെതലയ്ക്കുമീതെ തൂങ്ങുമ്പോൾ, കേസ്സിന്റെ വിചാരണ നടത്തിക്കൂടാത്തതായിരുന്നു. ഭൂരിപക്ഷാഭിപ്രായപ്രകാരമുള്ള അവസാനവിധി വീലറിന്റെ പ്രമേയത്തിന്റെഫലമായുള്ളതല്ലെന്നു വിശ്വസിക്കുന്നവർ ചുരുങ്ങും. റോസൻബർഗ്കേസ്സിലെ നടപടികളിൽ പ്രത്യക്ഷമായിക്കാണുന്ന പിശകുകളും അതിലെ തെളിവുകളുടെ പരിശോധനയ്ക്കു പ്രേരണയുണ്ടാക്കണം. വർത്തമാനപ്പത്രങ്ങളുടേയും നിയമസംഘടനകളുടേയും സഹകരണത്തോടുകൂടി, കോടതിയുടെമേൽ ചുമത്തപ്പെടുകയും പിടിച്ച രാഷ്ട്രീയപ്രതിയോഗികം നടത്തിയ സമ്മർദ്ദമോണ് ഈ അസ്വസ്ഥത നടപടികളെപ്പറ്റിയുള്ള ഒരു പ്രധാന ആക്ഷേപം.

വിചാരണയുടെ വിശേഷതകൾ

റോസൻബർഗ്ദമ്പതികളുടെമേലുള്ള കേസ്സു ചാർജ്ജുചെയ്യപ്പെട്ടതു 1951 ജനുവരി 31-നാണു്. മോർട്ടൺസോബൽ, ഡേവിഡ്ഗ്രീൻഗ്ലാസ്സ് എന്നീ രണ്ടുപ്രതികളേയുംകൂടി 1951 മാർച്ചുമാസത്തിലാണു അവരെ ഇർവിംഗ് ആർ. കാഫ്മൻ എന്ന ജഡ്ജിയുടെ മുമ്പാകെ വിചാരണചെയ്തതു്. ജഡ്ജിയും ഒരു ജൂതനാകയാൽ അദ്ദേഹം പിന്തിരിപ്പനായുടെ ഉശിപ്പേരണ അഥവാ സ്വാധീനംചെലുത്തലിനു വശംവദനാകാനിടയുള്ളതാണു്. ന്യായക്കിൽവച്ച ഒരു ജൂറിയുടെ സഹായത്തോടുകൂടിയായിരുന്നു വിചാരണ. മേല്പറയപ്പെട്ട പ്രതികളും, ഹാരിഗോൾഡ്, പൂത്ത് ഗ്രീൻഗ്ലാസ്സ് എന്ന മറ്റു രണ്ടുപേരും,



എഡിൻബറോ ഡ്യൂക്ക് ഒരു വിക്കേഴ്സ് വൈക്കൗണ്ട് വിമാനം നിയന്ത്രിക്കുന്നു.

1944 ജൂൺ 6-നും മുതൽ 1959 ജൂൺ 16-നും-വരെയുള്ള ആകെസംവത്സരക്കാലത്തിനിടയിൽ, പേരറിയാൻ കഴിഞ്ഞിട്ടില്ലാത്ത മറ്റാളുകളുമായി "അമേരിക്കയുടെ പ്രതിരോധസജ്ജീകരണങ്ങളെ സംബന്ധിച്ചുള്ള ചില രഹസ്യങ്ങൾ", റഷ്യയ്ക്കു നൽകുന്നതിനു ഗൂഢാലോചനകൾ നടത്തിയെന്നാണു അവർക്കെതിരേയുള്ള കേസ്സു്. പ്രസ്തുത ഗൂഢാലോചനയുടെ ഫലമായി [illegible] പ്രത്യക്ഷത്തിൽ ചെയ്തു [illegible] 1944 ജൂൺമുതൽ 1945 [illegible] 14 വരെയുള്ള എട്ടു മാസങ്ങൾക്കിടയിലായിരുന്നു. [illegible] ഏറ്റവുംവലിയ ഒരു വിശേഷം ഗൂഢാലോചനയിൽ പ്രധാനിയായി പറയപ്പെട്ട മൃത്ത് ഗ്രീൻഗ്ലാസ്സ് പോലീസിന്റെ കൈവശമായിരുന്നെങ്കിലും വിസ്തരിക്കപ്പെടുകയോ മാപ്പുനൽകപ്പെടുകയോ ഉണ്ടായിട്ടില്ല എന്നതാണു്. മാപ്പുസാക്ഷിയും പ്രോസിക്യൂഷൻഭാഗത്തെ പ്രധാനസാക്ഷിയുമായ അവളുടെ ഭർത്താവു് ഡേവിഡ് ഗ്രീൻഗ്ലാസ്സ് "തൃപ്തികരമായി" മൊഴികൊടുക്കുന്നതിനു ഒരു "ജാമ്യക്കാരിയായി" അവളെ സൂക്ഷിക്കുകയായിരുന്നു. ഇതുമാത്രമല്ല, മാപ്പുസാക്ഷിയായ അയാളെ വിസ്തരിക്കുന്നതിനുമുമ്പു് അയാൾക്കു മാപ്പുനൽകുകയോ അയാൾ കുറ്റക്കാരനെന്നു വിധിക്കപ്പെടുകയോ ഉണ്ടായിട്ടുമില്ല. ഇൻഡ്യയിലും മറ്റു രാജ്യങ്ങളിലും അപ്രകാരം ചെയ്യുകയാണുപതിവു്. ഡേവിഡ് ഗ്രീൻഗ്ലാസ്സിന്റെയും പത്നിയുടെയും ജീവൻ, വിചാരണക്കാലമത്രയും പ്രോസിക്യൂഷൻഭാഗത്തേക്കു പണയംവച്ചിരിക്കുകയാണെന്നു അവർക്കിരുവർക്കും ബോദ്ധ്യമുണ്ടായിരുന്നു. കുറ്റകൃത്യങ്ങളിൽഭാഗഭാക്കായിരുന്ന ഒരാളും മാപ്പുസാക്ഷിയായി വരുന്നവനുമായ ഒരുവന്റെ സാക്ഷിമൊഴി എപ്പോഴും കലർപ്പുള്ളതാണെന്നാണു സാധാരണ കരുതപ്പെടുന്നതു്. അങ്ങനെയുള്ള മൊഴി പരിശോധിക്കപ്പെടുന്നതി നു മറ്റുസാക്ഷികളുടെമൊഴി അതിനെ പിൻതാങ്ങുന്നതായ് (Corroboration) ഉണ്ടായിരിക്കണം. അല്ലാതെ മാപ്പുസാക്ഷിമൊഴിഒരീച്ചയേപ്പോലും തൂക്കുന്നതിനു അവലംബിക്കപ്പെടാവുന്നതല്ല. സാധാരണനടപ്പും ബുദ്ധിപൂർവ്വമായ നടപടിയും അതാണു്. ഡേവിഡ് ഗ്രീൻഗ്ലാസ്സിന്റെയും പത്നിയുടെയും തെളിവു്. (അതും മുൻപറഞ്ഞവിധത്തിൽ "കലർപ്പ്' ഉള്ളതാണു്) ഒഴികെ, റോസൻബർഗ്ദമ്പതികളും കുറ്റക്കാരെന്നു തെളിയിക്കുന്നതിനു പ്രത്യേക തെളിവൊന്നുമില്ലെന്നും ഒരിക്കൽകൂടിപറയണം. അവരുടെ മൊഴിക്കു ഉറപ്പുനൽകുന്ന സ്വതന്ത്രമായ മറ്റു യാതൊരു സാക്ഷിമൊഴിയും കേസ്സിലുണ്ടായിട്ടില്ല. ഇത്തരം തെളിവുവച്ചാണു റോസൻബർഗ്ദമ്പതികളും കുറ്റക്കാരെന്നു വിധിക്കപ്പെട്ടതു്. നിർഭാഗ്യവശാൽ ഇക്കേസ്സിലുണ്ടായ നടപടിയെന്നുസരിച്ചു ഒരു മേൽക്കോടതിക്കു അപ്പീൽബോധിപ്പിക്കുന്നതിനോ അവിടെ തെളിവുകൾ പുനഃപരിശോധനയ്ക്കു വിധേയമാക്കുന്നതിനോ തക്കതായ വ്യവസ്ഥകളില്ല. വിചാരണക്കോടതിയിലെ ജഡ്ജി നൽകിയ ശിക്ഷാവിധി റിവ്യുചെയ്യുന്നതിനുപോലും നിയമവ്യവസ്ഥയില്ല. ഇൻഡ്യയിൽ വ്യവസ്ഥചെയ്തിട്ടുള്ളതുപോലെ ഹൈക്കോടതി വധശിക്ഷ ശരിവയ്ക്കണമെന്നുള്ള നീതിപൂർവ്വമായ ഒരു രക്ഷാവ്യവസ്ഥപോലും അവിടെയില്ല. ഇതുപോലുള്ള അതിപ്രധാനമായ ഒരു കേസ്സിൽ പോലും ഇൻഡ്യയിലെപ്പോലെ തെളിവു പരിശോധിക്കുന്നതിനു സ്വതന്ത്രമായ ഒരു അപ്പീൽഅധികാരം അവിടത്തെ സുപ്രീംകോടതിയ്ക്കില്ല. രാഷ്ട്രീയമോ വർഗ്ഗപരമോ ആയ പരിഗണനകളാൽ വഴിപിഴച്ചുപോയ ജൂറിയുടെയും ജഡ്ജിയുടെയും അഭിപ്രായപ്രകാരം വധശിക്ഷയ്ക്കു വിധിക്കപ്പെടുന്ന ഒരുവനു അമേരിക്കയിൽ വേറൊരു സാങ്കേതികമായ കാരണങ്ങളാലല്ലാതെ, രക്ഷാമാർഗ്ഗം യാതൊന്നുമില്ല. ന്യൂനപക്ഷങ്ങളായ ജൂതന്മാർ, ഇറ്റാലിയന്മാർ, ഇൻഡ്യക്കാർ, നീഗ്രോകൾ എന്നിവരാണ് മത്തുപിടിച്ച ജൂറികളുടെ അനീതിപരമായ വിധി അനുഭവിക്കേണ്ടിവരുന്നതു്. നീഗ്രോയായ ടോംമൂണി, ഇറ്റാലിയന്മാരായ സാക്കോയും വാൻസെറ്റിയും, നീഗ്രോകളായ സ്കോട്ട്സ്ബറോ പ്രതികൾ, മാർട്ടിൻസ്പിള്ളിലെ ഏഴുപേർ, വില്ലീമക്ഗീ എന്നിവരുടെ കേസ്സുകളാണ് ഈ അവസരത്തിൽ അനുസ്മരിക്കുന്നതു്. ആംസ്ട്രോങ്സ്റ്റൻ അമേരിക്കൻവെള്ളക്കാരുടെ ജൂറികളിൽനിന്നു അനീതിഅനുഭവിച്ച ചിലതടവേകളാണിവ. റോസൻബർഗ്ദമ്പതികളും, യു. എസ്സ്. എ-യിൽ ഭരണംനടത്തുന്നവർഡിക്കു് വെള്ളക്കാരായിരുന്നെങ്കിൽ ജൂറിയും ന്യായാധിപന്മാരും ഇതു അനീതി പ്രവർത്തിക്കുകയില്ലായിരുന്നെന്നുള്ളതു് പക്ഷെ ഒരു പരമാർത്ഥമായിരിക്കും. കാഫ്മൻ എന്ന ജൂതജഡ്ജിയെ ഈ കേസ്സിന്റെ വിചാരണയ്ക്കു നിയോഗിച്ചതിൽ അമേരിക്കൻ ഭരണാധികാരികൾക്കും ഹിറ്റ്ലറുടെ തത്വമാണു് അനുകരിക്കുകയുണ്ടായതു്. "ജൂതനെ കൊല്ലുന്നതിനു് ജൂതനെ നിയോഗിക്കുക" എന്ന ഹിറ്റ്ലറുടെ പ്രിയതരമായ തത്വമാണതു്.

നിഷ്ഠൂരം

റോസൻബർഗ്ദമ്പതികളും കുറ്റക്കാരാണെന്നു ഗണിക്കപ്പെട്ടുകയാണെങ്കിൽത്തന്നെയും അവർക്കു വധശിക്ഷവിധിച്ചതു് അതിനിഷ്ഠൂരമാണെന്നാണു്, അവസാനമായി പ്രസ്താവിക്കാനുള്ളതു്. യു. എസ്സിന്റെ ചരിത്രത്തിൽ ചാരപ്രവൃത്തിക്കു് വധശിക്ഷ നൽകപ്പെട്ടിട്ടുള്ള ആദ്യത്തെ സിവിലിയന്മാർ (സൈനികപ്പിലാത്തവർ) ഇവരാണു്. കുറഞ്ഞപക്ഷം സമ്മതിച്ച ഡേവിഡ് ഗ്രീൻഗ്ലാസ്സിനു തടവുശിക്ഷമാത്രമാണു നൽകിയിരിക്കുന്നതു്. ഇംഗ്ലണ്ടിലെ ഒരു ആറ്റംരഹസ്യക്കേസ്സിൽ ചാരവൃത്തിക്കു കുറഞ്ഞസമ്മതിച്ച ഹൂക്കിനും ജയിൽശിക്ഷ മാത്രമാണു വിധിക്കപ്പെട്ടതു്. ഒരു കാര്യംകൂടി ഓർമ്മിക്കണ്ടതുണ്ട്. റോസൻബർഗ്ദമ്പതികളും ആറ്റംരഹസ്യങ്ങളും റഷ്യയ്ക്കു നൽകിയതായിപ്പറയുന്ന കാലത്തു് (1944 ജൂൺമുതൽ 1945 ജനുവരിവരെ) യു. എസ്സ്. (അമേരിക്ക) യു. എസ്സ്. എസ്സ്. ആർ. (റഷ്യ) എന്നീ രാജ്യങ്ങൾ ശത്രുക്കളായിരുന്നില്ലെന്നു മാത്രമല്ല ഒരു പൊതുശത്രുവിനോടു പൊതുതുകൊണ്ടിരുന്നസഖികളുമായിരുന്നു. അന്നത്തെ അമേരിക്കൻ യുദ്ധകാര്യസെക്രട്ടറിയും ആറ്റംപദ്ധതിയുടെമേൽനോട്ടം വഹിച്ചിരുന്ന ഭേദവുമായ മി. സ്റ്റിംസന്റെ ബലമായ അഭിപ്രായം ആറ്റംരഹസ്യങ്ങൾ അമേരിക്കയുടെ കുത്തകയായിരിക്കരുതെന്നും, അമേരിക്കയുടെ സ്ഥായിയായ താല്പര്യത്തെ പരിഗണിച്ചു അവ സം



വൈറസ് രോഗാണുക്കൾ

അണുക്കളായ ഉപദ്രവകാരികൾ

ബാക്ടീരിയം (Bacteria) എന്നു പറയുന്ന രോഗാണുക്കളും മനുഷ്യനുണ്ടാകുന്ന ന്യൂമോണിയും (Pneumonia) സ്കാർലാറ്റ് ഫീവർ Scarlet Fever) മാസ്റ്റോയിഡിറ്റിസ്" (Mastoid ഇവ ഉൾപ്പെടെയുള്ള പലരോഗങ്ങളേയും സൽഫാ മരുന്നുകളും (Sulfa drugs) ആൻറിബയോട്ടിക്സ (Antibiotics) കളും കൊണ്ട് ജയിക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ വൈറസ്സ് (Vireses) എന്നു പറയുന്ന രോഗാണുക്കളിൽ ഉണ്ടാകുന്ന സുഖക്കേടുകളും ഇപ്പോഴും വൈദ്യശാസ്ത്രത്തിന്റെ അതിതീയിലേ എത്തിയിട്ടുള്ളൂ.

വൈറസ് അണുക്കളുമായി തരതമ്യപ്പെടുത്തിനോക്കുന്നതിനായിട്ട്, മറ്റു എല്ലാത്തരം രോഗാണുക്കളേയും കണ്ടുപിടിക്കുന്നതിനും വേർതിരിക്കുന്നതിനും, പഠിക്കുന്നതിനും വളരെ ഏളുപ്പമാണ്. വൈറസ് ഒഴികെ മറ്റെല്ലാരോഗാണുക്കളേയും സാധാരണ ഒരു സൂക്ഷ്മദർശിനി (Microscope) യിൽക്കൂടെ കാണാൻകഴിയുന്നതും, ഇവയെ വേർതിരിച്ച് പോഷണദ്രവ്യങ്ങളിൽ വളർത്തുവാൻസാധിക്കുന്നതും ആകുന്നു.

പല വൈറസുകളേയും സാധാരണകണ്ണുകൊണ്ടു നോക്കുന്ന സൂക്ഷ്മദർശിനിയിൽ (Direct vision microscope) കൂടി കാണാൻകഴിയാത്തവിധത്തിൽ അത്രയ്ക്കുചെറുതാണ്. അതിനാൽ ഇലക്ട്രോണിക്ക് മൈക്രോസ്കോപ്പ് (Electronic microscope) എന്ന സൂക്ഷ്മദർശിനി ആവശ്യമാണ്. എന്നാൽ വലിപ്പത്തെക്കാൾ ഏറ്റവും പ്രധാനമായ ഒരു വ്യത്യാസം എന്തെന്നുവെച്ചാൽ വൈറസ് രോഗാണുക്കൾക്ക് ജീവനുള്ള പ്രത്യേക ചില ഖണ്ഡങ്ങളിൽമാത്രമേ ജീവിക്കാനും വളർന്നുവരാനും സാധിക്കുകയുള്ളൂ. ഇതുമുഖാന്തിരം വൈറസിനെ ലബോറട്ടറിയിൽ വളർത്താനും പരീക്ഷണാർത്ഥം സാധാരണ ലബോറട്ടറിയിൽ ഉപയോഗിക്കുന്ന ജന്തുക്കളിൽ വൈറസ് സുഖക്കേടിനെ ഉളവാക്കാനും പ്രയാസമായിരിക്കുന്നു.

ഒരു വൈറസ്സിനെവളർത്തുന്നതിന് അതിന് അനിവാര്യമായ ഒരു ജീവി (Host) വേണം. ആ ജീവി വളർന്നുകൊണ്ടും ഇരിക്കണം (Host അല്ലെങ്കിൽ ആതിഥേയൻ എന്നപറയുന്നതു് ഒരു വൈറസിന് ജീവിക്കാനും, പെരുകുവാനും ഉതകുന്നതായ ജീവി അല്ലെങ്കിൽ ജീവിയുടെ ഭാഗത്തിനാണ്.) കഴിഞ്ഞ ഇരുപതുകൊല്ലങ്ങൾക്കിടയ്ക്ക് "വൈറസ്" ശാസ്ത്രജ്ഞന്മാർക്ക് വളരെയേറെ വയറസ്സിനെ മുട്ടയ്ക്കകത്തു് വളർത്തുകൊണ്ടിരിക്കുന്ന കോഴിക്കുഞ്ഞിന്റെ അകത്തുള്ള കോഴിക്കുഞ്ഞിൽ വളർത്താൻ സാധിച്ചിട്ടുണ്ട്. ഇതു സാധിക്കുന്നതിനു വേണ്ടി മുട്ടത്തോടു് അല്പം രാകിക്കളഞ്ഞിട്ട് ആ ദ്വാരത്തിൽക്കൂടെ വൈറസ്സിനെ അകത്തു ഒരു സൂചിയിട്ടുകൊണ്ടു കുത്തിവച്ചിട്ട് അതിനെ മാറ്റു യന്ത്രത്തിൽ അടയ്ക്കുകയാണ്. വളർത്തുകൊണ്ടിരിക്കുന്ന കോഴിക്കുഞ്ഞിന്റെ അകങ്ങളിൽ ഇവ ഭക്ഷിച്ച് വളർന്ന് ധാരാളമായി പെരുകുന്നു. ഇവയെ പിന്നീട് പ്രയോജനപ്പെടുത്തുന്നതിനായി സംരക്ഷിച്ചു സൂക്ഷിക്കുന്നു.

ഈ പ്രയോഗമുഖാന്തിരം അമേരിക്കൻ സൈനമിഡ് കമ്പനിയുടെ ലാഡർലി ലബോറട്ടറീസ് വിഭാഗം (Laderle Laboratories Division of the American Cynamid Company)ത്തിലെ ശാസ്ത്രജ്ഞന്മാർ വർഗ്ഗത്തിനു തൊണ്ടയെ ബാധിക്കുന്ന ലറിൻ ഗോട്രാക്കൈറ്റിസ് (Laryorgotracheites, എന്ന സുഖക്കേടു്, ചെപ്പി (Pex) നൂക്കംസിൽ ഡിസീസ്" (New castle disease) എന്ന പനി, മേൽപറഞ്ഞ എല്ലുവ്യാധികൾക്കും മുൻ എതിർശക്തിയെ പ്രദാനം ചെയ്യുന്ന കുത്തിവയ്പ്പു മരുന്നുകൾ (Scoumsand Vallines) വൈറസ് ശാസ്ത്രത്തിൽ ലോകത്തിലെ മുന്നണിയിൽ എത്തിയിരിക്കുന്ന ലാഡർലി ഉല്പാദിപ്പിക്കുന്നുണ്ട്. ലാഡർലിയിൽതന്നെ ഉണ്ടാക്കുന്ന ഓറിയോമൈസിൻ എന്ന ഒരു ആൻറിബയോട്ടിക്ക് (Antibiotic Oureomycin) ഒരുതരം വൈറസിനാൽ ഉണ്ടാകുന്ന സിറ്റാക്കോസിസ് (Psittacosis) എന്നു പറയുന്ന ഇൻഫ്ലുവൻസാപനിക്ക് ഏറ്റവും ഫലപ്രദമായ ചികിത്സയാണ്. ഇതുവരെ കാരണം കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഒരുതരം ന്യൂമോണിയയിക്കും ഈ ചികിത്സ ഏറ്റവും ഫലപ്രദമായി ഉപയോഗിച്ചിട്ടുണ്ട്.

വൈറസ്സിനെതിരായി പല ആയുധങ്ങളും തീർത്തിട്ടുണ്ടെങ്കിലും, ശാസ്ത്രജ്ഞന്മാർക്ക് ഇന്നും വാസ്തവത്തിൽ വൈറസ് എന്താണെന്ന് നിശ്ചയമായിട്ടില്ല. ചില സന്ദർഭങ്ങളിൽ ഇവ ജീവനില്ലാത്ത വസ്തുക്കളുടെ അണുക്കളും പോലെ വിധത്തിൽ പ്രവർത്തിക്കുന്നു. ചിലപ്പോൾ ഒരു ജീവനുള്ള അണുവിനെപ്പോലെയും, ചിലപ്പോൾ ഒരു രാസപദാർത്ഥംപോലെയും, മാറുന്നു. ചിലപ്പോൾ പാരമ്പര്യസ്വഭാവത്തെ പകർത്തുന്ന ഒരു വസ്തുവെന്നപോലെയും പ്രവർത്തിക്കുന്നു. വൈറസ്സിനെപ്പറ്റിയുള്ള കൂടുതൽ അറിവു പ്രകൃതിയുടെ ജീവിതരഹസ്യത്തിലേക്കു തന്നെ ഉറ്റുനോക്കുവാൻ ഇടയുണ്ട്.

ഈ പുതിയ വൈറസ്സിനെ പുറത്തുകൊണ്ടുവരുന്നതിനു വേണ്ടി ലാഡർലി അടുത്തകാലത്തു് അമേരിക്കയിൽ ന്യൂയോർക്കിലുള്ള അവരുടെ പേൾറിവർകേന്ദ്രത്തിൽ (Pearl River Centre) ഏറ്റവും വലിയ ഒരു വൈറസ്, ഗവേഷണ ലബോറട്ടറി തന്നെ നിർമ്മിച്ചിരിക്കുന്നു. ഈ കെട്ടിടം ലോകത്തിൽ ഉള്ളതിലേക്കും വലിയ വൈറസ് ലബോറട്ടറി ആണെന്നു മാത്രമല്ലാ, ഏറ്റവും വൃത്തിയേറിയതും പരിശുദ്ധീകൃതരീതിയിലുള്ളതുമാകുന്നു. ഈരണ്ടു വർഷക്കാലങ്ങളിൽ ഉണ്ടായിരുന്ന പ്രയത്നങ്ങളെ 50 ശതമാനം വർദ്ധിപ്പിച്ചിട്ട് ലോകത്തിലേയ്ക്കു തന്നെയും എന്നാൽ ഏറ്റവും വിഷം നിറഞ്ഞതും ആയ വൈറസ് എന്ന 'ഉപദ്രവകാരി' കുറുക്കെതിരായിനിന്നുകൊണ്ടിരിക്കുന്ന യുദ്ധത്തിന് പുതിയതും, ഏറ്റവും ഫലപ്രദമായ ആയുധങ്ങളെ കണ്ടുപിടിക്കാമെന്ന് ലാഡർലി പ്രത്യാശിക്കുന്നു.

കേരളത്തിലെ നടീനടന്മാർ

— പി. ഏ. ജോസഫ് —

ആമുഖം

കേരളത്തിലങ്ങോളമിങ്ങോളമുള്ള മഹിനയിച്ചുവരുന്ന നാടകങ്ങൾക്ക് പല വൈകല്യങ്ങളുമുണ്ട് എന്നുള്ള കാര്യത്തിൽ രണ്ടഭിപ്രായമുണ്ടാവാൻ ന്യായമില്ല. ഈ കുറവുകൾ ഇന്നും ഇന്നലെയും തുടങ്ങിയതുമല്ല. അവയിൽ പരമപ്രധാനങ്ങളായിട്ടുള്ളവ രണ്ടെണ്ണമാണ്. കലാപരമായും സാങ്കേതികമായും അവയുടെ വളർച്ചയില്ലായ്മയും, നടീനടന്മാരുടെ അഭാവവും. ഈ രണ്ടു കുറവുകളെപ്പറ്റിയാണ് ഞാൻ ഇവിടെ പറയുവാൻ പോകുന്നത്. ഈ രണ്ടു കുറവുകളിൽ ഒന്നിനെപ്പറ്റി ഞാൻ ഇതിനുമുമ്പ് ഒരു പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് ഇപ്പോൾ ഞാൻ പറയുവാൻ പോകുന്നത് രണ്ടാമത്തെ കുറവിനെപ്പറ്റിയാണ്. അതായത് നടീനടന്മാരുടെ അഭാവത്തെപ്പറ്റി.

കേരളത്തിലെ നാടകങ്ങൾക്ക് നടീനടന്മാരുടെ അഭാവം ഉണ്ടെന്നു പറയുന്നതിൽ ചിലർക്കെങ്കിലും അതിശയോക്തി തോന്നിയേക്കാം. ഞാൻ പറയുന്നത് സംഗീതനാടകങ്ങളെപ്പറ്റിയാണ്; കുറച്ചു കാലങ്ങൾക്കുമുമ്പ് കുഞ്ചാക്കോയുടെ 'കുഞ്ചനി'ക്കുശേഷം നാടകങ്ങളെപ്പറ്റി ഗവേഷണം നടത്തിയ ഏ. കെ. പൊറ്റക്കാടും, ഏ. ആർ. രാജരാജവർമ്മയും, ഏ. ആർ. രാജരാജവർമ്മയും സാഹിത്യകാരന്മാരും ഒത്തുചേർന്ന് അവിടെയും ഇവിടെയും നടത്തിയ അപൂർവ്വങ്ങളായ ഗദ്യനാടകങ്ങളെപ്പറ്റിയല്ല. അവയ്ക്കും പല ഗുണങ്ങളുമുണ്ട്. പക്ഷെ സാമാന്യജനങ്ങളുടെ ഇടയിലേക്ക് അവയിനിയും ഇറങ്ങിവന്നിട്ടില്ല. ഉയർന്ന നിലപാടിൽ നിന്നുകൊണ്ട് അവയ്ക്ക് സംഗീതനാടകങ്ങളെപ്പറ്റി പല വിമർശനങ്ങളും നടത്താമെങ്കിലും നാടകം നടനും നാടകങ്ങൾക്കും നടത്താനുള്ള സൌകര്യമോ സന്മനസ്സോ അവയ്ക്കൊട്ടില്ലതാനും. നാടകക്കാരെന്ന അധിക്ഷേപത്തിനു വശഗരായ കൂട്ടരുടെ കഥ പറയുകയല്ല, അവർ നാടകങ്ങളിലും അഭിനയങ്ങളിലും ചെന്നു നാടകങ്ങൾ കാണുന്നവരാണ്. അതുകൊണ്ട് നാട്ടുകാരുമായി കൂടുതൽ സമ്പർക്കം പുലർത്തിപ്പോരുന്നവർ ഇക്കൂട്ടരാണ്. വിമർശനങ്ങളുടെ ഫലമായി പല പരിഷ്കാരങ്ങളും പ്രസ്തുത നാടകവേദിയിൽ ഇന്നുണ്ടായിട്ടുണ്ട്, ഇനിയുണ്ടാകേണ്ടതുമാണ്. പക്ഷെ എന്തൊക്കെയായാലും ജനങ്ങളോട്, സാമാന്യജനങ്ങളോട് ഒട്ടിച്ചേർന്ന് കലോപാസന ചെയ്യുന്നവരാണ് ഈ നാടകക്കാർ എന്ന കാര്യം അവിതർക്കിതമത്രെ.

എന്റെ പരിചയത്തിൽ പെട്ടതും കാൽ നൂറ്റാണ്ടുകാലത്തിനുള്ളിൽ കേരളത്തിൽ രംഗപ്രവേശം ചെയ്തിട്ടുള്ളതുമായ നടീനടന്മാർ, സംഗീതജ്ഞന്മാർ, നാടകമെഴുത്തുകാർ മുതലായവരെപ്പറ്റി എന്റെ വിനിതാഭിപ്രായങ്ങൾ രേഖപ്പെടുത്തുക എന്നതാണ് ഈ ലേഖനംവഴിയിലൂടെ ഞാനുദ്ദേശിക്കുന്നത്. എന്റെ അഭിപ്രായങ്ങളോ അറിവുകളോ ശരിയായിക്കൊള്ളണമെന്നുള്ള ഒരഭിവാഞ്ഛയുണ്ടെനിക്കില്ല. ഈ വിവരണങ്ങളിൽ കാണുന്ന തെറ്റുകളെ സദയം ചൂണ്ടിക്കാണിച്ചു തരുവാൻ അഭ്യർത്ഥിക്കുന്നതോടുകൂടി ഈ പംക്തിയിലേക്ക് ശ്രദ്ധിക്കുവാൻ പ്രസിദ്ധന്മാരായവരെ സവിനയം ചെയ്യുവാനും ഞാനീയവസരത്തിൽ വിനയപൂർവ്വം ക്ഷണിക്കുന്നു. കലയുടെ തീർത്ഥയാത്രയിൽ കാലത്തിനൊപ്പം കാൽപാടുകൾ ഉണ്ടാക്കിയ ഇവരെ അഗണ്യകോടിയിൽ തള്ളിനീക്കം മുമ്പോട്ടുപോകുന്നതു പൂർവ്വജന്മത്തെയുമായി തുലനംചെയ്തെന്തൊക്കെയുണ്ടെന്നു അന്വേഷിക്കുന്നവരായ നാളത്തെ തലമുറയിലെ കലാകാരന്മാരോടു നാം ചെയ്യുന്ന അധർമ്മമായിരിക്കും.

പി എസ്. വേലുനായർ

സംഗീതനാടകങ്ങളും ഇല്ലാതിരുന്നകാലത്തു് (കഷ്ടിച്ചറുപതുവർഷങ്ങൾക്കുമുമ്പുവരെ) ശ്ലോകങ്ങളും പൊല്ലിമരുമായി നാടകം അഭിനയിച്ചുകൊണ്ടിരുന്നകാലത്തു്, ശ്ലോകങ്ങളിൽ രംഗങ്ങളുടെ ഭംഗിയെന്തെങ്കിലും കീർത്തനങ്ങളിലും പദങ്ങളിലും കാണിക്കുവാനുള്ള അഭിവാഞ്ഛയും, അതിൽ പ്രകടിപ്പിക്കുവാനുള്ള സാമർത്ഥ്യവുമായിരുന്നില്ല. ഈ അവസരത്തിലാണ് തമിഴ്നാടകക്കമ്പനികൾ കേരളത്തിലേക്കു വന്നതു്. അവർ നാടകത്തിലുപയോഗിച്ച ഭാഷ തമിഴായിരുന്നിട്ടുപോലും സംഗീതത്തിലുള്ള പ്രവണത മലയാളത്തുകാരെത്തന്നെ ആകർഷിച്ചു. ഇക്കൂട്ടത്തിൽ ഒരു പ്രമുഖനടനായി കേരളത്തിലുടനീളം സഞ്ചരിച്ചു നടനംചെയ്ത നടനാണ് ശ്രീ. പി എസ്. വേലുനായർ.

ഇദ്ദേഹത്തിന്റെ സ്വദേശം ചിറയർകീഴിലേക്കിൽ വല്ലങ്ങൾ അംശമാണെന്നറിയുന്നു. ഒരു മലയാളത്തുകാരനാണെങ്കിലും ഇദ്ദേഹത്തെ മലയാളികളേക്കാൾ കൂടുതൽ അറിയുന്നതും ബഹുമാനിക്കുന്നതും തമിഴരാണ്. ഇദ്ദേഹത്തിന്റെ നാടകാഭിനയങ്ങളിൽ അധികപങ്കും തമിഴ് രാജ്യങ്ങളിൽവച്ചാണ് നടത്തപ്പെട്ടിരുന്നതു്. തമിഴ് നാടകക്കാരിൽ പലരും ഇദ്ദേഹത്തിന്റെ കാര്യം പറയുമ്പോൾത്തന്നെ രോമാഞ്ചമുള്ളവരായി ഈ ലേഖകൻ കണ്ടിട്ടുണ്ട്. അത്രയ്ക്കു് ബഹുമാനവും ആദരവും ആണ് ഈ മലയാളിയെപ്പറ്റി തമിഴർക്കുള്ളതു്.

"കയിൽനടേശം വേലുനായർ" എന്ന പേരിനാണ് വാസ്തവത്തിൽ അർഹൻതന്നെയാണിദ്ദേഹമെന്നു് ഇദ്ദേഹത്തിന്റെ പാട്ടു കേട്ടിട്ടുള്ളവർ സമ്മതിക്കുംതിരിക്കയില്ല. ഏതു സ്ഥായിയിൽപിടിച്ചു പാടുവാനുമുള്ള കഴിവുള്ള ഒരാളത്രേ വേലുനായർ. മാത്രമല്ല ഹാർമോണിയത്തിന്റെ ശബ്ദവും ഇദ്ദേഹത്തിന്റെ ശബ്ദവും തമ്മിലുള്ള ശ്രുതിലയം—അതൊരപൂർവ്വസമാസമാണ്—വേലുനായരെ സംബന്ധിച്ചേടത്തോളം ഒരു പ്രത്യേകതയാണ്. അതുപോലെതന്നെ മേൽസ്ഥായിയിൽ പാടി രസിപ്പിക്കുന്നതിനുള്ള പാടവവും ഒരനുഗ്രഹീതസമ്പത്താണ്.

സംഗീതത്തിൽ ഒച്ചമാത്രം പോരല്ലൊ. ശാസ്ത്രീയമായ സംഗീതജ്ഞാനത്തിലും വേലുനായർ ആരുടേയും പിറകിലല്ല. സംഗീതത്തിൽ വളരെ വിദ്വാന്മാരുള്ള തഞ്ചാവൂർ മധുര, ഉഴുന്നാംപിള്ളി മുതലായ തമിഴ്പ്രദേശങ്ങളിൽപോലും ഉള്ള കേൾവിക്കാരെ ഒരുപോലെ രസിപ്പിച്ച് അനേകം പ്രശംസകളും ബഹുമതികളും സമ്പാദിക്കുക എന്നുവച്ചാൽ ക്ഷിപ്രസാദ്ധ്യമല്ല.

വേലുനായരുടെ പാട്ട് ഏതു കേട്ടാലും മതിവരില്ല. അദ്ദേഹം അഭിനയിക്കുന്ന ഏതു കൊട്ടകയും "വൻ സ്മാൻ" വിളികൊണ്ടും, "ബലേ അച്ഛൻ" പ്രശംസകൊണ്ടും മുഖരിതമായിരിക്കും.

സാഹിത്യത്തിലാണെങ്കിൽ അതിലേറെ പിടിപാടുണ്ട് ഈ അനുഗ്രഹീതകലാകാരനു്. വേദാന്തപരമായും താർക്കികമായും ഉള്ള അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ കേട്ടാൽ നമങ്ങനെ ഇരുന്നുപോകും വളരെ നേരം. സംഗീതത്തിലോ, സാഹിത്യത്തിലോ, വേദാന്തത്തിലോ ഏതിലാണ് വേലുനായർ കൂടുതൽ സമർത്ഥനെന്നുചോദിച്ചാൽ ഏളുപ്പത്തിലുത്തരംപറയാൻ സാധ്യമല്ല. എല്ലാറ്റിലും അഗാധപാണ്ഡിത്യം.

ഈ അവസരത്തിൽ ഒന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ഇന്നത്തെ നാടകങ്ങളിലൊക്കെ ഇന്നതു് ഇന്ന കഥാപാത്രം പറയുമ്പോൾ മറ്റേതുതാരം ഇന്നതൊക്കെ പറയണമെന്നു്, പറയരുതു് എന്നൊരു നിയമമുണ്ടല്ലൊ. പഠിയേണ്ടതൊക്കെ നാടകകഥാപാത്രവും കണ്ടപ്പോഴും പഠിച്ചിരിക്കയും വേണം. അക്കാലത്തെ നടീനടന്മാർ അങ്ങിനെയായിരുന്നില്ല. കഥാപാത്രങ്ങൾ അങ്ങിനെയുമല്ല. കഥാപാത്രങ്ങളുടെ അറിവുകളെ ആസ്പദമാക്കിവളരെ കാര്യങ്ങൾ പറയും. ചിലർ പ്രഥമസൂചനയുണ്ടാക്കാറുണ്ട്. ചിലർ ഉത്തരംമുട്ടുമ്പോൾ തെറ്റാതെ മിണ്ടിപ്പായാറുമുണ്ട്. പക്ഷെ വേലുനായരുടെ ഗഹനവിഷയങ്ങളെപ്പറ്റിയുള്ള പണ്ഡിതോചിതമായ പ്രതിപാദനങ്ങൾകേട്ട നമങ്ങിനെ ഉരുവിനുരു രസിച്ചിരുന്നുപോകും. നാടകം കണ്ടുകൊണ്ടുപോയവർ മടങ്ങിവരുമ്പോൾ അന്നുവരെ അവരിരിയാത്ത പലകാര്യങ്ങളും ഗ്രഹിച്ചുവരുന്നതിനുപുറമെ പല അറിവുകളും സമ്പാദിച്ചുവരുന്നതായി തിരിച്ചുവരും. ബഹുജനവിദ്യാഭ്യാസം എന്ന മൽകൃതിയുടെ ഒരുപക്രടി നാടകത്തിന്റെ ഉദ്ദേശങ്ങളിൽ ഉൾക്കൊള്ളുന്നുണ്ടല്ലൊ വേലുനായരുടെ നാടകങ്ങളും അതു സാർത്ഥകമാക്കിയിട്ടുണ്ട്.

ഹരിശ്ചന്ദ്രൻ നാടകത്തിലാണെങ്കിൽ ഹരിശ്ചന്ദ്രൻ കൂടിയേ പ്രാരബ്ധകാണിച്ചിട്ടുള്ളൂ. തമിഴ്നാട്ടുകളിൽ അനേകം നാടകങ്ങൾനടത്തി പ്രസിദ്ധിസമ്പാദിച്ചതിനുശേഷം ഒരു സ്വന്തംനാടകക്കമ്പനിയുടെ ഉടമസ്ഥനും കഥാനായകനും എന്ന നിലയിലാണ് മലയാളത്തുകാർ അദ്ദേഹത്തെ ആദ്യമായി കാണുന്നതു്. (അല്ല. മറന്നു പോയി.) കേരളത്തിലെ നഗരകേന്ദ്രങ്ങളിൽ അദ്ദേഹം പലനാടകങ്ങളും പലപ്രാവശ്യമായി നടത്തിയിട്ടുണ്ട്. ശ്രീമതി രാജാമണി, ശ്രീമൻ അനന്തനാരായണയ്യർ മുതലായ സ്ത്രീപുരുഷകാരോട്ടുകൂടിയാണദ്ദേഹം കേരളത്തിൽ അഭിനയപ്രദർശനങ്ങളും നടത്തിയിട്ടുള്ളതു്.

കേവലം ധനാഗമമാർഗ്ഗമായിമാത്രമല്ല അദ്ദേഹം നാടകങ്ങളും നടത്തിയിരുന്നതു്. അനാഥശാലകൾക്കും, ആതുരശാലകൾക്കും മറ്റുപല ധർമ്മസ്ഥാപനങ്ങൾക്കും ഫണ്ടുണ്ടാക്കുവാൻ അദ്ദേഹം പലനാടകങ്ങളും നടത്തിയിട്ടുണ്ട്. പഠിക്കാൻ പണമില്ലാത്ത വിദ്യാർത്ഥികൾക്കുംമറ്റും ഉദാരമായ സംഭാവനകളും ചെയ്തിട്ടുണ്ട്. ഒന്നാംലോകമഹായുദ്ധകാലത്തു് നാടകങ്ങൾനടത്തി യുദ്ധഫണ്ടിലേക്കു വലിയതുകകളും അദ്ദേഹം ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. തനുലം ബ്രിട്ടീഷ് ശവമ്മൻവകയായി സ്വന്തമുദ്രകളും, വടിവേലും, തേക്കു്, അംഗരക്ഷകൻ മുതലായ ബഹുമതികളും അദ്ദേഹത്തിനു നൽകിയിട്ടുണ്ട്.

മുടിക്കുടുക്ക്. അതൊരുനടനൈപുണ്യത്തിന്റെ പ്രത്യേകലക്ഷണമാണ്. ആടിപൊക്കം, വീതികൂടിയനെറ്റിത്തടം, ഏഴുന്നാസിക, ആജ്ഞാബാഹുക്കൾ—ഇങ്ങനെ ലക്ഷണയുക്തനായ ഒരു നടനെ കണ്ടുകിട്ടുവാൻ വിഷമമത്രെ. ആ കണ്ണുകൾ, സംസാരിക്കുന്നതുപോലെ! ഇരുപതും! അതെന്തു വേറെതന്നെ. ഏതൊരുയോഗ്യപുരുഷന്റേയും കഥാപാത്രമെടുത്തു ഫലിപ്പിക്കുവാനും ആകാരസൌഷ്ഠവംകൊണ്ടനുഗ്രഹീതനായ ഒരു നടനത്രെ വേലുനായർ. ആ നീണ്ടകപ്പടമേൽ ചിരിച്ചുവച്ചുകൊണ്ട് ആജ്ഞാശക്തിയോടുകൂടി സ്റ്റേജിലെന്നല്ല സേവകന്മാർക്കും മറ്റും കൊടുക്കുന്ന ഉത്തരവുകളും മറ്റും ഒരിക്കൽ കണ്ടവർ മരിക്കുന്നതുവരെ മറക്കുകയില്ല.

ഇപ്പോൾ ഈ അനുഗ്രഹീതകലാസമ്രാൻ കുംഭകോണത്തു് സന്യാസിതുല്യത്തിൽ കഴിച്ചുകൂട്ടുന്നുണ്ടെന്നുകേൾക്കുന്നു. മദ്യപാനം മുതലായ ദുർഗ്ഗുണങ്ങളൊന്നും അദ്ദേഹത്തിനു പണ്ടും ഇല്ലായിരുന്നു. അതുകൊണ്ടു നോക്കിയാൽ നാടകലോകത്തിലും ജീവിതരീതികളിലും ഒരു മാതൃകാപുരുഷനായ ഇദ്ദേഹത്തെ പൊറ്റകേരളമേ! നീ ധന്യയത്രെ.

—o—

നക്ഷത്രഫലം

തകഴി കെ. രാമവാര്യർ

29-11-1128—4 12-1128
13-7-1953—19-7-1953

അശ്വതി—ധാർമ്മിക കാര്യങ്ങളിൽ ബുദ്ധിപതിയും. ഉന്നതദർശങ്ങളും വെച്ചുപുലർത്തും. കൃത്രിമമാർഗ്ഗപ്രയാണം ക്ലേശത്തിനും നഷ്ടത്തിനും ഇടയാക്കും. ദേശീയാവശങ്ങളിൽ മുൻകൈയെടുത്തു പ്രവർത്തിക്കും. ഏതിൽ ആരംഭിച്ചാലും പര്യവസാനംവരെ ഉറച്ചനില അവലംബിക്കയില്ല. സുഖം കുറയും.

ഭരണി—ഗൗരവമുള്ള ചുമതലകളിൽ ചാടും. കാര്യനഷ്ടവും അപമാനവും സ്വയംകൃതാനർത്ഥകൊണ്ടു വന്നുചേരും. അധികൃതമായ ചില അനുകൂലഫലങ്ങളും ഭാഗ്യത്താൽ സിദ്ധിക്കും. ഒരു കാര്യത്തിലും ലാഭനഷ്ടത്തെ ഗണ്യമാക്കയില്ല.

കാർത്തിക—വ്യവസ്ഥാപിതകാര്യങ്ങളിൽ പ്രവേശിച്ചു ലാഭമെടുക്കും. ചില അഭീഷ്ടങ്ങളും സാധിതപ്രായമാകും. ശാർക്കരകാര്യങ്ങളിൽ മനസ്സു ചുട്ടുപിടിക്കും. അക്രമപരമായി പ്രവേശം ചില പ്രവർത്തികളും ചെയ്തുപോകും.

രോഹിണി—സമ്പാദനമാർഗ്ഗങ്ങളും ആരാഞ്ഞുകൊണ്ടിരിക്കും. പണത്തിന്റെ ഞെരുക്കം ഏതുകാര്യത്തിലും ബാധിക്കും. വശ്യവചസ്സുകൊണ്ടു കാര്യങ്ങളും ഒരുവിധമെല്ലാം സാധിതപ്രായമാകും. ആദരാദരം പുഷ്ടിപ്പെടുത്തും.

മകയിരം—അന്യരുടെ സ്നേഹാദരങ്ങൾക്കു പാത്രീഭവിക്കും. ചുമതലാധികൃത്താൽ സന്തുഷ്ടരാകും. മാർഗ്ഗമദ്ധ്യേ പരുക്കുകളോ നഷ്ടങ്ങളോ ഉണ്ടാകാം. പ്രവർത്തനരംഗത്തു് അല്പംചില കുഴപ്പങ്ങളും ദൃശ്യപ്പെടും.

തിരുവാതിര—അനധികൃത കാര്യങ്ങളിൽ തലയിടും. പരിവർത്തനങ്ങളും പലതും ഉണ്ടാകും. അകാരണമായി സ്വന്തം ജനങ്ങളും വിദ്വേഷിതരാകും. മനസ്സിനെ പീഡിപ്പിക്കുന്ന കാരണങ്ങളുണ്ടാകും. തലവേദന പിടിപെടും.

പുണർതം—കൂമ്പുപുഷ്ടിക്കുവേണ്ടി പണംമുടക്കും. സൗഹൃത്തുക്കളുടെ സഹകരണം അഭിലഷിതകാര്യപുഷ്ടിക്കു ഇടവരുത്തും. പ്രബലവ്യക്തികളുമായി യോജിച്ചു് നഷ്ടംക്രടാതെ കാര്യം നിർവ്വഹിക്കും. സന്താനപീഡയ്ക്കിടയുണ്ടു്.

പൂയം—സപക്ഷിയർതന്നെ ശത്രുക്കളാകത്തക്കസംഭവവികാസങ്ങളുണ്ടാകും. കുഴപ്പങ്ങളും അസുഖങ്ങളും കൂടിത്തന്നെവരും. കഴിഞ്ഞകാര്യങ്ങളെക്കുറിച്ചു തപിക്കും. സപകാര്യപുഷ്ടിക്കായി സാഹസപ്പെടും.

ആയില്യം—പ്രവർത്തനപുരോഗതിയിൽ പല കുഴപ്പങ്ങളുമുണ്ടാകും. സഹപ്രവർത്തകരിൽനിന്നും സ്വജനങ്ങളിൽനിന്നും ചില കുഴപ്പങ്ങളുണ്ടാകും. പണം എത്രവന്നാലും മതിയാകുകയില്ല. ഗൗരവമേറിയ കാര്യങ്ങളും മനസ്സിനെ മഥനംചെയ്യും.

മകം—വ്യവസായങ്ങളിൽ ലാഭം ഉള്ളമായിരിക്കും. ബന്ധുക്കളും തെറ്റിപ്പിരിയും. പരിവർത്തനഭ്രാന്തിയുളവാകും. ശൈത്യവും നീർവീഴ്ചയുമുണ്ടാകും. നന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തിയിലും അപവാദം കേൾക്കും.

പൂരം—ഉദ്ദേശങ്ങൾക്കു വിരുദ്ധമായി പലതും ദൃഷ്ടിയിൽ എത്തും. അധികൃതരുടെ വിദ്വേഷത്തിനിടവരും. ബന്ധനസ്ഥാനപരുക്കുകൾക്കുടി അനുഭവിക്കാവുന്നതാണു്. അഹിതകാര്യങ്ങളിൽ പ്രവേശിക്കും.

ഉത്രം—ആടയാഭരണങ്ങൾക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ ദൃഷ്ടിപതിയും. അകാരണമായുള്ള കലഹം അന്തർദ്ദുഃഖമായി അഭിമുഖീകരിക്കേണ്ടതായിവരും. മൈത്രീഭംഗം ലഭിക്കും. പ്രവർത്തനത്തിനു് മന്ദഗതിയുണ്ടാകും.

അത്തം—ഉത്തമവ്യക്തികളെ സമീപിക്കും. പരിവർത്തനാരംഭത്തിനുള്ള സജ്ജീകരണങ്ങളിൽ ഏർപ്പെടും. ഉൽക്കർഷത്തിനായി ചില ക്രയവിക്രയംചെയ്തു് നിവർത്തിയുണ്ടാക്കും. പരുക്കുമായി ചില സംസർഗ്ഗനടക്കും. ചിരപ്രതിക്ഷിതസാധ്യതയുമുദിക്കും. വായുക്ഷോഭിക്കും.

ചിത്തിര—ചലനപരമായ കാര്യങ്ങളിൽ ദൃഷ്ടിചെലുത്തും. നിലവിലുള്ള ഹേതുക്കൾ അപജയത്തെയുണ്ടാക്കും മനഃപീഡയുളവാകും സക്കാർ കാര്യങ്ങളിൽ ഇടപെടും. അയോഗ്യമായ ക്രട്ടുകെട്ടു് അഭിമാനത്തെ ക്ഷതപ്പെടുത്തും.

ചോതി അതിയായ പ്രയത്നത്താൽ പൊതുജനഹിതം നിവർത്തിക്കും. കാർഷികചിന്ത വളരും. ഏതുവിധനഷ്ടംസഹിച്ചും തൽക്കാലാവശ്യം നിറവേറും. ഉറ്റവർ ശത്രുക്കളായി തലപൊക്കും. സുഖംകുറയും.

വിശാഖം—അനർഹവും ക്ലേശകരവുമായ പ്രവർത്തികൾചെയ്യും. അധികൃതപ്രീണനത്തിനായി പണംചെലവിടും. വ്യവഹാരാദിചിന്തയുദിക്കും സതീർത്ഥ്യരെക്കൊണ്ടും സ്വജനത്തെക്കൊണ്ടും നഷ്ടംസംഭവിക്കും.

അനിഴം—അപവാദങ്ങളുമായിട്ടുണ്ടാകും. പുതിയ സ്ഥാനത്തെ അലങ്കരിക്കും. ബഹുമതിയുണ്ടാക്കും. സംഘടനയുടെ നിലയുറപ്പിനും പതനഭീതിയും ശത്രുക്കളും കുറയുകയില്ല. ജലദോഷംപിടിപെടും. സന്താനസൗഖ്യംകുറയും.

തൃക്കേട്ട—പരിസരം അപകർക്കരങ്ങൾക്കിടവരുത്തും, പ്രയത്നഫലം കുറയും. ആശ്രിതർ നഷ്ടക്കുതിനും കലഹത്തിനും ഇടവരുത്തും. മനഃപീഡയുളവാകും കാർഷികകാര്യങ്ങളിൽ കുഴപ്പമുണ്ടാകും. അകന്നവർ അടുക്കും.

മൂലം—ചുമതലകളിൽ പ്രത്യേകമായ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നാലും കണിശം പാലിച്ചില്ല. ഭാഗ്യങ്ങളും പലതും അനുഭവപ്പെടും സന്താനഹിതം പാലിച്ചു സംസർഗ്ഗം ഹിക്കും. എതുപ്രകാരേണയും നേട്ടം.

പൂരാടം—നല്ലപ്രവർത്തിയുണ്ടാകും. പ്രതിക്ഷകൾ സാധിക്കും. ഉപജീവനം ഏതുസംഗതിയും ചെയ്തുതീർക്കും. ശരീരസ്വാസ്ഥ്യമുളവാകും. ഇഷ്ടജനവിരഹംകൊടിസംഭവിക്കും. പണി ചുമ ഇവപിടിപെടും.

ഉത്രാടം—കാർഷികകാര്യങ്ങളിൽ നഷ്ടം സംഭവിക്കും. പൊതുസ്ഥാപനത്തെ പുഷ്ടിപ്പെടുത്തും. പണത്തിനു വളരെ വിഷമിക്കും. ആത്മാർത്ഥതയ്ക്കു വിപരീതമായി നിലകൊള്ളും ലാഭം കുറയും.

തിരുവോണം പൊതുജനപ്രതിനിധ്യമുള്ള സംഘതികളിൽ ഇടപെടും. ഉല്ലാസഭരിതനായി പ്രവർത്തിയിൽ ഏർപ്പെടും. കായ്ക്ഷമത പാലിക്കും. പലരുമായി എതിർക്കും. സ്ഥാനചലനത്തിനിടവരും. മാതൃസുഖം കുറയും.

അവിട്ടം—ഗൗരവമേറിയ കടപ്പാടുകൾ വലയംചെയ്യും. അയോഗ്യമായവിധം പണം ആജ്ഞിക്കും. ചില പരുക്കുകൾ അവിചാരിതമായി സംഭവിക്കും. വേണ്ടപ്പെട്ടവർ വെറുക്കും. വർത്തമാനത്തിനു വിളംബമുണ്ടാകും.

ചതയം—ചിന്താക്ലേശങ്ങൾ മനസ്സിനെ അലട്ടിക്കൊണ്ടിരിക്കും. സപ്രവർത്തനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കും. അധികൃതപ്രോത്സാഹനം കുറയും. അലർജിരോഗം വിട്ടുമാറാതെ അസുഖിക്കും.

പൂരുരുട്ടാതി—മോഹനസ്വപ്നങ്ങളുടെ ഇടയിൽ പല സാഹസപ്രവർത്തികളും ചെയ്യും. ഉന്നതവ്യക്തികളുടെ [illegible] കുടുംബകാര്യത്തിൽ [illegible] ഉണ്ടാകും. ഉയർച്ചയുള്ള സംഗതിയുണ്ടാകും.

ഉത്തൃട്ടാതി സ്വന്തം സേവനത്തിൽ സംതൃപ്തിയുളവാകും. ഗൃഹജനങ്ങളുടെ ഭരിതത്തിൽ വ്യയവും നഷ്ടവും കുണ്ഠിതവും ഉണ്ടാകും. പ്രവർത്തനത്തിൽ ദൃഷ്ടിത്തി ചില വ്യക്തികളും ഉണ്ടാക്കും.

രേവതി—സഹായികളെന്നു വിചാരിച്ചിരുന്നവർ അകലും. ശത്രുക്കൾ അവസരോചിതമായിട്ടെതിർക്കും. ഭരണീയരുമായി സന്താപം വളർത്തും. കാർഷികനഷ്ടം ക്ലേശം ഇവ ജനിക്കും. കരാറുകൾ തെറ്റും.


★



ഇർവിങ് എം. ഐവ്സ്. ന്യൂയോർക്കിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സെനറ്റർ ഐവ്സ് ഇൻറർനേഷണൽ ലേബർ അസോസ്യേഷൻ (ILO) എന്ന സ്വതന്ത്രാന്തർദേശീയ തൊഴിലാളി സംഘടനയുടെ പ്രതിനിധിയായി ഐക്യരാഷ്ട്രസംഘടനയിൽ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. 66 രാജ്യങ്ങളുടെ പ്രതിനിധികളും വസിക്കുന്ന ജനീവാസമ്മേളനത്തിലാണ് ഇദ്ദേഹം തിരഞ്ഞെടുക്കപ്പെടുകയുണ്ടായതു്.

FOR NEW WATCHES, CLOCKS and REPAIRS also PENS Sales & Service
KRISHNAN NAIR'S WATCH Co
TRICHUR·ERNAKULAM & QUILON

അന്നത്തെ രാത്രി



ഒ. എൻ. വി. കുറുപ്പ്

പൊറിഞ്ഞു ഘോരം പെരുമഴയിരുമ്പു-
യിരയിയന്തേരികളിട്ട മന്ത്രങ്ങൾ;
ഇരുണ്ടവാനം,ത്തടികൊണ്ടു നെന്തപോൽ
വിരണ്ടുമണ്ടീ മുകിലിൻെറ സഞ്ചയം. 1

ഇരട്ടിലാപത് പിശുനം ഭൂശത്തമാം
സ്വരത്തിൽ മോങ്ങി യൊരുനായിടയ്ക്കിടെ;
തെഴുത്തിലുശ്ശേക്കേളമോറമമ്പാർ-
ന്നായത്തി 'ഹിമ്മ'രവവും പൊട്ടിന്നനേ. 2

മനസ്സിണങ്ങിക്കഴിയുന്ന ദമ്പതീ-
ജനത്തിൽനിന്നെന്നിനെയന്ന നിർദ്ദയം,
പിരിച്ചു ഹാ! ദുർവ്വിധി കൊണ്ടുപോകവേ
തുനിഞ്ഞതിൽ നന്ദിയിതെന്തുകണ്ടതാർ! 3

.....

വിയത്തലത്തിൽ തലപൊക്കിനിന്ന
മുയന്നഹമ്മൃത്തി,ലകം തകന്നപോ-
വിയോഗമാം പാഴ്പടുകണ്ടിലപ്പ-
ച്ചുഹോ! കിടന്നാളവളസ്ഥചേഷ്ടയാൽ. 4

നടുസ്സു തീരെത്തെളിയാതെ ബാഡ്മമാം
തമസ്സിനാൽ മൂടിയിരുന്നപോലെതൻ,
ശിരസ്സുമന്ദിച്ചമരുന്ന സംഘാതൻ
മനസ്സു മോഹാവൃതമായി തൽക്ഷണം. 5

അസഹ്യമായ് വാഴ്വൊരുശോകഭാരവും
ശിരസ്സിലോറി പ്രബലം വലഞ്ഞപ്പോൾ,
ഉറക്കമില്ലാതെ കഴിച്ചരാത്രി; പി-
മറക്കുവാൻ സൂര്യമതല്ലൊരിക്കൽ. 6

ഒരുത്തരോടും പ്രിയപാത്രത്തി-
ല്ലിരുസ്സിനുണ്ടായെയിരു തീപ്പകേടനു;
പെരുത്തരോഷംത്തപേടരോഗിയിൽപതി-
ച്ചെരിഞ്ഞു ഹാ! ഹന്തപെരിഞ്ഞുതന്മനം

കെട്ടുത്തുവൻ വഹ്നിയെയുണ്ടകാറിനും
മിടുക്കവെള്ളത്തിനുമേറാമെങ്കിലും;
മടുപ്പുകാണിച്ചവരന്നവർക്ക ഹ-
ത്തടത്തിൽ നീവന്ന കൃശാനുതന്നെടോയ്

അടുത്തിരുന്നുതുകിലക
യ്ക്കുടിപ്പലേത്തീയെ
കടുത്തകാറൊട്ടു വ
ക്കടക്കവയ്യാത്തഴലാ

അണഞ്ഞുവാനച്ചെ
പണിപ്പെടാതെ
പിടിച്ചുകേറൻ ഹേ
ലടുത്തുകൂടുന്ന മരുത്തുസാരഥി 10

ഞനക്ഷണം പൃത്തിലുയന്ന ദുഃഖം
വെളിക്കുകാട്ടാതെയടക്കിയപ്പോഴും;
തലയ്ക്കുനേരിട്ടൊരു നിറാൽ തിക്കാൻ
ജലപ്പപാതത്തിനുമില്ല ശേഷി. 11

പടർന്നുകേറും പരിതാപവഹ്നിയെ
കൊടുത്തിടുന്നില്ല സരിൽപ്രവാഹവും;
ജലത്തിനില്ലത്തൊരു ശക്തിയാത്രവാ-
ജലത്തിനുണ്ടൊട്ടു ശാന്തകാരിയാൽ. 12

കരച്ചിൽവന്നില്ലൊരുതുള്ളിനീരും
തുറിച്ച നേത്രങ്ങളിലൂറിയില്ല,
വരണ്ടതൊണ്ടയ്ക്കു ഘനത്തതേതോ-
ണ്ടടഞ്ഞപോൽ വിർപ്പുമവലംക്കമുട്ടി. 13

അടുത്ത ബന്ധുക്കളടുത്തിരുന്നോ-
ണ്ടിടയ്ക്കിടയ്ക്കോതിയ സാന്ത്വനങ്ങളും,
ശ്രവിച്ചുമിണ്ടാതവനും, പക്ഷെയൊന്നും
ചെവിക്കകത്തേക്ക കടന്നുമില്ല. 14

ശമിച്ചുവന്നാരി, മുയർന്നുകാറ്റും
ക്രമത്തിൽ നിശ്വാസവുമിട്ടടങ്ങി;
അടുത്തിരുന്നുള്ളവരൊക്കെയപ്പോൾ
കിടക്കയിൽ ചെന്നുടനുടങ്ങിമെല്ലെ 15

രണ്ടാം ഭാഗീരഥിഅമ്മത്തമ്പുരാൻ

ഉറക്കമേയിന്നു വരില്ലയെന്ന-
ങ്ങുറപ്പുനൽകീട്ടു കിടന്നകൂട്ടർ;
ക്ഷണത്തിൽ നിദ്രയ്ക്കു വിധേയരായീ
കണക്കിലേറെക്ഷണിച്ചിരിക്കാം. 16

മിഴിച്ചുനോക്കിത്തനിയേ കിടന്ന
പഴിച്ചുകൊണ്ടീശ്വരകല്പിതത്തെ,
കഴിഞ്ഞതും ഭാവിയുമോർത്തനേരം
കഴഞ്ഞുപോയേ ബുദ്ധിയവംക്കകഷ്ടം! 17

ഇരിക്കയേവേണ്ടിനി, യാക്കവേണ്ടിയാ-
ണിരിപ്പു,ഹോ! ശൂന്യമവംക്കജീവിതം,
പരത്തിലെത്താൻ വഴിയൊന്നുകിട്ടണം,
മരിക്കുവാൻതന്നെ യവംക്കമാഗ്രഹം. 18

നിശാഖസാനത്തിലൊരുക്കമൊക്കെയും
ശുശാനയാത്രയ്ക്കു തുടങ്ങുകായവർ;
സഹിക്കുവില്ലായതു കണ്ണുനിൽക്കുവാൻ,
ഹേ!ച്ചുപാം മാനസമപ്പൊഴേ നിശ്ചയം. 19

അതിന്മുൻപജ്ജഡമെന്നു കണ്ടവാൻ
തെതിച്ചുനേത്രങ്ങളം, മനസ്സിനത്തിയായ";
ക്കമായിട്ടൊരു നോക്കുനോക്കുവാൻ
ട്ടെടുക്കമായിട്ടെഴുനേറ്റിരുന്നവം. 20

ക്കമെല്ലാവരുമെന്നുകണ്ടോ-
രിക്കകംവിട്ടടനേയിറങ്ങി;
പിടിച്ചുകോണിപ്പടി കേറിമേളിൽ,
നിലൊച്ചകൊണ്ടന്നവം ചെന്നുനോക്കി, 21

കനത്തനിശ്ശബ്ദത! യങ്ങുമിങ്ങും
കിടന്നാരുന്നു ചിലർനിലത്തായ";
തനിച്ചൊരാളം ദുഃഖിതനായ" ശിരസ്സും
കുനിച്ചിരിക്കുന്നൊരിടത്തുമാറി. 22

നടുത്തളത്തിൻെറ വടക്കുഭാഗ-
ത്തായ്കുത്തേചൈരമഞ്ചമൊന്നിൽ,
കിടക്കമേലുണ്ട മൃതൻെറദേഹം,
തലയ്ക്കലായ"ദീപവുമുണ്ടമ്മേ. 23

വെടിഞ്ഞുചൈതന്യമടഞ്ഞകണ്ണും,
കരങ്ങളംവക്ഷസ്സിലണച്ചുവെച്ചും,
നിവർന്നനീണ്ടൊ ഉടൽ, ജീവിതത്തി-
ലവംക്ക സർവ്വസ്വവുമായിരുന്ന. 24

പതുക്കെയങ്ങോട്ടവളംകേറിവിളുത"
പ്രദീപമൊന്നിട്ടതെളിഞ്ഞുകണ്ണൻ;
അതിവംശന്തം ശയനം, മുഖത്തോ-
വപുസ്സിനോയില്ല വിലക്ഷണതവം. 25

സുവർണ്ണവർണ്ണംസ്വതവേ ശരീരം
വിവർണ്ണമായ"ത്തോന്നിയതില്ലതെല്ലും;
കുളിച്ചുകേറിശ്ശുചിയായപോലേ
തെളിഞ്ഞതാ വൈദൃതദീപ്തിയിങ്കൽ. 26

ആശ്വാസമില്ലാതവളജ്ജഡത്തേ
നിശ്വാസമിട്ടോനെ കനിഞ്ഞുനോക്കി;
വിശ്വാസമായില്ല മരിച്ചതാണെ-
ന്നാശ്വാസമുണ്ടെന്നുമുരിച്ചുശങ്കാ! 27

സുഷുപ്തിയല്ലോയിതു? മൃത്യുവാണോ?-
ശ്വസിച്ചിടുന്നുണ്ട്! വിടാതെ മുക്ക"!!!
നിമേഷനേരത്തെ മതിഭ്രമം! നി-
ശ്ചമിച്ചുജീവൻ വരുമോ തിരിച്ചു"! 28

ഉപേക്ഷനംതൊട്ടുകഴിഞ്ഞതൊക്കെയും
ചിന്തത്തിലോത്തുവളർന്നുവന്നതിൻ,
വിയോഗദുഃഖത്തെയടക്കവാൻപൃഥാ
ശ്രമിച്ചുകൊണ്ടിങ്ങനെ ചിന്തചെയ്തവം,

"എന്തെല്ലുമോരുത്തി ഹതവിധികഠിന
ക്ലേശമെന്നിട്ടുമയ്യോ!
സന്താപം പോരെയെന്നോ! ശിവശിവ! ശിവശി
ന്നിയുംകൂടിവേണോ!
ചിന്താഭാരം വഹിപ്പാനൊരുങ്ങി, സുഖ
ദുഃഖങ്ങൾ പങ്കിടുവാഞ്ഞീ-
ട്ടെന്തുതോന്നും ശരീരഭോഗമഹഹാ! സഹി
ക്കവതോ നഷ്ടമായാൽ!

"ലോകത്തിങ്കൽ ജനിച്ചാരും സുഖവുമസുഖവും
മാറിവന്നോണ്ടിരിക്കും
സൌഖ്യങ്ങളംതന്നെയെന്നംവരുമെന്നിതിവിചാ-
രിക്കുകിൽ സാധ്യമല്ല
എന്നെക്കൊത്താനറിഞ്ഞീടിലുമൊരുകരനേ
നേരിട്ടുനോക്കാം കരത്തോ-
ണ്ടെന്തിന്നായ" വന്നെനിക്കിദ്ദുരിതമിതികഷ്ടി-
ക്കത്തവർ ദുർല്ലഭംതാൻ

"വിപത്തുയാതൊന്നുമറിഞ്ഞിടാതേ
സുഖിച്ചുവാണങ്ങുകഴിച്ചുജന്മം
പ്രസന്നമായുള്ളൊരുജീവിതത്തേ
പ്രശാന്തമായ"ത്തന്നെയെടുത്തുദൈവം

"രോഗത്തിൽവീണൊട്ടവലഞ്ഞുമില്ല
വേഗത്തിലായീ പരലോകയാത്ര
പുണ്യങ്ങളംചെയ്യുള്ളതിരകയംപീ-
യൂഷം മുതിക്കിന്നുലഭിച്ചുയോഗം

"ശയിച്ചിരുന്നിന്നലെയെത്രസൌഖ്യമായ"
ലയിച്ചുനന്നായൊരു ശുദ്ധനിദ്രയിൽ!
ശയിച്ചിടുന്നിന്നിതനിഷ്ടപ്രയാസമായ"
ലയിച്ചുഹാ! നീണ്ടൊരു നിദ്രയിങ്കലും!!

"അവസ്ഥയെന്തെന്നു തനിക്കനുഭവ-
ബ്ബഭവിഷ്യദോക്കെന്നുമറിഞ്ഞിടാതേ!
അതാതുകാലത്തുവരേണ്ടതൊക്കെയും
വരുന്നനേരത്തു സഹിച്ചുകൊള്ളുക.

"വിവാഹബന്ധം മിഥുനത്തിലല്ലയോ
ഭവിച്ചു, നമ്മേമിഥുനം ചമച്ചതു"!
വിയോഗവും ഹാ! മിഥുനംവരുത്തിവ-
ച്ചിതം! ഹരിച്ചിമ്മിഥുനത്തിലൊന്നിനേ,

"ഇഹത്തിലേക്കാഴ്ച കഴിഞ്ഞു; ഞാനും
പരത്തിൽവന്നിട്ടിനിയനുകാണാം;
അരിഷ്ടക്രൂരതയിടെയുവാനാ-
യനുഗ്രഹിച്ചീടുകവേണമെന്നോ."

ഇവണ്ണമാരോ ചുടുചിന്തമൂലം
വേവുന്നചിത്തത്തിന മൈയ്മമല്ലും,
കൈവന്നുചേരുന്നതിനുള്ളകൊണ്ടേ
ദൈവത്തോടർത്ഥിച്ചുവരം കേണുകേണും.

പിന്നീടുമഞ്ചത്തിനടുത്തുചെന്നു
വന്ദിച്ചുവീണങ്ങനമസ്കരിച്ചു;
സന്തപ്തയർത്ഥിച്ചുഭിവംഗതന്നു
ശാന്തിക്കവേണ്ടിട്ടവളീശനോട്,

"തന്നാലുകൊന്നവണ്ണം പരനുപകൃതികരം
ചെയ്തറിന്നായ" ശ്രമിച്ചും
നന്നാളരക്ഷിണ്യമോടങ്ങഗതികളുടെ സം-
രക്ഷണം ചെയ്തുകൊണ്ടും
മന്നിൽ ജീവിച്ചുശേഷം സുഖമൊടുസുരലോ-
കത്തിലേക്കായ" ശമിച്ചി-
ട്ടുണ്യാത്മാവിനു നരായണ! പരമതിൽ നീ
നൽകണേ! നിത്യശാന്തി!"

മുക്കാൽ മണിക്കൂറിനുള്ളിൽ

കെ. എൻ. നാരായണൻ

വ്യാഴവിലും വൈകിയാണ് അന്നു് ആഫീസിലേക്കു് തിരിച്ചതു്. പടികടക്കുൻനേരമുണ്ടു് ഒരു പിച്ചക്കാരി കൂടെക്കൂടി. "സാമി പശി എട്ടുക്കുന്നു. ശാപ്പിട്ടിട്ടു് നാലാച്ചു്." പാന്റിൽ കൈയിട്ടുനോക്കി. പട്ടിണികൊണ്ടു് തേങ്ങിക്കരയുന്ന പ്രോക്കറെ! 'ഇട്ടു് ഇല്ലമ്മ.' മുഖംതിരിച്ചു് ഞാൻ നടന്നു. നിസ്സഹായതയായ ഒരു നോട്ടം, അവരെനിക്കപ്പിച്ചു. ആ നോട്ടത്തിൽ, വേദനയും അമർഷവും സ്നേഹവും എല്ലാം തങ്ങിനിന്നു. ജീവിതസൗഭാഗ്യങ്ങളുടെ വെളിച്ചം കണ്ടകണ്ണുകളല്ലാ അവ. പണിയെടുത്തിട്ടും പട്ടിണികിടക്കുന്ന പയ്യർ വിധ'ഡിയാണ്'ഞാനെന്നു് ആ പാവം അറിഞ്ഞിരുന്നെങ്കിൽ!

ബസ്സ്റ്റാൻഡുംകഴിഞ്ഞാണു്, തീവണ്ടിസ്റ്റേഷനിലേക്കു് കാല്കൂത്തണ്ടതു്. പാരീസിലേക്കുപോകുന്ന ഏഴാംനമ്പർ, മദ്രാസ്റോഡിലേക്കുള്ള 29-ാംനമ്പർ മിൻറിലേക്കുള്ള എട്ടാംനമ്പർ, വരിവരിയായി പച്ചയും ചുവപ്പും പിടിച്ച ബസ്സുകൾ കിടക്കുന്നു. എല്ലാത്തിലും ആളുണ്ടു്. പള്ളിക്കൂടംകുട്ടികളും, ആഫീസുകളിൽ വേലചെയ്യുന്ന ഉദ്യോഗസ്ഥരുമാണു് അന്നു് ഒട്ടുമുക്കാലും പുറപ്പെടുന്നു്, വേഷവും വിധാനങ്ങളും വിളിച്ചുപറയും. 'സർ ടിക്കറ്റ്'!' 'എങ്കപ്പോണാംസർ' കൺടക്ടന്മാരുടെ ശബ്ദമാണു്. 'കാല്വെ ഞൊണ്ടിസാർ, കാലണകൊടുസാർ' 'കാലുമുടവനക്കൊരു ധർമം കൊടുക്കൊസർ!' 'പശി എട്ടുക്കുതുസർ,' 'കണ്ണില്ലാത്തവനാണ്സർ. വല്ലതും കൊടുസർ.' എല്ലാം വണ്ടികളെയും പൊതിഞ്ഞുകൊണ്ടു് ആ അസ്ഥികൂടങ്ങൾ ആലപിക്കയാണു്. 'പോടാ പോയിവേലയേപാര്!' 'ഒരു ഇപ്പക്കെയ്യും', 'ഛീ നായേ മൂടുവായ്,' 'തെവിടിയാമോന്മാരു' വേലചെയ്യുക്കുടാതോ?' യാത്രക്കാരുടെ സംഭാഷണകൾ!

സ്റ്റേഷനിലുള്ളിലേക്കു കടന്നു. എങ്ങുനിന്നോ ഒഴുകിവന്നമാതിരി തീവണ്ടിയും എത്തി. അതും നിറയെ പള്ളിക്കൂടംകുട്ടികൾ. കൂട്ടത്തിൽ, അവരെപ്പോലെ പലരേയും പോറുന്ന എന്നെപ്പോലുള്ള ക്ലാർക്കന്മാരും. മണി ഒമ്പതാകുന്നു. പെരമ്പൂരിൽ വണ്ടി എത്തുമ്പോഴേക്കു് മിക്കവാറും ഇരിക്കാൻ ഇടം ഉണ്ടാവുകയില്ല. സെൻട്രൽസ്റ്റേഷനിൽ വണ്ടി എത്തുന്നവരെ ഞെങ്ങിക്കിടപ്പാണു് തൊഴിലു്. ഇതിനിടയ്ക്കു് കുട്ടികളുടെ നേരമ്പോക്കുകളും. സകല വ്യാപാരത്തിനും പറ്റിയ ചൂടുപിടിച്ച വേളകൾ! കൂളേജുകുമാരന്മാരും കുമാരികളും പകുതിട്ടുന്ന സമയം. സഭ്യതയും അസഭ്യതയും കടക്കണ്ണുകളുടെ പകുപെട്ടലുകൾക്കു തമ്മിൽ പിടിക്കും. ഇതിനിടക്കു് ചില രസികക്കുഴമ്പന്മാർ, അംഗനാമണികളുടെ സംരിഞ്ഞിയിൽ ഞാന്നെന്നവരും. അതു് ചൂണ്ടേടുപ്പിച്ചു് ആത്മനിർവൃതി നേടുന്നവരുണ്ടു്; പൺകുഞ്ഞുങ്ങളും ഈ വിഷയപരിത്യാഗികളായി ഇല്ലെന്നും ആയി. ഈ പേക്കൂത്തുകളുടെനേരെ അവർ ചിലപ്പോൾ കണ്ണടയ്ക്കും. മുഴിച്ചുനോട്ടി, അവകാശങ്ങൾ പ്രഖ്യാപിക്കുന്ന അവരുടേതായ കലവും വരികയാണു്. പുലഭ്യംപുലമ്പുന്ന പോക്കിരികളുടെപുറത്തു്, അന്നു അവർ വരമ്പുകുത്തും.

18 മിനിട്ടിനുള്ളിൽ വണ്ടി സെൻട്രലിൽ എത്തുകയായി. പ്ലാറ്റ്ഫാമിലേക്കു ഇറങ്ങുമ്പോൾ പൊടിക്കൈകൾകാണാം. പെങ്കൊച്ചുങ്ങളുടെ ദേഹത്തെവിടെങ്കിലും മുട്ടിയുരുമ്മുന്നതിൽ, ചിലർക്കു സുഖവും തന്നേടവും ഉണ്ടു്. ടിക്കറ്റുകൊടുത്തു് സ്റ്റേഷനുപുറത്തെയ്യുമ്പോൾ ഇറങ്ങേണ്ട സ്റ്റേറ്റിലും ഒരു വലിയ തിരക്കുണ്ടു്. നമ്മുടെ പൊപ്പക്കാരുടെ രാജപാത ഇറങ്ങുകിടക്കുന്നതു് അവിടെയാണു്. ചില തള്ളും ഉന്തും തടവും എല്ലാം അവിടെ നടക്കും. ടിക്കറ്റുകളക്ടർ മിക്കപ്പോഴും ടിക്കറ്റുവാങ്ങുന്നിരിക്കില്ല. അയാളുടെ അന്തർനേത്രങ്ങൾ വേറെ എവിടെയൊക്കെയോ ആണു് പുറിഞ്ഞുടിക്കുന്നതു്. കൂളേജുതരുണികളുടെ ജഘാറിന്റെ ആഴത്തിലൂടെ അങ്ങിനെ അങ്ങിനെ പോകും അയാളുടെ ദാഹിച്ച കണ്ണുകൾ. സിസൺടിക്കറ്റുകാരോടു് സാധാരണ അവർ ടിക്കറ്റുചോദിക്കാറില്ല. നല്ലമീൻ വലയിൽ കിടപ്പുൾ അന്നു എല്ലാടിക്കാരും അയാൾക്കു കണ്ടേമതിയാവൂ. അയാളുടെ ഏട്ടയാണിക്കും ടിക്കറ്റുകാണിക്കയായി. ഒരുനിമിഷം, രണ്ടുനിമിഷം, മൂന്നുനിമിഷം. തൊട്ടുതൊട്ടില്ല എന്ന മട്ടിൽ അയാൾ വിട്ടും.

അന്നു സ്റ്റേഷനുപുറത്തെയ്യുമ്പോൾ ഇറങ്ങുന്നേരം "സഖാവേ!' ഇമ്മാതിരി ഒരു വിളി എന്റെ പിറകിൽ. അപ്പോൾ തോന്നിപ്പോയി, ചങ്ങാതിത്വത്തിന്റെ കരവലയങ്ങൾ കഴുത്തിൽ നാട്ടപ്പെടുകയും. സുന്ദരനായ ചെറുപ്പക്കാരൻ. കമ്പിപോലുള്ള മീശ. നല്ല ഒറ്റമുത്തനിറം. മനസ്സുമുഴുവൻ ലസ്സലിൻജിബ്ബു. 'സഖാവു്, എന്നെ അറിയില്ലേ?' അയാളുടെ ചോദ്യം. ഞാൻ ചൂളിപ്പായി. ഇതാരപ്പാണ്ടും അയാൾ "മലയാളി എന്നന്നിയുകൊണ്ടു് അടുത്തതാ.''

ഞാൻ "എന്താപ്പോ രുടെയ്യേ അയാൾ — നേതാവു്.''

ആ തൊലിക്കട്ടിയുടെമുമ്പിൽ ഞാൻ തലകുനിച്ചു.

ഞാൻ—'ഏതുനേതാവു് എന്തിനെന്നേതാവു്?''

അയാൾ — "—കക്ഷിയുടെ —താലൂക്കുസെക്രട്ടറി. ബി. എ. കഴിഞ്ഞു പാർട്ടിക്കുവേണ്ടി, പകലും രാത്രിയുമില്ലാതെ പണിയെടുക്കയാണു്. ടിക്കറ്റില്ലാതെ എന്നുകേട്ടുനിന്നു ഇവിടംവരെ വന്നു. ഇനി മരപ്പാലിവുകാരുടെ വഴിക്കുപോണം.

പാർട്ടിയോടുള്ള [illegible] കൊണ്ടല്ല, അയാളെ മനുഷ്യനാക്കിക്കൊണ്ടാണു് പരിചയമുള്ള ഒരു അയാളെയുംകൊണ്ടുകയറി [illegible] ഫസ്റ്റ്ക്ലാസ്സുരത്തിനുള്ള വണ്ടിയിൽ നിക്കില്ല. ഒരു ഞാന [illegible] പുപ്പ ചെയ്യാൻ, രണ്ടണയ്ക്കു പട്ടിണിക്കാരന്റെ വിട്ടുതരുണം. ഒരു പ്ലോവ് ഇസ്ലിക്കും ഒരുകപ്പ് കാപ്പിക്കും ഓർഡർകൊടുത്തു. ഞാനുംകൂടി കഴിക്കണമെന്നു് 'നേതാവു്' നിർബ്ബന്ധിച്ചു. നേരത്തേയുള്ള ഞാൻ ദരിദ്രനാണെന്നു്? ഇപ്പോൾ കാപ്പികഴിഞ്ഞതുമുള്ളു"വെന്നു് ഒഴിവുകഴിവുപറഞ്ഞു ഞാൻ. കുഷ്ഠപ്പാടിന്റെ ലക്ഷണം ഒന്നും നേതാവിനില്ല. മുട്ടപുഴുങ്ങിവച്ചിരുന്ന കണ്ണാടിയിലേക്കു നേതാവിന്റെ കണ്ണുപോയി. പിന്നത്തെ സകലതും തിരിച്ചുതു് നേതാവാണു്. ഇഡ്ഡ്ലിയിലും കാപ്പിയിലും തുടങ്ങിയ പരിചാരംതന്നെ എന്നെ അസ്വച്ഛത്തനാക്കി. വീട്ടുകാര്യങ്ങളും ആലോചിച്ചു് അങ്ങു കണ്ടുപിച്ചു. കാൽമണിക്കൂറുകഴിഞ്ഞു് നേതാവു് എന്നെ ഉണർത്തി. ബില്ലുവന്നു. ഒന്നരരൂപ. കടക്കാരനെ മയ്യദാപറഞ്ഞു നിർത്തി. ഒന്നരവർഷത്തേക്കുവേണ്ടിവന്നു, ആ കടം കൊടുത്തുതീർക്കാൻ. ചായക്കടയ്ക്കുപുറത്തുവന്നപ്പോൾ എന്നോടു് ഒരു നല്ലവാക്കുപറയാതെ, ആ 'നേതാവു്', മീശയും പിരിച്ചു്, കയ്യിലിരുന്ന കറുത്ത കരിഞ്ചന്തബാഗുംപിടിച്ചു്, ധലിഞ്ഞെരുനടകൊടുത്തു. എല്ലാം നേതാക്കന്മാരും ഇമ്മാതിരി ഇരപ്പാളികളാകാതിരുന്നെങ്കിൽ! പാവങ്ങളെ ഉയർത്തുന്നതിന്റെ ഒരു സംവിധാനം!

സെൻട്രലിൽനിന്നു് എന്റെ കമ്പനിയിലേക്കു് ഒരുമൈൽ വരും. പോകുംവഴിക്കു്, നിരത്തിലൂടെ നിങ്ങുമ്പോൾ, പാവങ്ങളുടെ കിടപ്പുകളും, കുട്ടിയും കലവും എല്ലാം നിരപ്പുകാണാം. അവക്കു ക്രമമില്ല. അവർ അതിൽതിരിച്ചിട്ടും ഇല്ല. എല്ലാവക്കും തുല്യമായ അവകാശങ്ങളും. രാത്രിയിൽ ഉറക്കംവരുണ്ടു്. ഉറങ്ങുണ്ടു്. കിടപ്പായിൽ, ചീത്തയുണികളിൽ പൊതിഞ്ഞുള്ള നായക്കം. ചിലർക്കു വേല രാത്രിയിലാണു്. അവരുടെ ഉറക്കം പകലും. അമ്മമാർ ചേറുപിഞ്ഞുങ്ങളെ നിരത്തിൽതന്നെ കിടത്തിയിട്ടുപോകും. അടുത്തു് ആളു കാത്തിരുന്നാലായില്ല. പകൽ, അവയെ കൂക്കികൊത്തുണ്ടു്. ആ 'ദരിദ്രപ്പരിങ്കമം' അത്ര മാരകമായ സ്വരത്തിൽ, അലറാറുണ്ടു്. ചുറ്റും വ്യാപാരംനടത്തുന്നവക്കു് ഇതൊന്നും പുത്തരിയല്ല. എത്രയോ വർഷങ്ങളായി, ആ നരത്തുകളിൽ പുതിയ പുതിയജീവിതങ്ങ [illegible], ഗർഭിക്കുന്നു, പൊലി [illegible] തിരുആഘോഷം, ആ ജീവിതങ്ങൾക്കിടയ്ക്കു് അഭേദ്യമായി ആ വ്യാപാരങ്ങളും ബന്ധിക്കപ്പെട്ടിരിക്കുന്നു. [illegible] നിന്നു് നൈമിഷികമായി [illegible] പൈക്കൽ, ആ നിരത്തിലെ അമ്മപെങ്ങന്മാർ, പണക്കാരനു കീഴടങ്ങുന്നു. ഒന്നിനുമാത്രം അവർക്കു പഞ്ഞമില്ല. അവരുടെ സങ്കേതത്തിനടുത്തു് പൈപ്പുണ്ടു്. വെള്ളം രാവിലെയും വൈകിട്ടും കിട്ടും. മാന്ഡ്ബസാർ (വൈദ്യക്കടിക്കു എതിരെയുള്ള നിരത്തും കടന്നു് ഞാൻ പോയി:

പച്ചയപ്പാസ് പ്ലേഗുണ്ടിനു് ഒന്നുചുറ്റിത്തിരിഞ്ഞാൽ കമ്പനിയായി. വഴിക്കുകാണുന്ന നഗ്നമായ ഒരു പേക്കോലം. എല്ലും തൊലിയും മാത്രം. രോഗംവന്നമരിച്ചതല്ല. നിശ്ചയം. ഒരു പൊട്ടച്ചുട്ടി സന്നിധിയിലുണ്ടു്. അതിൽനിന്നു തെറിച്ചുപോ

അന്നത്തേരാത്രിതീർന്നു, പുലർവെ പലരും
വേണ്ടവർ വന്നുചേർന്നു,
പിന്നസ്സംസ്കാരമെല്ലാമുടനടി വിധിപോൽ
നിർവ്വഹിപ്പാൻ മതിർന്നു;

പോയല്ലോ ധൈര്യമപ്പോളൊരുനൊടിയിടയിൽ
ചോന്നു, ദേഹംതളർന്നു;
അയ്യോ! വയ്യെന്ന ദിനപ്പലപനസഹിതം
തന്വിഹം! താഴെവീണു.

* * * * *

പക്ഷിവാഹന! മുകുന്ദ! ഹരേ! ശ്രീ
പദ്മനാഭ! ജഗദീശ! മുരാരേ!
പാഹിപാഹി! മധുസൂദന! കൃഷ്ണ!
"ശ്രീപതേ! ശമയ ദുഃഖമശേഷം!"

(പകുപ്പവകാശം സ്വന്തം)

ലഘു ജീവചരിത്രം

ടാഹാ ഹുസ്സയിൻ

★

— വി. എസ്സ്. കടുങ്ങല്ലൂർ —

മഹത്വത്തിനു് സുവ്യക്തമായ ഒരു മാനദണ്ഡമില്ല. എങ്കിലും നാം മെല്ലാം മഹാന്മാരെന്നു പറയുന്നവർക്കു് എല്ലാംതന്നെ ചില ഗുണവിശേഷങ്ങളും പൊതുവെ മഹത്തരങ്ങളാണു്. കഴുത്തഞ്ഞെരുപ്പഴയെഴുക്കി ലോകാധിപത്തിനു ശ്രമിച്ച ഹിറ്റ്ലറും സമാധാനപരമായ മർഗ്ഗങ്ങളിലൂടെ തീരെച്ചും അഹിംസാസിദ്ധാന്തങ്ങളായ പരിപാടികളിലൂടെ ലോകസമാധാനം ഉണ്ടാക്കാനുദ്ദേശിച്ച മഹാത്മാഗാന്ധിയും വാസ്തവത്തിൽ മഹാന്മാർതന്നെയാണു്.

ഹിറ്റ്ലറെപ്പോലുള്ള യുദ്ധോന്മാദിയായ ഒരാളെ മഹാന്മാരുടെയിടയിൽ പെടുത്തുന്നതിൽ എതിർപ്പുണ്ടാകാം. എന്നാൽ മനുഷ്യത്വത്തെ മാനിക്കുന്നവരും സ്വതന്ത്രം കാംക്ഷിക്കുന്നവരുമായ ഒരു വിഭാഗത്തിൽ അടിയുറച്ചുനിന്നുകൊണ്ടു്, പ്രതികൂലസാഹചര്യങ്ങളോടും പ്രതിലോമശക്തികളോടും സന്ധിയില്ലാത്തസമരംചെയ്തു് ഒരു സാഹിത്യത്തിലേക്കയുകയും ചെയ്യുന്നവരുടെ കാര്യമാകുമ്പോൾ അതിൽ വലിയ എതിർപ്പുകൾക്കു പ്രസക്തിയുണ്ടെന്നു തോന്നുന്നില്ല.

ദാരിദ്ര്യവും മുഴുവൻസമയ യാഥാർത്ഥ്യവും ഒരു പരീക്ഷണമായിരുന്നപ്പോഴും അതിനെ വിജയപൂർവം തരണംചെയ്തു് ഈജിപ്തിലെ വിദ്യാഭ്യാസപ്രതിസന്ധിയിൽ ഒരു വിപ്ലവംതന്നെ സൃഷ്ടിക്കുകയും, സാംസ്കാരികരംഗങ്ങളിലെമ്പാടും രൂപഭദ്രതയും സമൂഹ്യമായ മാറ്റങ്ങളിലും വ്യക്തമായ നിഴൽപ്പാടുകൾ പതിയ്ക്കുകയുംചെയ്ത വ്യക്തിയാണു് ടാഹാ ഹുസ്സൈൻ.

ബാല്യത്തിൽതന്നെ കാഴ്ചശക്തി നഷ്ടപ്പെടുത്തിയ ഹുസൈയിൻ അനേകം സഹായങ്ങൾക്കുശേഷമാണു് അറിവിന്റെ ലോകത്തിലെത്തിയതു്. സഹോദരന്മാർ തന്റെ കണ്ണിട്ടും അറിഞ്ഞിട്ടും ഇല്ലാത്ത കാര്യങ്ങളെപ്പറ്റി പറയുന്നതുപോലും തനിക്കു് അനുവദിച്ചിട്ടില്ലാത്ത സ്വാതന്ത്ര്യങ്ങളും സഹോദരന്മാർക്കു് അനുവദിച്ചിരിക്കുന്നതുപ്പോലും ഹുസൈന്റെ ഹൃദയം നീറിയിരിക്കുമായിരുന്നു. ഇല്ലായ്മയുടെ നടുവിലേക്കു് ജനിച്ചുവീണപ്പോൾ ആരോഗ്യം ബാലൻ ജ്യേഷ്ഠസഹോദരന്മാരുടെ സഹായത്തോടുകൂടിയാണു് ദിവസവും പൊയ്ക്കൊണ്ടിരുന്നതു്. കാഴ്ചശക്തിയില്ലാതെ പഠിക്കുകയെന്നുള്ളതു് സാധാരണ പരിതഃസ്ഥിതിയിൽതികച്ചും ദുഷ്കരമെന്നിരിക്കിലും ഹുസൈയിൻ പഠിച്ചു് അദ്ധ്യാപകൻ പഠിയുന്നതെല്ലാം മനഃപാഠമാക്കി.

ഉത്തരഈജിപ്തിലെ ഒരു ചെറിയ പട്ടണത്തിലാണു് ഹുസ്സൈയിൻ ജനിച്ചതു്. തന്റെ പിതാവിന്റെ രണ്ടാമത്തെ ഭാര്യയിൽ ജനിച്ച പതിനൊന്നുസന്താനങ്ങളിൽ അഞ്ചാമത്തെതാണു്.

ഹുസ്സൈയിൻ ഉന്നതവിദ്യാഭ്യാസത്തിനായി കെയിറോവിലെ പ്രസിദ്ധമായ അൽ-അസ്ഹർ യൂണിവേർസിറ്റിയിൽ ചേർന്നു. എന്നാൽ അധികം താമസിയാതെ അവിടെനിന്നും പിരിഞ്ഞു. അദ്ദേഹത്തിനു സന്തോഷവും കുറ്റബോധവുമുണ്ടാക്കിയ ഒരു തീരുമാനമായിരുന്നു അതു്. ഹുസ്സൈയിൻ അടുത്തതായി ഈജിപ്തിയൻ യൂണിവേർസിറ്റിയിൽ ചേരുകയും 1914 അതിന്റെ ആദ്യത്തെ പി. എച്ച്. ഡി. നേടുകയുംചെയ്തു. അതേയൂണിവേഴ്സിറ്റിതന്നെ അദ്ദേഹത്തെ പാരീസിലേക്കു തുടർന്നു പഠിക്കുവാനയയ്ക്കുകയും അങ്ങനെ 1918 ൽ മറ്റൊരു ഡോക്ടർ ബിരുദവുംകൂടി ഹുസ്സൈയിൻ നേടുകയുണ്ടായി.

പാരീസിൽ താമസിക്കുന്ന കാലത്തു ഹുസ്സൈയിൻ ഒരു വിദ്യാർത്ഥിനിയായിരുന്ന സൂസൻബ്രിസ്സിയോയിൽ അനുരക്തനാവുകയും 1917 ൽ അവരുമായുള്ള വിവാഹം നടക്കുകയും ചെയ്തു. അന്നുമുതൽ അദ്ദേഹത്തിന്റെ ഗുരുവും രക്ഷകർത്താവും എല്ലാമെല്ലാം ഒരാൾതന്നെയായിരുന്നു. അദ്ദേഹത്തിനു ഗ്രന്ഥങ്ങളും വായിച്ചുകൊടുക്കുക, പറഞ്ഞു കൊടുക്കുന്നതു് എഴുതിയെടുക്കുക, അദ്ദേഹത്തിന്റെ പ്രസംഗങ്ങളും വായിക്കുക, എല്ലാം അവർതന്നെ ചെയ്തുപോന്നു.

അറബി സാഹിത്യത്തിൽ പ്രൊഫസ്സറായി ഈജിപ്തിയൻ സർവ്വകലാശാലയിൽതന്നെ ഹുസ്സൈയിൻ നിയമിതനായി. ഒരു പുതിയ രീതിയാണ് ക്ലാസ്സുമുറികളിലും പുറമെയും ഹുസ്സൈയിൻ സ്വീകരിച്ചതു്. അറബിസംസ്കാരത്തേയും പാരമ്പര്യഗതമായ ആ സംസ്കാരസമീപന രീതികളേയും ഹുസ്സൈയിൻ അവലംബിച്ച രീതി ഏവനേയും പരമാത്മാക്കളുടെ വെളിച്ചത്തിൽ മാറ്റരുചിനോക്കുന്ന അധീരമായ നടപടിയുമായിരുന്നു എതിർപ്പുകൾ ഉണ്ടാക്കിത്തീർക്കാതിരുന്നില്ല. ഇസ്ലാമിനെപ്പോലെതന്നെ പരിശുദ്ധവും ദൈവികവുമായിട്ടാണ് അറബിക്കും അവരുടെ ഭാഷയേയും സംസ്കാരത്തേയും ഗണിച്ചുപോന്നിട്ടുള്ളതു്. ആ സംസ്കാരത്തെ ചോദ്യംചെയ്യുക അവക്കു് സംഭവിക്കാവുന്നതിൽ കൂടുതലാണു്. ഹുസ്സൈയിന്റെ തലതന്നെ വേണമെന്നു് ഈജിപ്തിലെ ഒരുഭാഗം ആളുകൾ ആഗ്രഹിച്ചുതിൽഎന്താണാശ്ചര്യം.

ഹുസ്സൈയിൻ തന്റെ സമരം സംസ്കാരംഗ്രന്ഥമാത്രം. കെട്ടിനിർത്തിയിരുന്നില്ല അദ്ദേഹത്തിന്റെ ആശയങ്ങൾക്കും ആഗ്രഹങ്ങൾക്കും അതിനുമൊക്കെ അപ്പുറം വ്യാപിയുന്നതായിരുന്നു. 1930 അന്നത്തെ ഗവ: ഹുസ്സൈയിനിനെ യൂണിവേർസിറ്റിയിൽനിന്നും നിഷ്കാസനംചെയ്തു. അതിനുശേഷം നീണ്ട നാലുവർഷങ്ങൾ ആ മനുഷ്യസ്നേഹിക്കു് പട്ടിണിയിലും ഭയപ്പാടിലും കഴിയേണ്ടിവന്നു.

1936-ൽ ഭരണകൂടം മാറിവന്നു. ഹുസ്സൈയിൻ സർവ്വകലാശാലയിലേക്കു തിരിച്ചുവിളിക്കപ്പെട്ടു. പണ്ടെന്നപോലെ ആരംഭിക്കപ്പെട്ടിരുന്ന സമരം വീണ്ടും ശക്തിയായി തുടർന്നു. എല്ലാകേട്ടികൊടുക്കും സൗജന്യവിദ്യാഭ്യാസം നൽകണമെന്നുദ്ദേശം ഉൾപ്പെടെ വാദിച്ചു. അങ്ങിനെയുള്ളൊരു ആഭ്യന്തരത്തിനുള്ള കഴിവു് ഈജിപ്തിനില്ലെന്നായിരുന്നു ചിലരുടെ വാദം. "വിദ്യാഭ്യാസം സൂര്യപ്രകാശവും ഉദ്യാവായുവുംപോലെതന്നെ ആവശ്യപ്പെട്ടതാണു്" എന്നും അതു നിഷേധിക്കുവാൻ സമുദായത്തിനവകാശമില്ല" എന്നതാണു് ഹുസ്സൈയിന്റെ ബലമായ അഭിപ്രായം. 1940-ൽ വിദ്യാഭ്യാസവകുപ്പിൽ അദ്ദേഹം നിയമിതനായി. അടുത്ത രണ്ടുവർഷങ്ങൾക്കുശേഷം മന്ത്രിസഭയിൽ വിദ്യാഭ്യാസവകുപ്പിന്റെ ഉപദേഷ്ടാവായി. 1943 ൽ അദ്ദേഹത്തിന്റെ ഹിതസംഗിതപ്രായമായി. പ്രാഥമികവിദ്യാഭ്യാസത്തിനു് എല്ലാഫീസും നിർത്തലാക്കി.

ഇതിനിടയിൽ 1942-ൽ അദ്ദേഹം ഒരൊന്നാംതരം സവ്കലാശാലയുടെ സ്ഥാപകനായി. അലക്സാണ്ട്രിയാസവ്കലാശാല അദ്ദേഹത്തിന്റെ ശ്രമഫലമാണു്. അതിന്റെ ഉയർച്ചയും അദ്ദേഹത്തിൽക്കുടിതന്നെയായിരുന്നു.

1945-ൽ വീണ്ടുമൊരു രാഷ്ട്രീയക്കുഴപ്പം നേരിട്ടുകയും പുതിയതായി വന്ന ഭരണകൂടം ഹുസ്സൈയിനെ പിരിച്ചുവിടുകയുംചെയ്തു. പക്ഷേ അദ്ദേഹം അടങ്ങിയിരുന്നില്ല. ഒരു നല്ല ഭരണകൂടത്തിനുവേണ്ടിയുള്ള സമരമാരംഭിച്ചു. ഇത്തവണ ഒരു പത്രാധിപരായിട്ട്. 'ഭ ഈജിപ്തിയൻസ്'ന്റെ ബൂ.' അതായിരുന്നു അദ്ദേഹം നടത്തിയിരുന്ന വാരികയുടെ നാമധേയം. പക്ഷേ, ഗവ അതു നടത്തുവാൻ സമ്മതിച്ചില്ല.

1950 വീണ്ടും ഭരണകൂടം മാറി. ഇത്തവണ ഹുസ്സൈയിൻതന്നെ ഒരു മന്ത്രിയായി. പിന്നെ താമസമുണ്ടായില്ല. ഈജിപ്തിലെ ഏതുവിദ്യാർത്ഥിക്കും പഠനസൗകര്യമുള്ളവരെ സൗജന്യവിദ്യാഭ്യാസം ഏർപ്പെടുത്തി.

ഒരു വിദ്യാഭ്യാസധുരന്ധരൻ എന്നതിനപ്പുറമെ ഒന്നാംതരം ഒരു ഗ്രന്ഥകാരൻകൂടിയാണദ്ദേഹം. ഏതണ്ടു നാല്പതോളം ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെപേർ അലങ്കരിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ സേവനങ്ങളും അവയർഹിക്കുന്ന ഗൗരവത്തിൽ ലോകം മനസ്സിലാക്കിയിട്ടുണ്ടോയെന്നു സംശയമാണു്.

ഒരു ഭാര്യയും രണ്ടു കുട്ടികളുമുണ്ടു് ഹുസ്സൈയിനു്. അദ്ദേഹത്തിന്റെ ജീവിതം ലളിതമാണു്. അദ്ദേഹത്തിന്റെ മുഖത്തു് ശാന്തിയുടേയും സമാധാനത്തിന്റെയും പ്രകാശമാണു് ഉദ്ഭാസിക്കുന്നതു്. ജീവിതം തികച്ചും അവിടെ പ്രതിഫലിതമാണു്.

★

ലതിക

ഗ്രന്ഥകർത്രി—കെ. ഭാരതിഅമ്മ

ഒരു ഇൻസ്പെക്ടരുടെ പുത്രിയാണു് ലതിക. പിതാവിന്റെ മരണത്തോടുകൂടി അശരണയായ അവൾ ഒരു ധൂർത്തനായ യുവാവുനിമിത്തം അനുഭവിക്കുന്ന കഷ്ടതകളും നിയതി അവനുനൽകുന്ന ക്രൂരയാതനകളും ഹൃദയസ്പർശിയായ ഉപരികഥകളും ഏറ്റവും തന്മയത്വമായി വർണ്ണിക്കുന്ന ഒരു വിശിഷ്ട നോവൽ..

വില രൂ: 1. ണ 8.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം

"കള്ളക്കർക്കിടകം"

— കീഴേടത്ത് വാസുദേവൻനായർ —

കേരളീയകുടുംബങ്ങളും പണ്ടുമുതല്ലേ വളരെ പ്രാധാന്യം നൽകിവരുന്ന കർക്കിടകമാസത്തെപ്പറ്റി ഇത്രയധികം ആദരവു് നമുക്കുണ്ടാവാനെന്താണു് കാരണം? ആ മാസത്തിലെ മുപ്പതുനാളോ മുപ്പതിരണ്ടോ ദിവസമത്രയും പരിഷ്കാരം മൂത്തുനിന്നുതിലെത്തിയ ഇക്കാലത്തുപോലും കേരളകുടുംബങ്ങളിൽ ഭ്രഷ്ടുപക്ഷവും പുണ്യകർമ്മങ്ങളും ഇത്രയധികമായി നടത്തിവരുന്നതെങ്കിലും നാം ആ മാസത്തിനു "കള്ളക്കർക്കിടകം" എന്നപേർ കൊടുക്കുന്നു!

കർക്കിടകസംക്രാന്തി

മകരസംക്രാന്തിയെപ്പോലെയോ അതിലധികമോ വിശിഷ്ടമാണു് കേരളീയർക്കു കർക്കടകസംക്രാന്തി. വാസ്തവത്തിൽ മേടമാസാരംഭത്തിലെ വിഷു സംക്രാന്തിയെപ്പോലെതന്നെ പ്രധാനമായും നാം കർക്കിടകസംക്രാന്തിക്കു് ഇന്നും നൽകിവരുന്നുണ്ടു്. എന്നാൽ വിഷുക്കണിയോ പടക്കംപൊട്ടിക്കലോ നടക്കുന്നതിനുപകരം മറ്റുചില ചടങ്ങുകളാണു് കർക്കിടകമാസത്തെ സ്വാഗതംചെയ്യാൻ നാം ഏർപ്പെട്ടുത്തുക പതിവു്. ഉത്തരായനത്തിൽ അതുവരെ സഞ്ചരിച്ചിരുന്ന സൂര്യൻ കർക്കടകസംക്രമംമുതൽ ദക്ഷിണായനമാരംഭിക്കുന്നുവെന്ന ഒരു പ്രാധാന്യവും ആ സുദിനത്തിനുണ്ടു്.

എടവപ്പാതിമുതൽ കേരളത്തിൽ ആരംഭിക്കുന്ന കാലവർഷം മിഥുനമാസത്തിൽ തിമിർത്തുപെയ്തു വർഷിച്ചു്, പേമാരിയായിത്തീർന്നു്, നമുക്കൊരു "ശല്യ"മായി പരിണമിക്കുന്നു. ധാരമുറിയാതെ മഴപെയ്യുകനിമിത്തം നമ്മുടെ ഗൃഹങ്ങളുടെ ചുറ്റുപാടും കുട്ടംപടലും, ചേറും ചെളിയുംനിറഞ്ഞു പൂത്തികേടായിത്തീരും. എത്ര നിസ്സൂർക്ഷിച്ചാലും, മഴക്കാലത്തു വീടും തൊടിയും പൂത്തിയാക്കിവെക്കുക ധനാഢ്യനുപോലും ദുഷ്ക്കരമാണു്. അതുകൊണ്ടെന്നെയായിരിക്കുമോ, മിഥുനമാസത്തിന്റെ അധിദേവത ജ്യേഷ്ഠയായിത്തീർന്നതു്? ആ മാസത്തിനെ നാം ജ്യേഷ്ഠമാസമെന്നും പറയാറുണ്ടല്ലോ.

കേരളീയർ പണ്ടുകാലം എന്തിയകൃഷിവലമാരായിരുന്നുവല്ലോ. ഘോരമായ കാറും മഴയുംനിമിത്തം മിഥുനമാസത്തിലും കർക്കിടകമാസത്തിലും പുറത്തുള്ള ജോലികൾനടത്തുവാൻ സൌകര്യം കുറവാണു്. മിഥുനമാസത്തിൽ "ഭേട്ടത്തം" ബാധിച്ച ഗൃഹത്തെ കർക്കിടകസംക്രാന്തിയായ്ക്കുമ്പോഴേക്കു് പൂത്തിയാക്കിവെക്കുവാൻ നാം ഒരുങ്ങുകയായി. മിഥുനമാസത്തെ അവസാനദിവസംതന്നെ വീട്ടുകളുടെ അകവും പുറവും വെള്ളയടിച്ചും, ഗൃഹത്തിന്റെ പുറം കെട്ടിനിൽക്കുന്ന ചേറംചെളിയും നീക്കിയും ആകെയൊന്നുപൂത്തിയാക്കി, നന്നായി നിലംമെഴുകി, അല്പിവസം സന്ധ്യയ്ക്കുമുമ്പുതന്നെ 'ജ്യേഷ്ഠ'യെ പുറത്തുകൊണ്ടുപോകുന്ന ഒരു പ്രത്യേകചടങ്ങുണ്ടു്. പഴയചൂലുകളും, മുറങ്ങളും, മൺപാത്രങ്ങളും മുതലായവയെല്ലാം അതോടൊന്നിച്ചു വീട്ടിൽനിന്നു 'ജ്യേഷ്ഠ'യോടൊപ്പംതന്നെ ആട്ടിയോടിക്കപ്പെടും. ജ്യേഷ്ഠയെ പുറത്താക്കി ചാണകംകലക്കിത്തളിച്ചു വീടും പരിസരങ്ങളും ശുദ്ധീകരിക്കുകയും ചെയ്യും. കർക്കടകസംക്രമദേവതയെ, അങ്ങിനെ, സ്വാഗതംചെയ്യാൻ നാം തയ്യാറായിക്കഴിഞ്ഞു.

കർക്കിടകമെന്നു്! അതുവരെയുണ്ടായിരുന്നതിൽനിന്നെല്ലാം വലിയൊരു വ്യത്യാസമാണു് അന്നുമുതൽ ആ മാസം മുഴുവനും കേരളത്തിലെ ഹൈന്ദവഗൃഹങ്ങളിലും ക്ഷേത്രങ്ങളിലും പ്രത്യക്ഷപ്പെടുന്നതു്. ഗൃഹങ്ങളിൽ ആബാലവൃദ്ധം, കർക്കിടകസംക്രാന്തിനാൾ പുലർകാലേതന്നെ കുളിച്ചു്, അടുത്തുള്ള ക്ഷേത്രത്തിൽ പോയി ദേവദർശനംനടത്തി, തീർത്ഥവും പ്രസാദവും വാങ്ങിവരുന്നു. വീട്ടിന്റെ പൂമുഖത്തുതന്നെ വിശുദ്ധമാക്കപ്പെട്ടൊരു സ്ഥാനത്തു് അതും ഒരു ഭദ്രദീപം കൊളുത്തിവെച്ചിരിക്കുന്നു; അതിനും പിന്നിലതാ വെള്ളക്കിണ്ടിയിൽ ഞെറിഞ്ഞമുണ്ടും, വാൽക്കണ്ണാടിയും, ദശപുഷ്പങ്ങളും, അതിനരികെ ആവണപ്പലകമേലതാ ഒരു പഴയ തളിയോലഗ്രന്ഥം. അതു രാമായണമാണു്. ഗൃഹനായികയോ അല്ലെങ്കിൽ സുമംഗലികളായ മാതൃസ്ത്രീകളാരെങ്കിലുമോ ആയിരിക്കും പ്രഭാതത്തിൽത്തന്നെ കർക്കിടകമാസത്തിലെ ഓരോനാളും ഇതെല്ലാം ഒരുക്കിവയ്ക്കുന്നതു്. ശ്രീഭഗവതിയെ—മഹാലക്ഷ്മിയെ—സ്വാഗതംചെയ്കയാണു് അതുകൊണ്ടുദ്ദേശിക്കുന്നതു്. പഴയതറവാടുകളിൽ നിലവിളക്കും വെള്ളക്കിണ്ടിയും ആവണപ്പലകയും കർക്കിടകമാസമല്ലാത്ത എല്ലാനാളുകളിലും ഇങ്ങിനെ പൂമുഖത്തുവെച്ചിരിക്കും. എന്നാൽ വലിയ ആർഭാടങ്ങളോടുകൂടിയുമേതു കർക്കിടകമാസത്തിൽമാത്രമാകുന്നു.

ചില സ്ഥലങ്ങളിൽ (കോഴിക്കോട്ടപതിവുണ്ടു്) സംക്രാന്തിനാൾ ബാലികാബാലന്മാർ പിലാവിലകുമ്പിളുണ്ടാക്കി ഒട്ടധികം കാള, പശു മുതലായവയുണ്ടാക്കി, വാഴയുടെ അണകൊണ്ടു കോൽത്തും കെട്ടിയുമുണ്ടാക്കിയതൊഴുത്തിൽ അവയെനിർത്തി, സന്ധ്യയ്ക്കുമുമ്പു്; അവയെല്ലാമെടുത്തു പുറത്തുപന്തവുംകൊളുത്തി ഗൃഹത്തിന്റെ നാലുഭാഗവും ഉത്സാഹത്തോടെപാഞ്ഞു മൂന്നുവലംവെച്ചു്, അവയ്ക്കു് അരോടു്, നന്നായ്ക്കുന്നതിൽ വർഷത്തിൽ ധാരാളം ചക്കയും മാങ്ങയും ധാന്യവും കാറും നൽകണമെന്നു് ആത്മാവിൽ നടന്നു് ഒടുവിൽ വീട്ടിന്റെ കിഴക്കുഭാഗത്തുള്ള പിലാവുവൃക്ഷത്തിന്റെയോ മാവിന്റെയോ ചുവട്ടിൽ അവല്ലും നിക്ഷേപിച്ചു തൊഴുതുപോരുകയാണു് ഒരു നേരംപോക്കുള്ള കാര്യമാണു്. കേരളീയർക്കു് ആ ദിവസം സന്ധ്യാസമയം കുട്ടികളുടെ ആർപ്പുവിളികൊണ്ടു് അന്തരീക്ഷം മുഖരിതമായിത്തീരുംഇക്കാലത്തുപോലും!

സംക്രാന്തിനാളിലെ സന്ധ്യയ്ക്കു കഴിഞ്ഞാൽ പിന്നെ വീട്ടിൽനിന്നു അതിമധുരമായി ഉയർന്നുപൊങ്ങുന്നതു കേൾക്കാം രാമായണപാരായണം. പഞ്ചത്തു രാമനും ഹനുമാനും വിരചിതമായ, ഭക്തിരസം തുളുമ്പുന്ന അദ്ധ്യാത്മരാമായണം. ഏഴുകാണ്ഡവുമുള്ള കർക്കിടകമാസത്തെ പുണ്യദിനങ്ങൾകൊണ്ടു വായിച്ചുതീർക്കുന്നതു [illegible] സ്വാമായൊരുചടങ്ങാണു് [illegible] കത്തിലെ അവസാനദിവസമായ [illegible] ണംവായിച്ചു "കാ[illegible] യൊരു പൂജയോടുകൂടി [illegible] ളോടുംകൂടിയാണെന്നതും നിസ്സാരക്ഷയുണ്ടു്. രാമായണത്തിനുപുറമെ ഭാഗവതവും വായിക്കുകപതിവുണ്ടു്. ഈ മാസംമുഴുവനും സാന്ധ്യദീപം കൊളുത്തിയാൽ, അപ്പോൾത്തന്നെ വീട്ടിലെ നാനാദോഷങ്ങളിലും തിരികത്തിച്ചുവെക്കുന്ന സമ്പ്രദായവുമുണ്ടു്. ലക്ഷ്മീദേവിയുടെ എഴുന്നള്ളത്തുപ്രമാണിച്ചാണതെന്നാണു് സങ്കല്പം.

കർക്കിടകമാസത്തിൽ ഹൈന്ദവഗൃഹങ്ങളിലും ക്ഷേത്രങ്ങളിലും നിത്യവും വിശേഷപൂജകളും നടക്കും. ഭഗവതിക്കും ശ്രീമഹേശ്വരനുമാണധികം പ്രധാന്യം. "ഈശ്വരസേവ" 'ഭഗവതിസ്സേവ' ഇവയെല്ലാം ആഘോഷപൂർവം നടക്കുന്നമാസമാണു് കർക്കിടകം. മണ്ഡലകാലം, വൈശാഖമാസം എന്നീ അതിപ്രധാനമായ പുണ്യകാലങ്ങളിൽപോലും അധികം നിഷ്ഠകൾചെലുത്താറില്ലാത്ത കേരളീയഗൃഹങ്ങളും ക്ഷേത്രങ്ങളും കർക്കിടകമാസത്തിലെ ഈശ്വരാരാധനയ്ക്കു പ്രാമാണ്യംകല്പിക്കുന്നതു ഒട്ടും അസാധാരണമല്ല. അതുകൊണ്ടുതന്നെയായിരിക്കാം, ഒരു കർക്കിടകമാസത്തിൽ കേരളാംസന്ദർശിച്ച ഉദ്ഗ്രന്ഥകാരിസ്ത്രീകൾ ഇവിടെനിന്നുതിരിച്ചു പരദേശത്തുചെന്നശേഷം അന്നാട്ടുകാരോടു്,

സ്വസ്തിൻ വേദ്മനി പൂർണ്ണാവേദ്മവിഭാതേ പൂജ്യാൻ സമാരാധയൻ
പ്രേയസ്യാം ഗുണപൂർണ്ണയാ ഗുണവതാം പുത്രേണ മിത്രേണ ച
സാർദ്ധംപ്രിയകിങ്കരേ കേരളേഷ്വനിവസൻ ഭക്ത്യാം സമാകർണ്ണയൻ
ലീലാം രാമവതാരകൃഷ്ണനരയോഃ ക്ഷേപായതേ കാലം സുധന്യോജനഃ

എന്ന സന്തോഷാത്ഭുതങ്ങളോടുകൂടി പ്രാർത്ഥിച്ചതു്.

ദീർഘദർശിയെന്നു കാലമായിട്ടുണ്ടു് നാം കർക്കിടകത്തെ വീക്ഷിക്കുകപതിവു്. ഒന്നാമതു്, മഴയുടെ മുഖ്യകാലം. അതിനാൽ പുറത്തിറങ്ങി ജോലിചെയ്യാനും കാഴ്ചകാണാനും സൌകര്യം കുറവു്. രണ്ടാമതു, മഴയുടെ തകൃതിനിമിത്തം ഫലധാന്യങ്ങൾക്കെല്ലാം വലിയ പഞ്ഞമുള്ളകാലം. അതിനാൽ ദരിദ്രനാരായണന്മാരുടെ നടപ്പും നടക്കുന്ന സമയമാണതു്. മാത്രമല്ല, അതുവരെയുണ്ടായിരുന്ന മീനം മേടം കാലങ്ങളിലെ ധനിമയൊക്കെ പെട്ടെന്നുപോയി, ദരിദ്രകരം തകർത്തമഴവർഷിക്കുന്നതിനാൽ വരുവാനുള്ള വിപരീതകാലാവസ്ഥയായി ഉണ്ടായിത്തീരുന്ന രോഗങ്ങളേടും കാലമാണു് കർക്കിടകം. അതിനെ നാമനുഭവത്തിലും വിശ്വാസത്തിലും ഈ മാസത്തിലെ ദുരിതങ്ങളെയെല്ലാം കഷ്ടപ്പെട്ടതരത്തെന്നെകരുതിയിരിക്കുന്നു. പണ്ടുള്ളവർ കർക്കിടകമാസത്തിൽ ഇശ്വരാരാധനയിലും പുരാണപാരായണത്തിലും അത്യന്തം ശ്രദ്ധചെലുത്തിയിരുന്നതു്. കർക്കിടകമാസം ദാരിദ്ര്യവും പഞ്ഞവുമുണ്ടാക്കിയേക്കുമെന്ന ഭയംനിമിത്തം ഇന്നത്തെ [illegible] പലവട്ടകാർ പല ഭക്ഷണസാധനങ്ങളും മിഥുനമാസത്തിൽത്തന്നെ സൂക്ഷിച്ചുവെക്കുകയും, ആവക സാധനങ്ങൾ (പ്രത്യേകമായി, ഉപ്പു് [illegible] കർക്കിടകമാസത്തിൽ വാങ്ങുന്നതു [illegible] ചെയ്യുന്നതും നാം പതിവുണ്ടു്.

കർക്കിടകമാസത്തിലാണു് "ഇല്ലം നിറ" നടത്തുന്നതു്. വീടുകളിലും ക്ഷേത്രങ്ങളിലും ഇതു ഒരു പ്രധാനചടങ്ങാണു്. പുതിയ നെല്ലു് ഗൃഹത്തിലേയ്ക്കുകൊണ്ടുവരുന്നതിനെ ആസ്പദിച്ചുള്ളതാണു് ഈ ചടങ്ങു്. നെൽക്കതിരുകൾ ശുഭമുഹൂർത്തത്തിൽ വീട്ടിലേക്കെഴുന്നള്ളിക്കുകയാണു് ഇതിന്റെ പ്രധാനോദ്ദേശ്യം. അതുപോലെതന്നെ കർക്കിടകമാസത്തിലെ മറ്റൊരുചടങ്ങാണു് "മുക്കുടി" യെന്നതു്. ഘോരമായ വർഷത്തിൽ ഉണ്ടാകാനിടയുള്ള ജ്വരം, അജീർണ്ണം മുതലായ രോഗങ്ങൾ ചിരതിരിക്കുന്നതിനുള്ള ഒരൌഷധമാണതെങ്കിലും, "മുക്കുടി" പണ്ടുള്ളവർ ആരാധനാപരമായൊരു പ്രാമുഖ്യമാണു നൽകിയിരുന്നതു്. ഇരിങ്ങാലക്കുട ക്ഷേത്രത്തിലെ "മുക്കുടിനിവേദ്യം" "പുത്തരിസദ്യ" എന്നീ അഘോഷങ്ങളും മേല്പറഞ്ഞവയെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം.

ദശപുഷ്പങ്ങൾക്കു് കേരളീയർ ഈ

നിരൂപണസാഹിത്യം മലയാളത്തിൽ

★

— സി. പി. ശ്രീധരൻ —

> "ആധുനികസാഹിത്യ നിരൂപകന്മാർ തങ്ങളുടെ കർത്തവ്യഗൌരവം മനസ്സിലാക്കി, എല്ലാ പക്ഷപാതങ്ങളും ആശയാദർശസംബന്ധമായ സങ്കുചിതമനസ്കതകളുപേക്ഷിച്ചു സാഹിത്യത്തെ സനാതനമായ ഒരു ലാവണ്യനിയമസംഹിതയെ മുൻനിർത്തി നോക്കിക്കാണാൻ ശ്രമിക്കുമോ? എങ്കിൽ നിരൂപണസാഹിത്യത്തിനും ഒരു ഭാവിയുണ്ട്."

കാവ്യസാഹിത്യത്തിന്റെ അഭേദ്യംശമായിട്ടാണ് മലയാളത്തിൽ നിരൂപണപ്രസ്ഥാനം ആരംഭിച്ചതു്. അതിനാൽ ആദ്യകാല മലയാളനിരൂപകന്മാർ കവികളായിരുന്നു. തോലനെയും കുഞ്ചനെയും പോലുള്ള മഹാകവികളും തത്തൽക്കാലാവശ്യങ്ങളിലെ സാമുദായികവും സാഹിത്യപരവുമായ സംഘർഷങ്ങളെ നിശിതമായ വിമർശനബുദ്ധിയോടുകൂടി കവിതകളിൽ പകർത്തിയിട്ടുണ്ടെങ്കിലും നിരൂപണം ഒരു സ്വതന്ത്രമായ സാഹിത്യപ്രസ്ഥാനമായി വ്യക്തിപരമാക്കിച്ചതു് ഏ. ആർ. രാജരാജവർമ്മയുടെയും വിദ്വാൻ നേടിനിന്നു പര്യാലോചിച്ചിരുന്ന സി. പി. അച്യുതമേനോന്റെയും കാലത്തോടുകൂടിയാണെന്നു പറയാം. സംസ്കൃതസാഹിത്യത്തിന്റെ പുറകിൽ പിടിച്ചു കൊണ്ടാണെങ്കിലും ആദ്യമായിട്ടു നിരൂപണസാഹിത്യം വളർച്ചപ്രാപിച്ചതു്. പ്രാസപ്രതിപത്തിയിൽനിന്നും ബഹിർഗമിച്ചു ഡംബരബഹുലതയിൽനിന്നും കവിതയെ—അന്നത്തെ സാഹിത്യം വിമോചനമായിരുന്ന മേഖലയിൽ വച്ചു. ആത്മാർത്ഥമൂല്യങ്ങൾക്കുവേണ്ടി വാദിച്ച രാജരാജവർമ്മ സാഹിത്യനിരൂപണരീതിയെത്തന്നെ മൌലികമായ സംസ്കരിച്ചു മഹാനുഭാവനായിരുന്നു. ആശാന്റെപ്പോലുള്ള ഒരു മഹാകവിതയേയും ഒരു നൂതന കവിതാപ്രസ്ഥാനത്തെയും അവതരിപ്പിച്ചതിൽ രാജരാജന്റെ നിരൂപണങ്ങൾക്കു അനിഷേധ്യമായ പങ്കുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. കവിപക്ഷിശാല, കവിമുഗവലി, കവിഭരതം, ചക്കീചങ്കരം മുതലായി അക്കാലത്തു വിരചിച്ച നിരവധി നിരൂപണഗ്രന്ഥങ്ങളും സാഹിത്യനിരൂപണങ്ങളുടെ കൂട്ടത്തിൽ പെടുത്താവുന്നതാണു്. കാരണം കവികളെയും കവിതകളെയും പ്രതിപാദിക്കുന്നുള്ള പക്ഷം മുഖാന്തരം സാഹിത്യപുഷ്ടിയുണ്ടാകുന്നതിനോടൊപ്പം സാഹിത്യപ്രപഞ്ചത്തിന്റെ കാര്യകാരണപുഷ്ടിയും സിദ്ധിക്കുന്നതുകൊണ്ടു കാവ്യപ്രകൃതി മനസ്സിലാക്കാൻ കഴിയുമല്ലോ. പാശ്ചാത്യവും പൌരസ്ത്യവുമായ മൂല്യനിർണ്ണയോപാധികളെ ആസ്പദമാക്കി നല്ല നിരൂപണങ്ങളെഴുതിയവരിൽ സർദാർ കെ. എം. പണിക്കർ മുന്നിട്ടുനിൽക്കുന്നു.

മാസം വ'ളരെ പ്രധാനപ്പെട്ടതാണു്. സ്ത്രീകൾ കുളികഴിഞ്ഞു ശുഭവസ്ത്രങ്ങൾ ധരിച്ചശേഷം ദശപുഷ്പങ്ങൾ തലയിൽ ചൂടുകയും ചെയ്യും.


അങ്ങിനെ ഈശ്വരനെ ഭജിച്ചും സൽക്കർമ്മങ്ങൾചെയ്തും കർക്കിടകമാസം തള്ളിനീക്കി. സമൃദ്ധിയും സുഭിക്ഷവും, ആനന്ദവും ആമോദവുംനിറഞ്ഞ പൊന്നോണക്കാലമായ ചിങ്ങമാസത്തെ നാം ഉല്ലാസപൂർവ്വം മാടവിളക്കുകൾ തെളിച്ചുകൊണ്ടു സ്വീകരിക്കുന്നു; കർക്കിടകത്തിലെ കനംകൂടിയ കാർമേഘപടലങ്ങൾനീങ്ങി, ചിത്തമോഹം ചിന്തുന്ന ചിങ്ങമാസം!

★

ആധുനികസാഹിത്യത്തിന്റെ കടന്നുകയറ്റത്തിനു പണം അല്പമെങ്കിലും എടുത്തുപറയത്തക്കതായ കൃതിയുണ്ടു്. മലയാളനിരൂപണസാഹിത്യത്തിന്റെ ഉപക്രമദശയിൽ ഇങ്ങിനെ ചൈതന്യധന്യമാക്കിത്തീർത്ത രണ്ടുജാലവിദ്യകരികളാണു് വെണ്മണിശാഖിമാനി രാമകൃഷ്ണപിള്ളയും സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ളയുമാണു്. സാഹിത്യയഥാസ്ഥിതികരുടെ കൈയ്യിലകപ്പെടാതെ മോചിപ്പിച്ചു നേരുപകർന്നുതരുന്നതിനു് ആദ്യമായി പടപൊരുതിയതു രാമകൃഷ്ണപിള്ളയായിരുന്നു. പ്രയോജനവാദിയായ രാമകൃഷ്ണപിള്ള സമുദായക്ഷേമകരമല്ലാത്ത ദുഷ്പ്രവൃത്തികളെ എത്രമാത്രം ഭർത്സിച്ചുവോ അത്രതന്നെയോ അതിലധികമോ ഉൽകടരോഷത്തോടെ വിമർശിച്ചുവന്നു. നിരൂപണത്തെ രസനിഷ്യന്ദമായ ഒരു ശാസ്ത്രമെന്നതിൽനിന്നു വികാരസുന്ദരവും കയ്യുകപ്പടവുമായ ഒരു കലയാക്കി മാറ്റിയ മനീഷിയിൽ പ്രഥമഗണനീയൻ പിള്ളയാണു്. സാഹിത്യപഞ്ചാനനനാകട്ടെ കേവലം വിദ്വൽസമായ മാർഗ്ഗനിർദ്ദേശത്തിലൂടെയാണു തന്റെ യശസ്സ്തൂപം പൊക്കിക്കെട്ടിയതു്. ഭാഷാപരവും സാങ്കേതികവുമായ വിനിവേശഭദ്രതയ്ക്കുവേണ്ടി തീവ്രവാദംചെയ്ത പി. കെ. നാരായണപിള്ള, ഉരുക്കുതിപോലുള്ള ഉൽകൃഷ്ടാദർശത്തിനുവേണ്ടിനിലകൊണ്ടപ്പോഴും ഉദ്ദേശ്യസ്ഥലത്തിലും സാങ്കേതികശൈഥില്യവും ഭാഷാവൈകല്യങ്ങളുമുണ്ടായതു ഉഗ്രമായി വിമർശിച്ചുവന്നു പതിനേട്ടാം നൂറ്റാണ്ടിലെ ആംഗ്ലേയനിരൂപകന്മാരുടെ മാതൃകയിൽ സാങ്കേതികവും ഭാഷാശാസ്ത്രപരവുമായ രാമകൃഷ്ണപിള്ളയുടെ വിധേയമാക്കി കലാമൂല്യം നിർണ്ണയിച്ചുവന്നതുകൊണ്ടു് ഈ മേഖലയിൽ നിരൂപണം ഒരു കലയായിരുന്നില്ല; പ്രത്യുത ശാസ്ത്രമായിരുന്നു എന്നു പരേതനായ മഹാകവി ഉള്ളൂർ, സി. എസ്. നായർ, ചേലനാട്ടു, കുറ്റിപ്പുറത്തു കേശവനെഴുത്തച്ഛൻ, എം. പി. പോൾ മുതലായ എത്രയോ നല്ല നിരൂപകന്മാരും നമ്മുടെ നിരൂപണസാഹിത്യത്തിലെ അനശ്വരനാമങ്ങളാണു്.

നിരൂപണം ആധുനികദശയിൽ

ഇന്നലെയുടെ ആശയങ്ങളും അവയുടെ പ്രതിനിധികളും ഇന്നത്തെ ആവശ്യങ്ങളും അവയുടെ നിഷേധകന്മാരും, നാളത്തെ പ്രതീക്ഷകളും അവയുടെ പ്രവാചകന്മാരും 'ഇന്നിൽ' ജീവിക്കുന്നുണ്ടു്. പക്ഷെ ആധുനികശക്തികളായി ഇന്നത്തെ കാലഘട്ടത്തിന്റെ പ്രതിനിധികളെ മാത്രമേ പരിഗണിച്ചുകൂടൂ. വടക്കുംകൂർ, ആറ്റൂർ, പരമേശ്വരൻനമ്പൂതിരി, ശങ്കരൻനമ്പൂതിരി, പി. ടി. കുഞ്ഞുപരിയർ മുതലായ അനേകം പരിണതപ്രജ്ഞരായ നിരൂപകന്മാർ ഇന്നലെയുടെ സന്ദേശവാഹകന്മാരാണു്. നവീനജീവിതത്തെ പ്രതിഫലിപ്പിക്കുന്ന നൂതനപ്രവണതകളെക്കുറിച്ചു ചിന്തിക്കുന്നവരല്ല, അതീതകാലത്തിന്റെ അനശ്വരൈശ്വര്യത്തെ നിറംപിടിപ്പിച്ചുകാട്ടുന്ന മണിപ്രവാളങ്ങളാണു് അവരുടെ നിരൂപണങ്ങൾ. ആ മഹാന്മാരുടെ അഭിപ്രായത്തെ നോക്കി ആധുനികകൃതികളുടെ ഒരുൽകൃഷ്ടത്വം നിശ്ചയിപ്പാൻ ഇന്നാരും മിനക്കെടാറില്ല. ഭ്രമകൽപനകളുടെ മഹത്ത്വം ഗ്രഹിക്കണമെങ്കിൽ അവരെ ആശ്രയിക്കാതെ നിവൃത്തിയുമില്ല. മലയാളസാഹിത്യത്തിൽ ഏതു ഭാഷകളിലേയും പോലെ ഒന്നാംലോകയുദ്ധത്തോടുകൂടിയുണ്ടായ നവോത്ഥാനകാലഘട്ടമാണു് ആധുനികസാഹിത്യമെന്നു വിളിക്കുന്നതു്. ആശാൻ, വള്ളത്തോൾ, ഉള്ളൂർ, നാലപ്പാടൻ, കുറിപ്പു മുതലായ മഹാകവികളുടെ രംഗപ്രവേശത്തോടുകൂടി അദ്ഭുതപൂർവ്വമായ ചൈതന്യത്തിന്റെ വേലിയേറ്റം മലയാളത്തിലുണ്ടായിട്ടുണ്ടു്. ആധുനികനിരൂപണങ്ങളുടെ അന്നത്തെക്കാലം മഹാകവികളായിരുന്നു. ചൈതന്യധന്യങ്ങളായ കാവ്യങ്ങളും നോവലുകളും നാടകങ്ങളും കഥകളും മുറയ്ക്കു സമൃദ്ധമായി നിരൂപണസാഹിത്യമുണ്ടാവുകയുള്ളൂ. ഇന്നു ഭാഷയിൽ ഏതു സാഹിത്യവിഭാഗത്തെയുംപോലെ അഭിമാനാവഹമായ അഭിവൃദ്ധി നിരൂപണപ്രസ്ഥാനത്തിനുണ്ടായിട്ടുണ്ടു്. ഇന്നു മറ്റേതു സാഹിത്യപ്രസ്ഥാനത്തിലുള്ളതിലുമേറെ മഹത്വശാലികളായ വ്യക്തികളുടെ ഒരു നീണ്ടപട്ടിക നിരൂപണരംഗത്തുണ്ടു്. നവോത്ഥാനകാലഘട്ടത്തിലെ കവികളുടെ പക്ഷം പിടിച്ചു ഓരോരുത്തരുടേയും മഹത്ത്വത്തെ ഉയർത്തിപ്പിടിക്കുന്നതിനായിരുന്നു നിരൂപകന്മാരുടെ ശ്രമം. എങ്കിലും പക്ഷപാതകലുഷമല്ലാത്ത ശുദ്ധനിരൂപണങ്ങളെക്കൊണ്ടു സാഹിത്യത്തിനു മുറയ്ക്കും വളർച്ചയുമുണ്ടാക്കിയതു് സഞ്ജയനായിരുന്നു. സാഹിത്യത്തെ തികച്ചും സാഹിത്യത്തിന്റെതായ മാനദണ്ഡങ്ങളെക്കൊണ്ടു പരിശോധിച്ച ക്ഷുദ്രകൃതികളെ നിർദ്ദാക്ഷിണ്യം ചെയ്യുവാൻതക്കവണ്ണം സഞ്ജയൻ നടത്തിയ വീരസാഹസികയത്നങ്ങളും നിരൂപകന്മാർക്കു എന്നെന്നും ഒരു മാതൃകയാകുന്നു. പുതുതായി പുറത്തിറങ്ങിക്കൊണ്ടിരിക്കുന്ന അവതാരികകളും മുഖവുരകളും പത്രമാസികകളിലെ വിമർശനക്കുറിപ്പുകളും കൂടിയെടുത്താൽ മലയാളനിരൂപണങ്ങൾക്കുണ്ടായിട്ടുള്ള അദ്ഭുതാവഹമായ വികാസമോർത്തു് അത്ഭുതപ്പെടാതിരിക്കുവാൻ നിവൃത്തിയില്ല. വാസ്തവത്തിൽ വള്ളത്തോളിനെയും നാലപ്പാടനെയും മറ്റും മഹാകവികളാക്കിയതു കുട്ടിക്കൃഷ്ണമാരാരാണല്ലൊ. ശങ്കരക്കുറുപ്പു, കുന്തിരാമൻനായർ, വെണ്ണിക്കുളം, വി. വി. കെ. വാലത്തു്, പൊറ്റെക്കാട്ടു് മുതലായ മഹാകവികളെയും കഥാകൃത്തുകളെയും വളർത്തിക്കൊണ്ടുവന്നതു് ഗോവിന്ദൻകുട്ടിനായർ, ഇ പുന്നൻനായർ, സി. എം. പി, എൻ. വി. കൃഷ്ണവാരിയർ മുതലായവരാണു്. അതുപോലെതന്നെ ചങ്ങമ്പുഴ, ഭാസ്കരൻ, ബഷീർ, വക്കം, ദേവു മുതലായ കവികൾക്കും കഥാകൃത്തുക്കൾക്കും ഉയിരും ഉണർവ്വും മാർഗ്ഗദർശനവും നൽകിയവരിൽ ബാലകൃഷ്ണപിള്ളയും, മുണ്ടശ്ശേരിക്കും, കുറിപ്പുഴയും മാത്രമല്ല സ്ഥാനവുമുണ്ടു്. എങ്കിലും കക്ഷിത്വം, വ്യക്തിപക്ഷപാതങ്ങളും, മത്സരാസക്തികളുംകൊണ്ടു് ഇത്രമാത്രം ആശയക്കുഴപ്പങ്ങളും പരസ്പരവൈരുദ്ധ്യങ്ങളും നിരൂപണത്തിൽ പ്രത്യ



ഹ്യൂവർഡാം (അണ) അമേരിക്കയിലെ കൊളറെഡോ എന്ന നദിയെ നിയന്ത്രിക്കുന്ന ഒരു പദ്ധതിയാണ്. അരിസോണ എന്നീ രണ്ടു സ്റ്റേറ്റുകളുടെ മധ്യത്തിൽ സ്ഥിതിചെയ്യുന്ന ഈ അണ ഏഴു സ്റ്റേറ്റുകൾക്കും മെക്സിക്കോയ്ക്കും ഒരു അനുഗ്രഹമാണ്. 726 അടി ഉയരമുള്ള ഈ അണ ലോകത്തിലേയ്ക്കു ഏറ്റവുമധികം ജലവൈദ്യുതി ഉല്പാദിപ്പിക്കുന്നതാണ്.

ഇപ്പോൾ ഒരു കാലഘട്ടമുണ്ടായിട്ടുണ്ട്. കുട്ടിക്കൃഷ്ണമാരാർ, ശോവിന്ദൻകുട്ടിനായർ, മുണ്ടശ്ശേരി, ഇപ്പൻനായർ, ബാലകൃഷ്ണപിള്ള, സി. എം. പി., ഗോവിന്ദപ്പിഷാരടി, പരമേശ്വരൻ, വി. കൃഷ്ണവാര്യർ, പി. ജെ. തോമസ്, കെ. എൻ. എഴുത്തച്ഛൻ അങ്ങിനെ നീണ്ടുനീണ്ടുപോകുന്ന നിരൂപകന്മാരുടെ സംഘം.

ശ്രീ. കുട്ടിക്കൃഷ്ണമാരാരെ നമ്മുടെ സാഹിത്യത്തിലെ ഒരു മഹാസംഭവമായിട്ടാണ് ഗണിക്കേണ്ടത്. ആക്ഷേപിക്കാൻ പ്രയാസമേറിയ പ്രത്യേകതരം അഭിപ്രായങ്ങളെ പുറപ്പെടുവിക്കുന്ന ഒരു ദുഷ്പ്രഭാവക്കാരനാണെങ്കിലും, തികച്ചും അനന്യകരണീയവും അസൂയാജനകവുമായ ഒരു ശൈലിയുടെ കർത്താവുകൂടിയാണദ്ദേഹം. ആ ഗംഭീരശബ്ദം ആരും കേട്ടേതീരൂ. മർമ്മസന്ധികളിലേ ആ ഗുരുത്വദണ്ഡിപതിയ്ക്കൂ. അന്തസ്സാരശൂന്യതയും സംശയപുഷ്പലതയുംകൊണ്ട് കനപ്പെട്ടവയാണവ. തികച്ചും ഗുണപക്ഷപാതിയായ ഒരു നിരൂപകനാണ് മാരാർ. നല്ലതിന്റെ നന്മയെ നന്നായി സ്തുതിക്കും. മറ്റെല്ലാം സംഹരിക്കും. ആ സംഹാരോത്സുകതയാണതിന്റെ ജീവൻ. "മാരാർ സ്നേഹിച്ചാൽ നക്കിക്കൊല്ലും എതിർത്താൽ കുത്തിക്കൊല്ലുമെന്നാണ്" സാധാരണ പറയാറ്. മികച്ച കവികളെയും ഗ്രന്ഥങ്ങളെയും അവതരിപ്പിച്ചതുകൊണ്ടെന്നതുപോലെ നമ്മുടെ ഭാവിയിലെ അത്യുത്തമങ്ങളും അത്യനർഘങ്ങളുമായ നിരൂപണഗ്രന്ഥങ്ങളുടെ കർത്തൃത്വം കൂടി അദ്ദേഹം വഹിക്കുന്നു. പ്രഥമഗണനീയനായ നിരൂപകനും മാരാരുമല്ല.

ശ്രീ: ഉള്ളൂരിൽ ശോവിന്ദൻകുട്ടിനായരെപ്പറ്റി പറഞ്ഞിരിയിക്കുകയുണ്ടായി. വിശ്വത്തോളം വിശാലമായ ഒരു ഹൃദയമുണ്ടെങ്കിലും നിഷ്പക്ഷനായിട്ടാണ് അദ്ദേഹത്തിന്റെ നിൽപ്പ്. ഒരു ഭാവിയിലും ഒരുകാലത്തും ഉണ്ടായിട്ടില്ലാത്തതുമായ വ്യക്തിത്വമുള്ള നിരൂപകനാണദ്ദേഹമെന്നുപറഞ്ഞാൽ അതിശയോക്തിയുടെ കർശമില്ല. ആദ്യംപറഞ്ഞ നിരൂപകധർമ്മങ്ങളെല്ലാം നിസ്സംശയം ഒരു കർമ്മയോഗിയെപ്പോലെ അനുഷ്ഠിക്കുകയും എല്ലാ ഭിന്നരുചികളും അഭിപ്രായഭേദങ്ങളും കൂടിച്ചേരുന്ന ഒരു കണ്ണിയെപ്പോലെ വർത്തിക്കുകയുംചെയ്യുന്നതുപോലെ ഹിമവലും പരിപക്വമായ പരിജ്ഞാനവും വിനയനമ്രമായ ഭാവവും, മിതസ്വരവുംകൊണ്ട് ആരേയും വശീകരിക്കുന്ന ഒരു ശൈലിയാണദ്ദേഹത്തിനേതും. പ്രതിയോഗികളുടെ കൃതികളായാൽപോലും ഗുണാഭിനന്ദനത്തിനു മടിക്കില്ല. ആശയപരമായ അകൽച്ചയുണ്ടെങ്കിലും കലാമൂല്യമുണ്ടായാൽ പുകഴ്ത്താനും മടിക്കില്ല. നിഷ്പക്ഷപാതിയായ ഒരു നിരൂപകൻ, ലക്ഷണയുക്തനായ ഒരു നിരൂപകൻ, സഹൃദയനായ ഒരു നിരൂപകൻ നമുക്കുണ്ടെങ്കിൽ അതു ശോവിന്ദൻകുട്ടിനായരാണ്".

തലപ്പന്തിയിൽ നിൽക്കുന്ന മറ്റൊരു നിരൂപകനാണ് ജോസഫ് മുണ്ടശ്ശേരി. വിപ്ലവാത്മകങ്ങളെന്നു വ്യവഹരിച്ചുപോരുന്ന നവീനകലാസിദ്ധാന്തങ്ങളെയും പുരോഗമനാശയങ്ങളെയും മലയാളത്തിൽ കൊണ്ടുവന്ന പഴയ സാഹിത്യകൃതികളുടെ വിലയിടിക്കുവാനും അവയുടെ സ്ഥാനത്തു നവീനകൃതികളെ പ്രതിഷ്ഠിക്കുവാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. അവതരിപ്പിക്കുന്ന അഭിപ്രായങ്ങളും ആദരണീയമല്ലെങ്കിലും അനുവാചകഹൃദയത്തിലടിച്ചേല്പിക്കുന്ന ഉജ്ജ്വലതയാണദ്ദേഹത്തിന്റെ സവിശേഷത. പക്ഷേ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്ക് അദ്ദേഹംതന്നെ മുഖ്യസ്ഥിരത കല്പിക്കാത്തതുകൊണ്ട് വിലയുള്ള നിരൂപണങ്ങളാണവയെന്നു പറഞ്ഞുകൂടാ. ധാരാളം പ്രമാണികവിമർശനകൃതികളുടെ കർത്താവായ മുണ്ടശ്ശേരി പക്ഷപാതിത്വത്തിൽ അതുടനെപക്ഷിതനാണ്. നമ്മുടെ നിരൂപണസാഹിത്യത്തിൽ ഏറ്റവുമധികം പ്രയത്നിച്ച് ഏറ്റവും പുരോഗമിച്ചിട്ടുള്ള മഹാരാജാസ് കോളേജിലെ പ്രൊഫസർ ശ്രീ: എ. ബാലകൃഷ്ണപിള്ള. പാശ്ചാത്യകലാപ്രസ്ഥാനങ്ങളെക്കുറിച്ചുള്ള അഗാധപാണ്ഡിത്യം സമ്പാദിച്ച അദ്ദേഹം സാഹിത്യകൃതികളെ അപഗ്രഥിച്ച് പരിശോധിച്ച് അന്തർഗ്ഗത സൗഭാഗ്യങ്ങളെയും വൈകല്യങ്ങളെയും പ്രകാശിപ്പിക്കുന്നതിൽ ഇന്ന പ്രസ്ഥാനത്തിൽ പെടുന്നവെന്നുപറയുകയാണ് പതിവ്. പുസ്തകങ്ങളെക്കുറിച്ചുവെക്കുന്ന അവതാരികകളും, ധാരാളം നിരൂപണകൃതികളുംകൊണ്ട് പുതിയപുതിയ സാഹിത്യപ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുത്ത വിപ്ലവകാരിയായ നിരൂപകനാണെങ്കിലും അടിയുറപ്പും ആദരർഹതയുമുള്ള അഭിപ്രായങ്ങളുണ്ടെന്നു പറഞ്ഞുകൂടാ.

മലയാളരാജ്യത്തിലെ സ്ഥിരം ഗ്രന്ഥവിമർശകനായ സി. എം. പി. (സി. മാധവൻപിള്ള) സ്വന്തം മലയാള നിരൂപകന്മാരുടെ കൂട്ടത്തിൽ സമുന്നതമായ സ്ഥാനമുണ്ട്; ഒരുപക്ഷേ അദ്ദേഹം അതിൽക്കൂടുതൽ സമുന്നതമായ സ്ഥാനമർഹിക്കുന്നു. വിപുലമായ ഗ്രന്ഥപരിചയവും നിത്യപരിശീലനവുംകൊണ്ട് മനോഹരമായ അനിരൂപണങ്ങളും സാംസ്കാരികമായി ഏറ്റവും ഉയർന്ന ഒരു ഹൃദയത്തിന്റെതാണെന്ന വിളിച്ചുപറയുന്നു. കാവ്യനാടകാദികളെക്കുറിച്ചു അഭിപ്രായം പറയുവാൻ സി. എം. പി.-ക്കുള്ള അന്യാദൃശമായ വൈദഗ്ധ്യം പ്രശംസാവഹമാണ്. ഒന്നാംതരം കവിയുമായ ആ നിരൂപകൻ കവിതയെക്കുറിച്ചു വിമർശിക്കുവാനുള്ള സവിശേഷതയുണ്ടെങ്കിലും മലയാളരാജ്യത്തിന്റെ പരിധിക്കകത്തുനിന്നു പുറത്തു പോകാത്തതുകൊണ്ട് സി. എം. പി.യുടെ മഹത്തായ സംഭാവനകൾക്ക് വേണ്ടത്ര പ്രചാരമുണ്ടായിക്കഴിഞ്ഞിട്ടില്ല.

വിസ്തൃതമായ പരിജ്ഞാനത്തെ കൈമുതലാക്കിയ ഒരു നിരൂപകനാണ് ശ്രീ: എൻ. വി. കൃഷ്ണവാരിയർ. ഗഹനഗഹനങ്ങളായ എന്തിനെയും ലഘുവായി അനായാസം വിവേചിച്ചറിയാനുള്ള അദ്ദേഹത്തിന്റെ കഴിവ് അനന്യസാധാരണമാണ്. അതീവ നവീനങ്ങളായ പല കൃതികളുടെയും നിരൂപണത്തിൽ അദ്ദേഹം കാണിച്ച നിപുണതയും, പുതിയ ചില വീക്ഷണഗതികൾക്കും അദ്ദേഹം വേണ്ടി നടത്തുന്ന വിശദീകരണമെല്ലാം ഇന്നത്തെ നമ്മുടെ സാഹിത്യരംഗത്തിന് ഉണർവുണ്ടാക്കിയിട്ടുണ്ടല്ലോ. ശ്രീ. ഇപ്പൻനായരുടെ പുതുമയുള്ള സ്വരത്തിലും, സംവാദനതയിലും കാവ്യങ്ങളെ ഒരു മധ്യർദ്ധത്തിൽവെച്ചു കാണുന്നു ആളാണ്. ചെറുപ്പക്കാരുടെ കൂട്ടത്തിൽ കൂടിയതുകൊണ്ടു നിഷ്പക്ഷതപുലർത്തുകയും, സാഹിത്യത്തെ സാഹിത്യത്തിന്റെ മാനദണ്ഡങ്ങൾവെച്ചു സമീക്ഷിക്കുകയും ചെയ്യുന്ന ഇപ്പൻനായർക്ക് നമ്മുടെ കൂട്ടത്തിൽ അടിത്തറയുണ്ടെന്നു തോന്നുന്നു. കുറിപ്പുഴ കൃഷ്ണപിള്ളയുടെ ഭൗതികശാസ്ത്രത്തിന്റെയും മാർക്സിസത്തിന്റെയും കണ്ണാടിയിൽ സാഹിത്യത്തെ പരിശോധനചെയ്യുന്നതും ശ്രദ്ധേയമാണ്. അതിനാൽ ആ കാഴ്ചപ്പാടിനു പൂർണ്ണതയുണ്ടെന്നു പറഞ്ഞുകൂടാ. ഇവരെ കൂടാതെതന്നെ നല്ല നിരൂപണങ്ങളെഴുതുന്ന അനേകം മഹാന്മാരായ നിരൂപകന്മാരുണ്ട്. അവരെ മറുപലതിന്റെയും അംശങ്ങൾ ഏറിനിൽക്കുകയാൽ നിരൂപകരെന്നു വിളിക്കുന്നതു അത്ര സമുചിതമാണോ എന്നു സംശയമുണ്ട്.

നിരൂപണം വഴിത്തിരിവിൽ

സാഹിത്യത്തിന്റെ എല്ലാംശാഖകളുംതന്നെ ക്രമാധികം ജനകീയമായിത്തീരുകയാൽ ഒരു സാഹിത്യകൃതിക്കു അവതരിക്കയോ വ്യാഖ്യാനമോകൂടാതെതന്നെ ജനഹൃദയത്തിലേക്കു കടക്കുവാൻ കഴിയുന്നതാണ്. തെളിപ്പാതമെ മാത്രംനോക്കുന്ന ജനതയ്ക്കുവേണ്ടി നിർമ്മിക്കുന്ന ആ കൃതികളിൽ ആന്തരികരഹസ്യങ്ങളൊന്നുംതന്നെയില്ലായ്കയാൽ നിരൂപകന്റെ സൂക്ഷ്മദൃഷ്ടിക്കു പ്രവൃത്തി ലഭിക്കുന്നില്ല.


ജനസമാന്യത്തിന്റെ സമുദ്ധാരണം എന്ന ഉദ്ദേശ്യത്തിലായിരുന്നു എന്നു വിചാരിക്കുന്നതായാലും അന്യനാടായിക്കണ്ടിട്ടാണെന്നുള്ള ഒരാരോപണം ഉണ്ടായിട്ടുണ്ട്. ഞങ്ങളുടെ നിരൂപണസാഹിത്യത്തിന്റെ പരിതഃസ്ഥിതിയല്ല മലയാളത്തിലിരുന്നുകൊണ്ടുതന്നെ". കവിത, നോവൽ, നാടകം, ചെറുകഥ, പ്രബന്ധം മുതലായ സാഹിത്യപ്രസ്ഥാനങ്ങളും ചൈതന്യസമുജ്ജ്വലങ്ങളാകുന്നുവെങ്കിലേ, നിരൂപണസാഹിത്യത്തിനും ഉൽവലിപ്പമുണ്ടാകൂ. സാഹിത്യശാഖകളെല്ലാം പുഷ്ടിഗമായ ഇന്നത്തെ സാഹചര്യങ്ങളിൽ നിരൂപണങ്ങളും ഒന്നു പിൻവലിഞ്ഞിരിക്കയാണ്". തങ്ങളുടെ വിമർശപാടവം പ്രകടമാക്കൽ പാരമ്പര്യമുള്ള വിഭാഗമായ പുരുഷന്മാരുടെയും കൂടെക്കൊണ്ടുനടക്കുന്ന പ്രമാണികരായ നമ്മുടെ നിരൂപകന്മാർ പുരാണേതിഹാസങ്ങളിലേക്കും പ്രാചീനസാഹിത്യങ്ങളിലേക്കും ശ്രദ്ധിക്കാൻ കാരണം, കുട്ടിക്കുപ്പായക്കാരുടെ ഭരതപയ്യടനവും ഇതിഹാസനിരൂപണങ്ങളും പുതുതായ വിമർശനവീഥിയെന്നു പിട്ടുണ്ട്. മുഖ്യതിയും മാറ്റമെന്നു നിരൂപകന്മാരും ഈ വീഥിയിലൂടെ സഞ്ചരിക്കുന്നുമുണ്ട്". അപ്പോൾ ആധുനികരായ മഹാരഥന്മാരിൽ ഉള്ള നിരൂപണസാഹിത്യം ശക്തിക്ഷയംകൂടാതെ മുന്നോട്ടുപോകുമെന്നു പ്രതീക്ഷിക്കാവുന്നതാണ്". എന്തായാലും ഇതെന്തു വഴിത്തിരിവാണെന്നു സമ്മതിക്കാതെതരമില്ല.

ഭാവി ഭദ്രമല്ല


സാങ്കേതികപരിജ്ഞാനം ഇന്നത്തെ സാഹിത്യകൃതികൾക്കു ആവശ്യമാണെന്നുവരുകിൽ; അതിന്റെ അഭാവത്തിൽ ഒരു മഹത്കൃതിയുടെ സൃഷ്ടിയും അസാധ്യമായിക്കൊള്ളുമെന്ന ഒരാരോപണം ഉദ്ഭവിച്ചു. ഞങ്ങളുടെ നിരൂപണസാഹിത്യത്തിന്റെ ഭാവി ആശങ്കാജനകമാണ്". നിരൂപണസാഹിത്യത്തിന്റെ ഭാവി ആശങ്കാജനകമാണെങ്കിൽ സാഹിത്യത്തിലെ സർവ്വശാഖകൾക്കും ഭാവിയില്ലെന്നു തീർച്ച. നിരൂപണസാഹിത്യത്തിന്റെ ഭാവിതന്നെ മറ്റൊരു സ്മരണകണമെങ്കിൽ നവീനനായ ഒരു സാഹിത്യവിമർശകനുണ്ടാകണം; സാഹിത്യത്തിനു വിമർശനമുണ്ടാകും; സാഹിത്യത്തിനു വിമർശനമുണ്ടാകുന്നതിനും പുതിയ പുതിയ സാഹിത്യരൂപങ്ങൾ ഉണ്ടാകണം. അപ്പോൾ എങ്ങിനെ



ഒരു ഹംഗേറിയൻബാലിക നഴ്സറിയിലെ രാവിലത്തെ ആഹാരം ആസ്വദിക്കുന്നു.



എവറസ്റ്റിന്റെ ജേതാക്കൾ — ടൈഗർ ടെൻസിംഗ്, കേണൽ ഹണ്ട്, ഹിലറി എന്നിവർ ഡൽഹിയിൽ. വലതുനിന്ന്:- മി. സിംഗാ (നേപ്പാ ളീസ് എംബസ്സി), മിസ്സിസ്സ് ടെൻസിംഗ്, നേപ്പാൾ അംബാസ്സഡർ, ടെൻസിംഗ്, ടെൻസിംഗിന്റെ പുത്രി.



രാജഘട്ടിൽ — സർ ജോൺ ഹണ്ട് (വലതുനിന്ന രണ്ടാമൻ) ശ്രീ. ടെൻസിംഗ് നോക്കേ (ഇടതുനിന്ന രണ്ടാമൻ) എന്നീ എവറസ്റ്റ് ആരോഹണ സംഘാംഗങ്ങൾ ഗാന്ധിസമാധിയിൽ പുഷ്പാർച്ചന നടത്തുന്നു.

ഫ്രഞ്ച് സോഷ്യലിസ്റ്റുകൾ

സെൻറ് സൈമൺ, ഫോറിയർ, ലൂയി സ്ബ്ളാങ്ക്

കെ. ആർ. രാമചന്ദ്രൻനായർ ബി. എസ്സ്സി.

പതിനെട്ടാം നൂറ്റാണ്ടിൽ യൂറോപ്പിൽ നടന്ന വ്യവസായികവിപ്ലവവും അതിൻറെ അനന്തരഫലങ്ങളും ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിക്കുകയായിരുന്നുചെയ്തു. വ്യവസായികമുതലാളിമാർ സകല സമ്പത്തികശക്തിയും ഒരാനുകൂല്യത്തെയും കൈക്കലാക്കിക്കൊണ്ടേ സാധാരണക്കാരെ ചൂഷണംചെയ്തു വിജയകരമായി നിലനിന്നുപോന്നു. തൊഴിലാളികളുടെ അഭാപനത്തിൻറെ സമയക്കൂടുതൽ, അധികമായ കൂലിയില്ലായ്മ, അനാരോഗ്യകരങ്ങളായ ചുറ്റുപാടുകൾ ഇവയെല്ലാം ദിനംപ്രതി തകർന്നുകൊണ്ടിരുന്നു. ഈ വ്യക്തമായ വൃത്യാസങ്ങൾക്കു രൂപംകൊടുത്തുകൊണ്ടും, അവയുടെ സംമൂഹ്യകാരണങ്ങൾ ചികഞ്ഞു കണ്ടുപിടിച്ചുകൊണ്ടും മനുഷ്യസ്നേഹികളായ ബുദ്ധിജീവികൾ മുന്നോട്ടുവന്നു. അവശതയനുഭവിക്കുന്ന ജീവിപക്ഷത്തിൻറെ ചേരിയിൽ നിന്നവർ വാദിച്ചപ്പോൾ അവർ സ്വാഭാവികമായി ഭരണകൂടത്തിൻറെ അതൃപ്തിക്കും ചിലപ്പോഴൊക്കെ ശിക്ഷയ്ക്കും പാത്രമായിരുന്നു. ഈ സാമൂഹ്യചിന്തകന്മാരെ സോഷ്യലിസ്റ്റ് ചിന്തകന്മാരെന്നു വ്യവഹരിക്കുന്നു. കാരണം അവർ സമൂഹത്തിൻറെ സാമ്പത്തികസാമൂഹ്യനന്മയ്ക്കു വേണ്ടിയുള്ള ആശയനേതൃത്വം നൽകുകയായിരുന്നു ചെയ്തത്.

പതിനെട്ടാംനൂറ്റാണ്ടിൻറെഅന്ത്യത്തിൽ ഇംഗ്ലണ്ടിൽ ചാർട്ടിസ്റ്റ് പ്രസ്ഥാനം (Chartist movement) ത്തിൻറെ രൂപത്തിൽ വളർന്നുവന്ന ബഹുജനപ്രസ്ഥാനം ഈ നൂതനചിന്താഗതിയുടെ വളർച്ചയേയാണു സൂചിപ്പിച്ചിരുന്നത്. ഇംഗ്ലണ്ടിലെന്നപോലെതന്നെ ഫ്രാൻസിലും ഈ നവീനശയങ്ങളുടെ അലയടി ഉണ്ടായി. ഈ അലയടിയുടെ ആഴത്തിൽനിന്നും ഉയംചെയ്ത രണ്ടു വലിയ ചിന്തകരും രാഷ്ട്രീയപ്രവർത്തകനുമായിരുന്നു സെൻറ് സൈമൺ. യഥാർത്ഥത്തിൽ പ്രഞ്ച് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിനു് അസ്ഥിവാരമിട്ടതു സെൻറ സൈമൻറെ പ്രവചനങ്ങളും പ്രവർത്തനങ്ങളുമായിരുന്നു. അദ്ദേഹത്തിൻറെ ജീവിതകാലം (1760-1825) വ്യവസായികമുതലാളിത്തത്തിൻറെ ബാല്യമുഖങ്ങളായ വളർച്ചയുടെ കാലഘട്ടമായിരുന്നു. അന്നു സാവധികമായി നിലവിലിരുന്ന സാമൂഹ്യചിന്താശൈലികളെ അദ്ദേഹം നിശേധിക്കയും, തൻറേതായ ചില പുതിയ ചിന്താസരണികളെ സമൂഹത്തിനു സംഭാവനചെയ്യുകയും ചെയ്തു. ഏകദേശം ഒരു ശതാബ്ദത്തിനുശേഷം കാറൽ മാർക്സ് ശാസ്ത്രീയമായ വിശദീകരണം നൽകിയ വർഗ്ഗസമരസിദ്ധാന്തത്തിൻറെ അസ്പഷ്ടമായിട്ടെങ്കിലും ഒരു രൂപംനൽകാൻ സാധിച്ച ഏക ആദിമസോഷ്യലിസ്റ്റ് സെൻറ സൈമണായിരുന്നു. വർഗ്ഗരഹിതമായ ഒരു സമുദായത്തിൽമാത്രമേ സുഭിക്ഷതയും സമാധാനവും സുസ്ഥിരമായിരിക്കുകയുള്ളുവെന്ന് അദ്ദേഹം പ്രവചിച്ചു. മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യുന്ന സമ്പ്രദായം നിത്തി. മനുഷ്യൻ സമൂഹമായി പ്രകൃതിയെ കീഴടക്കി പ്രകൃതിവിഭവങ്ങൾ തുല്യമായി അനുഭവിച്ചുകഴിയുന്ന ഒരു വ്യവസ്ഥിതിയാണ് അദ്ദേഹം വിഭാവനചെയ്തത്. തലമുറകളായി നിന്നുവന്ന അസമത്വത്തിൻറെയും സാമൂഹ്യനീതികളുടെയും അടിസ്ഥാനമായ അസ്ഥിവാരത്തിലാണ് മുതലാളിത്ത വ്യവസ്ഥിതി വളർന്നതെന്നും, ഈ വ്യവസ്ഥിതിയെ ചരിത്രത്തിൻറെ ചാണകക്കല്ലിൽ വലിച്ചെറിഞ്ഞ്, പരസ്പരസഹകരണത്തിലും സാമൂഹ്യസമത്വത്തിലും അധിഷ്ഠിതമായ ഒരു നൂതനവ്യവസ്ഥിതിയിലൂടെ മനുഷ്യൻ പുരോഗമിക്കുന്നുവെങ്കിൽമാത്രമേ ശാശ്വതസുഖവും ശാന്തിയും കൈവരികയുള്ളുവെന്ന് അദ്ദേഹം മനസ്സിലാക്കി. ആ നൂതനവ്യവസ്ഥിതിയിൽ സകല ഉല്പാദനോപകരണങ്ങളും വിഭവങ്ങളും സമുദായത്തിൻറെ പൊതുമുതലായിരിക്കുമെന്നും ഉല്പാദനവും വിതരണവും ആവശ്യത്തിൻറെ അടിസ്ഥാനത്തിലായിരിക്കുമെന്നും അദ്ദേഹം സിദ്ധാന്തിച്ചു.

രാഷ്ട്രീയവും സാമൂഹ്യികവുമായ ഈമാതിരി തത്വസംഹിതകൾക്കുപരമേ, മതത്തിൻറെ കോള്ളരുതായ്മകൾക്കെതിരായി ആശയസമരംനടത്താനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. ക്രിസ്തുമതത്തിൻറെ സാമ്പത്തികപ്രവചനങ്ങളുടെ അടിസ്ഥാനത്തിലും പുതിയ ശാസ്ത്രീയസത്യങ്ങളുടെ വെളിച്ചത്തിലും ഒരു പുതിയ മതബോധം ജനങ്ങളിൽ വളർത്തുവാൻ അദ്ദേഹം ഉദ്ദേശിച്ചു. മനുഷ്യൻറെ സ്വതന്ത്രമായ മാനസികവികാസത്തിനെതിരായി മതത്തിൻറെ കടുത്തകൈകടത്തൽ പ്രയത്നിക്കുന്നുവെന്ന തത്വം മനസ്സിലാക്കി സാമൂഹ്യകാര്യങ്ങളിലെന്നപോലെതന്നെ, ലൈംഗികകാര്യങ്ങളിൽപോലും മനുഷ്യൻ സ്വതന്ത്രനായിരിക്കണമെന്നദ്ദേഹം വാദിച്ചു.

സെൻറ്സൈമൻറെ തത്വസംഹിതകൾ അദ്ദേഹത്തിൻറെ ജീവിതകാലത്തു് സ്വന്തമായ രാഷ്ട്രീയപ്രസ്ഥാനങ്ങൾക്കൊന്നും നേതൃത്വംനൽകിയിരുന്നില്ലെങ്കിലും പിൽക്കാലത്തു സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിനു മാർഗ്ഗദർശകമായി ഭവിച്ചിട്ടുണ്ട് എന്നും മാത്രമല്ലാ പിൽക്കാലത്തെ സോഷ്യലിസ്റ്റ് ചിന്തകന്മാരിൽ പലരും ഈ തത്വസംഹിതകളുടെ വെളിച്ചത്തിലാണ് തങ്ങളുടെ സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചതു. 1830-ൽ ഫ്രാൻസിലുണ്ടായ വിപ്ലവത്തിലും മറ്റു സാമൂഹ്യരാഷ്ട്രീയപ്രസ്ഥാനങ്ങളിലും കൂടി സെൻറ് സൈമൻറെ പ്രസ്ഥാനങ്ങളെ നിലനിർത്തിക്കൊണ്ടുപോന്നതു് എൻഫാൻറിൻ (Enfantin) ബസ്സാർഡ് Bazard എന്നീ രണ്ടു പ്രസിദ്ധരാഷ്ട്രീയപ്രവർത്തകരായിരുന്നു.

സെൻറ് സൈമൻറെ സമകാലീനരായി, ഫ്രാൻസിലുണ്ടായിരുന്ന പുനരുജ്ജീവനങ്ങളിലും പ്രസിദ്ധ സോഷ്യലിസ്റ്റ് ചിന്തകന്മാരിലും ഒരാളായിരുന്നു ഫോറിയർ (1772-1837). സെൻറ് സൈമൺ ചരിത്രസത്യങ്ങളുടെ വെളിച്ചത്തിൽ സാമൂഹ്യനിയമങ്ങളെ പ്രതിപാദിച്ചപ്പോൾ ഫോറിയർകൂടുതൽ, സ്വന്തം ചിന്താശക്തിയിലൂടെ ലോകത്തെ ഭർത്സിച്ചു തൻറെ തത്വസംഹിതകളെ ആവിഷ്കരിക്കയാണു ചെയ്തതു. അദ്ദേഹത്തിൻറെ പല പ്രവചനങ്ങളും അസംബന്ധങ്ങളും അസമർത്ഥങ്ങളുമായിരുന്നു. മാത്രമല്ല, ഭൗതികയാഥാർത്ഥ്യങ്ങളെക്കാളേറെ ആദർശനിഷ്ഠകളുമായുള്ള അദ്ദേഹത്തിൻറെ ചേർച്ച അദ്ദേഹത്തെ ഒരു സങ്കല്പികസോഷ്യലിസ്റ്റും (Utopian Socialist) ആക്കുകയുംചെയ്തു.

പ്രകൃതിയിൽകാണുന്ന സ്വാഭാവികമായ പരസ്പരാകർഷകത്വത്തിലുള്ള വിശ്വാസമാണ് അദ്ദേഹത്തിൻറെ തത്വസംഹിതയുടെ മൗലികമായ മർമ്മം. എല്ലാം സാമൂഹ്യകെട്ടുപാടുകളും മനുഷ്യൻറെ മാനസികപ്രവണതകളെ മനസ്സിലാക്കിക്കൊണ്ടും, ഹൃദയവികാരങ്ങളെ ആദരിച്ചുകൊണ്ടും സൃഷ്ടിക്കപ്പെട്ടതായിരിക്കണമെന്ന് അദ്ദേഹം അനുശാസിച്ചു. നിലവിലിരിക്കുന്ന മുതലാളിത്തവ്യവസ്ഥിതിയിൽ മനുഷ്യൻറെ ഹൃദയവികാരങ്ങൾപോലും തടസ്സപ്പെട്ടുനിൽക്കുന്നുവെന്നും അവ സാമൂഹ്യവിരുദ്ധപ്രവണതകളായി രൂപംകൊള്ളുന്നുവെന്നും അദ്ദേഹം മനസ്സിലാക്കുകയും, അതുകൊണ്ട് ഈ വ്യവസ്ഥിതിയുടെ നാശം ആവശ്യവും അനിവാര്യവുമാണെന്ന് പ്രവചിക്കയുംചെയ്തു. കൂട്ടുകുടുംബിയുടെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന കർഷകസംഘങ്ങളെയാണ് പുതിയ വ്യവസ്ഥിതിയുടെ അസ്ഥിവാരമായി അദ്ദേഹം വിവക്ഷിച്ചിട്ടുള്ളത്. സ്വകാര്യസ്വത്തുടമയും, വർഗ്ഗസമരസിദ്ധാന്തമോ അദ്ദേഹത്തിൻറെ വിമർശനത്തിനു വിധേയമായില്ലെങ്കിലും, മുതലാളിത്തസമ്പത്തിക ഘടനയുടെ അനാശാസ്യതയും, അഭാപനത്തിൻറെ മാഹാത്മ്യവും അദ്ദേഹത്തിൻറെ ചിന്തയ്ക്കു വിഷയമായിട്ടുണ്ട്. പ്രതിഫലത്തിൻറെ മാനദണ്ഡം അഭാപനമായിരിക്കണമെന്നു സെൻറ് സൈമൺ വാദിച്ചപ്പോൾ, ഉല്പാദനവിഭവങ്ങളെ വിതരണംചെയ്യുന്നതിൽ അഭാപനം, മൂലധനം, നിർമ്മാണത്തിലുള്ള വൈദഗ്ദ്ധ്യം ഇവ മാർഗ്ഗദർശകങ്ങളായിരിക്കണമെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്.

ഫോറിയറിൻറെ സിദ്ധാന്തങ്ങളും ശാസ്ത്രീയങ്ങളല്ലായിരുന്നുവെന്നു മാത്രമല്ല ഉപരിപ്ലവങ്ങളുമായിരുന്നു. പിൽക്കാലത്തു് ഫ്രാൻസിലും അമേരിക്കയിലും ഉണ്ടായ പലപല രാഷ്ട്രീയപ്രസ്ഥാനങ്ങളിലും അദ്ദേഹത്തിൻറെ തത്വസംഹിതയുടെ സ്വാധീനശക്തി പ്രവർത്തിച്ചിരുന്നുവെങ്കിലും കാലാന്തരത്തിൽ അവ പരാജയപ്പെടുകയാണുണ്ടായതു.

ഫോറിയറിൻറെ കാലശേഷം ഫ്രഞ്ച് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിനു നേതൃത്വംനൽകിയതു ലൂയി ബ്ളാങ്കാണ് (1813-82). [illegible] ഭരണകൂടം കൊണ്ടുവന്ന വിപ്ലവകരമായ സാമ്പത്തികസ്കീമുകൾ പരാജയമടഞ്ഞതിനെത്തുടർന്നുണ്ടായ സങ്കല്പിക സോഷ്യലിസ്റ്റായിരുന്ന അദ്ദേഹം. ആദിമസോഷ്യലിസ്റ്റ് ചിന്തകന്മാരുടെയും ശാസ്ത്രീയസോഷ്യലിസ്റ്റുത്തിൻറെ ഉപജ്ഞാതാക്കളായ മാർക്സ്, എംഗൽസ് എന്നിവരുടെയും മധ്യവർത്തിയായിട്ടാണ് ഇദ്ദേഹത്തെ കണക്കാക്കുന്നതു. മറ്റു സോഷ്യലിസ്റ്റുകളെപ്പോലെതന്നെ ഇദ്ദേഹവും മുതലാളിത്തത്തിൻറെ സമ്പത്തികഘടനയെ ശക്തിയായ ഭാഷയിൽ വിമർശിച്ചിട്ടുണ്ട്. അരാജകവാദികളെപ്പോലെ, രാഷ്ട്രത്തെ അപലപിച്ചില്ലെന്നുമാത്രമല്ല, അതിനെ സാമൂഹ്യപരിഷ്കരണാദർശങ്ങളുടെ ഒരു ഉപകരണമാക്കാമെന്നുകൂടി അദ്ദേഹം വിശ്വസിച്ചു. മറ്റു സോഷ്യലിസ്റ്റ് ചിന്തകന്മാരെക്കാൾ ബ്ളാങ്കിനുള്ളതേതു, രാഷ്ട്രീയവിപ്ലവത്തിനുശേഷം മാത്രമേ സാമ്പത്തികവിപ്ലവം സാധ്യമാകുവെന്നു അദ്ദേഹം മനസ്സിലാക്കിയിരുന്നുവെന്നുള്ളതാണ്. നിലവിലിരിക്കുന്ന ഭരണകൂടത്തിൻറെ സഹായത്താൽതന്നെ സംഘടിതങ്ങളും കാലാന്തരത്തിൽ

ഇന്ത്യൻവിദ്യാർത്ഥികൾ ബ്രിട്ടനെ "കണ്ടെത്തുന്നു"

★

— ഫിലിസ് ഡേവീസ് —

ബ്രിട്ടീഷ് സാംസ്കാരികജീവിതത്തിലും കേമ്പ്രിഡ്ജുകളിലും സാങ്കേതിക വിദ്യാലയങ്ങളിലും അതുപോലുള്ള മറ്റു സ്ഥാപനങ്ങളിലും പഠനം നടത്തുന്ന വിദേശ വിദ്യാർത്ഥികളുടെ സംഘങ്ങൾ ഓരോ ഒഴിവുകാലങ്ങളും രാജ്യത്തു ചുറ്റിസഞ്ചരിക്കുന്നതിനും നടത്താൻ വിനിയോഗിക്കുന്നു. അതിനു സഹായമൊക്കെ ചെലവിടേണ്ടിവരുമെങ്കിലും വ്യത്യസ്തവും വിവിധവുമായ അനുഭവങ്ങളുണ്ടാകുവാൻ പ്രയോജനപ്പെടുകയും ചെയ്യുന്നു. ഈ ഒഴിവുകാലപര്യടനങ്ങളും സന്ദർശനങ്ങളും അവധിക്കാലത്തെ പരിശീലനങ്ങളെന്ന നിലയിൽ ബ്രിട്ടീഷ് കൗൺസിൽ സംഘടിപ്പിക്കുന്നു. ഏറ്റവും ചുരുങ്ങിയ ചെലവിൽ വിദേശവിദ്യാർത്ഥികൾക്കു ബ്രിട്ടീഷ് ജീവിതസമ്പ്രദായങ്ങളും ബ്രിട്ടനിടത്തെ വ്യവസായവാണിജ്യങ്ങളും ചരിത്രപ്രധാനമായ സ്ഥലങ്ങളും സാമാന്യ ജനങ്ങളും പൊതുവെയുള്ള എങ്ങനെയുള്ളതാണ് മനസ്സിലാക്കിക്കൊടുക്കുന്നതിലാണ് ഈ പര്യടനങ്ങൾ ആവിഷ്കരിച്ചിട്ടുള്ളത്.

ഈ മാതിരി 'കോഴ്സു'കൾക്കു വേണ്ടി കഴിഞ്ഞ കാലങ്ങളിൽ ചെലവിട്ടുന്ന 58 രാജ്യങ്ങളിലെ യുവവിദ്യാർത്ഥിവിദ്യാർത്ഥിനികളിൽ അസംഖ്യം പേർ [illegible] പങ്കെടുത്തിട്ടുണ്ട്. ബ്രിട്ടനിലെ പല വിവരങ്ങളും ബ്രിട്ടനെപ്പറ്റി പഠിച്ചുകൊണ്ടുവന്നു അവർ സ്വന്തനാടുകളിലേക്കു മടങ്ങിപ്പോവുക.

ഈ നിരീക്ഷകരിൽ പ്രധാനിയായ ഒരു വിദ്യാർത്ഥിയാണ് അലഹബാദ് സ്വദേശിയായ ഇപ്പോഴത്തെ കാരൻ [illegible] എൻ. സാപ്രൂ. അയാളും [illegible] സ്കൂൾ ഓഫ് സാമ്പത്തികശാസ്ത്രവും ജോൺസ് കോളേജിലെ [illegible] സയൻസും പഠിച്ചുകൊണ്ടിരുന്നു കയാണ്. കഴിഞ്ഞ അവധിക്കാലങ്ങളിൽ ഈ കോഴ്സുകളിൽ ചേർന്ന 800 വിദ്യാർത്ഥികളിലൊരാളാണ് സാപ്രൂ. പുസ്തകങ്ങൾക്കു പ്രസിദ്ധിയാർജ്ജിച്ച സിസിലി വെബുകളും സന്ദർശിച്ചുശേഷം മി: സാപ്രൂ പ്രസ്താവിച്ചതു് "ഞാൻ ഉദ്ദേശിച്ചതുപോലെ ഒരു പക്ഷേ" മായിരുന്നു അതെന്നാണ്.

പുഷ്പോത്സവം

"ഞങ്ങളെപ്പോലെ കാത്തുസൂക്ഷിക്കുന്നു" ബ്രിട്ടീഷ് കൗൺസിൽ സംഘാടകന്മാരിലൊരാളായ തോമസ് മാൽത്തെയുടെ പുഷ്പോത്സവം ദർശിച്ചു എന്നും പിന്നീട്, കാട്ടുപൂക്കളും ദേവാലയങ്ങളും പുരാണികമായ കൊട്ടാരങ്ങളും സന്ദർശിച്ചു എന്നും അയാൾ എന്നോടു പറഞ്ഞു. ആളുകളുടെ സൽക്കാരപ്രിയതയും പെരുമാറ്റവും എന്നെ അത്ഭുതപ്പെടുത്തി. പരസ്പരതോന്മേഷം തോട്ടം, യുവജനക്ലബ്ബുകളും ഞങ്ങളെ സൽക്കരിച്ചു. കോൺവാളിലെ കലാകാരന്മാർ ഞങ്ങളെ സ്റ്റുഡിയോകളിൽ കൊണ്ടുപോയി അവരുടെ ചിത്രങ്ങളും കാണിച്ചുതന്നു. 10-നും 70-നും മദ്ധ്യേ പ്രായമുള്ള ചിലപ്പോൾ കൂടിയും ഞങ്ങളും ദർശിക്കുകയുണ്ടായി. "രണ്ടു കൊല്ലം ബ്രിട്ടനിൽ കഴിച്ചുകൂട്ടിയ സാപ്രൂ മുന്നോട്ടിക്കൽ ബ്രിട്ടീഷ് കൗൺസിൽ 'കോഴ്സു'കൾ സ്വീകരിച്ചതിനെപ്പറ്റി ഇങ്ങനെ പറഞ്ഞു." ഒരിക്കൽ ഞാൻ ഷേക്സ്പീയറുടെ ജന്മദേശമായ സ്ട്രാറ്റ്ഫോർഡിൽ പോയി. ഷേക്സ്പീയറെക്കുറിച്ചു് എൻറെ അറിവിൽ പെട്ടിട്ടില്ലാത്ത പല സംഗതികളും ഞാൻ പഠിച്ചു. അടുത്ത അവധിക്കാലത്തു് സ്കോട്ട്ലണ്ടിൽ പോകണമെന്നുദ്ദേശിക്കുന്നു".

കേമ്പ്രിഡ്ജിലെ മറ്റൊരു വിദ്യാർത്ഥിയായ മി. ഡി. എസ്. കുംടേക്കർ സ്കോട്ട്ലണ്ടിലാണ് അവധിക്കാലങ്ങൾ കഴിച്ചുകൂട്ടിയത്. 23 രാജ്യങ്ങളിൽനിന്നായി 50 വിദ്യാർത്ഥികൾ സർവ്വതോട്ടർ സ്കോട്ടിൻറെ രാജ്യം സന്ദർശിച്ചു. അക്കൂട്ടത്തിലായിരുന്ന കുംടേക്കർ ഇയാൾ പീറ്റർ ഹൗസിൽ ചരിത്രം പഠിച്ചുകൊണ്ടിരിക്കുന്നു. 24 വയസ്സുകാരനാണ്. ഈ പര്യടനത്തെപ്പറ്റി മി: കുംടേക്കർ ഇങ്ങനെ പറഞ്ഞു. "സ്കോട്ട്ലണ്ടിൻറെ പ്രകൃതിരമണീയതയെക്കുറിച്ചും ജീവിതരീതിയെക്കുറിച്ചും ഞങ്ങൾ സരസമായ സംഭാഷണങ്ങളും നടത്തി. ചൈതന്യവത്തും ഉത്സാഹഭരിതരുമായ ഞങ്ങളുടെ ഒരുമ എന്നെ വളരെ സന്തോഷിപ്പിച്ചു." തുടർന്ന് അദ്ദേഹം ബ്രിട്ടീഷ് കൗൺസിലിൻറെ കാര്യക്ഷമതയേയും വിദ്യാർത്ഥികളിലുള്ള താല്പര്യത്തെയും മുക്തകണ്ഠം പ്രശംസിച്ചു.

വെയിൽസിൽ കോഴ്സുകഴിച്ച രണ്ടു് ഇന്ത്യക്കാർ ഡോ. ആർ. സി. പോളും ഹൊഷിയാർപൂർ) 19 വയസ്സുള്ള ആലി മഹമ്മദ് ബൈഗ് (ഹൈദ്രബാദ്) മാണ്. ആദ്യത്തെയാൾ കേമ്പ്രിഡ്ജിൽ കെമിസ്ട്രി വായിക്കുന്നു. രണ്ടാമത്തെ വിദ്യാർത്ഥി ലണ്ടനിൽ വിമാനസംബന്ധമായ എൻജിനീയറിംഗ് പഠിക്കുകയാണ്. "ഒരു സഹകാര്യവ്യവസ്ഥയുടെ ഒരന്നനിലയ്ക്കു് ഇങ്ങനെയൊരു സംഘടിപ്പിക്കുന്നതിൽ മാത്രമല്ല അതിനു പണം ചെലവിടുന്നതിലും ഞങ്ങൾക്കു കഴിയുമായിരുന്നില്ല. അതു വ്യാപകവും വിവിധവുമായ പരിപാടികളിലാണ് ഞങ്ങളുൾപ്പെട്ടിരുന്നതു്" എന്നാണ് മി. ബൈഗ് പറഞ്ഞതു്. "പ്രകൃതിരംഗങ്ങളും ജനങ്ങളും ഞങ്ങളെ വളരെ ആകർഷിച്ചു. പല വിധത്തിലുള്ള തൊഴിലുകളും വ്യവസായങ്ങളും ഞങ്ങൾ കണ്ടു. എല്ലാ തരത്തിലും പ്രായത്തിലുമുള്ള സുഹൃത്തുക്കളെ ഞങ്ങൾ സമ്പാദിച്ചു. ജനങ്ങൾ ഞങ്ങളെ അവരുടെ കുടുംബങ്ങളിലും വീടുകളിലും കൊണ്ടുപോയി ഞങ്ങൾക്കിഷ്ടമുള്ള ചോദ്യങ്ങൾ ചോദിക്കാനനുവദിച്ചു. ഒരു ദിവസം ഞങ്ങൾ 100 മൈലോളം സഞ്ചരിക്കുമായിരുന്നു. ഏറ്റവും ആഹ്ലാദജനകമായ സ്മരണകളോടെയാണ് ഞങ്ങൾ സ്ഥലംവിട്ടതു്."

ലേക്ഡിസ്ട്രിക്ടു് സന്ദർശിച്ച വേഡ്സ്വർത്തിൻറെ ജന്മസ്ഥലം കാരെ ഒരു ഇന്ത്യൻ ബോംബെസർവ്വകലാശാലയിലെ മദ്ധ്യവയസ്കർ 20 ആണ്. അവിടത്തെ മലകയറ്റത്തെക്കുറിച്ചും മനംകുളിപ്പിക്കുന്ന കാഴ്ചകളെക്കുറിച്ചും അത്തിഥിസല്ക്കാരപ്രിയരായ ജനങ്ങളെക്കുറിച്ചും അവരിൽ എന്നോടു സംസാരിച്ചു. രാത്രികാലങ്ങളിൽ ഹോട്ടലുകളിൽവച്ചു് വിനോദങ്ങൾ നടത്തിയ പ്രസംഗങ്ങളും വളരെ പ്രയോജനം ചെയ്തിട്ടുണ്ടെന്നു് മറ്റുള്ളവർ പറഞ്ഞു.

ചെറുപ്പക്കാരനായ ബൈഗ് പറഞ്ഞ വാക്കുകൾ ഇതിൻറെയെല്ലാം സംക്ഷേപമാണ്. "ഒരു രാജ്യത്തെയും അവിടത്തെ ജനങ്ങളെയും പറ്റി മനസ്സിലാക്കുകയെന്നതു് അവിടത്തെ സാങ്കേതികവിജ്ഞാനം സമ്പാദിക്കുന്നതുപോലെതന്നെ പ്രധാനപ്പെട്ടതാണ്."

—o—

വെസ്റ്റ് ഇന്ത്യൻ ഫെഡറേഷൻ

★

(സി. എച്ച്. ആച്ചിബാൾഡ്)

കരീബിയൻ കടലിലെ ബ്രിട്ടീഷ് ദ്വീപുകൂട്ടങ്ങളിൽ ഉഠാരഃപ്പിണ്ഡം പുലർത്തണമെന്ന ലക്ഷ്യത്തിൽ ഗണനീയമായ ഒരു പുരോഗതി ഉണ്ടായിട്ടുണ്ടെന്നാണ് ജൂൺ 10-ന് പ്രസിദ്ധപ്പെടുത്തിയ വെസ്റ്റിന്ത്യൻ ഫെഡറേഷൻ കോൺഫറൻസിൻറെ റിപ്പോർട്ട് സൂചിപ്പിക്കുന്നതു്. തങ്ങളിലിക്കുന്ന ഫെഡറേഷൻ ഭരണഘടനയെ സംബന്ധിച്ചു് വെസ്റ്റ് ഇന്ത്യക്കാർതമ്മിൽ ഒരു യോജിപ്പിലെത്തിയെന്നുള്ളതും പുതിയ ഫെഡറേഷൻറെ ആരംഭകാലത്തു ബ്രിട്ടൻ ഞാനുനൽകുന്ന ധനസഹായപദ്ധതി അവരംഗീകരിച്ചു എന്നുള്ളതും സന്തോഷത്തിലെ ശ്രദ്ധേയങ്ങളായ രണ്ടു സംഗതികളാണ്.

കരീബിയൻ ദ്വീപുകളിലെ നിയമസഭാംഗങ്ങളുടെയിയ ഒരു കമ്മിറ്റി 1950-ൽ ഒരു ഫെഡറേഷനെൻറെ രൂപവൽക്കരിക്കുന്നതിനു തയ്യാറാക്കിയ ഒരു പ്രാരംഭിപ്പോട്ടുകളിന്മേൽ കോൺഫറൻസ് ചർച്ചകളുടെ അടിസ്ഥാനം. ഈയടുത്ത നിയമസഭകളിൽ ഈ റിപ്പോർട്ട് ചർച്ചചെയ്യപ്പെട്ടപ്പോൾ പല ഭേദഗതികളും അവതരിപ്പിക്കുകയുണ്ടായെങ്കിലും ബ്രിട്ടീഷ് ഗിനിയയും ബ്രിട്ടീഷ് ഹോൺഡുറാസുമൊഴിച്ചുള്ള

"സംഭാഷണഗാനങ്ങൾ"

പി. ഭാസ്കരൻനായർ, എം.എ ബി.എൽ, തിരുവനന്തപുരം

'സംഭാഷണഗാനങ്ങൾ' എന്ന പേരിൽ കഴിഞ്ഞ ജൂൺ 13-ാംതീയതി വൈകുന്നേരം ആൾ ഇൻഡ്യാറേഡിയോ തിരുവനന്തപുരം നിലയത്തിൽനിന്നും ചില കഥകളിപ്പദങ്ങൾ പ്രക്ഷേപണം ചെയ്കയുണ്ടായി. ഇതേപ്പറ്റി ശ്രോതാക്കളുടെ അഭിപ്രായം അവർ ക്ഷണിച്ചിട്ടുമുണ്ട്. ഈയിടയുടെ പുരാതനകലകളിൽ കിടയിലുള്ള ഒന്നാണ് കഥകളി. ജ്ഞാനനിരീക്ഷണം പരിപുഷ്ടരാക്കുന്നതിനുവേണ്ടി ബുദ്ധിച്ചിട്ടുള്ള ചില കേളികൾ പഠിക്കുകയുണ്ടായിട്ടുണ്ടെങ്കിലും വൈദേശികരായ കലാഭിജ്ഞന്മാരുടെ ശ്രദ്ധയെപ്പറ്റിയുള്ള ഇപ്പോഴത്തെ പരിശ്രമം ഇതിനുമുമ്പ് ഉണ്ടായിട്ടുള്ളതായി അറിവില്ല. രംഗകീയവും പ്രൊഫഷണലുമായ ഒരു കലയെപ്പറ്റിയുള്ള ആദ്യത്തെ പരിശ്രമം ആകയാൽ ഇതിന്റെ പരിപൂർണ്ണതയെപ്പറ്റി ഒരു അഭിപ്രായം പറയുവാൻ ഞാൻ അശക്തനാണ്. എന്നാൽ ഈ പരിശ്രമത്തിന്റെ ഫലമായി ഇന്ത്യയിലെ ഇതരഭാഷകളിലുള്ള സംഗീതനാടകങ്ങളുടെ ശ്രദ്ധയെപ്പറ്റി ഇപ്പോഴ

സിംഹാചലംക്ഷേത്രം

— പി. എസ്. പിള്ള, വൈശാഖ് —

ചില വൈപരീത്യങ്ങൾ

ഇന്ന് സിംഹാചലം ഒരു വൈഷ്ണവക്ഷേത്രമായിട്ടാണ് കണക്കാക്കപ്പെട്ടുപോരുന്നത്. എന്നാൽ ഇതു ഒരു വൈഷ്ണവക്ഷേത്രമോ, ശൈവക്ഷേത്രമോ എന്ന സംശയം ഇന്നും ഒരു വിവാദവിഷയം മാത്രമാണ്.

സാധാരണയായി ഒരു വൈഷ്ണവക്ഷേത്രത്തിലെ വിഗ്രഹം ഭക്തജനങ്ങൾക്ക് പ്രദക്ഷിണംവച്ച് ആരാധിക്കാനസൗകര്യമനുസരിച്ച് ശ്രീകോവിലിലെ ഒരു ചുവരോടുചേർന്നാണ് പ്രതിഷ്ഠിക്കപ്പെടുക. പ്രസ്തുത ശിവക്ഷേത്രങ്ങളിൽ മിക്കവാറും സോമസൂത്രത്തോടുകൂടിയ (അഭിഷേകതീർത്ഥം ഒഴുകിപ്പോകുന്നതിനുള്ള ഒരുവഴി) വിഗ്രഹം ശ്രീകോവിൽ മധ്യത്തുതന്നെ കാണപ്പെടും. ആഗമങ്ങളിലും മറ്റും കാണുന്ന വിധിപ്രകാരവും സിംഹാചലം ഒരു വിഷ്ണുക്ഷേത്രമെന്നതിനെക്കാൾ ശിവക്ഷേത്രത്തിന്റെ ലക്ഷണങ്ങളെയാണ് കൂടുതൽ പ്രകടമാക്കുന്നത്.

കൂടാതെ ശിവലിംഗാകൃതിയിൽ ചന്ദനംകൊണ്ട് മൂടപ്പെട്ടിട്ടുള്ള വിഗ്രഹം "സഹസ്രാമപീഠം" എന്നപേരിൽ ഒരു ശിലാപീഠത്തിന്മേലാണ് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളത്. ആ ഒരുദിവസമൊഴിച്ചു ചന്ദനം [illegible]പേരിയായിക്കാണുന്ന സിംഹാ[illegible]നെ ദേവസ്തോത്രങ്ങളിൽ 'ചിദ്ഭൂതിനേത്രം' നമഃ എന്നു അറിയപ്പെടുന്നതും. സഹസ്രാഭിഷേകം തിരുമഞ്ചനപാത്രം, കാമദഹനം എന്നിത്യാദി ശൈവോത്സവങ്ങളെല്ലാം ഇവിടെ കൊണ്ടാടുന്നുമുണ്ട്. ശൈവപ്രധാനമായ പായസം, വെള്ള[illegible]ം, ഭസ്മം ഇവയെല്ലാം നൈവേദ്യമാണ്. കാളകളെ ദേവനായി അഴിച്ചുവിടുന്ന പതിവും ഇവിടുണ്ട്. ഇതെല്ലാം ഒരു ശിവാലയത്തിലെമാത്രം കാണുന്നതാണ്. കാശി വിശ്വനാഥക്ഷേത്രത്തിലേതിനേക്കാൾ സർവ്വസമ്മതിയുള്ള ഗംഗാതീർത്ഥവും ത്രിവിക്രമാവതാരമായ ഭഗവാന്റെ പാദപാല്പൊടിയും ഇവിടെയും ഉണ്ട്. മഹിരാശി [illegible]മൻ' റിക്കാർഡുകളിലുംപോലെ സിംഹാചലം മലയുടെ തന്നെ [illegible]കൈലാസം എന്നും സ്വർഗ്ഗം അയോധ്യാമാഹാത്മ്യം. "അപ്പണ്ണ" "അപ്പാജസ്വാമി" എന്നീ പേരുകളാണ് സിംഹാചലേശൻ അറിയപ്പെടുക. ഇതേ കാരണംകൊണ്ടുതന്നെയായിരിക്കണം സിംഹാചലത്തു മുഴുവനും വൈശാഖിൽ പൊതുവേയും അക്ഷയതൃതീയനാളിൽ പുരുഷന്മാർക്കും അപ്പണ്ണനെന്നും അപ്പാജസ്വാമിയെന്നും ഉള്ള വാത്സല്യപ്പേരു കൊടുത്തുവരുന്നതും. ഈ വാക്കുകളുടെ തദ്ദേശീയമായ അർത്ഥം പിതാവു് അഥവാ രക്ഷിതാവു് എന്നാണ്: അപ്പണ്ണാദികളും മറ്റും നിലവിലുള്ള ഈ ക്ഷേത്രത്തിനു പാഞ്ചരാത്രപരമേശ്വരന്മാരുടെ സംയുക്ത പ്രതിഷ്ഠയുള്ള മറ്റു നിരവധി പ്രാചീന ഭാരതീയ ക്ഷേത്രങ്ങളോടും അഭേദ്യമായ സാദൃശ്യവുമുണ്ട്.

ഇങ്ങനെ പലേ കാരണങ്ങളാൽ ഈ വിഷ്ണുക്ഷേത്രത്തെ ഒരു ശൈവക്ഷേത്രമായി കാണാവുന്നതാണെങ്കിലും, ഗംഗാധാരയ്യപരിയായിക്കാണുന്ന "വൈകുണ്ഠവാസനീമേട്"ടും വിഷ്ണുപ്രതിമയും അതിനു മുമ്പിലായുള്ള ഗരുഡവാഹനവും തനി വിഷ്ണുക്ഷേത്രത്തിനു മതിയാകുന്ന തെളിവുകളത്രെ. ഈ വിഷ്ണുക്ഷേത്രത്തോടനുബന്ധിച്ചു വിഷ്ണുദേവന്റെ പത്നിമാരായ ശ്രീദേവിയും ഭൂദേവിയുമുണ്ടുതാനും. ഇങ്ങനെ എല്ലാ ലക്ഷണങ്ങളുംകൊണ്ടും നരസിംഹമൂർത്തിയുടെ അനുഗ്രഹത്താൽ ഭരിക്കപ്പെടുന്ന ഒരു ശൈവക്ഷേത്രംതന്നെയിതെന്നു് ഒരു ചരിത്രാന്വേഷിയുടെ കണ്ണുകൾക്കു കാണാൻ കഴിയും. ഇവിടെ

"ശിവായഃ വിഷ്ണുരൂപായഃ
ശിവരൂപായഃ വിഷ്ണവേ.
ശിവസ്യഹൃദയം വിഷ്ണുഃ
വിഷ്ണോർഹൃദയം ശിവഃ"

എന്ന സൂക്തകം മാത്രമേ നമുക്കു സഹായിക്കുമായുള്ളൂ.

പ്രധാന ഉത്സവങ്ങൾ

അങ്ങനെ സിംഹാചലം ക്ഷേത്രത്തിന്റെ ഉത്ഭവത്തെയും പ്രതിഷ്ഠയേയും സംബന്ധിച്ച ഐതിഹ്യാസികയും ചരിത്രപരവുമായ ഒരു വിവരണം സാധിച്ചുകഴിഞ്ഞു. ഇനി ഇവിടത്തെ ഉത്സവങ്ങളെപ്പറ്റിയാണ് പറയുവാനുള്ളതു്. കേരളക്കരയിലെ ക്ഷേത്രോത്സവങ്ങളിലെ പ്രധാനലക്ഷണം തടിച്ചുകൂടുന്ന ജനാവലിയാണല്ലൊ. ആ നിലയിൽ സിംഹാചലത്തു എന്നും ഉത്സവമാണ്. ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും നാരായണകിങ്കര ശുപാ ചിലവഴിച്ചു ഇവിടെയെത്തി തീർത്ഥാടനം കഴിഞ്ഞു മടങ്ങുന്നവരുടെ സംഖ്യ അപരിമിതമാണ്. തല്പരം ക്ഷേത്രബന്ധാഗാരത്തിലേക്കു വനചോരന്നു ധനത്തിന്റെ സംഖ്യ അവർണ്ണനീയമാംവണ്ണം ഭരിച്ചുവരുമാണ്. എന്നിരിക്കിലും മുമ്പു അങ്കിങ്ങായി പ്രതിപാദിച്ചിട്ടുള്ളതുപോലെ മിക്കവാറും എല്ലാ മാസങ്ങളെയും പ്രതിനിധീകരിക്കുന്ന ചില ഉത്സവങ്ങളും ഇവിടുണ്ട്. അവയിൽ പ്രധാനപ്പെട്ടതു് ഒൻപതെണ്ണമാണ്.

ഇവിടത്തെ ഉത്സവങ്ങളെല്ലാംതന്നെ പൗർണ്ണമിനക്ഷത്രമാസമുള്ളതു്. ചൈത്രമാസത്തിലെ പതിനൊന്നാമത്തെ ദിനമാണ് ഏറ്റവും പ്രധാനമായ കല്യാണമഹോത്സവം. ഈ ദിവസം ഇരുലക്ഷമായി തയ്യാറാക്കിയിട്ടുള്ള കല്യാണമണ്ഡപത്തിൽവച്ചു് നിരവധി ചടങ്ങുകളോടുകൂടി നരസിംഹഭഗവാനും ലക്ഷ്മീദേവിയുമായുള്ള പള്ളിമഹോത്സവം കൊണ്ടാടുന്നു. ലക്ഷോപലക്ഷം ജനങ്ങളാണ് അന്നവിടെ തടിച്ചുകൂടുന്നതു്. സപ്തമിത്തിലും വെള്ളിയിലുമുള്ള വമ്പിച്ച രഥങ്ങളിൽ ദേവീദേവന്മാരുടെ പ്രതിഷ്ഠയെവച്ച ഊരുചുറ്റിത്തിരിഞ്ഞശേഷം നിശയുടെ നിസ്സബ്ധതയിൽ ആസ്ഥാനമണ്ഡപത്തിൽ സർവ്വാഭരണഭൂഷിതരായ ദേവീദേവന്മാരുടെ സമക്ഷം ഈ ഉത്സവം നടത്തപ്പെടുന്നു. ഈ ഉത്സവം മൂന്നുദിവസത്തോളം തുടർച്ചയായി നീണ്ടുനില്ക്കും.

അടുത്തതായി "ചന്ദനയാത്ര"യാണ്. വൈശാഖമാസത്തിലെ മൂന്നാംപൊൻപിറപക്ഷദിനത്തിൽ പുരുരവസ് മഹാരാജാവിനോടു് അശരീരിയായി അരുളിച്ചെയ്ത വണ്ണം ഭഗവാൻ തന്റെ തനിത്തിരുവുടൽ ഭക്തജനങ്ങൾക്കു ദർശനത്തിനനുവദിക്കുന്നു അന്നാണ്. അതിനുശേഷം വീണ്ടും രാത്രിയിൽ നരസിംഹമൂർത്തി ഒരു ചന്ദനലിംഗമായി മാറുന്നു. ഇടയ്ക്കു പതിനൊന്നുദിവസങ്ങൾ കഴിയുമ്പോൾ "ശ്രീനരസിംഹജയന്തി"യായി. അതോടുകൂടി ഉത്സവമാസമായ വൈശാഖം വൈശാഖിലും ഭാരതത്തിൽ ഒട്ടാകെയുമുള്ള ജനങ്ങൾക്കു മുക്തിനൽകിക്കഴിഞ്ഞ നരസിംഹഭഗവാനെ പൂണ്ണിമദിവസം "ചന്ദനസമർപ്പ"ണത്തോടും വേദോപനിഷത്പാരായണങ്ങളോടും മറ്റു നിരവധി ചടങ്ങുകളോടുകൂടി ഒരുവർഷത്തേക്കു നിശ്ചലസമാധി അവസ്ഥയിൽ കാണുമാറാകുന്നു. ജ്യേഷ്ഠമാസത്തിലെ മറ്റൊരു ചന്ദനസമർപ്പണവും ആഷാഢു് മാസത്തിലെ 'ശിരിപ്രദിക്ഷിണവു'മാണ് പിന്നിടുള്ള രണ്ടു് ഉത്സവങ്ങൾ.

ധനമാസത്തിലെ സപ്തമിയിൽ ഏകാദശിദിവസം 'ധനർമഹോത്സവവും' പൌഷമാസത്തിലെ 'തെപ്പോത്സവ'വും (വങ്കിയാത്ര) ഫാൽഗുനമാസത്തിലെ വെളുത്തപക്ഷത്തിലെ പതിന്നാലാംദിവസം നടത്തിവരാറുള്ള 'കാമദഹനവും' കൂടിയാകുമ്പോൾ പ്രധാനോത്സവങ്ങൾ അവസാനിക്കുന്നു.

ഈ ഉത്സവങ്ങളിലെല്ലാം പ്രധാനചടങ്ങു് കനകരഥാരോഹണിമിത്തമായ രഥങ്ങൾ, ഗജങ്ങൾ, തുരഗങ്ങൾ, ഹനുമാൻ, പാണ്ഡവർ ഇന്നിത്യാദി ഭാരതവീരന്മാരുടെ പ്രതിമകൾ എന്നിവയുംപ്പെടുന്ന വമ്പിച്ച ഘോഷയാത്രകളും ഗാനാലാപങ്ങളും മാറുമാണ്. ഭക്തിപാരവശ്യത്തിന്റെയും ദിവ്യജ്യോതിസ്സിന്റെയും നിത്യകേളീരംഗമായി പ്രശോഭിക്കുന്ന ഈ പാവനക്ഷേത്രത്തിനു് ഇത്തരം ഉത്സവാദികൾതന്നെ അന്ധാനത്തല്ലേ എന്നു തോന്നാമെങ്കിലും ഒരോ ഉത്സവവും ക്ഷേത്രൈശ്വര്യാഭിവൃദ്ധിക്കുവേണ്ടുന്ന ധനത്തിന്റെ ഉറവച്ചുനോക്കുമ്പോൾ ഒരു കാലണത്തുട്ടിനു കത്തിമറിക്കുന്ന ഇവിടത്തെ കാർക്കശ്യമുള്ള ദൈവഭക്തിയേയും അതിനെ പുലർത്തുവാനുള്ള ഈ ഉത്സവങ്ങളുടേയും പിന്നിലുള്ള ഉദ്ദേശം വ്യക്തമാണ്. നാലുപ്രാവശ്യം ശബരിമലതീർത്ഥാടനംനടത്തുവാൻ സാധിച്ചിട്ടുള്ള ലേഖകനു് ഇവിടത്തെ വഴിപാടുസമർപ്പണം കാണുമ്പോൾ അവിടെ കണ്ട കാഴ്ചകളും അനുഭവങ്ങളുമെല്ലാംതന്നെ കേവലം മൂന്നാംകിടയായിപ്പോകുന്നില്ലേ എന്നും, നമ്മുടെ നാട്ടുകാർനടത്തുന്ന വഴിപാടുകളും മറ്റും ചുരുങ്ങിയവിലയ്ക്കു ദൈവപ്രീതിസമ്പാദിക്കുവാൻ പ്രയോഗിക്കുന്ന പാടവം കുറെ സാഹസമല്ലേ എന്നും മറ്റുമുള്ള സന്ദേഹത്തിനും സഹതാപത്തിനും ഇടംനൽകിപ്പോകുന്നു.

ശില്പവേലകൾ

മേല്പറഞ്ഞ ഉത്സവാദികളുടേയും മറ്റും ആവശ്യത്തിനായിമാത്രം നിർമ്മിച്ചിട്ടുള്ള ആയിരക്കണക്കിനുപാ

ഉണ്ട്. രാവണവിജയത്തിനുശേഷം [illegible]ണ്യജനാധിപതേ!...' എന്നു തുടങ്ങുന്ന പദം (കല്യാണിരാഗം, [illegible]യാതു ധനശീതാംശനേ!...' (മോഹരി), ബാണയുദ്ധത്തിൽ [illegible]മധുവകാലം', [illegible]മാഹാത്മ്യൻ' ഇത്യാദി പദങ്ങളും പാടിക്കേൾപ്പാൻ ഏറ്റവും പഠിയവയാണ്. കഥകളിപദങ്ങളും പ്രക്ഷേപണംചെയ്യുമ്പോൾ ഓരോ അവസരത്തിലും ഓരോ രംഗത്തിലെ കഥയിലെ സരസഭാഗങ്ങളുമാത്രം സ്വീകരിക്കുകയും, പദങ്ങൾക്കു മുമ്പുള്ള ശ്ലോകങ്ങൾകൂടി ചൊല്ലി സന്ദർഭം ശ്രോതാക്കളെ ഗ്രഹിപ്പിക്കുകയും, ഓരോ വരിയും രണ്ടാവർത്തിയെങ്കിലും ചൊല്ലുകയും, ഓരോ പദത്തിന്റെയും രംഗംകൂടി ശ്രോതാക്കളെ മുൻകൂട്ടി അറിയിക്കുകയും ചെയ്താൽകൊള്ളാം. ആധുനിക റേഡിയോക്കാർ അവരുടെ പരിപാടികളിൽനിന്നും ഫിലിം മ്യൂസിക് (ചലച്ചിത്രഗാനങ്ങൾ) നിശ്ശേഷം നിർമ്മാർജ്ജനംചെയ്യാൻ തീരുമാനിച്ചിരിക്കുന്ന ഈ തരുണത്തിൽ ഇത്തരം പരിപാടികൾക്കെങ്കിലും കുറച്ചധികം സമയം വിനിയോഗിക്കേണ്ടതു് ആവശ്യം വന്നുചേർന്നിട്ടുണ്ടെന്നു് അവരെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.


ആഴ്ചപ്പതിപ്പ്

വിലപിടിക്കുന്ന രത്നങ്ങളും, പീഠങ്ങളും, സിംഹാസനങ്ങളും, ആരേണങ്ങളും മറ്റും സൂക്ഷിച്ചിരിക്കുന്നതു കല്യാണമണ്ഡപത്തിലാണ്. ഇവിടെക്കണ്ട ഉദ്ദേശം 12 അടിയോളം പൊക്കംവരുന്ന ഒരു ശബ്ദധ്വംസനവും (ഇതു രജതനിർമ്മിതമാണ്), അതിന്മേലുള്ള സജീവമായ ശില്പവേലകളും മറ്റും കണ്ടപ്പോൾ ഏതാനംനിമിഷത്തേക്ക് ഞാൻ അമ്പരന്നുനിന്നുപോയി. തുടർന്ന് ആ മണ്ഡപത്തിനുള്ളിൽ ഓരോ തൂണിലും മുക്കിലും മൂലയിലും പ്രകടമാക്കിയിട്ടുള്ള ശില്പകൗശലവൈദഗ്ദ്ധ്യം, ആന്ധ്രസംസ്കൃതിയുടെ ഔന്നത്യത്തിന്റെയും കലകളുടെയും പാരമ്പര്യത്തിന്റെയും സ്മൃതിചിഹ്നങ്ങൾ ഉച്ചൈസ്വരം ആലപിക്കുന്നതുപോലെ എനിക്കുതോന്നി. പക്ഷേ, അധികാരികളുടെ പ്രത്യേകാനുമതിയോടുകൂടിമാത്രം പ്രവേശനമനുവദിക്കുന്ന ഈ മണ്ഡപത്തിനുള്ളിലെ മങ്ങിയ വെളിച്ചത്തിൽ ആ ശില്പവേലകളെ ഗ്രസിക്കുന്നതിനു് എന്റെ ചെറുകൃാമറാ തികച്ചും വിലക്കപ്പെട്ടിരുന്നു. ഒരു ഹതാശ്വർക്ഷേത്രത്തിന്റെ ഭിത്തികളിൽമാത്രം ഒതുങ്ങിക്കഴിയുന്ന കേരളീയശില്പകലയെപ്പറ്റി അത്യധികം അഭിമാനിച്ചിരുന്ന ഞാൻ ഇവിടുത്തെ ഈ ശില്പകലാപ്രദർശനത്തിനു് തനിയാതെ അടിമപ്പെട്ടുപോയി. ഈ ക്ഷേത്രത്തെപ്പറ്റിയുള്ള ഐതിഹ്യനിർമ്മാണത്തിനുള്ള പൃഷ്ഠാധികാരം എനിക്കായി വിട്ടുതന്നിരുന്നുവെങ്കിൽ തീച്ചയായും ഒരു 'മയനേയോ ബൃഹസ്പതി'യേയോ ഇന്ദ്രലോകത്തെയോ ഒക്കെ ഞാൻ ഇതിന്റെ ചരിത്രത്തോടു കൂട്ടിയിണക്കുമായിരുന്നു.

വെറും കൃഷ്ണശിലയിലാണ് മാർബിളിനേക്കാളും മിനുസത്തോടും കണ്ണഞ്ചിക്കുന്നതക്കവണ്ണം സജീവമായുമുള്ള ഈ കൊത്തുപണികളെല്ലാമെന്ന നിഷ്പ്രഭിച്ചിരിക്കുന്നതു്. പുരുണങ്ങളും മുഴുവനും, ആന, സിംഹം, കരടു്, തേളു്, ഗൗളി ഇത്യാദി ജന്തുരൂപങ്ങളും, മുന്തിരി, വാഴക്കുല, പൂതപിച്ചക്ക ഇത്യാദി ഫലവർഗ്ഗങ്ങളും, പിച്ചകം, ചെമ്പകം, താമര എന്നിങ്ങനെയുള്ള പുഷ്പങ്ങളും വല്ലികളും തുടങ്ങി നിരവധി രൂപങ്ങൾ വടിവൊപ്പിച്ചു് മനോഹരമാംവണ്ണം തയ്യാറാക്കിയ ആ മഹൽക്കരങ്ങൾ ഏതുനേരവും എന്നു് അത്ഭുതപ്പെടുകയേ തരമുള്ളൂ. ഹൃദയം കവരുന്ന ഈ ശില്പകലാപ്രകടനങ്ങൾ പടംപിടിക്കാൻതക്ക പ്രകാശംലഭിക്കാതെ മുന്നാലുതവണ ഞാൻ നിരാശനാകുകയുണ്ടായിട്ടുണ്ടു്. സർവ്വേപരി അത്ഭുതകരമായ ഒരു കാര്യം ക്ഷേത്രത്തിന്റെ ഒരു ഭാഗത്തു കാണുന്ന അനേകായിരം വർക്കുകൾ പഴക്കമുള്ള ഒരു ശിലാരഥമാണു്. രണ്ടു കുതിരകളെപ്പൂട്ടിയ ഈ രഥം ആകൃതിയിലും അളവിലും യാഥാർത്ഥ്യമായി അനുഭവപ്പെടുന്നു. എന്നാൽ ഈ ശില്പകലാവൈശിഷ്ട്യങ്ങളെ നേരിയ വെളിച്ചത്തിൽക്കൂടിയും വ്യക്തമായി കണ്ണുകൊണ്ടു കാണുമാറു് ക്ഷേത്രത്തെ വളഞ്ഞിരിക്കുന്ന ഉള്ളിലെ ചുവരുകളിൽ ചാരുമുള്ള നെടുനെടുങ്കൻ, മണ്ഡപങ്ങളുടെ ഒരോ ഭാഗത്തും ഏറ്റവും അടിക്കാര്യമായ വീക്ഷണകോണങ്ങളിൽ വളരെ വിപുലമായ ചില നിലക്കണ്ണാടികളും അവയ്ക്കുചുറ്റും വൈദ്യുതദീപങ്ങളും ഘടിപ്പിച്ചിട്ടുള്ളതു് ഒരനുഗ്രഹമാണു്. ഇത്രയും ഉന്നതമായ ഈ മേലുകളിൽ പ്രോലും ആധുനികരീതിയിൽ വൈദ്യുതദീപങ്ങളും ജലവിതരണസമ്പ്രദായങ്ങളും മറ്റും സജ്ജീകരിച്ചിരിക്കുന്നതിൽനിന്നും ഇതിന്റെ ഭരണാധിപത്യം വഹിക്കുന്ന വിജയനഗരം മഹാരാജാവിന്റെ സശ്രദ്ധവും ഭക്തിപൂർവ്വമായ സംരക്ഷണപാടവം അഭിനന്ദനീയമാണു്. പ്രതിവർഷം ഇവിടെ കുമിഞ്ഞുകൂടുന്ന ധനത്തിന്റെ നല്ല ഒരു വിഭാഗം ആന്ധ്രാസർവ്വകലാശാലാഭരണത്തിനായി വിട്ടുകഴിഞ്ഞാൽ ബാക്കി ഒരോ അണയും ഈ ക്ഷേത്രസംരക്ഷണത്തിനും ധർമ്മസ്ഥാപനങ്ങൾക്കുമായിട്ടാണു് വിനിയോഗിക്കപ്പെടുക.

ഉദ്ദേശം 1200 അടിയിൽപ്പരം ഉയരമുള്ള സിംഹാചലശിഖരത്തിന്റെ മുകളിൽ ക്ഷേത്രത്തെച്ചുറ്റി ജനാധിവാസമുള്ള ഒരു ചെറുഗ്രാമംതന്നെയുണ്ടു്. സമ്പന്നസമുദായമായ ഈ ഗ്രാമീണരും ക്ഷേത്രഭരണവകുപ്പുകളുടെ ചില കൂട്ടുബങ്ങളും ഒഴികെ ബാക്കി ജനാധിവാസം മുഴുവൻ ഈ മലയടിവാരത്തിലുള്ള ശരിയായ സിംഹാചലം ഗ്രാമത്തിലാണു്. ഈ താഴ്വരയിലും സിംഹാചലം മലമുകളിലും ആകെ വിഭവസമൃദ്ധതകളിയാട്ടമാണു്. കേരളീയമെന്നു് നാം അഭിമാനിക്കുന്ന തെങ്ങു്, കമുകു്, പ്ലാവു്, മാവു്, പുളി, മുരിങ്ങ, അമ്പഴം, മുന്തിരി എന്നിത്യാദി വൃക്ഷങ്ങളും മലങ്കദളി, പച്ചക്കദളി, പൂവൻ, നീലക്കദളി എന്നിത്യാദി വിശിഷ്ടങ്ങളായ വാഴവർഗ്ഗങ്ങളും, എക്കാലവും പൂക്കുന്നുനിറഞ്ഞ ചമ്പകം, അരുളി തുടങ്ങിയ വൻമരങ്ങളും, നോക്കിയാൽ നോക്കെത്താത്തവിധം താഴ്വരമുതൽ ഔന്നത്യംവരെ നീണ്ടുനിവർന്കിടക്കുന്ന പുതപിത്തോട്ടങ്ങളും മറ്റു മനോഹരങ്ങളായ പ്രകൃതിരംഗങ്ങളും കൊണ്ടു് അനുഗ്രഹീതമാണു് ഈ ശൈലം. ഈ മലമുകളിൽക്കൂടി വളഞ്ഞുപുളഞ്ഞു് വെറും പറിങ്കിമാംതോട്ടങ്ങളുടെ ശിരഃപ്രദേശത്തിൽക്കൂടി രണ്ടുമൈലിൽപരം നീണ്ടുകിടക്കുന്ന ഒരു പാതമാധ്യവധാരയ്ക്കു പോകുന്നുണ്ടു്. ശബരിമല തീർത്ഥയാത്രക്കു് ഏതുമേലിപോലെ പ്രധാനമാർഗ്ഗമായിരിക്കുന്ന ഈ മാധ്യധാര സിംഹാചലം സന്ദർശകരായ തീർത്ഥയാത്രക്കാർ അത്യാവശ്യമായി ദർശനംനടത്തിവരുന്നു. പുരുക്കത്തിൽ സമനിരപ്പിൽനിന്നു് ആയിരത്തിൽപരംഅടി ഉയരത്തിലുള്ള ഈമലമുകളിൽക്കൂടി സിംഹാചലത്തേക്കോ, മടക്കിയോ സഞ്ചരിക്കുന്ന ഒരുവൻ പരിമിളവാഹിയായ മന്ദമാരുതനാൽ തഴുകപ്പെട്ടു് നയനമനോഹരമായ പ്രകൃതിരംഗങ്ങളാൽ ആകർഷിതനായി അങ്ങകലെ കാണുന്ന ചെറുപട്ടണത്തിലേക്കും ഹാർബർ, എയറോഡ്രാം തുടങ്ങിയ സ്ഥാപനങ്ങളിലേക്കും ദൃഷ്ടിപതിപ്പിച്ചാൽ തോന്നുന്നതു് വളരെ വിസ്മൃതവും പ്രബലവുമായ ഒരു കോട്ടയ്ക്കുള്ളിൽ കമനീയമായ്ക്കുപ്പെട്ട കുറെ ചതുരംഗക്കരുക്കളാണെന്നാണു്. മലയാളക്കരയിലെ ആയുർവേദവൈദ്യന്മാർ അപൂർവ്വമായിക്കരുതുന്ന മരുന്നുവർഗ്ഗങ്ങൾ മിക്കതും ഇവിടെ പടർന്നുപന്തലിച്ചു വളരുന്ന കുറ്റിച്ചെടികളും പുല്ലുകളും മാത്രമാണു്.

ഇങ്ങനെ തികഞ്ഞ ഒരു സുഖവാസസ്ഥലം, തീർത്ഥാടനകേന്ദ്രം, ഫലപുഷ്പിഷ്ടമായ ഒരു പീഠഭൂമി എന്നിത്യാദി നിരവധി സൌകര്യങ്ങൾകൊണ്ടു് പ്രശസ്തവും പരിപാവനവുമായ സിംഹാചലം ഏതൊരു ഭാരതീയനും കണ്ടിരിക്കേണ്ട വിശിഷ്ടസ്ഥലങ്ങളിൽ ഒന്നുമാത്രമാണു്.



പ്രസിഡന്റു് ഡ്വൈറ്റു് ഡി. ഐസൻഹൗവർ വാഷിംഗ്ടണിലെ തന്റെ ഔദ്യോഗികവസതിയിലുള്ള പ്രക്ഷോപണമുറിയിൽ ഇരുന്നു കൊണ്ടു് ആദ്യത്തെ ഉപഗ്രഹപ്രക്ഷോപണം നടത്തുന്നു.

ബ്രൈമർ കാർഷികവിദ്യാലയം. സോമർസെറ്റിലുള്ള ബ്രൈമർ സെക്കൻഡറി ടെക്നിക്കൽ സ്കൂൾ അഥവാ അഗ്രിക്കൾച്ചർ 1944-ലെ വിദ്യാഭ്യാസനിയമം അനുസരിച്ചു സ്ഥാപിക്കപ്പെട്ടിട്ടുള്ള വിദ്യാലയങ്ങളിലൊന്നാണു്. കൃഷിസംബന്ധിച്ച കാര്യങ്ങൾക്കു് അവശ്യംവേണ്ട എൻജിനീയറിംഗ്, കെമിസ്ട്രി, ബയോളജി എന്നീ ശാസ്ത്രങ്ങളും അവിടെ അഭ്യസിപ്പിക്കപ്പെടുന്നു. ഹെഡ്മാസ്റ്റർ St G. K. ഡേ (വലതുനിന്നു രണ്ടാമൻ) ഒരു ഷാർട്ടുബോൺ പശുവിന്റെ ഗുണവശങ്ങളെപ്പറ്റി വിദ്യാർത്ഥികളെ പറഞ്ഞു മനസ്സിലാക്കുന്നു.

ബെർനാർഡ് ഷായും മഹാത്മാഗാന്ധിയും

★

പുതിയ ഒരു പുസ്തകത്തിലേക്ക് ഒരെത്തിനോട്ടം

★

കെ. ടി. ഗോവിന്ദമേനോൻ —

ശാന്തമായ സായാഹ്നം. തന്റെ അന്ത്യകാലസുഹൃത്തും അയൽവാസിയുമായ സ്റ്റീവൻ വിൻസ്റ്റണുമായി സംസാരിച്ചുകൊണ്ട് ഷാ അയോട്ടസെൻറ്-ലാറൻസിലുള്ള തന്റെ ഗ്രാമീണവസതിയിൽ ഇരിക്കുകയാണ്. ടെലിഫോൺമണി അനവധ്യമായി അടിക്കുന്നു. ഗാന്ധിജിയുടെ വധവൃത്താന്തം കാലത്തുതന്നെ വന്നു ചേർന്നിട്ടുണ്ട്. ഈ സംഭവത്തെപ്പറ്റി രണ്ടുവാക്ക് പറയാൻ ലോകമൊട്ടുക്ക് ഷായോടു് അപേക്ഷിക്കുകയാണു്. പക്ഷേ, അദ്ദേഹത്തിനു് വാക്കുകളും വരുന്നില്ല.

"ഞാൻ എന്തുതന്നെ പറയട്ടെ?" നിസ്സഹായതയിൽ അദ്ദേഹം വിൻസ്റ്റണോടു ചോദിച്ചു. ലോകത്തെ വലയം ചെയ്തുനിന്ന ഒരു ഫലിതോക്തി അരുളുകയായിരുന്ന അദ്ദേഹം.

"മനോഹരമായ ഈ ഭൂമിയെ സൃഷ്ടിച്ച ദൈവമേ, അങ്ങയുടെ പരിശുദ്ധാത്മാക്കളെ എന്നാണു് അതു കൈകൊള്ളാൻ തയ്യാറാവുക?" എന്ന 'സെൻവ' ജോവ'നിലെ അവസാനവാക്യമാകട്ടെ എന്നു വിൻസ്റ്റൺ അഭിപ്രായപ്പെട്ടു.

അതു തള്ളിക്കളഞ്ഞു്, ഷാ പറഞ്ഞു. "അവർക്ക് ഇത്തരത്തിലുള്ള ഉദാഹരണങ്ങളല്ലാം തരസമയം ഓർമിപ്പിക്കുന്നതു് ആവശ്യം."

"ഇതായാലോ?" അദ്ദേഹം വിൻസ്റ്റനോടു ചോദിച്ചു. "അദ്ദേഹത്തിനു (ഗാന്ധിക്ക്) നൽകാവുന്നതിൽവെച്ചും വലിയ അഭിനന്ദനമാണു് നിങ്ങൾ നൽകിയതു്." "ഉടനെതന്നെ അദ്ദേഹം പറയുകയാണു്" ചീ, പറയില്ല. ക്ഷ പ്രതിക്കും ഇത്തരത്തിൽ വധിക്കപ്പെട്ടിട്ടില്ല! എന്നാൽ, ഇതുതന്നെയുള്ളു. "ടെലിവെച്ചു" വീഴ്ത്തപ്പെടുന്നതിനു തൊട്ടുമുമ്പു് അനുശയാതപം അനുഭവപ്പെടുവാൻ ഒരാളായിരുന്നു ഗാന്ധി.' പോരാ, പോരാ. ഇതിൽ വാക്കുകൾ കുത്തിച്ചെലുത്തുന്നതുപോലെയുണ്ടു്. ഞാൻ പോരൊന്നിൽക്കൂടി 'നേരിട്ടുവിശ്വാസിക്കുവാൻ ജീവിച്ചിരിക്കാൻ അവകാശമുണ്ടു്" എങ്ങിനെ?"

ഷാ അടുത്തടുത്തു്. വരികയായിരുന്നു. ഒടുവിൽ, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള പ്രകാശിച്ചു; സന്തോഷത്തോടെന്നപോലെ തലമുടി നിവർന്നുനിന്നു. അദ്ദേഹത്തെ സംതൃപ്തനാക്കിയ വാചകം വന്നുചേർന്നുകഴിഞ്ഞു. 'നല്ലവനായിരിക്കുന്നതു് അപകടമാണു്.'

വാർത്താവിതരണ ഏജൻസിക്കു്, ടെലിഫോണിൽക്കൂടി, ഷാ നിർത്തി, നിർത്തി, ചൊല്ലിക്കൊടുത്തു." നല്ലവനായിരിക്കുന്നതു അപകടമാണു്. അദ്ദേഹത്തിന്റെ ജീവിതം ഹ്രസ്വമാക്കപ്പെട്ടിട്ടില്ല. അവ്യവസ്ഥിതമായി അതു് ദീർഘിപ്പിക്കപ്പെട്ടിരിക്കയാണു്."

* * *

രണ്ടോ മൂന്നോ വ്യക്തികളെയൊഴിച്ചു് ലോകത്തിലെ പ്രമുഖന്മാരെയെല്ലാം ഷായ്ക്കു് പരിഹാസമായിരുന്നുവെന്നു് പ്രസിദ്ധമാണല്ലോ. ആ രണ്ടു മൂന്നുപേരിൽ ഒരാളായിരുന്നു മഹാത്മാഗാന്ധി.ബഹുമാനത്തോടുകൂടിയോ ലോകോത്തരനായ ഷാ അദ്ദേഹത്തിനെപ്പറ്റി മറ്റുള്ളവർ ഉച്ചരിച്ചിരുന്നുള്ളു. ഷായുടെ അവസാനത്തെ പത്തുകൊല്ലക്കാലം വന്നിറങ്ങിയ രസകരമായൊരു പുസ്തകം 'ഷാസ് കോർണർ' എന്നപേരിൽ അദ്ദേഹത്തിന്റെ സുഹൃത്തും ആരാധകനുമായ സ്റ്റീവൻ വിൻസ്റ്റൺ ഈയിടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. * അതിലടക്കം ചില ദീർഘസംഭാഷണങ്ങൾ ഗ്രന്ഥകാരൻ പ്രസിദ്ധനായിക്കഴിഞ്ഞിട്ടുള്ള ഒരാളാണ് വിൻസ്റ്റൺ. ഈ പുതിയ പുസ്തകം ഒന്നമറിച്ചുനോക്കിയാൽ, പണ്ടാരം എത്രമാത്രം സ്നേഹത്തോടും ആദരവോടുംകൂടിയാണു് ഷാ ഗാന്ധിജിയെ കരുതിയിരുന്നതെന്നു്. ലേഖനാരംഭത്തിൽ പ്രസ്താവിച്ച ചരമസന്ദേശചിന്തയ്ക്കു പുറമേ അങ്ങിങ്ങായി ഗാന്ധിജിയെപ്പറ്റിയുള്ള രസാവഹങ്ങളായ പല പരാമർശങ്ങളും അതിൽ കാണാം. അവയിൽച്ചിലതു താഴെപകർത്തി, വായനക്കാരുടെ സവിശേഷശ്രദ്ധ ആ മനോഹര പുസ്തകത്തിലേക്ക് ക്ഷണിച്ചുകൊള്ളുന്നു. ഷായുടെ ഈ ചരമവർഷിക ഘട്ടത്തിൽ അതു് തികച്ചും അനുയോജ്യമാണു്.

* * *

ഗാന്ധിജിയുടെ ചരമവാർത്തയെപ്പറ്റി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹവും ഷായുമായുണ്ടായ അവസാനത്തെ കൂടിക്കാഴ്ചയെപ്പറ്റി ഷാ വിൻസ്റ്റനോടു പറഞ്ഞു. "ഞാൻ ചെന്നപ്പോൾ നവീനരീതിയിൽ അലങ്കരിക്കപ്പെട്ട ഒരു ക്വാറൻ കസാലയിൽ അദ്ദേഹം ഇരിക്കുകയായിരുന്നു. മെത്തവിരിച്ചു്, നിലത്തൊരുകിയിരുന്ന ഇരിപ്പിടം ഒഴിഞ്ഞും കിടന്നിരുന്നു. ഞാൻ പറഞ്ഞു 'മിസ്റ്റർ ഗാന്ധി, താങ്കൾ നാട്ടിൽ ചെയ്യാറുള്ളതുപോലെ നിലത്തിരിക്കയില്ലേ?' അദ്ദേഹം ചിരിച്ചു് താഴേയിറങ്ങി സാധാരണരീതിയിൽ ചമ്രംപടിഞ്ഞിരുന്നു. ഞാനും അതുപോലെചെയ്തു. നിമിഷംകൊണ്ടു് ഞങ്ങൾ മിത്രങ്ങളായിക്കഴിഞ്ഞു. ചങ്ങാതികളാവാൻ രണ്ടുവഴിയാണു്—ഒന്നു്, ഒരുമിച്ചു് കിളയ്ക്കുക; മറ്റൊന്നു്, ചമ്രംപടിഞ്ഞിരുന്നു് ഒന്നിച്ചിരിക്കുക!"

"പക്ഷേ, നിങ്ങൾ രണ്ടാളും പിന്നീടു് തമ്മിൽ കാണുകയുണ്ടായിട്ടില്ലല്ലോ." 25-കൊല്ലമായി ഈ സംഭവമുണ്ടായിട്ടു് എന്ന മനസ്സിൽവെച്ചുകൊണ്ടു് വിൻസ്റ്റൺ ഷായോടു് ചോദിച്ചു.

"ഗാന്ധിയേയും എന്നെയുംപോലെയുള്ളവർ 25-കൊല്ലത്തിനിടയ്ക്കു് ഒരിക്കൽ തമ്മിൽ കണ്ടാൽ മതി, ഇനിയെല്ലാ നോരത്തോക്കണ്ടവൻപോകുന്നതു്! പൊരസ്പരദ്വേഷത്തുള്ള നമ്മുടെ ധന്തികഞ്ഞ ഏകവ്യക്തിയെ നശിപ്പിച്ചുകളക, പിന്നെ എന്തിനു് ശേഷിക്കുന്നതു്? ഇതുവരെ എന്റെ തോളിൽ പാശ്ചാത്യർമാത്രമേ ഉണ്ടായിരുന്നുള്ളു; ഇനി പൌരസ്ത്യർക്കുടിയായി. എന്റെ അന്ത്യവിയോജനം നീട്ടിവെക്കേണ്ടിവരുമെന്നാണു തോന്നുന്നതു്. ബന്ധനത്തിന്റെ കൂട്ടത്തിൽ ഇനി ഞാൻ മാത്രമേ ബാക്കിയുള്ളൂ.

പ്രാചിയും പ്രതീചിയും തമ്മിൽ എന്താണു് പ്രധാനവ്യത്യാസം എന്നു വിൻസ്റ്റൺ ചോദിച്ചപ്പോൾ ഷാ പറയുകയാണു് "ഒരുതൊഴു" പ്രവർത്തിച്ചാൽ പാശ്ചാത്യർ അതു ന്യായീകരിക്കാൻ ഉദ്യമിക്കും; പൌരസ്ത്യരാകട്ടെ, ക്ഷമായാചനം ചെയ്യും. എല്ലായോഗികളും വിഡ്ഢികളാണെന്നാണു് പടിഞ്ഞാറുള്ളവരുടെ വിചാരം. അതുകൊണ്ടു്, അവക്കൊന്നും പഠിക്കാൻ സാധിക്കുന്നില്ല."

ഷാ തുടർന്നു, "മഹാത്മാ" എന്ന പദത്തിനു് തുല്യമായ ഒരുവാക്കു് ഇംഗ്ലീഷിലില്ല. ഞാനൊന്നു നിർമ്മിച്ചുനോക്കി—'സൂപ്പർമൻ' (അതിമാനുഷൻ) കളിയാക്കിക്കൊണ്ടല്ലാതെ എന്നെ അതെങ്കിലും 'സൂപ്പർമൻ ഷാ' എന്നു വിളിക്കുമോ? മതകാര്യങ്ങളിൽ ഞാൻ കൈവെച്ചപ്പോൾ അതു് വാഭാക്യാധിക്യത്തിന്റെ ലക്ഷണമായി പാശ്ചാത്യർ കണക്കാക്കി. കിഴക്കുള്ളവർ തങ്ങളുടെ മഹർഷിയെ ജ്ഞാനിയെന്നറിഞ്ഞു് അദ്ദേഹത്തിന്റെ ശിഷ്യരായിക്കഴിയുന്നു. ഗാന്ധിയുടെ ഭാഷണങ്ങളിൽനിന്നെന്നപോലെ അദ്ദേഹത്തിന്റെ നിശ്ശബ്ദതകളിൽനിന്നുകൂടി ഇന്ത്യക്കാർക്ക് പഠിക്കാൻ സാധിക്കും. ഞാൻ മിണ്ടാതിരുന്നാലോ, ആരുണ്ടു് എന്നെ ശ്രദ്ധിക്കുവാൻ?"

ഈ സംഭാഷണത്തിനിടയ്ക്കു് ഗാന്ധിയുടെ ചരമത്തെപ്പറ്റി ലോകത്തിലുള്ള മറ്റു മഹാന്മാരുടെയെല്ലാം സന്ദേശങ്ങളും റേഡിയോവിൽക്കൂടി വന്നുകൊണ്ടിരുന്നു. തന്റെ സന്ദേശം വായിക്കപ്പെടുന്നതുവരെ ഷാ അക്ഷമനായി കാത്തിരുന്നു. അതു കഴിഞ്ഞയുടനെ റേഡിയോനിലയത്തിലെ ജി. ബി. എസ്. ഉച്ചത്തിൽ പറഞ്ഞു "ഞാൻ മരിച്ചാൽ എന്തൊക്കെ നുണകളാണു് എന്നെപ്പറ്റി ഇവർ ജല്പിക്കാൻപോകുന്നതാവോ!"

പ്രസിദ്ധ ഹ്രഞ്ചുനേതാവായ ജിയോങ് ബ്ലും ഗാന്ധിജിയെപ്പറ്റി തത്സമയം പറഞ്ഞതു് ലോകത്തിനാകെയുണ്ടായ ഒരു വികാരവിശേഷത്തെയല്ലയോ ഒപ്പണം ചെയ്യുന്നതെന്നു് വിൻസ്റ്റൺ ചോദിച്ചു. ബ്ലും പറഞ്ഞതു് ഇതായിരുന്നു 'ഞാൻ ഗാന്ധിയെ കണ്ടിട്ടില്ല; അദ്ദേഹത്തിന്റെ ഭാഷ എനിക്കറിയില്ല; ഞാൻ അദ്ദേഹത്തിന്റെ രാജ്യത്തു് കാലെടുത്തുവെച്ചിട്ടുമില്ല. എന്നിട്ടും എനിക്കതോന്നുന്നു എന്റെ സ്വന്തം ഒരാൾ മരിച്ചുപോയതായി. ലോകം ദുഃഖത്തയായിരിക്കുകയാണു്.'

"സാരസ്യത്തോടെ ദുഃഖം പ്രകടിപ്പിക്കാൻ കഴിയുന്നവരാണു് ഫ്രഞ്ചുകാർ. നമുക്കു് കരയാനറിഞ്ഞുകൂടാ" എന്നായിരുന്നു ജി. ബി. എസ്സിന്റെ ഉത്തരം. ചൊടിയൊട്ടുകുടി അദ്ദേഹം തുടർന്നു: "ഒരു കാര്യത്തിൽ ഞാനും ഗാന്ധിയും ഒരുപോലെയായിരുന്നു. അന്യർ ഞങ്ങളുടെ ഫോട്ടോ എടുക്കുന്നതു് ഞങ്ങൾക്കിഷ്ടമുണ്ടായിരുന്നില്ല. എന്നിട്ടും, ഒരാളെമാത്രം ഒഴിച്ചാൽ, ലോകത്തിൽ ഏറ്റവുമധികം ഫോട്ടോ എടുക്കപ്പെട്ടിട്ടുള്ളതു് ഗാന്ധിയുടെയാണു്. ഞങ്ങൾ രണ്ടാളും വളരെ ഒതുക്കമുള്ളവരായിരുന്നു. പക്ഷേ, ആ ഒതുക്കം പാശ്ചാത്യനാകുന്ന ഘട്ടത്തിനുള്ളിൽ ഞങ്ങൾക്കു് ഒളിച്ചുവെക്കേണ്ടിവന്നു."

സംഭാഷണമദ്ധ്യേ ഷാ തന്റെ കൃതിമപ്പല്ലുകളെപ്പറ്റിപ്പറയാനിടയായി. "ഗാന്ധി കൃതിമപ്പല്ലുവെക്കൻ കൂട്ടാക്കിയിട്ടില്ല." വിൻസ്റ്റൺ തട്ടിവിട്ടു.

അപ്പോൾ ഷാ പറഞ്ഞു "യന്ത്രങ്ങളോടു് ഗാന്ധിക്കുണ്ടായിരുന്ന വിരോധത്തിൽ ഞാൻ പങ്കുകാരിയായിരുന്നില്ല. റഷ്യയെപ്പോലെ ഇന്ത്യയും യന്ത്രവൽക്കരിക്കണം അല്ലെങ്കിൽ ഇന്ത്യ അധഃപതിക്കും. സംഘടനയുടെ സ്വരൂപം മറ്റൊരുതരംകൊണ്ടുമാണു്. എല്ലാ വരുംകൂടി തെരഞ്ഞെടുത്ത ആരുടേയുമല്ലാത്ത ഗവൺമെന്റിൽ എനിക്കു് വിശ്വാസമില്ല. മഹാത്മാക്കളുടെ ഒരു ഗവൺമെന്റാണു് എനിക്കാവശ്യം. വിഷമായ ഒരു ഭരണഘടനകൊണ്ടു് ഒരു ക്ഷേമരാഷ്ട്രം നടത്തുക അസാദ്ധ്യമാണു്. ഗാന്ധിയും ഞാനും അസാധാരണമനുഷ്യരായിരുന്നു. ഞങ്ങളും ഭീർഘദർശികളായിരുന്നു, മനോവ്യാപ്തിയുള്ളവരായിരുന്നു. പ

* 'Shaw's Corner' by Stephen Winsten. Hutchinson, London, 18 shillings.

ക്കേ, എന്തുകാര്യം? സങ്കുചിതമനസ്കന്മാർ ഞങ്ങളെ തടഞ്ഞുനിർത്തിയില്ലേ!''

''മഹാത്മാക്കളെ എങ്ങിനെയാണു്—അവർ തമ്മിൽ രഞ്ജിപ്പുണ്ടാകുന്നതുപോകട്ടെ—ബഹുജനസമ്മതിനേടുന്നതു്?'' സ്നേഹിതൻ ഷായോടു് ചോദിച്ചു.

''സ്നേഹസമ്മിശ്രമായ ഭയംകൊണ്ടു് ഗാന്ധിക്കണ്ടായിരുന്നതുപോലെ ഇത്രയധികം അനുചരന്മാർ ആർക്കാണു് ഉണ്ടായിട്ടുള്ളതു്? എന്നിട്ടും അരഡസൻ ആളുകൾപോലും അദ്ദേഹത്തെ മനസ്സിലാക്കിയിരുന്നോയെന്നു സംശയമാണു്. ഭരിക്കാനായി ജനിച്ചവർക്കു് അങ്ങിനെ നിസ്സഹായമായ ഒരു ഗുണമുണ്ടായിരിക്കും.'' ഇതായിരുന്നു ജി. ബി. എസ്സിന്റെ മറുപടി.

* * *

കുറച്ചുകാലം കഴിഞ്ഞു്, 'ഷാസ് കോർണർ' എന്ന ഷാ വസതിയുടെ ഉദ്യാനത്തിൽ ജി. ബി. എസ്സും വിൻസ്റ്റണും ലാത്തുകയായിരുന്നു. മരണം സംഭാഷണവിഷയമായി. ഷാ ആരംഭിച്ചു. ''നാടകവേദിയിലെ 'വൺസ് മോർ' വിളിക്കു് 60-കൊല്ലമായി ഞാൻ വഴങ്ങിക്കൊണ്ടിരിക്കുകയാണു്. ഇനി കർട്ടൻ വീഴേണ്ട സമയമായി.''

''എന്നിട്ടു് അങ്ങു് എവിടെപ്പോകുന്നു?'' വിൻസ്റ്റൺ തൊട്ടുത്തുവിട്ടു.

''ശൂന്യതയിലേക്കു്, മരണം ഒരു വ്യത്യാസവും ഒരുത്തരിലും വരുത്തുന്നില്ല. ഷാ—ഠാ, എന്നുവെച്ചാൽ ഷാതന്നെ. മരണം ആദ്യവസ്തുവിൽനിന്നു് എന്തെങ്കിലും എടുത്തുകളകയോ അതിനോടു് എന്തെങ്കിലും ചേർക്കുകയോ ചെയ്യുന്നില്ല. അടുത്തകാലത്തു് മരണത്തിന്റെ വേലകൾ പലതും ഞാൻ കണ്ടിട്ടുണ്ടു്. ചാർലട്ടു് (ഷായുടെ ഭാര്യ), വെൻസു്, വെബ്ബു്—എന്നിവരെ ക്ഷീണിതശരീരങ്ങളിൽനിന്നു് അതുവേർപെടുത്തി. തന്റെ പ്രാബല്യത്തിന്റെ ഉച്ചസ്ഥിതിയെത്തിയപ്പോൾ ഗാന്ധിയെ അതു് തട്ടിയെടുത്തു. ഗാന്ധിയുടെ മരണമായിരുന്നു അദ്ദേഹത്തിന്റെ പരമോൽകൃഷ്ടമായ കൃത്യം. ഒരാൾ സമുന്നതമായ ഒരു കൃത്യം ചെയ്തുകഴിഞ്ഞാൽ അദ്ദേഹത്തെ വെടിവെച്ചുവീഴ്ത്തിയേക്കണം; അല്ലെങ്കിൽ വേദനകൂടാത്ത അന്ത്യസുഷുപ്തിയിൽ അദ്ദേഹത്തെ ലയിപ്പിക്കണം. മഹാത്മ്യത്തിന്റെ നേർക്കുള്ള നമ്മുടെ മനോവൃത്തി അങ്ങനെയാണ വേണ്ടതു്. മനുഷ്യസ്വഭാവം നന്നായറിഞ്ഞിരുന്ന ക്രിസ്തു പറഞ്ഞതു്, എനിക്കു് നല്ല ഉറപ്പുണ്ടു്, ഇങ്ങിനെയാവാനേതരമുള്ളു. 'കർത്താവേ, അവരുടെ മാപ്പുകൊടുക്കേണമേ, എന്തുകൊണ്ടെന്നാൽ, എന്താണു് അവർ ചെയ്യുന്നതെന്നു് അവർക്കറിയാം.' † ഷാ ഇങ്ങിനെ പറഞ്ഞവസാനിപ്പിച്ചു.

* * *

മഹാത്മജിയുടെ നിര്യാണത്തിനു മുമ്പുള്ളകാലം, ദേവദാസ് ഗാന്ധി കുറച്ചുദിവസമായി ലണ്ടനിൽ താമസിച്ചു വരികയുണ്ടു്. റൌണ്ട് ടേബിൾ സമ്മേളനക്കാലം മുതൽക്കേ പരിചയമുള്ള വിൻസ്റ്റൺ ദമ്പതിമാരുടെകൂടെ സൈ്വരമായി ഒരു ദിവസം കഴിച്ചുകൂട്ടാൻ അയോട്ടഗ്രാമത്തിലെ വിൻസ്റ്റൺ ഭവനത്തിൽ അദ്ദേഹം വന്നുചേരുന്നു. തൊണ്ണൂറാംപിറന്നാളടുത്ത ഷായുമുണ്ടു് തന്നെക്കത്തു അവിടെയിരിക്കുന്നു. തന്റെകൂടെ ഉച്ചഭക്ഷണത്തിനു് അദ്ദേഹവും കണിക്കപ്പെട്ടിരിക്കുകയാണു്! അത്ഭുതമഹാളുദേപരവശനായ ദേവദാസു് അദ്ദേഹത്തെ കൈകൂപ്പി വന്ദിച്ചു.

''കൊള്ളാം, നിങ്ങളുടെ അച്ഛനെപ്പറ്റി ഞങ്ങൾക്കു പറഞ്ഞുതരുന്നതിനു് ജീവനുള്ള വേറൊരാളുണ്ടെങ്കിൽ അദ്ദേഹം മാത്രമേയുള്ളൂ.'' ഇങ്ങിനെ ദേവദാസിനെ അഭിവാദ്യംചെയ്തു്, മറുപടിക്കായി ഷാ കാത്തിരുന്നു.

''തങ്കളെപ്പോലെ അദ്ദേഹത്തിനും 200-കൊല്ലം ജീവിച്ചിരിക്കണമെന്നാഗ്രഹം'' ദേവദാസു് പറഞ്ഞു.

''ശരി, ശരി, ഉപവാസങ്ങൾക്കൊരുങ്ങുകയാണെങ്കിൽ നിശ്ചയമായും അദ്ദേഹത്തിനതു് സാദ്ധ്യമാകും. എനിക്കു് ചിലപ്പോൾ തോന്നാറുണ്ടു് കള്ളിമുഴുവൻ ഞാൻ പറഞ്ഞുകളയട്ടെ എന്നു്.—അതായതു്, ഈ ഉപവാസം ഒരു യജ്ഞമൊന്നുമല്ല, വെറുമൊരു ചികിത്സാമാത്രമാണെന്നു്. ഒരാൾക്കു പട്ടിണികിടന്നു് മരിക്കാൻ കഴിയും, ശരിതന്നെ. അതിഭക്ഷണംകൊണ്ടും അതുപോലെ മരിക്കാൻ കഴിയുമല്ലോ. പക്ഷെ, നിങ്ങളുടെ അച്ഛൻ മിതമായേ എന്തുംചെയ്കയുള്ളൂ. അദ്ദേഹം ഒരു മതഭ്രാന്തനല്ല. എന്നോടു് പറയൂ, അദ്ദേഹം നിങ്ങൾക്കെല്ലാം നല്ലൊരച്ഛനായിരുന്നുവോ?'' ഷാ ചിരിച്ചുകൊണ്ടു ചോദിച്ചു.

അപ്രതീക്ഷിതമായ ഈ ചോദ്യം ദേവദാസിനെ തെല്ലൊന്നുകുഴക്കി. അല്പസമയം ആലോചിച്ചു് അദ്ദേഹം പറഞ്ഞു.

''വളരെ നല്ല അച്ഛനായിരുന്നു, തീച്ച. പക്ഷെ, ഒരുകാര്യം പറയാതെവയ്യ; വിപരീതാഭിപ്രായക്കാരനായ ഒരു സഹോദരൻ എനിക്കുണ്ടു്. അയാളും അച്ഛന്റെ ശരീരത്തിനു് ഒരു മുള്ളായിത്തീർന്നിരിക്കയാണു്.''

ജി. ബി. എസ്സിനു് രസംപിടിച്ചു. ഈവിധമുള്ള ഉത്തരങ്ങൾ അദ്ദേഹത്തിനിഷ്ടമായിരുന്നു. ആ സഹോദരനെപ്പറ്റി കൂടുതൽ പറയാൻ അദ്ദേഹം ദേവദാസിനെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ഒടുവിൽ ഷാ പറഞ്ഞു. കുട്ടികൾ ലോകത്തിൽവരുന്നതു് അവരുടെ പിതാക്കന്മാരെ പരിശോധിക്കാനാണു്. ഏതായാലും ഡോർചെസ്റ്റർ ഹോട്ടലിൽ താമസിക്കാനും വെസ്റ്റ് എൻഡ് ഉടുപ്പുകൾ ധരിക്കാനും നിങ്ങളെ അച്ഛൻ അനുവദിക്കുന്നുണ്ടല്ലോ. നിങ്ങൾ ചെയ്യുന്നതിൽ തെറ്റില്ല. ദേശക്കാരായ കവിപ്രേമികളുടെ കൂട്ടത്തിൽ കൂടുമ്പോൾ—റഷ്യൻ എംബസ്സിയുടെ ഒരു സൽക്കാരാവസരത്തിലാണെന്നിരിക്കട്ടെ—ഞാൻ സല്ലാപവേഷമണിഞ്ഞേ പോകാറുള്ളൂ. ഈ റഷ്യക്കാരുണ്ടല്ലോ, വലിയ ബൂർഷ്വാക്കളാണു്.

''എന്താണു്, 'അനുവദിക്കുന്നുണ്ടല്ലോ' എന്നു് തങ്കളും പറഞ്ഞതു്? എന്റെ അച്ഛൻ ഒരു അപരിഷ്കൃതനാണെന്നു് താങ്കളും വിചാരിക്കുന്നുണ്ടോ?'' ദേവദാസു് പരിഭവഭാവത്തിൽ ചോദിച്ചു.

''ആളകലം 1000-കൊല്ലത്തിലധികം പിന്നിലായാൽ അവരെയൊക്കെ പഴഞ്ചന്മാരായേ ഞാൻ കണക്കാക്കൂ. 'പവ്തപ്രസംഗ'മല്ലാതെ വേറെവല്ലതും നിങ്ങളുടെ അച്ഛൻ വായിച്ചിട്ടുണ്ടോ?'' ഷായുടെ തമാശകൊണ്ടു് മൂക്കുകുടിവന്നു.

''അദ്ദേഹം ഗസ്റ്റിനും ഗോറോവും സാംട്ടും വായിച്ചിട്ടുണ്ടു്'' ദേവദാസു്.

''ഓഹോ'' ഒരു പുഞ്ചിരിയോടെ ഷാ പറയുകയാണു് ''എന്നാൽ അദ്ദേഹം എന്നെക്കാൾ അധികമൊന്നും വായിച്ചിട്ടുണ്ടു്, നിശ്ചയം ഞാൻ തോറോവായിച്ചിട്ടില്ല. റിന്നെ.... ജീവിച്ചിരിപ്പുള്ള എഴുത്തുകാരെ അദ്ദേഹം വഞ്ചിച്ചതു് അസ്സലായി. കൊള്ളാവുന്നവർ ആരുണ്ടിപ്പോൾ?''


തനിക്കു് അമളിപിണഞ്ഞതു ദേവദാസു് മനസ്സിലാക്കി അയാളോടു പറഞ്ഞു. ''ക്ഷമിക്കണം.''

* * *


ഇങ്ങിനെ വിജ്ഞാനത്തിന്റെയും വിനോദത്തിന്റെയും ശകലങ്ങൾ നിറഞ്ഞ ഒരു പുസ്തകമാണു് 'ഷാസ് കോർണർ'. മഹാത്മജിയെ സംബന്ധിക്കുന്ന ചില കാര്യങ്ങൾമാത്രമേ ഇവിടെ എടുത്തുകാണിച്ചിട്ടുള്ളൂ. പ്രസിദ്ധ നടിയായ എലൻടെറി, കവിയായ വില്യം മോറിസ്, സോഷ്യലിസ്റ്റനേതാക്കളായ വെബ് ദമ്പതിമാർ, നാടകകൃത്തും രസികശിരോമണിയുമായ ഓസ്കർ വൈൽഡ്—ജി. ബി. എസ്സിന്റെ സുഹൃത്തുക്കളായിരുന്ന ഇവരെപ്പറ്റിയുള്ള (മറ്റനേകം പേർ ഇവിടെ പറയുന്നില്ല) ചിരിപ്പിക്കുന്ന വിമർശങ്ങളും ഉള്ളിൽതട്ടുന്ന സ്മരണകളും ഈ പുസ്തകത്തിൽ ഉടനീളം കാണാം.

ലൈംഗികകാര്യങ്ങൾ, വിവാഹം, വാദ്ധ്യം, നാടകവേദി, പെണ്ണുങ്ങൾ—ഇവയെപ്പറ്റി അസ്പഷ്ടം അതേസമയത്തുതന്നെ ഉന്മേഷവും ഉളവാക്കുന്ന അഭിപ്രായങ്ങൾ ഒട്ടുപൂവ്വമല്ല. എവിടേയുമുണ്ടു് അദ്ദേഹത്തിന്റെ സവിശേഷരീതിയിലുള്ള ഫലിതങ്ങളും സമന്വയവിജ്ഞാനം കലർന്ന ഭാഷണങ്ങളും.

''ഞാൻ പെണ്ണുങ്ങളെ ഒരിക്കലും കാര്യമാക്കിയിട്ടില്ല. അതിനാൽ ആവരെക്കൊണ്ടു് എനിക്കു് പാവകളിക്കാൻ സാധിച്ചു.'' എന്നൊരിടത്തു് അദ്ദേഹം പറയും. വേറൊരിടത്തു പറയുന്നതുകേൾക്കാം ''ലൈംഗികവികാരംകൂടാതെ പെണ്ണുങ്ങളോടു് സംസാരിക്കാൻ കഴിയുന്ന പുരുഷനും ചില ആണുങ്ങളുടെ കൂട്ടത്തിലുള്ളവനാണെ ഞാൻ.'' ഭാര്യയോടു നേരുപറയുന്ന യാതൊരു ഭർത്താവിനും അവളുടെ ആദരം ആർജ്ജിക്കാൻ കഴിയില്ലെന്നതു അദ്ദേഹത്തിന്റെ മതം! ഷാ പറയാറുണ്ടു്, താൻ ഒരിക്കലും ഒരു പുരുഷനാണെന്ന അഭിമാനിച്ചിട്ടില്ലെന്നു്— എന്തുകൊണ്ടെന്നാൽ, അദ്ദേഹം കാലത്തിനു് അത്രയധികം മുന്നിട്ടാണുപോലും നിന്നിരുന്നതു്! ഒരുപക്ഷെ, വാസ്തവവും അതുതന്നെയാകാം.



നെബ്രാസ്കയിലെ ചീഫ് ജസ്റ്റീസായ റോബർട്ട് ജി. സിമ്മൺസ് ഒരു ഇൻഡ്യൻ പാക്കിസ്ഥാൻ പത്രത്തിനായി പുറപ്പെട്ടിരിക്കുന്നു. അമേരിക്കയിലെ നിയമങ്ങളെ സംബന്ധിച്ചു ഇദ്ദേഹവും പ്രസംശങ്ങളും നടത്തുന്നതാണു്.



ജോൺലിവല്ലിൻ ലൂയിസ്, യുണൈറ്റഡ് മൈൻവർക്കേഴ്സ് ഓഫ് അമേരിക്ക (UMWA) യുടെ അദ്ധ്യക്ഷനാണു്. അമേരിക്കയിലെ 500,000 തൊഴിലാളികളുടെ നേതാവാണു്. ഇദ്ദേഹത്തിനു 73 വയസ്സു പ്രായമുണ്ടു്.

† 'എന്താണു് അവർ ചെയ്യുന്നതു് എന്നു അവർ അറിയുന്നില്ല' എന്നാണല്ലോ ബൈബിൾ വാക്യം.

ആനന്ദശിവരാമൻ

★

കാനഡായിലെ പര്യടനം

(പി. കെ. ഡി.)

കഴിഞ്ഞ കുറച്ചുമാസങ്ങളായി കാനഡായിൽ പര്യടനം നടത്തിവരുന്ന ലോകപ്രസിദ്ധകേരളീയ നർത്തകൻ ശ്രീ: ആനന്ദശിവരാമനും പാർട്ടിയും മേയ് അവസാനത്തോടെ 'മോൺട്രിയൽ' എന്ന പ്രസിദ്ധ നഗരിയിൽ എത്തുകയുണ്ടായി. ശിവരാമന്റെ കാനഡാപര്യടനം ഒരു മഹാവിജയമാണ്. ഗാലറ്റ്സീൻ രാജകുമാരിയുടെ പ്രത്യേക ക്ഷണപ്രകാരമാണ് ഇദ്ദേഹം കാനഡാ സന്ദർശിച്ചതു്. ഒരുമാസത്തിലധികം നീണ്ടുനിന്ന ആട്ടവും പര്യടനവേളയിൽ ശിവരാമൻ ഗാലറ്റ്സീൻ രാജകുമാരിയുടെ അതിഥിയായിരുന്നു. കാനഡായിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ മി: ആർ: ആർ: സാക്സെന ഈ കേരളീയനർത്തകനു വമ്പിച്ചതോതിൽ ഒരു ഡിന്നർസല്ക്കാരവും നൽകുകയുണ്ടായി. തദ്ദവസരത്തിൽ ആട്ടവേദിയിലെ ഉയർന്ന ഇന്ത്യൻ ഉദ്യോഗസ്ഥന്മാർ, വ്യവസായപ്രമുഖന്മാർ, പത്രപ്രധാനികളും, പത്രപ്രതിനിധികളും, കലാവിമർശകന്മാർ തുടങ്ങി ഒരു വലിയ കൂട്ടം അതിഥികളും സന്നിഹിതരായിരുന്നു. മി: സാക്സെന ശിവരാമന്റെ അപദാനങ്ങളേയും കലാവൈദഗ്ദ്ധ്യത്തേയുംകുറിച്ചു ഒരു നീണ്ട പ്രസംഗംചെയ്തു. ലോകപ്രശസ്തനായ ഈ ഇന്ത്യൻനർത്തകനെക്കുറിച്ചു സൂചിപ്പിക്കുവാൻ അഭിമാനംകൊള്ളുന്നു എന്നു ഹൈക്കമ്മീഷണർ പ്രസംഗമദ്ധ്യേ പ്രസ്താവിച്ചു. ശിവരാമന്റെ പര്യടനസംരംഭങ്ങളെ അഭിനന്ദിച്ചുകൊണ്ടു കാനഡാഗവർമ്മെന്റും എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും നൃത്തം ചെയ്യുവാൻ ഇദ്ദേഹത്തെ ക്ഷണിച്ചിട്ടുണ്ട്.



ശ്രീ. ആനന്ദശിവരാമൻ

ആട്ടവയിലെ ഒരു മാസത്തിലധികം നീണ്ടുനിന്ന പര്യടനത്തിനുശേഷം ശിവരാമൻ 'ടൊറോന്റോ' സന്ദർശിച്ചു. കാനഡായിലെ ആതേഴ്സ് അസോസിയേഷൻ പ്രസിഡൻറ് (Author's Association President) മിസ്സിസ് ലബോർഡയാസിന്റെ അതിഥിയായിരുന്നു ഇദ്ദേഹം. ടൊറോന്റോവിലെ പ്രസിദ്ധമായ ന്യൂ സൊസൈറ്റി പ്ലെയേഴ്സ് തീയറ്ററിൽ(New Society Players Theatre) തുടർച്ചയായി വളരെ ദിവസം നിറഞ്ഞ സദസ്സിൽ ശിവരാമൻ നൃത്തംചെയ്തു. പത്രലോകവും കലാവിമർശകന്മാരും കഥകളിയേയും ശിവരാമനേയും മുക്തകണ്ഠം പുകഴ്ത്തി. രണ്ടായിരത്തിൽപരം വിദ്യാർത്ഥിനികളുടെ കുലപതിയായ മിസ്സിസ് ഹാർഡിയുടെ ക്ഷണപ്രകാരം ശിവരാമൻ ടൊറോന്റോ ബാലേ കമ്പനിയിലെ അതിഥിനർത്തകനായി ശിവരാമൻ നൃത്തമെൽ അകലെയുള്ള 'ലിൻഡ്സി' ടൗണിൽ നൃത്തംചെയ്തു. ആന്ത്രോപ്പോളജി ഓഫ് സ്കൂൾസ് ഓഫ് സോഷ്യൽ സ്റ്റഡി (Anthropology of Schools of Social Study) എന്ന സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ യൂണിവേഴ്സിറ്റി ഹാളിൽവച്ചു നടത്തപ്പെട്ട നൃത്തപരിപാടികളും ശിവരാമന്റെ പ്രസിദ്ധിയെ വാനോളം ഉയർത്തിയിട്ടുണ്ട്. ഒൺടേറിയോ കോളേജ് ഓഫ് ആർട്ട്സിന്റെ (Ontario College of Arts) ക്ഷണപ്രകാരം ഹെലിക്കോണിയൻ ഹാളിൽവച്ചു നടത്തപ്പെട്ട പ്രദർശനങ്ങളിൽ അവിടത്തെ പേരെടുത്ത പ്രഫസ്സറന്മാർ, പത്രപ്രവർത്തകന്മാർ, കലാവിമർശകന്മാർ, നർത്തകപ്രമുഖന്മാർ തുടങ്ങി ഒരു വലിയ കൂട്ടം ആളുകൾ സന്നിഹിതരായിരുന്നു. ഗ്ലോബ്, മെയിൽ, ടെലിഗ്രാം, സ്റ്റാർ തുടങ്ങി കാനഡായിലെ പ്രമുഖ ദിനപത്രങ്ങളും ശിവരാമന്റെ കലാവൈദഗ്ദ്ധ്യത്തെ പ്രകീർത്തിച്ചുകൊണ്ടു പല ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കാനഡായിലെ എല്ലാ ഉയർന്ന സ്ഥാനങ്ങളിലും ഇന്നു ശിവരാമനും കഥകളിയും പരക്കെ സംസാരവിഷയമായിത്തീർന്നിട്ടുണ്ട്. ദിവസംപ്രതിയെന്നവണ്ണം വിവിധ തിയേറ്ററുകളിൽ ശിവരാമന്റെ പ്രദർശനങ്ങളും വിജയകരമായി നടന്നുവരുന്നു. കലാപ്രേമികളുടെ കൂടായ കാനഡായിൽ ഒരു കലാകാരനു വിശ്രമിക്കാൻ സമയം കിട്ടുകയില്ല' എന്നു ശിവരാമൻ പല പ്രാവശ്യവും സചിവസിലാമായ മന്ദഹാസത്തോടെ അഭിപ്രായപ്പെട്ടിട്ടുണ്ട്.

പത്രപ്രധാനികളുടേയും കലാസംഘടനകളുടേയും മറ്റും വകയായി പല ഡിന്നർസൽക്കാരങ്ങളും സ്വീകരണയോഗങ്ങളും ശിവരാമനു നൽകപ്പെട്ടു. ആർട്ട്സ് ആൻഡ് ലറ്റേഴ്സ് ക്ലബ്ബ് (Arts and letters Club) പ്രസിഡൻറായ മിസ്സിസ് ഡാലിയുടെ വകയായി ഹെലിക്കോണിയൻ ഹാളിൽവച്ചു നൽകപ്പെട്ട വമ്പിച്ച ഡിന്നർപാർട്ടിയിൽ അവിടത്തെ പേരെടുത്ത പല സിനിമാതാരങ്ങളും പങ്കുകൊണ്ടിരുന്നു.

പ്രദർശനങ്ങൾക്കുള്ള ക്ഷണങ്ങളും വിവിധ സ്ഥലങ്ങളിൽനിന്നും ശിവരാമനു വളരെയധികം ലഭിച്ചിട്ടുണ്ട്. തന്റെ പര്യടനം കുറച്ചു മാസങ്ങൾകൂടി തുടരുവാൻ തീയേറ്റർ ഭാരവാഹികളും ശിവരാമനോടു അഭ്യർത്ഥിച്ചുവരുന്നു. എന്നാൽ ടെഡ്ഷോൺസ് യൂണിവേഴ്സിറ്റി ഓഫ് ഡാൻസ് ഓഫ് അമേരിക്ക (Ted Showns University of Dance of America) എന്ന പ്രസിദ്ധ നൃത്തസർവ്വകലാശാലയുടെ ക്ഷണപ്രകാരം ശിവരാമൻ ജൂലൈ അവസാനത്തോടെ വിവിധ പട്ടണങ്ങളും സന്ദർശിക്കുന്നതാണ്. ഈ പരിപാടികൾക്കുശേഷം ആഗസ്റ്റ് രണ്ടാമത്തെ ആഴ്ചയിൽ ശിവരാമനും പാർട്ടിയും അമേരിക്കയുടെ തലസ്ഥാനനഗരിയായ ന്യൂയോർക്കിൽ എത്തുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ഇപ്പോൾ കേരളത്തിൽ വിശ്രമിച്ചുവരുന്ന ശിവരാമന്റെ സഹധർമ്മിണിയുമായ ജാനകീദേവി ആഗസ്റ്റ് മാസത്തിൽ ന്യൂയോർക്കിൽ എത്തുന്നതോടെ അവർ ഒന്നിച്ചു കാനഡായിലേക്കു തിരിച്ചുപോകുന്നതാണ്.

H. O. തൊടുപുഴ ഫോൺനമ്പർ 36. Branch: കോട്ടയം ഫോൺനമ്പർ 486.

നിങ്ങളുടെ ആരോഗ്യം

വലിച്ചു് യൌവനം നിലനിൽക്കുന്നതിനു് സംയുക്തിസാനപ്രദേശങ്ങളിൽനിന്നും ലഭിക്കുന്ന ദിവ്യമൂലികകളുടെ സാരാംശത്തെ സമാഹരിച്ചു് പ്രത്യേകരീതിയിൽ തയ്യാർചെയ്തിട്ടുള്ള ഞങ്ങളുടെ

ച്യവനപ്രാശംലേഹ്യം

ഉപയോഗിക്കുക. ഇതു് പ്രായഭേദമെന്യേ ഉപയോഗിക്കാവുന്നതും ഹൃദ്രോഗം, കാസശ്വാസം, മൂത്രാശയരോഗങ്ങൾ ഇവകളെ നശിപ്പിക്കുന്നതിനു ശക്തിയുള്ളതുമാകുന്നു. ശരീരബലം, ബുദ്ധിശക്തി, ഓർമ്മശക്തി ഇവകളെ വർദ്ധിപ്പിക്കുകയുംചെയ്യും. സ്ത്രീകൾക്കു് പ്രസവരക്ഷയ്ക്കു സേവിപ്പാനും വളരെ വിശേഷമാകുന്നു. എല്ലാ ബ്രാഞ്ചുകളിലും ഹെഡാഫീസിലും എപ്പോഴും തയാറുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്കു് എഴുതുക.

ധന്വന്തരിവൈദ്യശാല, H O തൊടുപുഴ, തിരുവിതാംകൂർ.

ബ്രാഞ്ചുകൾ:

1. ആലപ്പുഴ	10. കൃത്താട്ടുകുളം	19. തക്കല	27. പാറശ്ശാല	35. പൊൻകുന്നം
2. ആലുവാ	11. കൊട്ടാരക്കര	20. തിരുവനന്തപുരം	28. പന്തളം	36. മദ്രാസ്
3. ആറ്റിങ്ങൽ	12. കൊച്ചി	21. തിരുവല്ലാ	29. ബാംഗ്ലൂർ	37. മാർത്താണ്ഡം
4. ഇടപ്പള്ളി	13. കൊല്ലം	22. തുപ്പുണിത്തുറ	30. പാലാ	38. മാവേലിക്കര
5. ഈരാറ്റുപേട്ട	14. കോതമംഗലം	23. തൃശ്ശൂർ	31. പിറവം	39. മുണ്ടക്കയം
6. ഏറണാകുളം	15. കോഴിക്കോട്	24. നാഗർകോവിൽ	32. പുനലൂർ	40. മൂവാറ്റുപുഴ
7. കായംകുളം	16. കോട്ടയം	25. നെടുമങ്ങാട്	33. പൂഞ്ഞാർ	41. വാഴക്കുളം
8. കാഞ്ഞാർ	17. ചങ്ങനാശ്ശേരി	26. നെയ്യാറ്റിൻകര	34. പെരുമ്പാവൂർ	42. വൈക്കം
9. കിളിമാനൂർ	18. ചേർത്തല			



മാധവീകങ്കണം

വിവർത്തകൻ—തേലപ്പുറത്തു നാരായണൻനമ്പി
മംഗളോദയം ലിമിറ്റഡ്, തൃശ്ശൂർ.
വി—ശ്ര—3.

ശ്രീ: രമേശചന്ദ്രദത്ത് ഐ. സി. എസ്സ്, സി. ഐ. ഈ. അവർകളെപ്പോലെ വിവിധ മണ്ഡലങ്ങളിൽ വിശ്രുതിയഞ്ജിച്ചിട്ടുള്ള ഒരു മഹാപുരുഷൻ ഭാരതത്തിൽ വേറെയുണ്ടോയിട്ടുണ്ടോ എന്നു സംശയമാണ്. ഇന്ത്യയുടെ ചരിത്രസൃഷ്ടാക്കളിൽ അതുൽകൃഷ്ടപദവി വഹിക്കുന്ന അദ്ദേഹത്തിന്റെ ഏതദ്വിഷയകമായ തല്പരതയും സചകപോലകല്പിതമായ സൃഷ്ടിക്കു വേണ്ടുന്ന സങ്കല്പശക്തിയും സമുജ്ജ്വലമായി സമ്മേളിച്ചിട്ടുള്ളതാണു മാധവീകങ്കണത്തിന്റെ അവലംബമായ മൂലഗ്രന്ഥം. മുകിലഗാത്രരുടെ ഭരണകാലത്തെ ബംഗാളിന്റെ സാമൂഹ്യസ്ഥിതി ചിത്രീകരിച്ചു ഫലിപ്പിക്കുന്നതിൽ അദ്ദേഹം അന്യാദൃശവിജയം നേടിയിരിക്കുന്നു. ഒരോ മണ്ഡലാധിപന്മാരുടെ വാഴ്ചയിൽ ഛിന്നഭിന്നമായ വംശദേശം കൂടിപ്പുകകൊണ്ടു കുലംകെട്ട കേരളത്തിന്റെ പ്രതിച്ഛായയായിത്തന്നെ നമുക്കു കാണാം. ചരിത്രപരമായ ഈ പശ്ചാത്തലത്തിൽ സുവിസ്തൃതമായി പണി കഴിപ്പിച്ചിരിക്കുന്ന ഈ കഥാസൗധം കലാശില്പത്തിന്റെ പ്രകേതനവൈഭവത്തെ പ്രത്യക്ഷമാക്കി നിലകൊള്ളുകയാണ്. രമേശചന്ദ്രദത്തനെപ്പോലെയുള്ള ഒരു സമുന്നതവ്യക്തിയുടെ മാനസികസഞ്ചാരം ഒരിക്കലും അപഥോന്മുഖമാകുന്നതല്ലല്ലോ. സമസ്തപുണ്ഡ്രങ്ങളോടും ഒരു സാഹിത്യകാരനുള്ള ഉത്തരവാദിത്തത്തിന്റെ ഉച്ചാവചലക്ഷ്യങ്ങളായിരിക്കും അവരുടെ ഓരോ സങ്കല്പങ്ങളും. മാധുള്ളവർ ആത്മഹത്യയിലവസാനിക്കുന്ന പ്രേമനൈരാശ്യത്തെ ധർമ്മികപ്രവണമാക്കി ശ്രേയസ്കര പന്ഥാവിലേക്കു തിരിച്ചുവിട്ട ജീവിതം ജീവിക്കുന്നുള്ളതാണെന്ന മഹത്തായ ബോധം വരുത്തുകയെന്നുള്ളതായിരുന്നു അവരുടെ ചിന്തിതം. ആ ജീവിതസന്ദേശത്തെ സാഹിത്യരസത്തിൽ സന്നിഷ്ടമാക്കി അനുവാചകനു് ആസ്വാദ്യമാക്കി പകർന്നുകൊടുക്കുന്നതിലാണു് ആ മഹാപുരുഷന്മാരുടെ വിജയം. ശംഗാതീരത്തിലുള്ള ഒരു മണൽത്തിട്ടയിൽ സായന്തനസന്ധ്യയുടെ മൂകനൂകോമളമായ ചെങ്കഴൽക്കാമ്പുകൾ പതിഞ്ഞു നയനാഭിരാമമായിരിക്കുന്ന സന്ദർഭത്തിൽ ക്രീഡാലോലസരായി പ്രത്യക്ഷപ്പെടുന്ന ശിശുതവഴിഞ്ഞ ഇതിലെ നായികാനായകന്മാർ അവരുടെ പ്രതീക്ഷകപഥകനും ഭഗ്നപ്രണയരായി ഒടുവിൽ യമുനാപുളിനത്തിൽ അരണ്ടനിലാവിൽ അവരുടെ ജീവിതഗ്രന്ഥങ്ങളും തുറന്നു കണ്ണീർപൂരണ്ട അതിലെ അദ്ധ്യായപരമ്പരകളെ എണ്ണി എണ്ണിനിൽക്കുന്ന നിലയിൽ കഥ അവസാനിക്കുന്നു. ഇതിലെ കഥാനായികയായ ഹേമലതയിൽ പുനരുണിക വനിതകളുടെ പ്രതിഛായ സംക്രമിക്കുന്നുണ്ടെങ്കിലും സന്തതം മിഹിരനാത്മശോഭയും സന്തമാം മധുകൈതിച്ചുവണ്ടിനും എന്നുള്ള ഒരു ശപ്തമായനില അവലംബിക്കയല്ല ചെയ്തിട്ടുള്ളതു്. ഏകനേ ചിന്തിക്കുമുള്ളിൽ ഏകനിൽമന്ദാക്ഷംലുകുന്ന അബലാതപത്തിന്റെ അസൽ പ്രതീകമാക്കി അവളെ പ്രതിഷ്ഠിക്കണമെന്നുള്ളതായിരിക്കാം ഗ്രന്ഥകർത്താവിന്റെ ഉദ്ദേശ്യം. ചെറുപ്പത്തിൽ ദുശ്ശാഠ്യക്കാരനും സാഹസപ്രിയനുമായിപ്പോകുന്ന നരേന്ദ്രനെ ജീവിതാനുഭവങ്ങൾ ക്രമേണമയപ്പെടുത്തി പക്വമാനസനാക്കുന്ന പ്രകൃതിചികിത്സാസമ്പ്രദായം ഇതിൽ സവിശേഷം ഫലിച്ചുകണ്ടു. ഒരു പ്രത്യേകചരിത്രകാലഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന ഇതിലെ കഥാപാത്രങ്ങളിൽ പലതിലും അസാധാരണതപം മുഴച്ചുനിൽക്കുന്നതായി ആധുനികർക്ക് അനുഭവപ്പെടാം. എന്നാൽ ആ സൃഷ്ടിപാത്രങ്ങളിൽ പകർന്നുവച്ചിരിക്കുന്ന ജീവിതതത്ത്വം സർവ്വദാസംസേവിതവുമാണ്. ചരിത്രദൃഷ്ടാവിലപ്പെട്ടതും സാഹിത്യമാസ്ത്രത്തിൽ ശ്രുതിപ്പെട്ടതുമായ മാധവീകങ്കണത്തിന്റെ വിവർത്തനം വേണ്ടവിധത്തിൽ ഭംഗിയായിയെന്നു ഇവിടെ അഭിപ്രായമില്ല. നരേന്ദ്രനും ഹേമലതയുമായി പുനഃസന്ധിക്കുന്ന വികാരതരളിതമായ രംഗത്തിൽ നിർജ്ജീവമായ പദവേയ്പുതന്നെ അതിനുവേണ്ട ലക്ഷ്യം തരുന്നുണ്ട്. കഥാകൗതുകികൾക്കു രസിക്കാനുള്ള ആഖ്യാനസമ്പ്രദായം ഇതിനുണ്ടെന്നും പറയാം.

—o—

മുളങ്കാടും ഇളങ്കാറ്റും

ഗ്രന്ഥകർത്താവു്,
കെ. വി. ദേവ്.
പി. കെ. മെമ്മോറിയൽപ്രസ്സ്,
തിരുവനന്തപുരം.
വില അണ 8.

ഒരു യുവകവിയുടെ ഏതാനും കവിതകളുണ്ട് ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം. ഗ്രന്ഥകർത്താവു് പേരു കൊണ്ടു വരുത്തിവച്ച ദുർഘടമല്ലാതെ കവിതയിൽ അതു് അനുഭവപ്പെടുന്നില്ലെന്നുള്ളതു തുലോം ആശ്വാസകരമായിട്ടുണ്ട്. മാധവമാസത്തിന്റെ മനം കളുക്കുന്ന മനോഹരതയിൽ പദംവച്ചുകൊണ്ടു മാരിവില്ലിന്റെ ശബളകോമളതയിലും വെണ്ണിലാവിന്റെ ലളിതശീതളതയിലും അലിഞ്ഞുചേരുന്ന ഒരു സൗന്ദര്യസരസത ഇതിൽ നമുക്കു കാണാം. ആ അനുഭൂതി അഭിനവമെന്നു ഇവിടെ വിവക്ഷയില്ല. പക്ഷേ, ഇതിൽ സാംഗത്യികമായി ദർശിക്കാൻ കഴിയുന്നതും അതുകൊണ്ടു കവിക്കു ഒരു ശോഭനഭാവിയെ പ്രതീക്ഷിക്കുവാനുള്ളതുമായി ഒന്നെടുത്തുപറയേണ്ടതായിട്ടുള്ളതു് ഇതിലെ ആവിഷ്കരണനൈപുണിയാണ്. ഈ സാഹിത്യസിദ്ധിയുടെ സന്നിധിയിൽ സ്ലിംഭാവത്തോടെ തലകാട്ടിത്തുടങ്ങിയിരിക്കുന്ന മധുരസപ്നങ്ങളിൽ മാർദ്ദവഭംഗം വരാതെയിരുന്നാൽകൊള്ളാം. അങ്ങനെയാണെങ്കിൽ ശ്രീ. കുഞ്ഞുവഴുതെ പിൻവഴിക്കാരനെന്ന നിലവിട്ടു സ്വന്തം വഴക്കുമുദ്ര പതിക്കുന്നതിനു ഈ യുവകവിക്കു അധികം ശ്രമം സിക്കേണ്ടതായി വരികയില്ല.

— സി. എം. പി.

ഗണിതശാസ്ത്രാധ്യാപനം

By K. G. Sivasankaran Nair M A; M.T.
Lecturer, Training College, Trivandrum.

ഗണിതശാസ്ത്രം അതിശയനമാണ്. പ്രായോഗികവിജ്ഞാനത്തിനേറയും, ബുദ്ധിയുടേയും യുക്തിയുടേയും ഒരു വ്യായാമശാലയാണതു്. ദൈനംദിനാവശ്യങ്ങൾ മുതൽ ദുർഗ്രഹങ്ങളായ വിജ്ഞാനശിഖരങ്ങളിലയ്ക്കുള്ള ഗവേഷണസരണികൾവരെയുള്ള സകല പന്ഥാക്കളിലും പ്രകാശം വീശുന്നതും, പുതിയ വീക്ഷണഗതികളെ സ്വീകരിക്കുവാനുള്ള പ്രചോദനം നൽകുന്നതും ഈ ശാസ്ത്രം തന്നെയാണ്. ഇതരവിഷയങ്ങളിലെ സത്യാന്വേഷണങ്ങളെ പരിശോധിക്കുന്നതും ഈ ശാസ്ത്രത്തിന്റെ വെളിച്ചത്തിലാണ്. ഇക്കാരണങ്ങളെല്ലാംകൊണ്ടാണ് ഗണിതത്തെ ശാസ്ത്രരാജൻ (King of Sciences) എന്ന് അഭിജ്ഞന്മാർ അഭിസംബോധനം ചെയ്യുന്നതു്. പ്രായോഗികമായി ചിന്തിക്കുന്നപക്ഷം ഈ ശാസ്ത്രത്തെപ്പോലെ ഒരനുഗ്രഹദായകനും മറ്റൊന്നുമില്ലതാനും. മറ്റേതൊരുവിഷയവും ശരിയായി പഠിക്കുന്നതിനു് ഇതു സഹായിക്കുന്നു. മത്സരപ്പരീക്ഷകളിൽ ന്യൂനം നൂറുമാർക്കും കരസ്ഥമാക്കി ഏറ്റവും പ്രശസ്തമായ വിജയം കൈവരിക്കുന്നതിനും ഈ ശാസ്ത്രം പോലെ പഠനം മറ്റൊന്നുമില്ല. ശരിയായി പഠിക്കുന്നപക്ഷം വളരെ വേഗം മനസ്സിൽ പതിയുകയും തങ്ങിനിൽക്കുകയും ചെയ്യുവാൻ ഗണിതത്തിന്റെ ശക്തിവിശേഷം ഒന്നു പ്രത്യേകംതന്നെയാണ്. അത്രയേറെ ലളിതമാണതിന്റെ പ്രതിപാദനം; രസാവഹമാണതിന്റെ പ്രയോഗം.

എന്നാൽ ഇന്നത്തെ വിദ്യാർത്ഥികളുടെ അനുഭവമോ? കണക്കിനെപ്പോലെ തലവേദനയും സംഭ്രമവും ഉളവാക്കുന്നതായി മറ്റൊരു വിഷയവുമില്ലെന്നാണ് അവർ ധരിച്ചുവച്ചിരിക്കുന്നതു്. അവരെ സംബന്ധിച്ചിടത്തോളം അതു് ഏറെക്കുറെ ശരിയുമാണ്. സർവ്വസാധാരണമായ ഈ ശാസ്ത്രരാജൻ നമ്മുടെ വിദ്യാർത്ഥിക

മലയാളിയാണൊ?

★

— കെ കെ. തമ്പി ബി. എസ്സ്സി., മദ്രാസ് —

ആറാം പതിവുപോലെ ഞാൻ നടക്കാനിറങ്ങി. പട്ടണത്തിന്റെ പുറമെ എന്റെ കണ്ണുകളിൽ ഇനിയും നശിച്ചിട്ടില്ലായിരുന്നു. സ്വന്തനാട്ടിൽ നിന്നും ആദ്യമായി അയൽനാട്ടിലുള്ള ഈ വലിയ പട്ടണത്തിൽ വന്നുചേർന്നിട്ട് രണ്ടുമാസങ്ങൾ കഴിഞ്ഞിരുന്നുവെങ്കിലും, ഇവിടത്തെ വൈവിധ്യം എന്നെ വല്ലാതെയാകർഷിച്ചു. പല ഭാഷകളും സംസാരിക്കുന്ന ആളുകൾ, പല വേഷവിധാനങ്ങൾ എന്നുവേണ്ട ഞാൻ കാണാത്തതും കേൾക്കാത്തതുമായ പലതും എനിക്കു കാണാനും കേൾക്കാനും ഉണ്ടായിരുന്നു. രണ്ടുമാസമായിട്ടും ഒരു ദിവസംപോലും ഞാൻ തനിച്ചു് തിരുവനന്തപുരത്തുനിന്നിട്ടില്ല. കമ്പോളങ്ങൾ, സിനിമാശാലകൾ, പാർക്കുകൾ, കടൽപ്പുറം എവിടെയും ഞാൻ അപരിചിതനല്ലാതായിത്തീർന്നു. ബസ്സ് സ്റ്റോപ്പുകളിൽ നല്ലൂക എന്റെ ഒരു പ്രത്യേകതയായി ബസ്സുകയറാനല്ല, ബസ്സുകളിൽ കയറുന്ന ആളുകളെ കാണാൻ. ബസ്സുകളിൽനിന്നും ഇറങ്ങുന്നവരെ കാണാൻ. എനിക്കു അതിൽ വലിയ രസംതോന്നിയിരുന്നു. എൻറെ പ്രായം ഞാൻ പറഞ്ഞില്ലല്ലൊ. അല്ല, പറയാതെതന്നെ നിങ്ങൾക്കൂഹിക്കുവാൻ കഴിയുമല്ലൊ.

പ്രധാനപ്പെട്ട ഒരു ഹോട്ടലിന്റെ എതിരുള്ള ബസ്സ് സ്റ്റോപ്പിൽ ഞാൻ എന്തിനെയെന്നില്ലാതെ കാത്തുകൊണ്ടു നില്പുരംഭിച്ചു. ബസ്സുകൾ പലതും



കൈപ്പുററി

കോട്ടയം നാഷണൽ ബുക്കുസ്റ്റാൾവക പ്രസിദ്ധീകരണങ്ങൾ

—o—

ജ്വാലയും പൂവും— ഗ്രന്ഥകർത്താ, കിഷൻചന്ദർ. അവതാരിക ഡാ: മുള്ളൂർ രാജ് ആനന്ദ്; പരിഭാഷകൻ ടാറാപുരം സുകുമാരൻ. പേജ് 206, വില 1 കു. 8 ണ.

സ്ഥാപകചരിതം (ആട്ടക്കഥ) ക്രൈസ്തവപുരാണത്തിലെ ഒരു കഥയെ ആസ്പദമാക്കിരചിച്ചതു്. ഗ്രന്ഥകർത്താ, ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാട്, പേജ് 25. വില 8 ണ.

ഇവൻ എന്റെ പ്രിയപുത്രൻ ഗ്രന്ഥകർത്താ, സി. ജെ. തോമസ് പേജ് 159. വില 1 കു. 8 ണ.

പത്തു കഥാകാരന്മാർ—(തുലികാചിത്രങ്ങൾ) ഗ്രന്ഥകർത്താ, ടാറാപുരം സുകുമാരൻ. പേജ് 116. വില കു 1.

ഞാനിപ്പുകുമ്മൂണിസ്റ്റാവും— (ഒരുരാഷ്ട്രീയവിനോദനാടകം) ഗ്രന്ഥകർത്താ, പി. കേശവദേവ്.

ചുമട്ടുകാരന്റെ പെണ്ണ് (ചെറുകഥകൾ) ഗ്രന്ഥകർത്താ, പുളിമൂട്ടിൽ ശങ്കരനാരായണൻ ബി. എ പേജ് 144. വില 1 കു. 4 ണ.

ബലി — ഗ്രന്ഥകർത്താ, കെ. സുരേന്ദ്രൻ. പേജ് 130. വില 1 കു. 4 ണ.

രാജ്യദ്രോഹി— ഗ്രന്ഥകർത്താ. യശ്പാൽ. പരിഭാഷകൻ. പി. എ. വാരിയർ. പേജ് 417. വില കു 3.

സാഹിത്യചർച്ച— ഗ്രന്ഥകർത്താ, പവനൻ. പേജ് 83. വില 12 ണ.

കുറവിസ്താരകഥകൾ— ഗ്രന്ഥകർത്താ, വി. മാധവൻനായർ. പേജ് 141. വില കു. 1 8 ണ.

തൃശൂർ മംഗളോദയം ലിമിറ്റഡ്വക പ്രസിദ്ധീകരണങ്ങൾ

മഹാസാഹിത്യം — ഗ്രന്ഥകർത്താ, പത്തേഴത്തു രാമമേനോൻ. പേജ് 274. വില 2 കു. 8 ണ.

കലയും സാമാന്യജനങ്ങളും — (കല, ജനത, പുരോഗതി ഇവയെ അനുരഞ്ജിപ്പിച്ചുകൊണ്ടുള്ള ഒരു നിരൂപണഗ്രന്ഥം) ഗ്രന്ഥകർത്താ, കെ. സുരേന്ദ്രൻ. പേജ് 153. വില 1 കു 4 ണ.

ളുടെ മുമ്പിൽ ഒരു ഭയങ്കരമുത്തിയായി രൂപാന്തരം പ്രാപിക്കുവാനുള്ള കാരണമെന്തെന്നു് നാം ചിന്തിക്കേണ്ടതുണ്ടു്. ഈ തകരാറു് മറ്റൊരിടത്തുനിന്നും ഉണ്ടായതല്ല. നമ്മുടെ പൈമറി വിദ്യാലയങ്ങളിൽനിന്നും മുളച്ചുയരുന്നതാണിതു്. ഗണിതശാസ്ത്രം രസകരമായി കൈകൊടുപ്പിച്ചെടുക്കുവാൻ കഴിവില്ലാത്ത അദ്ധ്യാപകന്മാർ ആദ്യകാലങ്ങളിൽ നമ്മുടെ ശിശുക്കളെ ഈ വിഷയം പഠിപ്പിക്കുവാൻ ഇടയാകുന്നതുകൊണ്ടാണു് ഈ തകരാറുണ്ടാകുന്നതെന്നാണു് എന്റെ ബലമായ വിശ്വാസം. കണക്കുശാസ്ത്രത്തിൽ പ്രത്യേക അഭിരുചിയുള്ള പൈമറിസ്കൂൾ അദ്ധ്യാപകരെ എനിക്കറിയാം. അവരുടെ കീഴിൽ ശിക്ഷണം ലഭിക്കുന്ന വിദ്യാർത്ഥികൾ ഈ ശാസ്ത്രത്തിൽ വളരെ സമർത്ഥരായിത്തീരുന്നതെങ്ങനെയുള്ളതും അനുഭവത്തിലുള്ളതുതന്നെ. അതുകൊണ്ടു് നമ്മുടെ ഇന്നത്തെ ഈ ദുസ്ഥിതി മാറുവാൻ പൈമറിസ്കൂളുകളിലാണു് പരിവർത്തനം വരുത്തേണ്ടതു്.

പൈമറിസ്കൂൾ അദ്ധ്യാപകർക്കു പരിശീലനം നൽകുന്നുള്ള സ്ഥാപനങ്ങളാണല്ലോ ട്രെയിനിംഗ്സ്കൂൾ. ഗണിതശാസ്ത്രബോധനത്തിന്റെ അടിസ്ഥാനക്കല്ലിടേണ്ടതു് ഈ ട്രെയിനിംഗ്സ്കൂളുകളിലാണു്. ഇന്നത്തെ പല ട്രെയിനിംഗ്സ്കൂളുകളിലേയും കഥ വളരെ ദയനീയമാണു്. ഗണിതശാസ്ത്രത്തിൽ പ്രത്യേകപ്രാവീണ്യമോ അതിന്റെ ബോധനരീതിയിലെ സാങ്കേതികതത്ത്വങ്ങളുടെ ബോധമോ ഇല്ലാത്ത അദ്ധ്യാപകപ്രമുഖന്മാർ ഇന്നു പല ട്രെയിനിംഗ്സ്കൂളുകളിലും ഗണിതബോധനം അഭ്യസിപ്പിക്കുന്നുണ്ടു്. ഹെർബാർട്ടിയൻ "പഞ്ചാവട്ടങ്ങൾ കണക്കുപാഠങ്ങളിലും ഉണ്ടായിരിക്കണമെന്നു വാദിക്കുന്നവർ മുതൽ സിലബസിംക്രമത്തിൽ (Theory of formal discipline) മുകെപ്പിടിച്ചുകൊണ്ടു് ബുദ്ധിക്ക് കൃത്രകൃത്വമുള്ള ഒരുപകരണമായിമാത്രം ഗണിതശാസ്ത്രത്തെ വിനിയോഗിക്കണമെന്നു ശഠിക്കുന്നവർവരെയുള്ള പലതരക്കാരായ അദ്ധ്യാപകന്മാർ ഇന്നും ട്രെയിനിംഗ്സ്കൂളുകളിൽ ബോധനം നടത്തുന്നുണ്ടു്. ആ ശാസ്ത്രത്തിൽ ആധുനികകാലത്തുണ്ടായിട്ടുള്ള പരിവർത്തനങ്ങളോ അതു കൈകാര്യംചെയ്യേണ്ട രീതിയിൽ അവശ്യം വരുത്തേണ്ടതായ മാറ്റങ്ങളോ ഇന്നും പലർക്കും അജ്ഞാതങ്ങളാണു്. ആ വിഷയത്തിന്റെ ആധുനികനിലപാടിനെക്കുറിച്ചു മലയാളഭാഷയിൽ ഗ്രന്ഥങ്ങളൊന്നുമില്ലെന്നുള്ളതാണു് നമുക്കുള്ള ഒരു വലിയകുറവു്. 'Teaching of Mathematics' എന്ന ഒരു ഗ്രന്ഥം സക്കാരിൽനിന്നു കുറേ വർഷങ്ങൾക്കുമുമ്പു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ഒരു ശാസ്ത്രഗ്രന്ഥം എങ്ങനെയായിരുന്നുകൂടാ എന്നതിനു ഒരുദാഹരണമെന്നോണം ഇന്നും നിലനില്പുണ്ടു്.

ശ്രീ: കെ. ജി. ശിവശങ്കരൻനായരുടെ 'ഗണിതശാസ്ത്രാധ്യാപനം' ഈ അവസരത്തിൽ രംഗപ്രവേശം ചെയ്തിരിക്കുന്നതു് തികച്ചും ഒരനുഗ്രഹമെന്നായാണു്. ഹൈസ്കൂളിലെ ഒരദ്ധ്യാപകനെന്ന നിലയിലും ട്രെയിനിംഗ്കോളേജിലെ Mathematics Lecturer എന്ന നിലയിലും ലഭിച്ചിട്ടുള്ള സുദീർഘമായ പരിചയത്തിൽനിന്നും, ഇതരഭാഷകളിൽ ഈ വിഷയത്തെ സംബന്ധിച്ചു് എഴുതിയിട്ടുള്ള ആധുനികങ്ങളായ ഗ്രന്ഥങ്ങളുടെ പഠനത്തിൽനിന്നും, മി: നായക്ക് ലഭിച്ചിട്ടുള്ള വിജ്ഞാനസമ്പത്തു് അദ്ദേഹം ഈ ഗ്രന്ഥത്തിൽ മുക്തഹസ്തം വിതരണംചെയ്തിട്ടുണ്ടു്. ബോധനലക്ഷ്യങ്ങളും, പാഠപദ്ധതി, പാഠക്രമീകരണം, ബോധനരീതികളും, അനുക്രമീകരണം, പാഠപുസ്തകങ്ങളും എന്നിങ്ങനെ അദ്ധ്യാപകവിദ്യാർത്ഥികളും അദ്ധ്യാപകന്മാരും അവശ്യം അറിഞ്ഞിരിക്കേണ്ടതെല്ലാം ഈ ഗ്രന്ഥത്തിൽ യുക്തിയുക്തം പ്രതിപാദിച്ചിട്ടുണ്ടു്. പഴഞ്ചൻരീതിയിൽനിന്നു് പലയിടത്തും ഗ്രന്ഥകാരൻ സംസ്കാരണം ഒഴിഞ്ഞുമാറിയിരിക്കുന്നതും പ്രശംസനീയംതന്നെ. ശരിയായ സംബന്ധിച്ചുള്ള പുതിയ നിലപാടു് അദ്ദേഹം സധൈര്യം സ്വീകരിച്ചിട്ടുണ്ടെങ്കിലും യുക്തിക്കു പ്രതിയുക്തി പ്രയോഗിക്കുവാനുള്ള അവസരം ഇനിയും അവശേഷിക്കുന്നുണ്ടെന്നുമാത്രമേ അതേപ്പറ്റി പറയുവാനുള്ളു. ഗണിതശാസ്ത്രത്തെ സമീപിക്കേണ്ട വിധത്തെപ്പറ്റിയും ആ ശാസ്ത്രത്തിന്റെ ശരിമാവിനേയും അതേസമയം ലാളിത്യത്തേയും സംബന്ധിച്ചു് ഒരു ശരിയായബോധം ജനിപ്പിക്കുവാനും ഈ ഗ്രന്ഥം ഉതകുമെന്നുള്ളതിൽ പക്ഷാന്തരമില്ല. പരീക്ഷയ്ക്കുവിദ്യാർത്ഥികളെ സജ്ജരാക്കുവാൻവേണ്ടിയല്ല ഈ ഗ്രന്ഥം രചിച്ചിരിക്കുന്നതെന്നു ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നുണ്ടെങ്കിലും യഥാർത്ഥ്യം അതല്ലെന്നും, ഇന്നത്തേയും എന്നത്തേയും ഏതൊരു പരീക്ഷയ്ക്കും ഈ ഗ്രന്ഥം അത്യധികം പ്രയോജനപ്പെടുമെന്നും അനുഭവം ബോദ്ധ്യപ്പെടുത്തുന്നതാണു്. കണക്കുശാസ്ത്രത്തിൽ ഇന്നു നമ്മുടെ നാട്ടിൽ ദൃശ്യമാകുന്ന അരുചികരവിനും അതേപ്പറ്റിയുള്ള അതിയായ ഭയപ്പാടിനും ഈ ഗ്രന്ഥം ഒരു പരിഹാരമായിത്തീരുമെന്നുള്ളതിനു സംശയലേശമില്ല. നല്ല ഒരു ആലംബം കാണാതെ വിഷമിക്കുന്ന അദ്ധ്യാപകവിദ്യാർത്ഥികൾക്കു് ഈ ഗ്രന്ഥം ഒരനുഗ്രഹമായിരിക്കുമെന്നും വിശ്വസിക്കുന്നു. ഗ്രന്ഥത്തിനും ഗ്രന്ഥകാരനും സകല ഭാവുകങ്ങളും ആശംസിക്കുന്നു.

(G. S. P.)

★



തും വന്നും പൊയ്ക്കൊണ്ടേയിരുന്നു. അതുകൂടി ഇറങ്ങുന്നുണ്ടു്, കയറുന്നുണ്ടു്. ഞാൻ പലരേയും ശ്രദ്ധിച്ചു. അതൊരു സൌന്ദര്യധാമം വരുന്നു. നാശം! അവളുടെകൂടി ഭർത്താവിനെയും പിടിച്ചു് സുന്ദരനായ ഒരു ചെറുപ്പക്കാരനുമുണ്ടു്. ഏതായാലും കൊള്ളാമായിരുന്നു എന്റെ കണ്ണുകൾക്കു് ജോലിയായല്ലോ എന്നു ഞാൻ ആശ്വസിച്ചു. പക്ഷെ ആ നശിച്ചചെറുപ്പക്കാരൻ അവളുടെ ഭർത്താവായിരിക്കും. ആരായാലെന്താ? ബസ്സു് സ്റ്റോപ്പിൽ കാണാൻകൊള്ളാവുന്ന ചെറുപ്പക്കാരികളെ വന്നുനിന്നാൽ ചെറുപ്പക്കാർ അവരെ നോക്കുകതന്നെചെയ്യും. ധൈര്യമായി ഞാൻ നോക്കിത്തുടങ്ങി. എങ്കിലും ഇടയ്ക്കിടയ്ക്കു ചെറിയ ഭയത്തോടുകൂടി ഗൌരവം വിടാതെയുള്ള ചെറുപ്പക്കാരനേയും നോക്കുന്നുണ്ടായിരുന്നു. അയാൾ എന്നെ ശ്രദ്ധിക്കുന്നുണ്ടോ എന്നറിയാൻ. പക്ഷെ വിദ്വാൻ ഇതൊന്നുമറിയുന്നുണ്ടേയില്ല.

അവളുടെയും എന്റെയും കണ്ണുകൾ തമ്മിലിടഞ്ഞു. എനിക്കു് ഒരു ചെറിയ വെപ്രാളം. അവൾ മന്ദഹസിക്കുന്നുണ്ടോ എന്നൊരു സംശയംതോന്നി. പരമാർത്ഥം പറഞ്ഞാൽ, ഞാൻ ഒരു വിടനല്ല യുവതികളെ നോക്കുന്നതിൽ എനിക്കു രസമുണ്ടു്. പക്ഷെ അവർ ഇങ്ങോട്ടു ശ്രദ്ധിക്കുന്നതിനേക്കാളധികം ഞാൻ ശ്രദ്ധിക്കുന്നുണ്ടു്. അവർ ഇങ്ങോട്ടു ശ്രദ്ധിച്ചാൽ, ഉടൻ ഞാൻ പിന്മാറുകയും ചെയ്യും. മനഃസ്സൈര്യമില്ലാത്തവനെന്നോ, ഭീരുവെന്നോ എന്തുവേണമെങ്കിൽ നിങ്ങൾ എന്നെ മുദ്രയടിച്ചുകൊള്ളൂ. എനിയ്ക്കു വിരോധമില്ല. പക്ഷെ നോക്കുന്നതിൽകവിഞ്ഞു് ഇതേവരെ ഒന്നിനും ഞാൻ തുനിഞ്ഞിട്ടില്ല. എനിയ്ക്കതിനു ധൈര്യവുമില്ല.

അപ്രതീക്ഷിതമായുണ്ടായ ഈ അനുഭവം എന്നെ ഇതികർത്തവ്യതാമൂഢനാക്കി. തികച്ചും അപ്രതീക്ഷിതമായിരുന്നു എന്നെ സംബന്ധിച്ചിടത്തോളം ഈ വ്യതിയാനം. ഞാൻ പല യുവതികളെയും ഏറുകണ്ണിട്ടും, നേരെയും നോക്കിയിട്ടുണ്ടെങ്കിലും ഇതേവരെ അവരാരുംതന്നെ എന്നെ ശ്രദ്ധിച്ചിട്ടില്ല. എന്റെ നോട്ടത്തിൽ അർത്ഥമില്ലാത്തിട്ടോ, എന്റെ സൃഷ്ടിയിൽ ബ്രഹ്മാവിനു ചില വൈകല്യങ്ങളും പറ്റിയതുകൊണ്ടോ എന്നു മുമ്പുതിനെപ്പറ്റി ഇതേവരെ ഒരു സൂക്ഷ്മമായ പഠനത്തിനു ഞാൻ മുതിർന്നിട്ടില്ല. അതിനുള്ള ആവശ്യവും തോന്നിയിട്ടില്ല.

ഏതായാലും അവൾ എന്നെ ശ്രദ്ധിക്കുന്നുണ്ടു്. തീർച്ചയായും അപ്പോൾ അവളുടെ ഭർത്താവു്..... ഞാൻ അയാളുടെനേരെ തിരിഞ്ഞുനോക്കി. അയാളെ അവിടെയെങ്ങും കാണാനില്ല. അയാൾ എന്റെ ഒരു സങ്കല്പസൃഷ്ടിമാത്രമായിരുന്നോ എന്നുപോലും ഞാൻ സംശയിച്ചു.

എന്റെ വിഭ്രമം അവൾ ശ്രദ്ധിക്കാതിരുന്നില്ല. അതാ ഒരു ബസ്സു വരുന്നു. അവൾ പൊയ്ക്കൊയുമോ? പൊയ്ക്കൊഞ്ഞിരുന്നെങ്കിൽ എന്നു ഞാനാശിച്ചു. എന്തെന്നാൽ എന്റെ ജീവിതത്തിൽ എന്നെ ശ്രദ്ധിച്ച ഒരുയുവതിയുണ്ടെങ്കിൽ അവളാണു്. അവളോടു് എനിക്കു വെറുപ്പുതോന്നി. അവളിൽ ഇരുവ്യത്യസ്തതയുണ്ടാകാരണം? പ്രത്യേകിച്ചു അവൾ ഭർത്തൃമതിയും.....

ആ ബസ്സുപോയതോടുകൂടി ബസ്സു് സ്റ്റോപ്പിൽ ബാക്കിയുണ്ടായിരുന്നതു് അവളും ഞാനും മാത്രമായിരുന്നു. അവൾ കൂടെക്കൂടി എന്റെ അടുത്തേയ്ക്കുനീങ്ങിനിന്നു. ഞാൻ വിഷമിച്ചു. എന്റെ നോട്ടം "അവളിൽനിന്നും ചക്രവാളത്തിലേയ്ക്കുമാറി. പെട്ടെന്നു ഒരു നേരിയശബ്ദം എന്റെ ചെവിയിൽ എത്തി.

"മലയാളിയാണോ?"

നിങ്ങൾക്കെല്ലാം കണ്ണാമൂത്തമായിരുന്നേക്കാവുന്ന ആ ശബ്ദം എനിക്കു് മരുഭൂമിയിൽ വെടിപൊട്ടുന്ന പ്രതീതിയാണുളവാക്കിയതു്. ഞാൻ ഞെട്ടിപ്പോയി. എനിക്കു് ശ്വാസംമുട്ടുന്നതായി തോന്നി. സപ്തസ്വരമോ മായയോ.....

എന്റെനാട്ടിൽനിന്നുവളരെദൂരെ, ഒരുവലിയ പട്ടണത്തിൽ ഒരുയുവതി ഏകയായിനിന്നു് എന്നോടു സംസാരിക്കുക! എന്നോടല്ലായിരിക്കും എന്നു ഞാൻ സംശയിച്ചു: പക്ഷേ വേറെയാരെയും അവിടെങ്ങും കണ്ടില്ല. ഞാൻ കണ്ണുമിഴിച്ചു കഴിയുന്നതു കണ്ടിട്ടു് അവൾ ഭാവിച്ചു് അവളുടെനേരെ നോക്കി. അവൾ എന്നെനോക്കി ചിരിച്ചുകൊണ്ടു് പിന്നെയും ചോദിക്കുകയാണു്.

"മലയാളിയാണോ?"

"അതെ." ഞാൻ എങ്ങിനെയോ ഉത്തരംപറഞ്ഞു. അപ്പോഴും ഞാൻ അവളുടെ ഭൌതികത്തെപ്പറ്റി ചിന്തിക്കുകയായിരുന്നു. അവളുടെ ഭർത്താവു് സിഗരറ്റുവാങ്ങാനോ എന്തിനോ പോയതക്കംനോക്കി അവൾ ഒരനുനോട്ടസംസാരിക്കുക!

എനിക്കു ഭയവും തോന്നിത്തുടങ്ങി. അയാൾ തിരിച്ചുവരുമ്പോൾ ഞങ്ങൾതമ്മിൽ സംസാരിച്ചുകൊണ്ടേനിൽപ്പുണ്ടെങ്കിൽ കാറും തീച്ചയായും എനിക്കുതരുമെന്നു. അവിടെനിന്നും എങ്ങിനെയെങ്കിലും കടന്നാൽമതിയെന്നായി. പക്ഷേ കാലുകൾ അനങ്ങുന്നില്ല. പണ്ടു് ഏതോ നായൂതിരി പാട്ടിയതുപോലെ കുലവെട്ടിനകറിവാഴകണക്കു ഞാൻ സ്തംഭിച്ചുനിന്നുപോയി.

അവൾ സംഭാഷണം തുടരുകയാണു്.

"ഈ ഹോട്ടലിൽ മുറിയെല്ലാം ഏർപ്പാടുചെയ്തുവോ. വലിയ തുകയൊന്നുമാവില്ല. എല്ലാംകൂടി പത്തുറുപ്പികമതി."

എന്റെ തലചുറ്റുന്നതായി തോന്നി. അവൾക്കു ചിത്തഭ്രമമുണ്ടോ? ഹിസ്റ്റീരിയായാണോ? കൂട്ടിയിൽ വളരെ കുലീനയായ ഒരുയുവതി വേശ്യയെന്നമാതിരി പെരുമാറിയാൽ അക്കണ്ടു് അത്ഭുതംതോന്നാതിരിക്കുക. തീച്ചയായും അവൾക്കു ചിത്തഭ്രമംതന്നെ. സംശയമില്ല. അയാളുടെ ഭർത്താവു് എല്ലുകൊണ്ടു് അവളെ തനിയെയാക്കിയിട്ടുപോയി.

അതാ. അയാൾവരുന്നു. ഞാൻ ഇതികർത്തവ്യതാമൂഢനായി. അവൾ എന്നോടു് എന്തൊക്കെയോ പറയുന്നുണ്ടു്. ഒരു രാത്രി മുഴുവനെന്നോ, പത്തുരൂപാ വളരെ കുറവാണെന്നോ ഏതൊക്കെയോ. ഞാൻ അടുത്തപരിപാടിപ്പറ്റി തീരുമാനിച്ചു. അവൾ എന്നോടുസംസാരിക്കുന്നതു അയാൾ കണ്ടുകഴിഞ്ഞു. എന്നെ തൊട്ടുതൊട്ടില്ല എന്നമട്ടിലാണു് അവളുടെ നിൽപു്. ആ സ്ഥിതിയിൽ ഞാൻ തുടർന്നാൽ കൊലപാതകംവരെ അവിടെ നടന്നേക്കാം. ഭർത്തൃയാൽ വഞ്ചിതനാകുന്ന ഭർത്താവു് ചിലപ്പോൾ കൂട്ടുപോരത്തിനേക്കാൾ വിവേകരഹിതനാകാറുണ്ടു്. എന്തിനു്, ഞാൻ പതുക്കെ സ്ഥലംവിട്ടു. കുറെനടന്നു തിരിഞ്ഞുനോക്കി. അതാ അയാൾ പിറകെവരുന്നു. ഞാൻ നടപ്പിനു വേഗതകൂട്ടി. അയാളും വേഗതകൂട്ടുന്നു. അയാളുടെ കയ്യിൽ പേനാക്കത്തി നിവർത്തു പിടിച്ചിട്ടുണ്ടോ എന്നു് എനിക്കു സംശയംതോന്നി. ഞാൻ അതിവേഗത്തിൽ പിറകോട്ടുതന്നെ നോക്കിക്കൊണ്ടു് റോഡിന്റെ മദ്ധ്യഭാഗത്തേക്കു കടക്കുവാൻ ശ്രമിച്ചു. ഒരു ഹോണടി. എന്തോ ഒന്നു് എന്റെപുറത്തു് ഒരു സീൽക്കാരശബ്ദത്തോടുകൂടി ആഞ്ഞിടിച്ചു. സ്വർഗ്ഗ ഇരുട്ടു്.....

ഞാൻകണ്ണുതുറന്നു. ഒരുസ്പ്രിങ്ങ് കട്ടിലിൽ ഞാൻ കിടക്കുകയാണു്.



അറിയിപ്പ്

★

1383-ാംനമ്പർ അംഗം ജീ. ബാലകൃഷ്ണനചേരിയും മറ്റുള്ള കൊച്ചു ലേഖകന്മാരും കഥകളും ലേഖനങ്ങളും സാധാരണ കവറിൽ അടക്കി അയച്ചാൽ മതിയാകും. ശരിയായ സ്റ്റാമ്പു ഒട്ടിച്ചിരിക്കണം. മുള്ളടക്കമായി കുത്തുകളില്ലെങ്കിൽ 'ബുക്ക് പോസ്റ്റ്' ആയി അയയ്ക്കുവാനാണ്.

ചെറുകഥകളും, കവിതകളും, മറ്റു ലേഖനങ്ങളും എന്നിവ പ്രത്യേകം പ്രത്യേകം കടലാസ്സുകളിൽ എഴുതുന്നതു സൗകര്യപ്രദമായിരിക്കും. കടലാസ്സിന്റെ ഒരുവശത്തുമാത്രം എഴുതുക. ചെറിയ കടലാസ്സുതുണ്ടുകളും ഉപയോഗിക്കരുതു്.

അംഗത്വത്തിനുള്ള അപേക്ഷ പ്രത്യേകം കടലാസ്സിലായിരിക്കണം.

ചിത്രങ്ങൾക്കു ഇൻഡ്യൻ ഇങ്ക് (Indian Ink) ഉപയോഗിക്കേണ്ടതാണ്.

പത്രാധിപർ.

തിരുത്തു്

—o—

1498-ാംനമ്പർ അംഗത്തിന്റെ പേർ കെ. ലക്ഷ്മിക്കുട്ടിഅമ്മ എന്നു പേത്തിരുന്നതു് കെ. ലക്ഷ്മിക്കുട്ടി അമ്മ എന്നു തിരുത്തിവായിക്കണമെന്നപേക്ഷ.

★

മാതിരി അബദ്ധങ്ങൾ പറകയില്ലെന്നു ഞാൻ തീർത്തുപറയാം.

അതിൽപിന്നീടു് പല ബസ്സ്റ്റോപ്പുകളിലും അവളെ ഞാൻ കണ്ടിട്ടുണ്ടു്. പക്ഷെ കാണാത്തഭാവത്തിൽ ഞാൻ നടന്നകലുകയും. അവളുടെ മുഖത്തു് ഒരു പുച്ഛരസം പകർന്നിട്ടുണ്ടായിരിക്കും. അവൾ ചിന്തിക്കുമായിരിക്കും 'നട്ടെല്ലില്ലാത്തമനുഷ്യൻ" എന്നു്.

കുറെ അകലെ എത്തുമ്പോൾ കാറിൽക്കുടി ഒരു നേരിയ ശബ്ദം എന്റെ ചെവികളിൽ എത്തുന്നതായി എനിക്കുതോന്നും. "മലയാളിയാണോ."

പകുപ്പുകാശം കഥാകൃത്തിനു്.

★

"വിധിച്ചതു കിട്ടും"

ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു വലിയ ധനികൻ പാർത്തിരുന്നു. അയാളും ഭാര്യയും സന്തുഷ്ടസമ്പന്നരായിത്തീർന്നു. ധനത്തിൽ വലിയ കൊതിയനായിരുന്നു അയാൾ. ധനികനെന്റെ വീട്ടിനടുത്തു ഒരു സാധുകൃഷിക്കാരനും പാർത്തുവന്നു. അവൻ ദിവസേന ജോലിചെയ്തുകിട്ടുന്ന കാശുകൊണ്ടു കഴിഞ്ഞുപോന്നു. ഒരിക്കൽ ഒരു കൈനോട്ടക്കാരൻ ധനികന്റെ വീട്ടിൽചെന്നു. അയാളുടെ കൈനോക്കിയിട്ടു പറഞ്ഞു: "നിങ്ങളുടെ എല്ലാ ധനവും അയൽക്കാരനായ സാധുവിന്റെ കയ്യിൽ താമസിയാതെ കിട്ടുന്നതാണു്." ധനികൻ വളരെ പരിഭ്രമിച്ചു. ധനമെല്ലാം പോകുമോ എന്നുള്ള വിചാരം അയാളെ അലട്ടി. അയാൾ ഒരുപായം ചിന്തിച്ചു കണ്ടുപിടിച്ചു. സ്വത്തുക്കളും മുഴുവനും വിറ്റു. കിട്ടിയ പണംകൊണ്ടു ഒരു വിലപിടിച്ച രത്നം വാങ്ങി. അതു ഒരു തൊപ്പിയിൽ ശരിയാക്കിവച്ചു തലയിൽ ഇട്ടുകൊണ്ടു നടന്നു. ഒരിക്കൽ ഒരു ആറ്റിന്റെ തീരത്തുകൂടി അയാൾ നടന്നുപോയപ്പോൾ ഭയങ്കരമായ കാറ്റും മഴയും ഉണ്ടായി. ധൃതിയിൽ പോകുമ്പോൾ അയാളുടെ കാലു വഴുതി വീഴുകയും തൊപ്പി കയത്തിൽവീണു് ഒഴുകിപ്പോകുകയും ചെയ്തു. രത്നം നഷ്ടപ്പെട്ടെങ്കിലും, അയൽക്കാരനു കിട്ടിയില്ലല്ലോ എന്നയാൾ വിചാരിച്ചു ആശ്വസിച്ചു. അടുത്തൊരുദിവസം ആ സാധുകർഷകൻ ചന്തയിൽനിന്നും ഒരു മീൻ വാങ്ങി. അയാൾ അതു അരിയുമ്പോൾ അതിനുള്ളിൽ ഒരു രത്നം കണ്ടു. അയാൾ വലിയ പണക്കാരനായി. ആ ധനികനു പറ്റിയതുപോലെ നമ്മൾക്കുക്കും സംഭവിക്കുമോ?

കെ. ലക്ഷ്മിക്കുട്ടിഅമ്മ,
അംഗനമ്പർ (1498)

★

ബുദ്ധിശൂന്യനായ നരി

നിലാവുള്ള ഒരു രാത്രിയിൽ ഒരു കുറുക്കൻ ഇരതേടി പുറപ്പെട്ടു. വഴിയിൽ അവൻ ഒരു പൂച്ചയെ കണ്ടിട്ടു ഇപ്രകാരം പറഞ്ഞു. എനിക്കു വിശപ്പടിക്കുമായുണ്ടു്. അതിനാൽ ഞാൻ നിന്നെ ഭക്ഷിക്കാൻ പോകയാണു്.

പൂച്ച പറഞ്ഞു. "നീ എന്റെകൂടെ വരുമെങ്കിൽ രുചിയുള്ള ആഹാരം ഞാൻ കാണിച്ചുതരാം." ഈ വ്യവസ്ഥ കുറുക്കൻ സമ്മതിച്ചു. കുറുക്കനും പൂച്ചയുംകൂടി കുറെദൂരംപോയപ്പോൾ ആഴമുള്ള ഒരു കിണർ കണ്ടു. കിണറ്റിൽ ചന്ദ്രന്റെ രൂപം കണ്ടിട്ടു പൂച്ച പറഞ്ഞു. "അയാം നോക്കുക, ആ കാണുന്ന അപ്പക്കഷണം മതിയോളം ഭക്ഷിച്ചുകൊള്ളുക."

അപ്പക്കഷണം തിന്നുന്നതിനുവേണ്ടി കുറുക്കൻ കിണറ്റിൽ ചാടി. കുറുക്കൻ കിണറ്റിൽചാടി മരിച്ചതുകണ്ടു പൂച്ച സന്തുഷ്ടനായി തിരിച്ചുപോയി.

എം. കൃഷ്ണവാര്യർ (നം: 958)

★

തവളയുടെ ആത്മകഥ

എന്റെ ജനനം ആംഫിബിയാ എന്ന വർഗ്ഗത്തിലാണു്.

വർഷകാലത്തിന്റെ ആരംഭത്തിൽ പെൺതവളകളും മുട്ടയിട്ടുനും. ഒരു പ്രാവശ്യം ആയിരംമുതൽ രണ്ടായിരംവരെ മുട്ടകൾ ഇടും. പെൺതവളകളും മുട്ടയിട്ടുകഴിഞ്ഞാൽ ആൺതവളകളും അതിന്മേൽ ബീജകോശങ്ങളും അടങ്ങിയ ദ്രവകംപതിപ്പിക്കുന്നു. വെള്ളത്തിൽവച്ചുതന്നെ ഉല്പാദനം നടക്കുന്നു.

ഓരോ മുട്ടയും ആകൃതിയിൽ ചെറിയഗോളമാണു്. ജെല്ലിഎന്ന വഴവഴപ്പുള്ള പദാർത്ഥംകൊണ്ടു ഓരോ മുട്ടയും പൊതിഞ്ഞിരിക്കും. ശത്രുക്കളുടെ പിടിയിൽനിന്നുവഴുതിപ്പോകുന്നതിനു് ഇതു സഹായിക്കും. ക്രമേണ, ഇതു ജലസ്പർശമേറ്റു വികസിക്കുകയും അങ്ങനെ മുട്ടകൾ ജലനിരപ്പിനുമുകളിൽ ഉയർന്നുകിടക്കുകയും ചെയ്യുന്നു. ക്രമംക്രമമായാണു് മുട്ടകൾ സ്ഥിതിചെയ്യുന്നതു്. മുട്ടകൾ വിരിഞ്ഞു് വാൽമാക്രികൾ ഉണ്ടാകുന്നു. അക്കൂട്ടത്തിൽ ഒന്നായിരുന്നു ഞാനും. എനിക്കു് അപ്പോൾ വലിയ തലയും വാലുമുണ്ടായിരുന്നു. തലയുടെ അടിയിൽ സക്കർ ഉണ്ടായിരിക്കും. അതിന്റെ സഹായത്താൽ ഞാൻ ചെറുചെടികളിൽ പറ്റിപ്പിടിച്ചിരിക്കുമാ

ഒരു വല്ലാത്ത നാറ്റം. എന്റെ ദേഹത്തെല്ലാം വലിയ വേദന. അങ്ങിങ്ങായി കെട്ടുകളും ഉണ്ടു്. രാഘവൻപിള്ള എന്റെ അടുത്തു് ഒരു കസേരയിൽ അമ്പരന്നിരിക്കുകയാണു്. രാഘവൻപിള്ള എന്റെ നാട്ടുകാരൻ മാത്രമല്ല ഒരകന്ന ബന്ധുവുംകൂടിയാണു്. അയാളും ഇവിടെ ഒരു നല്ല ജോലിയിൽ വളരെ കാലമായി കഴിഞ്ഞുകൂടുകയാണു്. തല്ക്കാലം അയാളുടെ അതിഥിയായിട്ടാണു് ഞാൻ താമസിക്കുന്നതു്.

"ഞാൻ എവിടെയാണു്." അയാം ഭോട്ടുചോദിച്ചു.

"അല്ല നിങ്ങൾക്കിതൊന്നും ഓർമ്മയില്ലെ. നിങ്ങളുടേതോത്തു"..... റോഡിൽവച്ചു് ഒരു ലോറിമുട്ടി. ഡ്രൈവറുടെ മിടുക്കുകൊണ്ടു് നിങ്ങളും മരിച്ചില്ല. കുറെ മുറിവുകളും പറ്റിയതെയുള്ളു. എന്റെ അഡ്രസ് നിങ്ങളുടെ ഡയറിയിലുണ്ടായിരുന്നതുകൊണ്ടു് ഉടൻ ആശുപത്രിയിൽ നിന്നും എനിക്കു ഫോൺചെയ്തു. എന്താണു്". കണ്ണടച്ചുകൊണ്ടാണോ റോഡു ക്രോസ്സുചെയ്യുന്നതു്? നിങ്ങളും പ്രേതബാധ പിടിച്ചവനെപ്പോലെ രണ്ടുവശവും നോക്കാതെ റോഡിനു കുറുകെ ഓടുകയായിരുന്നുവെന്നാണല്ലൊ ഡ്രൈവർ പറഞ്ഞതു്".

ഞാൻ കഥയെല്ലാം അയാളോടു പറഞ്ഞു. അയാളും ചിരിച്ചുതുടങ്ങി. എനിക്കു ദേഷ്യംവന്നു.

"എന്താ നിങ്ങളും ചിരിക്കുന്നതു്? ഞാൻ പറഞ്ഞതു് വിശ്വാസമായില്ലെ?

"വിശ്വാസമായതുകൊണ്ടാണു് ഞാൻ ചിരിക്കുന്നതു്".....ഹോട്ടലിനു് എതിരിലുള്ള ബസ്സ്സ്റ്റോപ്പല്ലെ?"

"അതെ."

"എന്റെ സുഹൃത്തെ, അയാളും നിങ്ങളെ കണ്ണാന്തളംവെട്ടാനും ഒന്നും വന്നതല്ല. നിങ്ങളുടെ സംശയമാറ്റാൻവേണ്ടിമാത്രം പിറകെ വന്നതാണു്. അവിടെ ഈ പട്ടണത്തിലെ ഒരു ഒന്നാംതരം വേശ്യയാണു്. അയാളും ഏജൻടും. ബസ്സ്സ്റ്റോപ്പുകളാണു് അവരുടെ ബുക്കിംഗ് ആഫീസുകളും. ഒരാളിനെകണ്ടാൽ മലയാളിയാണെന്നതോന്നിയാൽ ഉടൻ അവരിലൊരാൾ ചോദിയ്ക്കും 'മലയാളിയാണോ?" എന്നു്. അതെത്തുടർന്നു് ബാക്കിയെല്ലാം. അവരിലൊരു് പല ഭാഷകളുമറിയാം. അവളുടെ മാതൃഭാഷയെപ്പറ്റി ആർക്കും വലിയ നിശ്ചയമില്ല.

ഞാൻ മഞ്ഞളിച്ചുപോയി, സർവ്വജ്ഞനാണെന്നു നടിച്ചുനടന്നിട്ടും ഈ അബദ്ധം പറ്റിയതിൽ. ഇരുപതാം ശതാബ്ദത്തിൽ കൊച്ചുകുട്ടികൾക്കുപോലും പറ്റാത്ത വിഡ്ഢിത്തം. അതെ, കണ്ടാൽ കൊള്ളാവുന്ന യുവതികളെല്ലാം കുലീനകളും സൽസ്വഭാവികളുമായിരിക്കുമെന്നു് എനിക്കുണ്ടായിരുന്ന ഒരു ബോധമാണു് എന്നെ കുട്ടിക്കിലാക്കിയതു്. ഇനിയും ഈ



യിരുന്നു. കാച്ചുകഴിയുമ്പോഴും ഉടൽ, വാൽ, തല എന്നി ഭാഗങ്ങൾ വേർതിരിയുന്നു. തലയുടെ ഇരുവശത്തുമായി രണ്ടുജോടി ബാഹ്യചെകിളകളുണ്ടാകുന്നു. അതിന്റെ സഹായത്താൽ ഞാൻശ്വസിക്കുന്നു. മൂന്നാമതൊരു ജോടി ബാഹ്യചെകിളകൂടി ഉണ്ടാകുന്നു. ഈ അവസരത്തിൽ എനിക്കു കണ്ണും വായുമുണ്ടാകുന്നു.

കുറെകഴിയുമ്പോൾ ആന്തര ചെകിളകളും ഉണ്ടാകുന്നു. ഇവയുടെ സഹായത്താൽ ശ്വസനം കൂടുതൽ ക്രമമായി നടക്കുന്നു. ഇതോടൊപ്പംതന്നെ എനിക്കു കാലുകളുമുണ്ടാകുന്നു. എന്റെ വാൽ ചുരുങ്ങിത്തുടങ്ങുന്നു. പിൻകാലുകളും ആദ്യമുണ്ടാകുന്നു. മേൽവായിൽ പല്ലുകളുണ്ടാകുന്നു. ഏതിനിക്ക് തവളമുലവും ശ്വസിക്കാൻ സാധിക്കും. അങ്ങനെ അനേകപരിണാമങ്ങൾക്കുശേഷം സസ്യഭുക്കായ വാൽമാക്രിയായിരുന്ന ഞാൻ മാംസഭുക്കായ തവളയായിമാറി."

ലീലാദേവിഅമ്മ കെ. ബി.
അംഗനമ്പർ (153)

★

ഒരു കണക്ക്

ഒരു പുരുഷനു മൂന്നിടങ്ങഴിനെല്ലും ഒരുസ്ത്രീയ്ക്കു ഒന്നരയിടങ്ങഴിനെല്ലും ഒരുകുട്ടിയ്ക്കു മുക്കാൽ ഇടങ്ങഴിനെല്ലും വീതം വീതിച്ചാൽ മുപ്പതിടങ്ങഴി നെല്ലും മുപ്പതു ആളുകളും ഒക്കുവാൻ എങ്ങനെ വീതിക്കണം?

	ഉത്തരം.	നെല്ല്.
പുരുഷന്മാർ	- 1	3 ഇടങ്ങഴി
സ്ത്രീകൾ	- 7	10½
കുട്ടികൾ	- 22	16½
ആളുകൾ	- 30.	ഇടങ്ങഴി-30.

എസ്സ്. ബാലകൃഷ്ണവാര്യർ,
നമ്പർ 1433.

★

ഉത്തരം പറയാമോ?

ഒരു പിതാവു് തന്റെ മൂന്നു പുത്രന്മാർക്കു കൊടുക്കുവാൻവേണ്ടി കുറേ നാരങ്ങ കൊണ്ടുവന്നു. അപ്പോൾ കുട്ടികൾ ഉറക്കമായിരുന്നതിനാൽ അവയെ മേശപ്പുറത്തു വച്ചിരുന്നു. ഒന്നാമൻ ഉണർന്നുവന്നു് ആകെ ഉള്ളതിന്റെ പകുതിയും ഒന്നു കൂട്ടുതലും എടുത്തു. രണ്ടാമൻ വന്നു ബാക്കി ഉണ്ടായിരുന്നതിന്റെ പകുതിയും ഒന്നു കൂട്ടുതലും എടുത്തു. മൂന്നാമൻവന്നു ബാക്കി ഉണ്ടായിരുന്നതിന്റെ പകുതിയും ഒന്നു കൂട്ടുതലും എടുത്തു. അപ്പോൾ നാരങ്ങാ തീർന്നു. എന്നാൽ ആകെ ഉണ്ടായിരുന്നതു് എത്ര?

ഉത്തരം:—14 നാരങ്ങ.

പി. ഒ. വാസുദേവൻ, (നമ്പർ 1291)
വയസ്സു് 13, മാവേലിക്കര.

★

കടംകഥകൾ

1. ഇട്ടാൽപൊട്ടാത്ത ഇംഗ്ലീഷുമുട്ട
2. ഓഹോമരത്തിൽ ഒരു കിണ്ടി വെള്ളം.
3. ഒരു കുപ്പിയിൽ രണ്ടെണ്ണം.
4. വെള്ളക്കാളകൾ ഉള്ളിമറിയുന്നു.
5. കുളിക്കാൻപോകുമ്പോൾ കറുത്തമ്മ, കുളിച്ചിട്ടുവരുമ്പോൾ വെളുത്തമ്മ.

ഉത്തരം

1. കടുക്. 2. കരിക്ക്. 3. മുട്ട. 4. മലർ. 5 ഉഴുന്ന്.

കുമാരി മാലതി, നമ്പർ (556)

★

1. മാനത്തൊരു മയിലിൻമുട്ട, ഓടിച്ചെന്നാൽ കൊണ്ടുവരാം.
2. ഒരു മരത്തിൽ പറ്റെല്ലാം ചെറി പിടിച്ചു നിൽക്കും.
3. ചെങ്കോട്ടപ്പട്ടിയുടെ മുൻപോട്ടു വാല്.
4. കയ്യും പുളിക്കും കടുകുടെ മധുരിക്കും കണ്ണിമേലുണ്ണിമാങ്ങാ.
5. പെട്ടിപെട്ടി ശിങ്കാരപ്പെട്ടി പെട്ടിതുറക്കുമ്പോൾ കായംകണക്കു.
6. മുള്ളുണ്ടുതാനും മുരിക്കല്ലുതാനും പാലുണ്ടുതാനും പശുവല്ലുതാനും.
7. തെക്ക് തെക്കൊരാല്, അല്ല നിറച്ചു കുട്ട, കുട്ടനിറച്ചുമുട്ട, മുട്ട നിറച്ചു എണ്ണ.

ഉത്തരം

1. തേങ്ങാ. 2. പാവയ്ക്കാ. 3. ചെരവ. 4. നെല്ലിക്കാ. 5. പഴുത്ത ചക്ക. 6. ചക്ക. 7. മരോട്ടിക്കാ.

കുമാരി രാധാ. നമ്പർ (555)

★

1. മാനത്തൊരു മയിൽമുട്ട ഓടിച്ചെന്നാൽ കൊണ്ടുപോരാം.
2. പലകകീഴെ പച്ചരിയിച്ചി.
3. പത്തു കാള വടിഎടുക്കുമ്പോളോടും.

ഉത്തരം

1. തേങ്ങ. 2. നഖത്തിന്റെ അടിവശം. 3. വള്ളം.

(2-ംപേജിൽനിന്നും തുടർച്ച)

കുരേണത്തൽ അയാൾ അവളിൽ നിന്നും ക്ഷേപ്രംപിച്ചു. ബൈജു തൻസേനന്റെ ഇരുവായ സഖി ഹരിദാസിന്റെ സമീപമെത്തി സംഗീതകലയിൽ നൈപുണ്യം നേടി. അതിനുശേഷം ബൈജു അക്ബറിന്റെ സാന്നിധ്യത്തിൽവെച്ച് തൻസേനനെയും സംഗീതമത്സരം നടത്തി തൻസേനനെ പരാജയപ്പെടുത്തി. അതിനുശേഷം ഗൌരിയെ വിണ്ടെടുക്കുവാനായി ബൈജു ഗ്രാമത്തിലേക്കു പോയ്ക്കൊണ്ടിരുന്നു. ബൈജുവിനു ഒരു പുഴ കടക്കേണ്ട ആവശ്യമുണ്ടായിരുന്നു. തോണിയിൽ പുഴ കടക്കാൻ ശ്രമിക്കവേ തോണി മറിഞ്ഞ് ബൈജു പുഴയിൽ വീണു. തത്സമയം ഗൌരിയും പുഴയുടെ മറുകരയിൽ എത്തിച്ചേർന്നിരുന്നു. അവളും തന്റെ കാമുകനെ പ്രാപിക്കുവാൻവേണ്ടി പുഴയിലേക്ക് കുതിച്ചുചാടി. ആ കാമുകീകാമുകർ ജലത്തിൽവെച്ച് സന്ധിച്ചുതിനുശേഷം ഒഴുക്കിൽപ്പെട്ട് മരണമടയുന്നു. ഇതാണ് പ്രകാശ് പിക്ചേഴ്സിന്റെ ബൈജു ബാവരയുടെ കഥയുടെ രത്നച്ചുരുക്കം.

ശ്ലഥവും ദുർബലവുമായ ഒരു കഥയെ ആസ്പദമാക്കിയാണ് ചിത്രം നിർമ്മിച്ചിരിക്കുന്നത്. അവിശ്വസനീയമായ സംഭവങ്ങളുടെ ആകെത്തുകയാണ് ഈ കഥ. ഭഗവാൻ കൃഷ്ണന്റെ മുരളീഗാനശ്രവണത്തിൽ വൃന്ദാവനത്തിൽ സംഭവിച്ച "വിപ്രവങ്ക"ളെക്കുറിച്ച് ഭാഗവതത്തിൽ വർണ്ണിച്ചിട്ടുണ്ടല്ലോ. ഏതൊരു അസാധാരണ സംഭവങ്ങളെ അനുസ്മരിപ്പിക്കുന്ന അൽഭുതങ്ങളാണ് ബൈജുവിന്റെ ഗാനങ്ങളും സൃഷ്ടിച്ചത്. സംഗീതത്തിന് അമേയമായ ആകർഷണശക്തിയും വശ്യതയുമുണ്ടെന്നുള്ള സമ്മതിക്കാം. പക്ഷേ പാട്ടുകേട്ട് പ്രതിമയുടെ കണ്ണിനും കണ്ണുനീർ പ്രവഹിക്കുന്നതും തളർവാതരോഗിയുടെ സുഖക്കേട് പൊട്ടുന്നതുമൊക്കെ ഭേഷായിരിക്കുന്നതും ആറിന്റെ മദ്ധ്യത്തു കിടക്കുന്ന തോണി തന്നിയെ കരയ്ക്കടുക്കുന്നതും പച്ചവെള്ളം തിളച്ചുപൊങ്ങുന്നതും മറ്റും കാണിച്ചിരിക്കുന്നതും സാധാരണക്കാർക്ക് വിശ്വസിക്കുവാൻ വിഷമമാണ്. കഥയെ ആവശ്യമില്ലാതെ ഒരു ട്രാജഡിയാക്കിയതിന്റെ ഉദ്ദേശവും അജ്ഞാതമായിരിക്കുന്നു. കാമുകിയും കാമുകനും കൂടി വെള്ളത്തിൽ മുങ്ങിച്ചാകുന്നതു നിയന്ത്രണം കയ്യ്വിട്ടു നിലനിൽക്കുന്ന ജനസമൂഹം അവരെ രക്ഷിക്കുവാൻ യത്നിക്കാതിരിക്കുന്നതും സ്വാഭാവികമായിട്ടില്ല. കാമുകീകാമുകന്മാർ സ്വാഭാവികമായി മരണമടയുകയാണെന്ന് പ്രേക്ഷകർക്ക് തോന്നുകയില്ല. എന്തെന്നാൽ നിലയുള്ള സ്ഥലത്തുനിന്നുകൊണ്ട് അവർ ജലത്തിൽ മുങ്ങുന്ന പ്രതീതിയെ പ്രേക്ഷകരിൽ ജനിപ്പിച്ചിട്ടുള്ള. ട്രാജഡികൊണ്ടു പ്രേക്ഷകഹൃദയങ്ങളിൽ ഉളവാക്കേണ്ട വികാരനിർഭരത സൃഷ്ടിക്കുന്നതിൽ അവസാനരംഗത്തിനു കഴിവില്ലാതെപോയിട്ടുമുണ്ട്. ബൈജു ബാവരസംഗീതത്തിനു അമിതപ്രാധാന്യം നൽകി നിർമ്മിച്ചിട്ടുള്ള ഒരു ചിത്രമാണ്. സംഗീതത്തിന്റെ അൽഭുതശക്തികളെ ഒന്നൊന്നായി കഥയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഹിന്ദിയിലെ ക്ലാസിക്കൽസംഗീതമാണ് ഈ ചിത്രത്തിൽ ശ്രവിക്കുവാൻ കഴിയുന്നതു്. അതിനും ഒരു പ്രത്യേക കാരണമുണ്ട്. സംഗീതസംവിധായകനായ നൌഷാദിനു ക്ലാസിക്കൽ മ്യൂസിക്കിൽ പാണ്ഡിത്യം കഴിവുകളില്ലെന്ന് ചില നിരൂപകർ അഭിപ്രായപ്പെട്ടിരുന്നു. നിരൂപകരുടെ അഭിപ്രായത്തിൽ കുഴപ്പം കാണുമില്ലെന്നു കാണിക്കുവാൻവേണ്ടിയാണ് ബൈജുബാവരയിൽ ക്ലാസ്സിക്കൽ സംഗീതരീതികൾ നൌഷാദ് പ്രയോഗിച്ചിരിക്കുന്നതു്.

അഭിനയത്തെ സംബന്ധിച്ചിടത്തോളം ബൈജുബാവരാ അത്യുത്തമവുമായ ഒരു വിജയമാണ്. ഈ ചിത്രത്തിലെ മീനകുമാരി (ഗൌരി) യുടെ അഭിനയമാണ് അവർക്ക് ചലച്ചിത്രരംഗത്തു് അനശ്വരയശസ്സു നേടിക്കൊടുത്തതു്. ശോകരസാഭിനയത്തിൽ മീനകുമാരിയുടെ കഴിവുകൾ അത്യുത്തമവുമായിട്ടുണ്ട്. ശ്രുപതിയുടെ ഭാഗത്തിൽ കുറ്റമില്ലെങ്കിലും മേശമായിട്ടില്ല. ഭരത് ഭീഷണന്റെ (ബൈജു) അഭിനയചാതുരി ഈ ചിത്രത്തിൽ തെളിഞ്ഞു ശോഭിച്ചിട്ടുണ്ട്. തൻസേനന്റെ ഭാഗത്തിൽ സുരേന്ദ്ര പരാജയമടഞ്ഞിരിക്കുന്നു. കുലംചൊന്നിട്ടും ആ നടനിൽ പ്രായവ്യത്യാസംപോലും സംഭവിപ്പിക്കാതിരുന്നതു് മേക്കപ്പു മാന്റെ അക്ഷന്തവ്യമായ അപരാധമുമാണ്. ബി പിൻപ്പൂപ്പാ (അക്ബർ) വൻമോഹനകൃഷ്ണ ശങ്കരനന്ദ്, ബി. എം. വ്യാസ് (മോഹൻ) എന്നി നടന്മാരും പാത്രസ്വഭാവമനുസരിച്ച് അഭിനയിച്ചിട്ടുണ്ട്. മാരുള്ള നടീനടന്മാരും മോശമായിട്ടില്ല. പതിനൊന്നു മധുരഗാനങ്ങളും ഈ ചിത്രത്തിലുണ്ട്. പിന്നണിഗായകർ ഗാനങ്ങളെല്ലാം ഏറ്റവും ശ്രുതിമധുരമായി ആലപിച്ചിട്ടുമുണ്ട്. സംഗീതകവശങ്ങളിൽ ചിത്രം അസൂനമായ വിജയം വരിച്ചിട്ടുണ്ട്. വിജയഭേരിന്റെ സഹജമായ സംവിധാനവൈഭവം ഈ ചിത്രത്തിലും കണ്ടെത്തുന്നതാണ്. പക്ഷേ നടികളുടെ ഉയർന്ന മാറിടങ്ങളുടെനേർക്ക് ക്യാമറയുടെ ആങ്കിൾ തിരിച്ചുണ്ട് ചിത്രം നിർമ്മിച്ചിട്ടുള്ളതു്. അവരുടെ വികാരഭാവങ്ങളെല്ലാം നഗ്നമാക്കിക്കാണിച്ചിട്ടുമുണ്ട്. ലൈംഗികമായ വികാരങ്ങൾ തട്ടിഉണർത്തുന്ന ഇത്തരത്തിലുള്ള രംഗങ്ങൾ ഉപേക്ഷിക്കാമായിരുന്നു. ഏതായാലും ഹൃദയസ്പർശമായ അഭിനയവും കണ്ണഞ്ചിപ്പിയ്ക്കുന്ന സംഗീതവും ബൈജുബാവരയെ ഒരു ഉന്നത കലാസൃഷ്ടിയുമാക്കി ഉയർത്തിയിട്ടുണ്ട്.

—•—

വാർത്തകൾ

മംഗളാംബിക പിക്ചേഴ്സിന്റെ "ശരിയോ തെറ്റോ" എന്ന ചിത്രത്തിന്റെ ചിത്രീകരണം പൂർത്തിയായിരിക്കുന്നു. തിക്കുറിശ്ശി, കുമാരി, സേതുലക്ഷ്മി, അടൂർപങ്കജം, കുഞ്ഞുകുഞ്ഞു ഭാഗവതർ, എസ്സ്. പി. പിള്ള, മാത്തപ്പൻ, ജോസ്പ്രകാശ്, വിജയലക്ഷ്മി, സുമംഗലി, സുലോചന എന്നിവരാണ് ഈ ചിത്രത്തിൽ അഭിനയിച്ചിരിക്കുന്നതു്. ആഗസ്റ്റ്മാസത്തിൽ ചിത്രം റിലീസ്ചെയ്യുന്നതാണ്.

* * *

അസോസിയേറ്റഡ് പ്രൊഡ്യൂസേഴ്സ് വാഹിനിസ്റ്റുഡിയോയിൽ തമിഴിലും മലയാളത്തിലും നിർമ്മിക്കുന്ന ചിത്രവും പൂർത്തിയായിട്ടുണ്ട്. ജി. ആർ. റാവുവാണ് ചിത്രം സംവിധാനം ചെയ്യുന്നതു്. ബി. എസ്സ്. സരോജ, നിരിജ, പങ്കജവല്ലി, ആറാമുതപൊന്നമ്മ, ടി.എം. മീനാക്ഷി, കെ.എസ്സ്. അങ്കമുത്തു, ആർ. ഗണേശ്, ടി. എസ്സ്. ബാലയ്യ, സത്യനേശൻ, ബി. ആർ. പന്തലു, കെ. രാമസ്വാമി, ടി. എൻ. ഗോപിനാഥൻനായർ തുടങ്ങിയവർ അഭിനയിച്ചിരിക്കുന്നു.

* * *

നടേശ് ആർട്ട്പ്രൊഡക്ഷൻസിന്റെ "അൻപു" എന്ന തമിഴ് ചിത്രത്തിന്റെ നിർമ്മാണവും പൂർത്തിയായിരിക്കുന്നു. ടി. ആർ. രാജകുമാരി, പദ്മിനി, പരാശക്തി ഗണേശൻ എന്നിവരാണ് ഇതിലെ മുഖ്യ നടീനടന്മാർ. ആകർഷണീയമായ പല രംഗങ്ങളും ഇതിൽ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. നിർമ്മാതാവായ നടേ

(ശേഷം 35-ംപേജിൽ)

വിപ്ലവം തയ്യാറായി!

വളരെനാളുകളായി സ്റ്റാക്കില്ലാതിരുന്നതും കലാപ്രേമികൾ ആകാംക്ഷാപൂർവ്വം ആവശ്യപ്പെട്ടുകൊണ്ടിരുന്നതുമായ

116 ആട്ടക്കഥകൾ

ഒന്നാംവാല്യം

വളരെ കഷ്ടനഷ്ടങ്ങൾ സഹിച്ച്, പാഠഭേദങ്ങളും അശുദ്ധപാഠങ്ങളും തിരുത്തിച്ചേർത്തും പദങ്ങൾ, മുദ്രകൾ എന്നിവ മുതലായവ ശില്പകലാ തിരിച്ചും ഭംഗിയായി അച്ചടിച്ച്

തയ്യാറായിരിക്കുന്നു.

ഒന്നാംതരം ഗ്ലേസ്പേപ്പർ ഓപ്പൺബയൻറ് 6 രൂ.

രണ്ടാംതരം റഫ്പേപ്പർ ഓപ്പൺബയൻറ് 5 രൂ 8 ണ.

മാനേജർ, ശ്രീരാമവിലാസംപ്രസ്സ് & ബുക്ഡിപ്പോ, കൊല്ലം.

ബ്രാഞ്ചുകൾ: തിരുവനന്തപുരം, ആലപ്പുഴ & എറണാകുളം.

യഥാർത്ഥമായ
'മിൽക്ക്മെയിഡ്'
പാൽട്ടിന്നിന്റെ
അടയാളം

ജീവിതത്തിൽ നല്ല സാധനം വാങ്ങുന്നതാണു് ലാഭമെന്നു് നാം മനസ്സിലാക്കിയിട്ടുണ്ടു്. നമ്മുടെ പൂർവീകന്മാർ നമ്മെ പഠിപ്പിച്ചു കുറച്ചു് അധികം വില കൊടുത്താലും നല്ല സാധനമേ വാങ്ങാവൂ യെന്നു്. അതുകൊണ്ടാണു് വളരെക്കാലമായി 'മിൽക്ക്മെയിഡ്' പാൽ ഇൻഡ്യാക്കാരുടെ പ്രീതിയെ ആർജ്ജിച്ചിട്ടുള്ളതു്. ഇൻഡ്യാക്കാരുടെ വിശ്വാസം ലഭിക്കുന്നതിനുവേണ്ടി പ്രത്യേകം തയ്യാർചെയ്തിട്ടുള്ളതാണു് 'മിൽക്ക്മെയിഡ്' പാൽ.'



നിങ്ങളുടെ പണം നല്ല സാധനം വാങ്ങുവാൻ ഉപയോഗിക്കുവിൻ.

വിശദവിവരങ്ങൾക്കു്
"നെസ്സിൽസ്" പ്രോഡക്റ്റ്സ് (ഇൻഡ്യ) ലിമിറ്റഡ്,
പോസ്റ്റ്ബോക്സ് നമ്പർ 180, മദ്രാസ്
എന്ന വിലാസത്തിൽ എഴുതുക.

Edited, printed and pnblished by Ni Chandrasekharan Nair at the Sree Rama Vilas Press, Quilon.